സേക്രഡ് ഹാർട്ട് കോളേജ്

2011-2012

അറിഞ്ഞതിനുമപ്പുറം

സേക്രഡ് ഹാർട്ട് കോളേജ്
2011-2012

അറിഞ്ഞതിനുമപ്പുറം

Rights Reserved
Editorial Board 2011-2012
S.H. College

Particulars Of The Magazine

S.H. College, Thevara

Editorial Board Chairman	:	Fr. J. Prasanth Palackappil
Chief Editor	:	Afthab T.A.
Staff Editor in Chief	:	Dr. C.S. Francis
Staff Editors	:	Dr. V.S. Sebastian Dr. Joy P. Joseph Prof. V.M. George
Associate Editors	:	Ananthakrishnan M. Jesto Thankachan Navya Menon Roslin K. Mathew Jayadevan C.A.
Cover design & Layout	:	Naveen Kumar
Printing	:	Orakle No.42/1216A Mathai Manjooran Rd. Ernakulam, Kochi - 14
Special Thanks	:	Ambily, Orakle

siec | Sonya International
Spirit of International Education & Careers

Shaping Careers Since 1995

400 + Institutes Represented
20 Branches across India
02 Overseas Offices
16 Years of Expertise

Call Free: 1800 102 2625

OVERSEAS EDUCATION
Australia, Canada, New Zealand, USA, UK, Singapore, Ireland & Germany

MIGRATION SERVICES
Australia & Canada

Kochi: 2nd Floor, Kalangot Towers, M.G.Road, North End (Near JOSCO Jewellery) Kochi -35 Ernakulam, Kochi-682035, Ph: +91 484 4060550/51/52/53, M: + 91 9633403110, E: kochi@siecindia.com | www.siecindia.com



SACRED HEART COLLEGE

THEVARA, KOCHI

Editorial Board

AFTHAB T.A.
CHIEF EDITOR

REV. FR. PRASANTH PALACKAPPILLIL
BOARD CHAIRMAN

DR. C.S. FRANCIS
STAFF EDITOR IN CHIEF

Associate Editors

ANANTHAKRISHNAN M.

JESTO THANKACHAN

NAVYA MENON

ROSLIN K. MATHEW

JAYADEVAN C.A.

Staff Editors

DR. V.S. SEBASTIAN

DR. JOY P. JOSEPH

PROF. V.M. GEORGE

SHARATH JOSHY
PHOTOGRAPHER

NAVEEN KUMAR
COVER DESIGN & LAYOUT

Editorial Assistance

KEZIA SUSAN

DIVYA GEORGE

GOPIKA M.

DELLA VARGHESE

EBIN JACOB

NAVANEETH

GOKUL RAJ

LIJO JHONSON



V. Rev. Fr. Francis Sales CMI

V. Rev. Fr. John Berchamans CMI

ADMINISTRATORS



Rev. Fr. Prasanth Palackappillil CMI
Principal

Rev. Fr. Paulose Kidangan CMI
Manager

ആദരാഞ്ജലികൾ

PRABHU PRAKASH

MSc. Aquaculture

Principal's Message

അറിഞ്ഞതിനുമപ്പുറം *I am immensly pleased to see this title, and learn about the content of the college magazine for the year 2011. As usual, I find the students' creativity emerging out through its leaves and contents. The design part is yet to be seen to make a comment on.*

As the editorial board expressed 'there is much beyond what we have heard and known'. To know what is beyond the known requires a knowledge of our limitation and our potentials. The humble realisation and acceptance that 'this is what I know' and that 'there is much more I need to know' opens before us a wide vista of knowledge. At any point of time in life there is a possibility of knowing more and new, and there is also the capability of doing so, in everyone, though in varying degrees. And hence, we speak about 'life-long learning'. However, there is also a special realm and possibility of knowing beyond (what we already know) - in one of the ancient Indian traditions, we call it 'apara vidya' (അപര വിദ്യ) *This comes sometimes without a medium, at least not directly through our sense, and we may name it also intuition. This is at times called 'enlightenment' which can be compared to attaining 'buddhahood' Though apparently it is a 'given', it is not necessarily so - it may be also achieved, and the process itself is said to be one of 'go- beyond', necessitating an ever open mind towards knowledge from all directions, readiness to listen to, assess, weigh against the measuring rod of 'greater common good' and then make a decision regarding acceptance or rejection.*

I hope processes of learning as a student, including that of bringing out a magazine like this, make our minds open to the winds of wisdom and knowledge from all directions, and we never stop at a point of learning and say 'enough'! മതിവരാത്ത ജ്ഞാനോപാസനത്തിനായി, പ്രബുദ്ധ സമൂഹ നിർമ്മിതിക്കായി നിരതം നിതരാം അറിവിന്റെ മതിലുകൾക്കപ്പുറം പോയിടാം.

Congratulations to the editorial team of students under the leadership of Mr. Afthab and thanks to the supportive team of faculty led by Dr. C.S. Francis. Let us Heartians continue our search beyond!

എഡിറ്റോറിയൽ

അറിവുകൾ പരിമിതമാണ്. ആ പരിമിതികളാണ് നമ്മെ പച്ചമനുഷ്യരാക്കി തീർക്കുന്നതും. അറിഞ്ഞിടും അറിയാതെ പോകുന്ന എത്രയോ സത്യങ്ങൾ ജീവിക്കുന്ന യുഗമാണിത്. കണ്ണടച്ചു ഇരുട്ട് സൃഷ്ടിക്കുന്നവർക്കിടയിൽ അൽപം വെളിച്ചം കാത്തു കിടക്കുന്ന യാഥാർത്ഥ്യങ്ങളെ മാത്രമല്ല ഞങ്ങൾ മോചിതരാക്കിയത്, തടവിലാക്കപ്പെട്ട ആസ്വാദനത്തിന്റെ ചിറകുകളെയാണ്. ജീവിതസത്യങ്ങളെ വിലയിരുത്തുവാനും വിമർശിക്കുവാനുമുള്ള സ്വാതന്ത്ര്യം ഖുവ തലമുറ ഇവിടെ ഉറപ്പിടുക്കുന്നു. സാമൂഹിക പ്രതിബദ്ധത വാക്കുകളിലും വാഗ്ദാനങ്ങളിലുമൊതുക്കാതെ ഓരോ ചെറു കാൽവയ്പും ഭാവിയിലെ മാറ്റത്തിന്റെ ദീർഘയാത്രകളാക്കി മാറ്റാൻ ഒരു ശ്രമവും നടത്തുന്നു. ഒരു പക്ഷേ, ചൊടി പിടിച്ച് ഏതെങ്കിലും ചെൽഫിൽ ഈ മാഗസിൻ ജീവശ്വാസം തേടിയേക്കാം. എങ്കിലും ശുഭ പ്രതീക്ഷ കൈവിടാതെ, ഓരോ അക്ഷരങ്ങളും അനുഭവങ്ങളുടെ ചിറകുകളാകി ആസ്വാദകനിലേക്കു പറന്നടുക്കുന്ന സ്വപ്നം കാണാൻ ഞങ്ങൾ തുനിയുന്നു. ആടിയുലഞ്ഞാലും അണയാതെ നിൽക്കാൻ കരുത്തുള്ള ഈ അക്ഷരങ്ങൾ, നാളെയിലേക്കുള്ള എത്തിനോട്ടമാണ്. ചെറിയ രീതിയിൽ ഞങ്ങൾ പറയുന്ന ചെറിയ വലിയ കാര്യങ്ങൾക്കൊരു കേന്ദ്രവിക്കാരനുണ്ടാകുമെന്നത് ഞങ്ങൾക്ക് ആവേശം പകരുന്നു. അറിഞ്ഞതിനുമപ്പുറം അനന്തതയാണെന്നു കരുതാതെ ആ അതിർവരമ്പുകൾ ഭേദിക്കുകയാണ് ഈ മാഗസിനിലെ ഓരോ സൃഷ്ടിയും. നമ്മുടെ മുൻതലമുറ പറയാൻ മടിച്ചു വച്ചത്, നാം അറിഞ്ഞത്, നമുക്ക് പറയുവാനുള്ളത്, അങ്ങനെ അറിഞ്ഞതിനും കണ്ടതിനും അപ്പുറം അറിയുവാൻ, കാണുവാൻ ഈ അക്ഷരക്കൂട്ടങ്ങൾ നിങ്ങളെ സഹായിക്കട്ടെ...

എഡിറ്റർ



നിലച്ചുപോയ താരാട്ടുകൾക്ക്,
മീട്ടാനാവാത്ത സ്നേഹ വീണകൾക്ക്,
വിറങ്ങലിച്ചു പോയ വാത്സല്യ ദീപങ്ങൾക്ക്,
നിശബ്ദമായ തേങ്ങലുകൾ ഒഴിയാത്ത പെറ്റ വയറുകൾക്ക്
പിന്നെ എല്ലാ സ്വപ്നങ്ങളുടേയും പ്രതീകങ്ങളുടേയും
പ്രതികാരങ്ങളുടേയും വിജയം ഉണരുന്ന കതിരവനും
പടരുന്ന ചുവപ്പിനും...

കോളേജ് യൂണിയൻ 2011-2012

12

15 A Stranger Amidst

17 അമ്മ അങ്ങനെയായിരുന്നു

19 ഈ ജീവിത യാത്രയിൽ...

20 ഏകാകിയായ്

13 ഓർമ്മകളിലേക്കൊരു കൽച്ചാടി യാത്ര

21 അറിഞ്ഞും അറിയാതെയും


24 "to educate," Maladies of education in India

31 താഴ്‌വരയിലെ തീയേറ്റർ

27 അവസ്ഥ

മാറിനിൽക്കമ്മൂമ്മേ... മതിലിടിഞ്ഞു വീഴും ...

30 Guardian Angel

33 Why Sociology?

34 Think and change

26

39 The Sparrow ..., And the sorrow

36 "മാതൃഭാഷയും മാറുന്ന സമൂഹവും"

38 പച്ചപ്പിന്റെ സമയം

41 നിനക്കായ്... ഒരിറ്റു കണ്ണുനീർ

40 സ്ത്രീ

43 HANG OVER

44

45 വിലയ്ക്കു വാങ്ങിയ അനാഥത്വം

48 ഒരു യാത്രയ്ക്കു മുന്നേ...

ഉത്തരം തേടുന്നിതെൻ ജന്മം

47 Are you alive?

46 ഞാൻ അറിഞ്ഞത്....

50 Chasing Butterflies

51 Collins J Peter of II BAEnglish Copy Editor

52 ഈ അടുത്ത കാലത്തെ ചില മാറ്റങ്ങൾ...

വയലിന്റെ വിലാപം 54

..... 55

21 -ാം നൂറ്റാണ്ടിന്റെ പ്രണയം


56

57 ഏകാന്തത

59

60 जो रिशता है कोई तो

58 प्यार का दर्द।।। खामोशी

61 നക്ഷത്രമരങ്ങൾക്ക് ചോട്ടിൽ; കവിയ്ക്കൊപ്പം...

69 നിശബ്ദ പ്രണയം

67 Facebook syndrome

70 എന്റെ കവിത

71 You are now...

68 ചാരവും ചെപ്പും

74 Riot, a Love Story

78

73 यादें आओ मिलकर स्वप्न सजाये

76 Mass Spectrometry

79

89

95 എന്റെ അച്ഛന്

108 ലോകം മാർക്സിനെ തിരിച്ചു വിളിക്കുന്നു

100 ഹസാരെ കുത്തിയിരുന്നാൽ അഴിമതി ഇല്ലാതാവുമോ?

102 കൊച്ചിയുടെ ചവറുകൂട്ട: ദുർഗന്ധവും കുറെ ഏകാന്തതയും

97 കഥകളുടെ മാന്ത്രിക രഥവുമായ്, ഇനിയും വിസ്മയങ്ങൾ തേടി...

107 "THE WAY YOU SEE IT"

122 to 124 Art Gallery

111 to 119 Annual Reports 2011-2012

110 ഒരു തീർത്ഥ സ്നാനം

ഉറവിടം തേടി

Devika C.S
I st MA English

ഒറ്റപ്പെടൽ മൗനമണിഞ്ഞുനിൽക്കുമ്പോൾ അനുപമമായ ഒരു സുഖമാണ്. ആൾക്കൂട്ടത്തിനിടയിൽ അനുഭവങ്ങൾ മുഖത്തു കോറുന്ന ചിരിയുടെ നൂൽപ്പാലങ്ങൾക്കിടയിൽ ഈ ഏകാന്തത, ഒളിഞ്ഞു നോക്കുമ്പോൾ വേദനയും. ഒരിക്കൽ എല്ലാ സൗഭാഗ്യങ്ങൾക്കും നടുവിൽ നിൽക്കുമ്പോൾ അർഥശൂന്യമെന്ന് മനസ്സ് വിധിയെഴുതിയ ജന്മത്തിന്, കണ്ണുനീർചാലുകൾ വഴികാട്ടുമ്പോൾ, പ്രസക്തമായ വിരക്തി എങ്ങനെയോ എനിക്ക് അന്യമാകുന്നു.

ബുദ്ധിജീവികൾ അധിക്ഷേപിച്ചാലും, മണ്ടൻ ഫിലോസഫിയെന്ന് മുദ്രകുത്തപ്പെട്ടാലും ഈ വൈരുദ്ധ്യം ഞാൻ ആസ്വദിക്കാറുണ്ട്, പ്രത്യക്ഷമായിത്തന്നെ! എന്റെ ചേഷ്ടകൾ എല്ലാ സാമൂഹ്യജീവികളേയും സൻമാർഗ്ഗികളേയും, എന്തിന്, സാമൂഹ്യവിരുദ്ധരെപ്പോലും ഭ്രാന്തു പിടിപ്പിക്കാറുണ്ടത്രേ! എങ്കിലും അവർ എന്നെയാണ് ഭ്രാന്തൻ എന്നു വിശേഷിപ്പിക്കുക. വെട്ടവും വായുവും നിഷിദ്ധമായ ഇരുമ്പുകൂടുകളിൽ എന്നെപ്പോലെ തളയ്ക്കപ്പെട്ടിരിക്കുന്ന ബുദ്ധിഭ്രംശം സംഭവിച്ച മറ്റു സാധുക്കളെല്ലാം മൗനികളാണ്. അതുകൊണ്ടു തന്നെ അവർ വിചാരണ ചെയ്യപ്പെടാറില്ല.

പ്രശസ്തരായ വേറെ ചില ഭ്രാന്തൻമാരുണ്ട്. അവർ തോന്നലുകൾ വെള്ളക്കടലാസിൽ തലങ്ങും വിലങ്ങും കുറിച്ച് കീശ വീർപ്പിക്കുകയും സ്വന്തം ഭ്രാന്തു മറയ്ക്കാൻ വെമ്പുന്ന മാന്യൻമാർ, അവരെ ആരാധിച്ച് അനശ്വരരാക്കുകയും ചെയ്യുന്നു. ഇതിനു നേരെ പരസ്യമായി നെറ്റിചുളിച്ചതുകൊണ്ടാണോ ഞാൻ കല്ലെറിയപ്പെട്ടത്? എന്റെ ചിന്തകൾ നിങ്ങൾക്കായി തേച്ചു മിനുക്കി എന്നെ നഷ്ടപ്പെടുത്താൻ എനിക്കു വയ്യ. വിരസമായ, നിഗൂഢമായ, കേവലാർത്ഥം പോലും അവകാശപ്പെടാനില്ലാത്ത എന്റെ മാത്രം ഭാഷയെ, സുഖമുള്ള ഈ ഭ്രാന്തിനെ ഞാൻ വല്ലാതെ സ്നേഹിക്കുന്നു. വിജ്ഞാന കോശങ്ങളെ..... മാപ്പ്. നിങ്ങൾ കേൾക്കാതെ നിങ്ങളുടെ ശത്രുക്കൾ മന്ത്രിക്കുന്നു.... ഞാനും ഒരെഴുത്തുകാരനെന്ന്!

ഓർമ്മകളിലേക്കൊരു കൽച്ചാടി യാത്ര

Delsy Joseph
I MA English

ഓരോ യാത്രയും ഓരോ പഠനമാണ്. പ്രകൃതിയെ, മനുഷ്യനെ, സംസ്ക്കാരത്തെ... എല്ലാം വ്യത്യസ്ത തലത്തിൽ കണ്ടും അനുഭവിച്ചും അറിയാനുള്ള ഒരു അവസരമാണത്. ആധുനിക മനുഷ്യന്റെ ജീവിത സാഹചര്യങ്ങൾക്കു വേഗതയേറിയതോടെ, അവൻ പ്രകൃതിയുമായി അകന്നു, ഒരു പക്ഷേ എല്ലാ തരത്തിലും.

കൃത്രിമത്വത്തിന്റെ മുഖം മൂടിയിലൊളിപ്പിച്ച പ്ലാസ്റ്റിക് കൂടുകളിൽ അവൻ ആകൃഷ്ടനായതോടെ പുതിയ പുതിയ രോഗങ്ങൾ നമ്മെ തേടിയെത്തി. നമ്മുടെ ജീവിതങ്ങൾ സംഘർഷഭരിതമായി. ഭക്ഷണം, ആഘോഷങ്ങൾ എന്തിന് ആചാരങ്ങൾ പോലും ഇന്ന് ഇൻസ്റ്റന്റ് ആയി ലഭിക്കുമെന്ന അവസ്ഥ. പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടുള്ള വനനശീകരണവും, മണൽ വാരലും മാലിന്യ നിക്ഷേപവുമെല്ലാം നാടിന്റെ സന്തുലനാവസ്ഥയ്ക്കും ഋതുഭേദങ്ങൾക്കു വരെയും താളഭംഗം സംഭവിക്കാൻ കാരണമായി.

യാത്രകൾ വിനോദവും ഉല്ലാസവും മാത്രമല്ല, അവ പലതരത്തിലുള്ള അനുഭവങ്ങൾ കൂടി നമുക്ക് സമ്മാനിക്കും. കാടിന്റെ സ്പന്ദനമറിഞ്ഞ് അതിന്റെ ഓരോ തുടിപ്പുകളിലേക്കും ഇറങ്ങിച്ചെന്നുള്ള വ്യത്യസ്തമായ ഒരു പഠനയാത്രയായിരുന്നു ഈ വർഷവും കോളേജ് ടൂറിസം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിയത്. 38 വിദ്യാർത്ഥികളും 7 അദ്ധ്യാപകരുമടക്കം 45 അംഗങ്ങൾ ഉണ്ടായിരുന്ന ആ യാത്രയെ നയിക്കാൻ പ്രിൻസിപ്പൽ ഫാ. പ്രശാന്ത് പാലയ്ക്കാപ്പിള്ളിലുമുണ്ടായിരുന്നു.

പാലക്കാട് നെല്ലിയാമ്പതിക്കടുത്തുള്ള കൽച്ചാടി എന്ന ആദിവാസികോളനിയിലേക്കും അവിടെ നിലനിർത്തിപ്പോരുന്ന കാട്ടിലേക്കുള്ള ഒരു സാഹസിക യാത്രയായിരുന്നു അത്. പതിനാല് വർഷങ്ങളായി മുടങ്ങാതെ ആണ്ടിലൊരിക്കൽ അവിടേയ്ക്ക് യാത്രകൾ നടത്താറുണ്ട്. കാടർ എന്നറിയപ്പെടുന്ന കൽച്ചാടിയിലെ ഈ ജനസമൂഹം 15 കോളനികളായി തിരിച്ചിരിക്കുന്നു. വീടുകളിൽ വൈദ്യുതിയും മറ്റ് അവശ്യ സൗകര്യങ്ങളും സർക്കാർ ഇവർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. നേരത്തെ അറിയിച്ചിട്ടുള്ളതിനാൽ ഞങ്ങളുടെ വരവും പ്രതീക്ഷിച്ച് ഏവരും അവരവരുടെ കൊച്ചു വീടുകൾക്കുമുമ്പിൽ കാത്തു നിൽപ്പുണ്ടായിരുന്നു. ഞങ്ങളുടെ കയ്യിൽ കരുതിയിരുന്ന ഭക്ഷണ പൊതികൾ ഞങ്ങൾ അവർക്കു നൽകി ഒരു ലോവർ പ്രൈമറി വിദ്യാലയം അവിടെയുണ്ട്. കുട്ടികളിൽ പലരും നാലാം തരം കഴിഞ്ഞ് പഠനം നിർത്തുകയും അച്ഛനമ്മമാരോടൊപ്പം ജോലികൾ ചെയ്തു പോരുകയും ചെയ്യുന്നു. അവരിൽ ചിലരെങ്കിലും തങ്ങളുടെ കുട്ടികളെ പാലക്കാട് പട്ടണത്തിലെ വിദ്യാലയങ്ങളിൽ അയച്ചു പഠിപ്പിക്കുവാൻ മുൻകൈയ്യെടുക്കുന്നു. 12-ാം തരം വരെ പഠിച്ച അവിടുത്തെ ഏക വിദ്യാർത്ഥി ഒരു പെൺകുട്ടി

യാണെന്നറിഞ്ഞപ്പോൾ കൗതുകത്തിലുപരി സന്തോഷമാണ് ഉണ്ടായത്.

കാടരുടെ മുഖ്യ വരുമാന മാർഗ്ഗം കാട്ടുതേനാണ്. പിന്നെ നാട്ടിൽ തോട്ടത്തിലെ പണികൾക്കായും അവർ പോകുന്നു. ഉച്ചസ്ഥായിയിലുള്ള സൂര്യന്റെ ശോഭയിൽ ഞങ്ങൾ കാട്ടിലേക്കു പ്രവേശിച്ചു. ഞങ്ങൾക്കു വഴി തെളിക്കാൻ അവർക്കിടയിലെ സിജു, ഗോപൻ എന്നിവരും ഞങ്ങളോടൊപ്പം ചേർന്നു.

Don't take anything.... but photographs....

Don't leave anything... but your foot prints.

പ്രശാന്ത് അച്ചന്റെ ഈ വാക്കുകൾ മനസ്സിൽ നിറഞ്ഞു നിന്നു. പ്ലാസ്റ്റിക്കിന്റേയും മറ്റ് ഏതെങ്കിലും തരത്തിലുള്ള മാലിന്യത്തിന്റേയോ സ്പർശം മൂലം നിർമ്മലമായ കാടിന്റെ പരിശുദ്ധിക്ക് കളങ്കം തട്ടാൻ ഇടവരരുതെന്ന കർശന നിർദ്ദേശവും ഞങ്ങൾക്കു ലഭിച്ചിരുന്നു.

അതുകൊണ്ടു തന്നെ ആദ്യ ദിവസത്തെ ഭക്ഷണം ഞങ്ങൾ കയ്യിൽ കരുതി. ദാഹശമനത്തിനൽപം തണ്ണിമത്തനും. തെല്ലു ദുർഘടമായിരുന്നു കയറ്റമെങ്കിലും പരസ്പരസഹായത്തോടെ ഞങ്ങൾ അതു ലഘൂകരിച്ചു. കാട്ടാന, കടുവ മുതലായ മൃഗങ്ങളുള്ളതിനാൽ അധികം ബഹളങ്ങളില്ലാതെ സൂക്ഷ്മതയോടെയാണ് ഏവരും കാടു കയറിയത്. മലയണ്ണാൻ, കാട്ടുകോഴി, കൃഷ്ണപരുന്ത്, കാട്ടു കുയിൽ തുടങ്ങിയവ കൽച്ചാടിയിലെ വന സമ്പത്തുക്കളിൽപ്പെടുന്നു. ഇഞ്ച ഉണക്കാനിട്ടിരിക്കുന്ന അപൂർവ്വമായ കാഴ്ചകൾ കണ്ടാണ് ഞങ്ങൾ യാത്ര തുടർന്നത്. കിളിമൊഴികളും കളകളാരവങ്ങളോടെ പാറക്കെട്ടുകളിലൂടെ ഒഴുകുന്ന ശുദ്ധജലത്തിന്റെ മധുര സ്വരവും ഇലച്ചാർത്തുകളിലെ മർമരവുമെല്ലാം അവിടെ ഞങ്ങളെ സ്വാഗതം ചെയ്തു. പട്ടണത്തിലെ കുട്ടികൾക്കു കൗതുകമുണർത്തുന്നവയായിരുന്നു ഈ അനുഭവങ്ങൾ. തളർച്ച വകവയ്ക്കാതെ, മൂന്ന് മണിക്കൂറിനുള്ളിൽ ഞങ്ങൾ ഉൾക്കാട്ടിലേക്കു നടന്നു കയറി. അവിടെയുള്ള വെള്ളച്ചാട്ടത്തിൽ നീന്തിക്കുളിക്കുവാനും ഉറവയിൽ നിന്ന് ശുദ്ധജലം ശേഖരിക്കുവാനും ഞങ്ങൾ ഉത്സുകരായിരുന്നു. ഒപ്പം സുരക്ഷയ്ക്കായി ലൈഫ് ജാക്കറ്റുകൾ കരുതിയിരുന്നു.

ആകാശം മുട്ടെ വളർന്നു നിൽക്കുന്ന വിവിധയിനം വൃക്ഷങ്ങൾ, പുതു നാമ്പുകൾ, വിവിധയിനം പക്ഷികൾ, പല വലിപ്പത്തിലുള്ള പാറകൾ തുടങ്ങിയ കാഴ്ചകളിലൂടെ വനം ഞങ്ങളിലൊരു വിസ്മയമായി വളർന്നു.

തിരികെ കാടിറങ്ങുമ്പോഴേക്കും ആ വനാന്തരങ്ങൾ ഏവരുടേയും മനം കവർന്നിരുന്നു. ഒപ്പം പ്രകൃതിയെ അടുത്തറിഞ്ഞതിന്റെ ആത്മ സംതൃപ്തിയാൽ മനസ്സ് നിറഞ്ഞു. ഈ വന സമ്പത്ത് എന്നും നിലനിൽക്കണമെന്നുള്ള പ്രാർത്ഥനയും വീട്ടിലെ തൊടിയിലൊരു തൈ നടണമെന്നുള്ള സ്വപ്നവുമായി ആ വനപാതയിറങ്ങുമ്പോൾ ജീവിതത്തിലാദ്യമായി ഒരു പഠന യാത്ര അതിന്റെ പൂർണ്ണതയിലെത്തുകയായിരുന്നു.



A Stranger Amidst

With a sigh of frustration, I pushed the bed against the door. I sat against the dark corner of the room pretending to be calm. I saw my mum sitting against me on the far side of our room and on her lap was my little sister, who was fast asleep as she always does when she is sad. Mother gazed at the pale walls, I couldn't make out what she was thinking but I knew she was trying hard to control her feelings which bursted out at times with small gasps. Both of us looked at the door from time to time as the outside commotion caught our attention . Suddenly the lights went out and I knew how , even in the dark, I could see my mother's eyes sparkling as tears rolled down her cheeks . She has been numb to pain ever since the stranger walked in . I knew I couldn't sleep just yet. So I thought about the life I had lived for quite a while now...

Years ago, when I was in my school days, one of the happier days with lots of

Anoj Sagar

IInd B.A.Economics

memories, I had a big smile on my face, much like any other teenager and an incredible amount of energy . My house was my favourite place to be and my family, my best asset. We had food together, slept in the same room and had warm hugs and every one was proud to be a part of it. And each day that passed by gave us more reasons to be a family. I used to thank god for nothing but that. And I prayed that it would remain all my life, but like every other false thanks we give to god only to end it, mine took a fall too.

It was a rainy night , dad came home late, I was the one to open the door. But his face looked different, unlike the usual smile he used to give me. It felt strange, he walked straight in to his room and following him, my mum. My sister and I watched the TV but my curiousity kept my thoughts in the other room. I sneaked to the door and listened. I Knew it was rude to do that, but my curiosity was well out of control. That was the first time I ever heard about " the stranger" I didn't knew what it meant but I knew that mum was not happy about it.

The second time I heard about the stranger was when I was in my village for a family gathering. I was happy because my cousins were there too. As we set out for our usual michievious fun. I saw my dad and my uncles having a serious . discussion. Seeing their faces, I had a hunch that it must have something to do with the stranger. Much to my expectation, I was right, they were planning to invite the stranger over. Only now, he had a different name. Thats when I found out that the stranger had different names and that he could be anywhere. That night, we waited, to see this stranger but since we had a bed, time our mothers stared at us and we wasted no time and went to bed, but my ears were on the terrace, where my uncles and my dad were. At last, I heard a shout of joy and I knew, the stranger had arrived. There was much noise from the terrace that night. I soon dozed off.

It was the next morning, as I went to the dining room, there sat my dad and uncles, and their wives were frawing at them. A deathly silence filled the room and after a while, like clock work, the house winded back to its usual state. After that the stranger was a visitor on all special occasions and even became a sort of member of each programs and functions of our family. In the following months, instead of just on special occasions, the strangers visit to my house became more and more frequent. His visits were so frequent that dad even gave him a room in the house. Dad no longer cared whether we liked it or not. Thats when things started to change in our lives. Quarrels started raining in my home, mom and dad fighting with each other which sometimes ended with mum getting hurt. I saw her crying and asking dad why he is behaving so for a stranger, who became a permanent member of our family. In the following days, the stranger started raising voice, for now, dad was not the person who made chaos it was the stranger. Fights became a usual scenario, mum grew numb of getting hurt by dad. We slowly started parting away from one another. Now, only frail looks remained on our faces. for now the stranger was the one who ran our family.

A couple of years passed this way, I was almost an adult. Another fight had started. My sister and I were used to such fight but this time mum was seriously hurt. Without thinking, I raised my hand against my dad and quickly pulled mum and my sister into my room and locked it from the inside. I could hear the sound of courses, of things breaking and cracking and the sound came closer and the stranger started banging at my door. Dad was no where to be found. I asked him, what he did to my dad, but the reply came in the form of more curses and banging . With a sigh of frustration, I pushed the bed against the door, hoping it would hold the commotion of the outside. I sat in the dark corner, facing my mum and sister, at the far side of the room. The lights went off and I saw the sparkle of the tears that rolled down mum's eyes though she tried so hard to hold it back. As now she was numb to pain and suffering . She rubbed away the tears from her eyes and cheeks and looked at me. I looked at the wall and thought, A stranger... A stranger turned us into strangers and tore a beautiful family apart and the stranger being Alcohol.

അമ്മ അങ്ങനെയായിരുന്നു

Milasha N.R.
Ist MSc. Aqua Culture

കായംകുളത്തേക്കുള്ള ടിക്കറ്റുമെടുത്തു കൊണ്ട് പ്ലാറ്റ് ഫോം നമ്പർ ഏഴിലേക്ക് നടക്കുകയായിരുന്നു. ക്രിസ്തുമസ് സീസണായതിനാലാവാം, കൊച്ചി ഉണർന്നു വരുന്നതേയുള്ളൂവെങ്കിലും എറണാകുളം, നോർത്ത് റെയിൽവെ സ്റ്റേഷനിൽ സാമാന്യം നല്ല തിരക്കുണ്ട്.

ജനങ്ങൾ യാന്ത്രികമായി അങ്ങിങ്ങ് ചലിച്ചുകൊണ്ടിരിക്കുന്നു. ട്രെയിൻ വന്നപ്പോൾ അതിനുള്ളിൽ കയറിപ്പറ്റാനുള്ള തത്രപ്പാടിലായിരുന്നു. പെട്ടെന്ന് പുറകിൽ നിന്നും ഒരു ശബ്ദം. പുറകിൽ തറയിലിരിക്കുന്ന സ്ത്രീ തന്റെ കുഞ്ഞിനെ പിച്ചിക്കൊണ്ട് എണീപ്പിക്കുകയാണ്. അവരുടെ നരച്ച ബ്ലൗസിനടിയിലൂടെ കറുത്ത ശരീരം കാണാം. പറന്നിരിക്കുന്ന ചെമ്പൻ മുടിയിൽ മുല്ലപ്പൂ ചൂടിയിരിക്കുന്നു.

മൂക്കൊലിപ്പിച്ച് കരഞ്ഞു കൊണ്ടെണീറ്റ ആ കുട്ടി വളഞ്ഞ് ഒരു ഓന്തിനെ പോലിരിക്കുന്നു. അവന്റെ കാലുകളിൽ ചേറ് അടിഞ്ഞു കൂടിയിരിക്കുന്നു. ഉറക്കച്ചടവിൽ അവന്റെ കൺപോളകൾക്കു കനം കൂടിയിരിക്കുന്നതു പോലെ.

ആ സ്ത്രീ ഉച്ചത്തിൽ എന്തൊക്കെയോ തമിഴിൽ പറഞ്ഞു കൊണ്ടിരിക്കുന്നു. കുട്ടിയെ ഉന്തിത്തള്ളി ട്രെയിനിലേക്ക് കയറ്റുകയാണ്. അടുത്തിടെയിറങ്ങിയ ഏതോ തമിഴ് സിനിമയിലെ പാട്ട് പാടിക്കാൻ അവർ വീണ്ടും പിച്ചുകയും തല്ലുകയും ചെയ്തു. അവൻ കരയാൻ കഴിയാത്ത വിമ്മിഷ്ടത്തോടെ പാടിക്കൊണ്ട് ട്രെയിനിനകത്തേക്ക് കയറി....

അഴുക്ക് നിറഞ്ഞ നീണ്ട നഖമുള്ള കുട്ടിയുടെ കൈക്കുമ്പിളിൽ വീഴുന്ന ചില്ലറത്തുട്ടുകളിൽ ആ തമിഴത്തിയുടെ മുറുക്കാൻ കറ പുരണ്ട ചിരി തെളിഞ്ഞു.

ആ അമ്മയോട് എനിക്ക് ഒരിറ്റു സ്നേഹം തോന്നിയില്ല. പക്ഷേ എന്റെ അമ്മ അങ്ങിനെയായിരുന്നില്ല. അവർ തനിക്കു വേണ്ടി ഇതുവരെ ജീവിച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല. ഭർത്താവിനും മക്കൾക്കും വേണ്ടി പണിയെടുത്ത് ആ സ്ത്രീ അടുക്കളയിൽ തേഞ്ഞു കൊണ്ടേയിരുന്നു. മൂക്കു ചീറ്റി കരിപുരണ്ട സാരിയിൽ തേച്ച്, ചുമച്ച് .... തുമ്മി..... അവരുടെ ദിനങ്ങൾ എന്നും അടുക്കളയിലായിരുന്നു. എന്നിട്ടും അമ്മ ഒന്നും ആഗ്രഹിച്ചിരുന്നില്ല.

തമിഴത്തി അവരുടെ കുട്ടിയെ ഉപദ്രവിച്ച പോലെ ഒരിക്കലും അമ്മ എന്നെ നോവിച്ചിട്ടില്ല. അമ്മ അടുത്തുള്ളപ്പോൾ നെഞ്ചിൻ കൂട് ഉന്തി വയറൊട്ടിയ ആ ചെറുക്കനെ പോലെ ഒരിക്കലും എന്റെ വയറൊട്ടി കിടന്നിട്ടില്ല.

മുറ്റത്ത് ഒറ്റയ്ക്കു നിൽക്കുന്ന ജഡപിടിച്ച വേരുകളുള്ള തെങ്ങിൻ ചുവട്ടിലിരുന്ന് എന്നും സന്ധ്യയ്ക്ക് അമ്മ പറയുമായിരുന്നു.

'നിങ്ങള് പഠിച്ചാൽ നിങ്ങൾക്കു കൊള്ളാം... ഞങ്ങൾക്കൊന്നും തരേണ്ടി വരില്ല.'

പതിവായി എന്റെ മുഖത്ത് അപ്പോൾ പുച്ഛഭാവം നിറയും കേട്ടു മടുത്ത ആ വാക്കുകൾക്കു മീതെ മടുപ്പ് നിറച്ചുകൊണ്ട് ഞാൻ പുസ്തകങ്ങൾക്കിടയിലേക്ക് ഒളിക്കുമായിരുന്നു.

ഒരു പക്ഷേ ആ വാക്കുകൾ നിറച്ച മടുപ്പ് ഇല്ലായിരുന്നെങ്കിൽ, പുസ്തകങ്ങൾക്കിടയിലേക്ക് ഞാൻ അഭയം പ്രാപിച്ചില്ലായിരുന്നെങ്കിൽ ഒരിക്കവും ഇന്ന് നല്ല രീതിയിലുള്ള ജോലി ലഭിക്കുമായിരുന്നില്ല.

ആലോചനകളുടെ വിഴുപ്പും പേറി..... സ്റ്റേഷനിൽ ഇറങ്ങിയപ്പോൾ, നേരെ കയറിയത് ടൗണിലെ തന്നെ മുന്തിയ ജ്വല്ലറിയിലേക്കാണ്. അമ്മയ്ക്ക് ഇന്ന് എന്തെങ്കിലും വാങ്ങണം.

വീട്ടിലെത്തിയപ്പോൾ വിചാരിച്ചതിലും വൈകി. മുറ്റത്ത് കനത്തിൽ വെയിൽ വീണിരിക്കുന്നു. അഴയിൽ അലക്കിയിട്ടിരുന്ന തുണികളെല്ലാം ഉണങ്ങിത്തുടങ്ങി. വീടിനു മുൻപിൽ നിറം മങ്ങിത്തുടങ്ങിയ ഒരു ചുവന്ന നക്ഷത്രം തൂക്കിയിട്ടിരിക്കുന്നു. മുറ്റത്തു തന്നെ വീട്ടിലെ വെള്ളക്കോഴി ചിക്കി ചികഞ്ഞ് വൃത്തികേടാക്കിയിട്ടിരിക്കുന്നു. അടുക്കളയിൽ നിന്നും മോരു കാച്ചിയതിന്റെ മണം...

"ട്രെയിനെത്താൻ വൈക്യോ?" അകത്തേക്കു കയറിയപ്പോൾ അടുക്കള വാതിലിന്റെ കർട്ടൻ മാറ്റിക്കൊണ്ട് അമ്മ.

"ങും കുറച്ച്"

ബാഗ് തറയിൽവച്ച്, ഫാനുമിട്ട് കസേരയിലിരുന്നപ്പോഴേക്കും അമ്മ എടുത്തു വച്ച സന്തോഷവുമായി ഹാളിലേക്കു വന്നു.

"കഴിഞ്ഞാഴ്ച പഞ്ചായത്തിന്റെയൊരു സർവ്വേ എടുക്കാൻ ഞാനും പടിഞ്ഞാറേലെ അജിതേം കൂടി പോയിരുന്നു. ഇന്നതിന്റെ കാശ് കിട്ടി. ഞാൻ അച്ഛനൊരു വാച്ച് വാങ്ങി."

അമ്മ എനിക്കു നേരെ കറുത്ത ലെതർ സ്ട്രാപ്പുള്ള ഒരു വാച്ച് നീട്ടി.

"രസണ്ടോ?"

"ങും"

ഞാനും എന്റെ ബാഗിൽ നിന്നും ആ കൊച്ചു സർപ്രൈസിന്റെ പൊതി തുറന്നു.

"ഇന്നാ... അമ്മയ്ക്കു വേണ്ടി വാങ്ങിയ മാലയാ.... കല്യാണത്തിനൊക്കെ പോകുമ്പോ ഇടാം. ഒറിജിനൽ വൈറ്റ് പേളാ..."

അമ്മ വിടർന്ന കണ്ണുകളോടെ കൈ നീട്ടി. ഉരഞ്ഞ് മിനുസമില്ലാത്ത നഖങ്ങൾക്കിടയിലൂടെ തഴമ്പു വീണ കൈകളിലേക്ക് മാല വഴുതി വീണു. കയ്യിൽ വച്ചും കഴുത്തിലിട്ടും അവർ ആ മാലയുടെ ഭംഗി ആസ്വദിച്ചു.

ജീവിതത്തിൽ ആദ്യമായി ഞാൻ സ്വയം അഭിമാനിച്ച നിമിഷം!!

കരുവാളിച്ച് എല്ലുകൾ പൊന്തിത്തുടങ്ങിയ ആ കഴുത്തിലാണ് ഞാൻ വാങ്ങിയ മാല ഏറ്റവുമധികം യോജിക്കുന്നതെന്നെനിക്കു തോന്നി.

അമ്മ മാലയൂരി നീട്ടിക്കൊണ്ട് പറഞ്ഞു.

"മാലയെനിക്കിഷ്ടായി.... അലമാരീല് എടുത്ത് വച്ചോളേൻ."

"നെങ്ങക്കു തന്നെയിടാം.... സാരിയുടുക്കുമ്പോ നിക്കിപ്പൊ ന്തിനാത്?"

ആ സ്ത്രീയുടെ മുഴുവൻ നോട്ടവും മാലയിലൊട്ടിച്ച് എന്റെ മുന്നിലതു വച്ചു. ബാഗിൽ നിന്നും മുഷിഞ്ഞ തുണികളെടുത്ത് അവർ പിന്നാമ്പുറത്തേക്കു നടന്നു.

സോപ്പു പൊടി ഒരു തരിയൊള്ളൂ....

കൊറച്ചേരം നനച്ചു വച്ചിട്ടലക്കാം.

അമ്മ എന്നും അങ്ങനെയായിരുന്നു. ഒന്നും തനിക്കു വേണ്ടി ആഗ്രഹിച്ചിരുന്നില്ല. അവരുടെ ആഗ്രഹങ്ങൾ എന്നും മറ്റുള്ളവരുടെ മനസ്സിലേക്ക് ജനലഴികളിലൂടെ കടന്നു വന്ന് അകം നിറയെ വെളിച്ചം നിറയ്ക്കുന്ന പ്രകാശം പോലെയായിരുന്നു.

പക്ഷേ, ഇന്നുവരെ അതാരും മനസ്സിലാക്കിയിട്ടില്ല. ഞാനും!

കറിക്ക് ഉപ്പു പോരാതെ, ഇസ്തിരിക്ക് മയം പോരാതെ, തേച്ച തുണിയുടെ ചുളിവു മാറാതെ... അങ്ങനെ നാലു ചുവരുകൾക്കുള്ളിൽ നിന്നും എന്നും ഉയർന്നിരുന്ന ഞങ്ങളുടെ പരാതികൾക്കു മുന്നിൽ എന്നും അവർ തളയ്ക്കപ്പെട്ടു.

എന്നിട്ടും, ഒരിക്കലും മാറാത്ത നീരെളക്കവുമായി അമ്മ മൂക്കു ചീറ്റി സാരിയിൽ തുടച്ചതല്ലാതെ. ചുളിവു വീണു തുടങ്ങിയ മുഖത്ത് കണ്ണീരൊഴുക്കി ഞാൻ കണ്ടിട്ടില്ല.

ഈ ജീവിത യാത്രയിൽ....

ലാലി പത്മാവതി പി.
II M.Com

രാവിന്റെ മൗനം
രാഗാദ്രമായ് ചൊല്ലി
നാം ഇന്നകലുകയല്ലോ
ജീവിതയാത്രയാം പുതുതീരം തേടി
ഒഴുകുന്ന പുഴ തൻ
തരളമാം ഓളങ്ങൾ പാടി
നാം ഇന്നു പിരിയുകയല്ലോ
ജീവിതയാത്രതൻ പുതുവർണ്ണം തേടി
മധുരമായ് പുണരുന്ന
മന്ദമാരുതൻ മൂളി
നാം ഇന്നറിയുകയല്ലോ
ജീവിതയാത്രയാം വിരഹദു:ഖം
സായാഹ്ന സാനുവിൽ കൂടണയും
അസ്തമയ പറവകൾ തേങ്ങി
നാം ഇന്നു നേടുകയല്ലോ
ജീവിതയാത്രയാം നഷ്ടസ്വപ്നം
തിരികെ വരില്ലെന്നറിഞ്ഞിട്ടും
തിരമാല പോലെ അലതല്ലുമെൻ ഹൃദയം
തിരയുന്നു ഓർമ്മതൻ മണിമുത്തുകൾ
തേടുന്നു സ്നേഹത്തിൻ അനന്തമാം
നീലിമയിൽ പാറിക്കളിക്കും പട്ടംപോലെ
പുതു സൗഹൃദ വലയങ്ങൾ തേടി
ഞാൻ തനിയെ പറക്കുന്നു.
രാവിന്റെ മൗനവും തരളമാം ഓളവും
തലോടുന്ന തെന്നലും അസ്തമയ പറവകളും
എൻ ഓർമ്മച്ചെപ്പിലെ വെളിച്ചം പോലെ
കലാലയ ജീവിത സ്മൃതിയിൽ വസന്തം വിതറുന്നു.
തീരത്തെ തലോടുന്ന തിരയെപ്പോലെ എൻ
മനസ്സിന്റെ ഗദ്ഗദമറിഞ്ഞു.
ഈ വഴിത്താരയിൽ ഞാൻ തനിയെ
ഈ ജീവിതയാത്രയിൽ ഞാൻ തനിയെ
അതറിയാതെ നീയും....

एक माँ की कहानी

Laly Padmavathy .P
IInd M.Com

थी एक ऐसी माँ
जो थी दयालू
पर सब सोचते, वो है चालू।
छोटा सा परिवार था जो उसका
अच्छी तरह संभालती थी वो।
थे उसके दो बच्चे
जो उसे दो बनाते।
घर चलाने की व्यस्तता में बनी वह निर्दय।
अपने बच्चों पर हर पल चिल्लाती।
खुद हमेशा गुस्से में रहती वो।
पर दूसरों को चुप रहने को कहती।
अचानक जीवन में एक तूफान आया।
जिसके बाद उसने खुद को अकेला पाया।
जिंदगी की लंबी दौड में
कई मस्ती मजाक नहीं था।
उसे पागल करने को कुछ ना था
दिन भर रोती रहती थी जो
अपनी तनहाई में वो।
रात भर वो अंबर को घूरती रहती
अपनी आँखों के तारों केलिए
मन में आस लिए अपने बच्चों को ढूँढती
सडको और गलियों में घूमती
नरमी से पेश आने को उनसे हर पल वो वादा करती
मिल गए उसे एक दिन अपने बिछडे बच्चे
थे जो नदी के किनारे।
खुश होकर वो ले गई घर
संग जीने का मकसद लेकर।
किया उसने शुक्रिया अदा रबका
अब थी वो ऐसी माँ
जो प्रार्थना करती अपने बच्चों केलिए पल पल।

അറിഞ്ഞും അറിയാതെയും

അഫ്താബ് ടി. എ.
IInd BSc Chemistry

ഞാൻ ഒരു കൊച്ചിക്കാരനാണ്, എന്നാൽ ആ വലിയ ദേശത്തിന്റെ മഹാത്മ്യത്തെക്കുറിച്ച് എനിക്ക് ഒന്നും തന്നെ അറിയില്ല. മറ്റുള്ളവർ പറഞ്ഞു ചിരിക്കുന്നതു പോലെ ഒരു നാറിയ നാട്. അത്ര മാത്രമാണ് ഞാൻ അതിനെക്കുറിച്ച് കരുതിയിരുന്നതും. എന്നാൽ എന്റെ കൊച്ചിക്ക് പാരമ്പര്യം ഉണ്ടെന്ന തിരിച്ചറിവ് എനിക്ക് വന്നത് വളരെ വൈകിയാണ്. അതുകൊണ്ടു തന്നെ ആ പൈതൃകത്തെ തേടി ഞങ്ങൾ പുറപ്പെട്ടു.

ആദ്യം വണ്ടി ചെന്നു നിന്നത് ഫോർട്ടുകൊച്ചിയിലാണ്. പേരു പോലെ തന്നെ കൊച്ചിയുടെ കോട്ടയായിരുന്നു അത്. വിദേശികൾക്ക് പോലും അത്ഭുതം ഉണ്ടാക്കുന്ന പ്രദേശം പക്ഷേ കേരളം അറിയുന്നത് വെറും ബീച്ചിലൂടെ മാത്രം . ബീച്ചിന്റെ ഇക്കരയിൽ സംസ്ക്കാരത്തിന്റെ വലിയൊരു ഉറവിടം ഉറങ്ങിക്കിടക്കുന്നുണ്ടെന്ന് നമ്മൾ തിരിച്ചറിയുന്നില്ല. ഒഴിവു വേളകളിൽ ഫോർട്ടുകൊച്ചിയിൽ കടൽക്കാറ്റുകൊള്ളാൻ പോകുന്നവർ അത് അറിഞ്ഞിരുന്നില്ല. ബീച്ച് കണ്ട് മടങ്ങുക മാത്രമാണ് അവർ ചെയ്യുന്നത്. ഒരുപാട് വിദേശികൾ വന്നിറങ്ങുന്നത് കാണുമ്പോൾ എല്ലാവരും കരുതുന്നത് ബീച്ച് കാണാൻ വേണ്ടിയാണെന്നാണ്. എന്നാൽ അവർ നമ്മുടെ അമൂല്യമായ ശേഖരങ്ങളെ കാണാൻ വേണ്ടിയാണ് എത്തുന്നത് എന്ന് ആരും തന്നെ ഓർക്കുന്നില്ല. അതിനാരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അങ്ങനെ ഒരു പൈതൃകം നമുക്ക് ഉണ്ടെന്ന് മുതിർന്നവർ പോലും മറന്നു പോകുന്നു. കഴിഞ്ഞ തലമുറകളിലെ അറിവുകളാണല്ലൊ വരും തലമുറകളിലേയ്ക്ക് പകർന്നു നൽകുന്നത്.

ബീച്ചിന്റെ അടുത്ത് തന്നെ ഒരു ഡച്ച് സെമിത്തേരിയുണ്ട്. ഞങ്ങൾ



ആദ്യം അങ്ങോട്ടാണ് പോയത്. സെമിത്തേരി പുറത്ത് നിന്നും പൂട്ടിയിട്ടിരിക്കുകയായിരുന്നു. എന്നാലും വാതിൽ പഴുതിലൂടെ ഉൾവശം നല്ല പോലെ കാണാമായിരുന്നു. സെമിത്തേരിയുടെ പകുതി കാടു വിഴുങ്ങിയെങ്കിലും കല്ലറകളുടെ രൂപ കൽപ്പന മനോഹരമായിരുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് അവിടെ താമസമുറപ്പിച്ച ഡച്ച് കാരുടെ അവശേഷിപ്പ്. ഇതുപോലെ അന്നത്തെ വിദേശികൾ പണി തീർത്ത ഒരുപാട് കോട്ടകളും പള്ളികളും എല്ലാം തന്നെ ഫോർട്ട് കൊച്ചിയിലുണ്ട്. ക്യാമറകളിൽ കുറച്ച് ചിത്രം പകർത്തി ഞങ്ങൾ നടന്നു.

അവിടെ നിന്നും കുറച്ചു ദൂരം മാറി ഒരു ഗ്യാലറി സ്ഥിതി ചെയ്യുന്നു. പുറമേ നിന്നുള്ള നോട്ടത്തിൽ തന്നെ അതിന് പഴമയുടെ ഒരു ഗന്ധമുണ്ടായിരുന്നു. എന്നാൽ അതിന്റെ അകത്തേക്ക് കയറി നോക്കുവാൻ ഞങ്ങൾ ശ്രമിച്ചില്ല. വേറെയും ധാരാളം സ്ഥലങ്ങൾ കാണാനുള്ളതിനാൽ ഞങ്ങൾ വീണ്ടും നടന്നു. ഗ്യാലറിയും കടന്ന് മൂന്ന് നാല് അടി മുന്നോട്ട് നീങ്ങുമ്പോൾ വലതു ഭാഗത്ത് അതിമനോഹരമായ ഒരു ദേവാലയം. ഒറ്റനോട്ടത്തിൽ തന്നെ പുരാതന നിർമ്മാണ ശൈലിയുടെ എല്ലാ ഭാവങ്ങളും അതിനുണ്ടായിരുന്നു. ഫോർട്ടുകൊച്ചിയിലെ പ്രശസ്തമായ വിശുദ്ധ ഫ്രാൻസിസ് പള്ളിയാണത്. അന്ന് സന്ദർശന ദിനമായിരുന്നു. ധാരാളം ആളുകൾ അവിടേക്ക് വരുകയും പോകുകയും ചെയ്യുന്നുണ്ടായിരുന്നു. പള്ളി കോമ്പൗണ്ടിൽ കയറി കഴിഞ്ഞപ്പോൾ ഞാൻ ചുറ്റിനും ഒന്നു നോക്കി. ഒരു ഗോപുരം പോലെ എന്തോ ഒന്ന് അതിന്റെ മുമ്പിൽ തന്നെ പണി തീർത്തിട്ടുണ്ട്. ഞാനും എന്റെ സുഹൃത്തും പള്ളിയുടെ ഉള്ളിലേക്ക് പ്രവേശിച്ചു. മുൻവാതിലൂടെ കയറുന്നിടത്ത് തന്നെ ഇടത്തെ വശത്ത് അതിന്റെ കെയർടേക്കർ ഇരിപ്പുണ്ട്. സന്ദർശകർക്ക് വായിക്കാൻ പറ്റുന്ന വിധം ഒരു ബോർഡും. 'വീഡിയോ ക്യാമറകൾ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.' ഞങ്ങൾ ഒരു സ്റ്റിൽ ക്യാമറയുമായി ഉള്ളിലേക്ക് കയറി. അതിമനോഹരമായ ഉൾവശം ഞങ്ങളെ അത്ഭുതപ്പെടുത്തി. തേക്കുതടിയിൽ തീർത്ത ഇരിപ്പിടം, മനോഹരമായ അൾത്താര. എല്ലാ പണികളും തീർത്തിരിക്കുന്നത് മരത്തിൽ തന്നെ. എന്നെ അമ്പരപ്പിച്ച മറ്റൊരു അറിവ്. കേരളത്തിൽ കാലുകുത്തിയ പറങ്കികളുടെ തലവനായ വാസകോഡഗാമയെ സംസ്ക്കരിച്ചത് ഈ ദേവാലയത്തിലാണത്രേ. ദേവാലയത്തിന്റെ വലത് ഭാഗം ചേർന്ന് കല്ലറയും നമുക്ക് കാണാൻ സാധിക്കും.

ക്രിസ്തുവർഷം 1524 ൽ ഒരു ക്രിസ്തുമസ് രാവിലാണ് വാസ്കോഡഗാമ മരിക്കുന്നത്. അന്ന് ഈ ദേവാലയത്തിലാണ്, അദ്ദേഹത്തെ കബറടക്കിയത്. പിന്നീട് 14 വർഷങ്ങൾക്ക് ശേഷം ഇവിടെ നിന്നും പോർച്ചുഗീസിലേക്ക് അദ്ദേഹത്തിന്റെ ശേഷിപ്പുകൾ മാറ്റം ചെയ്തു. ആ ദേവാലയത്തിലെ കൊത്തുപണികൾ നിരീക്ഷിച്ചു നിൽക്കവെ വിനോദ സഞ്ചാരികൾ കൂട്ടമായി തന്നെ പള്ളിയിലേക്ക് കയറി തുടങ്ങി. ഞങ്ങൾ

അല്പ സമയം കൂടി അവിടെ ചെലവഴിച്ച് യാത്ര തുടർന്നു.

പള്ളിയുടെ ഇടത് വശം ചേർന്നുള്ള റോഡിലൂടെ ഞങ്ങൾ നീങ്ങുമ്പോൾ, അവിടെ അന്ന് വാസ്കോഡഗാമ താമസിച്ചിരുന്ന കെട്ടിടം കാണാനായി. അതിപ്പോൾ വാസ്ക്കോ എന്ന ഒരു വിദേശ ഹോം സ്റ്റേയായി മാറി കഴിഞ്ഞിരിക്കുന്നു. പുറമെ നിന്ന് ആ വീടിന്റെ ഭംഗി ഞങ്ങൾ ആസ്വദിച്ചു. പിന്നെ വീണ്ടും നടത്തം. ഗാമ അന്ന് താമസിച്ചിരുന്ന ആ വീട് ഇന്ന് ഒരുപാട് മലയാള സിനിമയ്ക്ക് വേദിയായിട്ടുണ്ട്. റോസ് സ്ട്രീറ്റ്, ഫോർട്ട്കൊച്ചിയിലെ പ്രശസ്തമായ തെരുവ്, ആ വഴികളിലൂടെ ഞങ്ങൾ നടന്നു കയറി ചെന്നത് ബീച്ചിന്റെ ഹൃദയ ഭാഗത്തായിരുന്നു. വിദേശികളെ ആകർഷിക്കാൻ വേണ്ടി കല്ലു കൊണ്ട് തീർത്ത വഴിയോരം. കല്ലു ചെത്തിമിനുക്കിയ ആ വഴിയിലൂടെ പതുക്കെ ഞങ്ങൾ നടന്നു. തണുത്ത കടൽക്കാറ്റ്, തലയ്ക്കു മീതെ നിന്ന് കത്തുന്ന സൂര്യനിൽ നിന്നും വീഴുന്ന ചൂടേറിയ കിരണങ്ങൾ ഞങ്ങളുടെ നടപ്പിനെ പ്രതിരോധിച്ചുകൊണ്ടിരുന്നു. നേരം ഏതാണ്ട് ഉച്ചയോളമായി. എന്തോ ഒന്ന് കരിയുന്ന മണം (ഞങ്ങൾ ശ്വസിക്കുന്നുണ്ട്.) ഞങ്ങൾ പരസ്പരം നോക്കി പറഞ്ഞു. വിശക്കുന്നു.

വിശപ്പും സഹിച്ചുകൊണ്ട് ഞങ്ങൾ ഒരുപാട് നടന്നു. അങ്ങനെ പ്രശസ്തമായ സാന്ത്രാക്രൂസ് ബസിലിക്കയിൽ എത്തി. അതിന്റെ പുറം ഭംഗിയിൽ ഞാൻ വല്ലാതെ ആകൃഷ്ടനായി. അതിന്റെ ഉള്ളിൽ കയറി കാണാനുള്ള അവസരം ലഭിച്ചില്ല. പ്രാർത്ഥനാ സമയങ്ങളിൽ അതിന്റെ ഉള്ളിൽ പ്രവേശനമില്ല. അല്ലാത്തപ്പോൾ 10 മണിമുതൽ 1.30 വരെയാണ് പ്രവേശന സമയം. അന്ന് പ്രാർത്ഥന ഉണ്ടായിരുന്നില്ല പക്ഷേ ഞങ്ങൾ എത്തിയപ്പോഴേക്കും സമയം 1.30 കഴിഞ്ഞിരുന്നു. ബസിലിക്കയുടെ മുൻപിൽ കുറച്ചു സമയം ചെലവഴിച്ച് ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. കടുത്ത വെയിലിന്റെ ചൂട് ഏറ്റുകൊണ്ട്. വല്ലാത്ത തളർച്ച തോന്നിയിരുന്നു. എങ്കിലും ആ നടപ്പിന് ഒരു ലക്ഷ്യമുണ്ടായിരുന്നു. എന്റെ നാടിനെ കുറിച്ച് മറ്റാരെങ്കിലും ചോദിച്ചാൽ ഇതൊന്നും ഞാൻ കണ്ടിട്ടുമില്ല കേട്ടിട്ടുമില്ല എന്നു പറയുന്നതിലും ഭേദം ഞാൻ കൊച്ചിക്കാരനല്ല എന്നു പറയുന്നതാകും. ഞങ്ങളുടെ നടപ്പിന്റെ വേഗത കുറഞ്ഞെങ്കിലും ലക്ഷ്യസ്ഥാനത്ത് എത്താൻ ഞങ്ങളുടെ മനസ്സ് ഓടിക്കൊണ്ടിരുന്നു.

അങ്ങനെ 1557 ൽ നിർമ്മിതമായ ഫോർട്ടുകൊച്ചിയിലെ ബിഷപ്പ് ഹൗസ് എന്ന മനോഹര സ്ഥലത്തേക്ക് ഞങ്ങൾ എത്തി. കൊച്ചിയിൽ ഇങ്ങനെ ഒരു ബിഷപ്പ് ഹൗസ്, അതും ഇത്രയും പഴക്കമുള്ള ഒരെണ്ണം കാണുമെന്ന് ഞാൻ ചിന്തിച്ചതും കൂടിയില്ല. പുറമെ നോക്കിയപ്പോൾ കെട്ടിടങ്ങൾ ഒന്നും കാണാൻ കഴിഞ്ഞില്ല. കാവൽക്കാരന്റെ അനുവാദത്തോടെ ഞങ്ങൾ ഗേറ്റും കടന്ന് ഉള്ളിലേക്ക് കയറി. വലതു ഭാഗത്ത് അതിമനോഹരമായ ഒരു കെട്ടിടം. അതാണ് ബിഷപ്പ് ഹൗസ്, ഇടത് ഭാഗത്തേക്ക് ഒരു വഴി പോകുന്നുണ്ട്. അവിടെ എന്താണ് എന്ന് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞു; അതൊരു മ്യൂസിയമാണ്. ഞങ്ങളുടെ സന്ദർശന സമയത്ത് അവിടേക്ക് പ്രവേശനം അനുവദനീയമായിരുന്നില്ല. ഞങ്ങൾ അതിന്റെ ഉള്ളിൽ നിന്ന് പുറത്തേക്ക് ഇറങ്ങി. തിരിച്ച് ബൈക്ക് വച്ച സ്ഥലത്തേക്ക് നല്ല കാറ്റ്, സമയം ഏതാണ്ട് വൈകി തുടങ്ങി. സൂര്യന്റെ രശ്മികൾ പകർന്നു നൽകുന്ന ചൂടിന്റെ തീവ്രത കുറഞ്ഞു. കുറേ നേരം നേരം ഞങ്ങൾ കടപ്പുറത്ത് ഇരുന്നു. ഇതിനു മുമ്പ് പലപ്പോഴും ഇവിടെ വന്നിട്ടുണ്ടെങ്കിലും ഇത്തരത്തിലൊരനുഭവം എനിക്കുണ്ടായിട്ടില്ല. ഒരുപാടൊന്നുമില്ലെങ്കിലും എന്റെ നാട്ടിൽ എന്തൊക്കെയോ ഉണ്ടെന്ന് അറിഞ്ഞതിന്റെ നേരിയ സന്തോഷം എന്റെ ഉള്ളിൽ വിടർന്നു. കേരളത്തിലെ 14 സംസ്ഥാനങ്ങളിൽ ഏറ്റവും ജനപ്രവാഹമുള്ളത് എറണാകുളം തന്നെയാണ്. അതിന്റെ ഹൃദയഭാഗമായ കൊച്ചി, അറബിക്കടലിന്റെ റാണി, എന്റെ നാട്. ഈ താളുകളിൽ കൊച്ചിയെ പകർത്താനായില്ല. അത്രയും വിശാലമാണ് ഈ റാണിയുടെ കഥ. കൊച്ചിയുടെ പൈതൃക ത്തിന് വേരുകൾ ഒരുപാടുണ്ട്. ആഴത്തിൽ വേരുകൾ പടർത്തിയ ആൽമരം പോലെ സംസ്ക്കാരവും പൈതൃകവും ഇന്നും അങ്ങനെ തലയുയർത്തി നിൽക്കുന്നു. ഇന്നത്തെ സമൂഹത്തിന് കൊച്ചിയെന്നാൽ ഉടനെ ഓർമ്മ വരുന്നത് കോർപ്പറേഷന്റെ വണ്ടിയും, ചപ്പും, ചവറും, മാത്രം. മാലിന്യം കൊണ്ട് മൂക്ക് പൊത്തുന്ന കൊച്ചി. സമൂഹം അങ്ങനെ ചിന്തിക്കുന്നതിൽ തെറ്റ് പറയാൻ സാധിക്കില്ല. എന്നാൽ ഇതും കൂടിയോർക്കുക. ആ വിശുദ്ധമായ ഭൂമിയോട് അടുക്കുമ്പോൾ മാത്രമേ അതിൽ നിലീനമായ നന്മയുടെ അംശങ്ങളെ മനസ്സിലാവുകയുള്ളൂ. സമയം വൈകുന്തോറും കടലിന്റെ രൂപം മാറിക്കൊണ്ടിരുന്നു. ആകാശത്തിന്റെ നിറം മാറുന്നത് കടൽപ്പുറത്ത് ഇരുന്ന് കാണാൻ നല്ല രസമാണ്. അതിന്റെ ഭംഗിയും ആസ്വദിച്ച് വളരെ സമയം ഞങ്ങൾ ചെലവഴിച്ചു.

"to educate,"

Maladies of education in India

Sreelakshmi .R
IInd DC Chemistry

"I claim that I am not an enemy of higher education. But I am an enemy of higher education as it is given in this country". - Mahatma Gandhi, Harijan : 9th July 1938.

Come June, the stiff competition for admission into the higher educational institutions becomes almost painful to the parents and their wards. Though, the largest democracy in the world has a large number of arts, science and professional colleges, all those who are eager to gain knowledge are not always accomodated due to various reasons. When it comes to professional education, the picture turns still more tensed. Majority of our parents get into anxiety, about the subjects their wards should choose in the higher secondary (12th) stage. This is mainly because of the fact that the students must be prepared to appear for a number of entrance tests after their 12th standard. Since all these examinations are held at a national level, there is little chance, for a student to get admitted into an institution of his/ her choice. The governments in various states have evolved different norms for the selection of candidates to the engineering medical and other professional courses. Because of tough competition, many adjustments like reservation quota for other states and special categories became necessary to ease the situation. Can the chronically ill higher education system be magically revived with a few changes?

Many self financing professional colleges have emerged in our country, over the last two decades. These new institutions have developed a system of collecting huge amounts by way of capitation fees (donation). Those students who seek admission in these colleges have to shell out nearly double for the same instruction and type of education, got in the goverment colleges. Actually this results in inequality in the field of education, The Supreme Court has intervened in the problem which resulted in fee structure, but the system is not at all satisfactory anywhere in the country. Indeed right from the kindergarden stage, parents go to any extent inorder to admit, their children in best KG schools. Here also, the situation is not different from higher education scenario. There are many private institutions charging huge amounts of tution fees than poor government and aided schools. Though the public are aware of the fact that the teachers in government institutions are highly qualified they prefer those private schools. Sometimes the trainers there may not have necessary qualifications. What made the public feel that the government and aided schools are not as good as private ones? It is possible to raise the standard of education in government institutions,with the joint efforts of government and local bodies. The initiatives of government like Sarva Shiksha Abhiyan (SSA) seems to be at its best in this regard . Right to Education is one of the fundamental rights of a child. It

is the duty of the state to give all facilities for education to children.

In 2002 the UNO made a declaration on children's rights. Universal free education to all children was an important highlight included in the declaration. The parliamentary committee on women's welfare has pointed out that the efforts of the government to provide free and compulsory primary education were not a complete success in all states. 31/2 crocres of children between the age of 6 and 14 still do not attend the school. The constitution guarantees universal education.

From time to time different governments implement programmes to this end. Still, primary education has not achieved progress. The parliamentary committee has applauded Kerala and West Bengal for imparting primary education through panchayatraj system and Anganwadis. What seems strange here is, parents do not believe in all these reforms by the government. They simply force their children to swallow the toughest syllabus sometimes far beyond their age.

While a majority of the students in our country were interested in professional courses, many of the Arts & Science colleges faced tough times. Another disturbing trend was the commercialisation of education. This phenomenon became widespread from the primary education sector to higher education level. Even a person with daily income, got his / her child admitted in best professional colleges: Loans were made available to these income class at huge interest rates. Unfortunately some strange incidents like student suicide have occured in kerala. This is actually a serious drawback in the commercialisation of higher education . Although majority of students, who pass out every year do not get proper placements, they prefer professional courses, why? We have over 3500 engineering colleges in India including 15 IITs, 30 NITs, besides other government and private engineering colleges. While there has been mushrooming growth, many of the colleges have not been able to provide quality of education comparable to the need of the industry. Our Arts and science colleges, have been given a facelift by the introduction of new reforms: The UGC has introduced National Eligibility Test (NET) for lectureship in these colleges. This qualifications in addition to postgraduation in the desired subject has helped a lot to increase standard of education. Apart from this, the much awaited Choice Based Credit and Semester System (CBCSS) has been introduced in a majority of the colleges across the country. If implemented in a proper way CBCSS is actually suitable for our colleges. Well, this is not the case with ours. Most colleges will be unable to support the new CBCSS system because it calls for far higher levels of infrastructure and faculty and library support than these institutions currently posses. It would be a disaster to rush blindly into implementing these changes across the board, without ensuring their viability. They would have to be introduced selectively in colleges which already have these resources or can put them in place rapidly. University Grants Commission (UGC) itself is expressing in ability to fund even the upkeep of essential infrastucture . The emphasis of government resource allocation will be increased on primary education hereafter and higher education is expected to fund for itself. Universities in India are required to move rapidly towards self sustenance.

Thus the maladies afflicting our education system are many, but the eduactionalists are offering only short term remedies. To make professional education including law education progressive, the Higher Education and Research Bill 2010 approved by Human Resource Development Ministry, takes away regulatory power to various councils. This also entails to prevent corruption in giving recognition to trust and societies to run professional educational institutes. These bodies have made education a money minting business over the years. An educator's job is to educate the child and make him/her a better human being. Education is the art of making a child to learn by himself. "Value education" should be introduced in the curriculum as a first step to save our education system. As far as the higher education scenario is concerned, the government should take necessary steps to improve the standard of education in our country.

Mass Spectrometry

Dr. M. George, Associate Professor,
Department of Chemistry

Instrumental methods play a major role in the identification of organic compounds. The common spectroscopic methods employed for characterization of organic molecules include mass spectrometry, NMR spectroscopy, IR spectroscopy, X-ray crystallography etc. Mass spectrometry is useful for the determination of the molecular mass and formula of a compound while NMR and IR spectroscopic methods are useful for the determination of the types of H-atoms in a molecule and the functional groups, respectively. The three dimensional structure of molecules can be determined by X-ray crystallography. Mass spectrometry is unique since a mass spectrometer does not use an electromagnetic radiation but ionizes the molecule to form an ion (molecular ion) and then determines the mass-to-charge ratio. Earlier works of J.J.Thomson (positive ray analysis), Aston (Aston's mass spectrograph) and Nier-Johnson (1953) double focusing sector mass spectrometer have laid the foundation for modern mass spectrometry. One of the major living contributors to the development of mass spectrometry is Prof. McLafferty (Cornell University, USA) who became famous for the investigation ofMcLafferty rearrangement.

J.J. Thomson
Nobel prize
in Physics
1906

F.W. McLafferty
known for McLafferty
rearrangement

Wolfgang Paul
1913-1993. Shared
Nobel Prize in
Physics 1989

Prof. John Fenn
(1917-2010)
Shared Nobel Prize in
Chemistry 2002

Wolfgang Paul shared the Nobel Prize in Physics (1989) for the development of the 3D ion-trap a device for the separation and measurement of mass-to-charge ratio of ions which gradually replaced the magnetic sectors in a mass spectrometer. Further, the development of Fourier Transform and linear ion-traps and Orbitrap has lead to the production of compact, accurate (resolution up to 100000) and completely automated mass spectrometers.



LTQ Orbitrap MS (Thermo Scientific)



Schematic diagram

The mass spectrometer has (1) an ion source to generate a beam of ions that comprises ionized molecules and fragment ions of the sample to be analyzed and (2) a device called mass analyzer, for the separation of ions and to measure their mass-to-charge ratios (m/z - 'm' is the mass and 'z' is the charge of the ion). Modern instruments can measure the 'm/z ratios'of the ions with high accuracy (correct to 4 decimal places or error less than 5ppm) and precision which allows the determination of the molecular formula from mass



Collision induced dissociation mass spectrum of Curcumin obtained using LTQ-Orbitrap mass spectrometer

Ionization methods: The oldest method for ion production is electron-ionization (EI). This method is good for volatile compounds having low molecular mass. The vapour of the sample at low pressure (10^{-7}Torr) is bombarded with a beam of high energy electrons (70eV kinetic energy). The collision of an electron imparts energy greater than the ionization energy of the molecule and causes ionization and the excesses energy transferred to the molecule may cause fragmentation. Thus both molecular ions and fragment ions are formed.

രസായിരുന്നു ഭാഷ. അവളുടെ നഷ്ടപ്പെട്ട മധുരസ്വരം, ഈ മണ്ണ് ഞങ്ങൾക്ക് കേൾപ്പിച്ചു തന്നു. പച്ച മനുഷ്യരുടെ രക്തവും മാംസവുമുള്ള പഴയ ഭാഷ, അരൂപിയായ ആത്മസഖിയായിരുന്ന ചരിത്രത്തിന്റെ ഭാഷ ഞങ്ങൾക്കൊരുപക്ഷേ , എല്ലാ അർത്ഥത്തിലും ആ യാത്ര ഒരു പുനർവായനയുടെ വിശുദ്ധീകരണമായിരുന്നു. ഖസാക്കിന്റെ മണ്ണിലേക്കു മനുഷ്യസത്തയുടെ സങ്കീർണ്ണങ്ങളായ സങ്കീർത്തനങ്ങൾ തേടി ഒരു യാത്ര. ഒറ്റപ്പെട്ട ആ ഭാഷയുടെ അകാല മരണത്തിനു മുൻപ് പിറന്ന രഹസ്യമായിരുന്നു കല. ഖസാക്ക് ആ കലയിലനുഷ്ഠാനബന്ധമാണ്.

ഉദ്യാനത്തിലൊരിക്കൽ പെട്ടെന്ന് പൊട്ടി വിടർന്ന പൂവുകൾ, കുടകൾ ചൂടി കലപില കൂട്ടി നടന്നു പോകുന്ന പോലെ പെയ്യാനിരുന്ന മഴയുടെ പെൺനിഴലുകളും, പിന്നോട്ടു നടക്കാനായുന്ന ക്ഷീണത്തിന്റെ കുഴിയാനകളും, ദാഹത്തിന്റെ വലിയ മൂട്ടകളും ചിന്തയെ തീർത്തും ശിഥിലമാക്കി. തിരിച്ചു പോയി ഖസാക്ക് ഒന്നു കൂടി വായിക്കാൻ തോന്നി. മനസ്സിന്റെ ഇരുണ്ട ഇഴനാഴിയിലെ നേർത്ത ഒരു തിരി നാളത്തിൽ ആരോ ഗാഢമായ വായനയിലാണ്. തീയുടെ വിളറിയ വയലിൽ രാത്രിയുടെ കറുത്ത വിത്തുകൾ മുളച്ചു പൊങ്ങിയപ്പോൾ ഞങ്ങൾ ആ മഴയുടെ വിവശതകളിലേക്കാഴ്ന്നു പോയി. അബോധത്തിന്റെ മാലാഖ ഞങ്ങളെ തിളക്കുന്ന കണ്ണുകളാൽ തുറിച്ചു നോക്കി. ചിന്തയെ പെട്ടെന്നൊരു ചുഴലിക്കാറ്റ് എടുത്തുകൊണ്ടുപോയി. ഞങ്ങൾ, പ്രത്യേകിച്ചൊന്നും പറയാനില്ലാതെ, ഒരു ആകസ്മികമായ ആത്മ വിസ്മൃതിയിലേക്ക് പിരിഞ്ഞൊഴുകി.

നീണ്ട ടെസ്റ്റ്യൂബുകളെ അനുസ്മരിപ്പിക്കുന്ന കൃശഗാത്രരായ വിചിത്ര ജീവികൾ, ഒഴിഞ്ഞുകിടക്കുന്ന വാഴകൾ പോലെ, വെളുപ്പ് ഒഴുകുന്ന ഉണങ്ങാത്ത മുറിവുകളായി ചലമൊലിപ്പിച്ച് കാഴ്ചയുടെ ദ്രവിച്ച അറ്റങ്ങളിൽ വിറങ്ങലിച്ചു കിടന്നു. ആ ജീവികൾ എന്നോ പെയ്ത മഴയുടെ തിരുശേഷിപ്പുകളായിരുന്നു. മനുഷ്യർ വറ്റുമ്പോൾ, കാലയുടെ കൈക്കുമ്പിളിൽ ചോരയും ചുടും ഇരുട്ടും പൊടിയും. മണൽക്കാറ്റിൽ പോറലേൽക്കുമ്പോൾ ഓർമ്മയിലേക്ക് കാണാനിരിക്കുന്ന ഒരു മരുഭൂമി പൊട്ടിയൊഴുകുന്നു.

തസ്രാക്ക് : ഭൂതവിഷ്ടരുടെ വൃക്ഷമായ കരിമ്പനയ്ക്കു കീഴെ ഘനീഭവിച്ച കലഹത്തിന്റെ തല്പത്തിൽ ഞങ്ങളുടെ മുന്നിൽ വാഗ്മ്യതയുടെ ഉഗ്രതാപം പുരണ്ട, മനു

മായി തലതാഴ്ത്തിരുന്നു ആ ആദിരൂപത്തിന്റെ അനന്യത. പുരാതനമായൊരു ഗോത്ര സമൂഹത്തിന്റെ പൊടി പിടിച്ചു മരിച്ച, ഞരമ്പുകൾ മുറിഞ്ഞ ഒരു കിന്നരം പോലെ നീരു വന്ന കവിൾ കുത്തിത്തുളക്കപ്പെട്ടിരുന്നു. ഒരു ഒറ്റക്കണ്ണനുമായിരുന്നു ആ രൂപം. രവി. അരുണാഭ ചാർത്തി ഭീമമായ ഒരു താക്കോൽ ദ്വാരം പോലെ പിളർക്കപ്പെട്ട നാഭി. കാലത്തിന്റെ തുരുമ്പിച്ച താഴായി ഉദരം ഭീദിതമായൊരു സംവേദനത്തെ അടയാളപ്പെടുത്തി. വാരിയെല്ലുകൾ ഇടിച്ചു തകർക്കപ്പെട്ടതോടെ വീണ്ടും ഒരു പാപം ആത്മാവിൽ നിന്നു പൊട്ടിത്തെറിച്ചു. സ്ത്രൈണതയുടെ താക്കോൽ, ഗൂഢാർത്ഥങ്ങളുടെ അദമ്യവും അനാമികങ്ങളുമായ ദാഹങ്ങളുടെ, വൈദ്യുത തൃഷ്ണകളുടെ താക്കോൽ. അത് താഴിന്റെ തന്നെ ഉറക്കറയിൽ സമാധിയുടെ അന്ത്യ പ്രലോഭനങ്ങളിൽ ബന്ധിയാക്കപ്പെട്ടു കിടന്നു, താഴു പോലുമറിയാതെ! ഞങ്ങൾക്ക് ആ താഴ് തുറക്കാൻ പേടിയായിരുന്നു. ക്യാമറക്കണ്ണുവരെ കലങ്ങിച്ചുവന്നു, ആ ഒറ്റക്കണ്ണൻ കിന്നരത്തിന്റെ നോട്ടമേറ്റ്. ആ കിന്നര മുനിയുടെ മരണഘടികാരത്തിനു പിന്നിലെ പാപത്തിന്റെ ചുഴികളും അടിയൊഴുക്കുകളുമുള്ള പൂർവ്വാശ്രമം...അത് തിരയുവാൻ പോയിട്ട്, നേരെ നോക്കുവാൻ പോലും



ഞങ്ങൾ അശക്തരായിരുന്നു. പെട്ടെന്ന് പിറകിൽ ഒരു മണൽക്കാറ്റ് കോട്ടുവായിട്ടു. ഖസാക്കിന്റെ ഇതിഹാസം അതുവരെ ഒരു വായനാനുഭവം മാത്രമായിരുന്നു. തിരിച്ചറിവിന്റേയും ധ്വനിയുടേയും ഹിംസാത്മകമായ നാടകീയത കോമാളിവേഷം കെട്ടി ഞങ്ങളുടെ വായനയുടെ ജഡങ്ങളെ ചങ്ങാടങ്ങളാക്കി. കരിമ്പന പോലെ കത്തുന്ന ആ മുഖത്ത് നിന്നും ധൂമകേതു പോലെ വളർന്നു പറക്കുന്ന വെളുത്ത താടിയുമുഴിഞ്ഞ്, ചരിത്ര സമാധിയിൽ നിന്നൊരു നിമിഷം ഇമകൾ തുറന്ന് ആ കിന്നരം ഒരു കീർത്തനം ഞങ്ങൾക്കായി വായിച്ചു. ഒരേയൊരു തവണ, പല ക്ലിക്കുകൾ, ഒരേയൊരു യാത്ര, പലതായി പിളർന്ന ഒരു യാതന, പിന്നീട് ദുർഗ്രഹമായ അനുഭവത്തിന്റെ നദികൾ -തസ്രാക്ക് എന്നയിടത്തേക്ക്

ഭാവനാശക്തിയുടെ ചാലകത ആവേശിപ്പിക്കപ്പെടുന്ന ആ നിമിഷത്തിൽ, ക്ഷണനേരത്തേക്കാണെങ്കിലും അത് ഞങ്ങളുടെ ഖസാക്കായി മാറുകയായിരുന്നു.

കോൺറാഡ് പറയുന്നു: "എല്ലാം വ്യാമോഹമാണ്. എഴുതപ്പെടുന്ന വാക്കുകൾ അവ ലക്ഷ്യമാക്കപ്പെടുന്ന മനസ്സ്. ആവിഷ്ക്കരിക്കാനായി ഉദ്ദേശിക്കപ്പെടുന്ന സത്യം കടലാസ്സ് വഹിക്കുന്ന കൈകൾ, വരയിനു നോക്കുന്ന കണ്ണുകൾ. ഓരോ രൂപവും സംശയ സാഗരത്തിൽ അവ്യക്തമായി ഒഴുകുന്നു. ആ സംശയം തന്നെ അനിശ്ചിതത്വത്തിന്റെ ആരും കടന്നു ചെല്ലാത്ത പ്രപഞ്ചത്തിൽ നഷ്ടമായി ഭവിക്കുന്നു?" തസ്രാക്കിൽ ചൂട് ഒരു വളവ് തിരിഞ്ഞു. പതിനെയിറങ്ങിയ ഒരു കവിൾ വെള്ളം മനസ്സിന്റെ വെള്ളാരം കല്ലുകളെ വെറുതെ തലോടി.

അപഭ്രംശങ്ങളുടെ ആത്മബോധം മാലാഖയെപ്പോൽ ഉറങ്ങിക്കിടക്കുന്ന അപരാധിയുടെ താഴ്‌വരയിൽ അവാച്യമായ തിക്താനുഭൂതികൾ ചൂടുള്ള ഉറവകളായി കാക്കകളുടെ അർത്ഥഗർഭമായ മൗനത്തിൽ നിന്നു മൊഴുകിക്കൊണ്ടിരുന്നു. മരണത്തിന്റെ ബഹുസ്വരതയിലേക്ക് വ്യാഖ്യാനങ്ങളുടെ കത്രികപ്പാടുകൾ അരിച്ചിറങ്ങിയതും ചില്ലുപറവകളും പ്രകാശകണങ്ങളും ആ പ്രാഗ്ദേവതയുടെ ഉടലിൽ നിന്ന് പൊട്ടിച്ചിതറി. രഹസ്യാത്മകമായ പ്രവാഹങ്ങളിൽ ഇരയുടെ ഭയവിഹ്വലതകളുമായി ഭൂതകാലം, ആ പൊട്ടിപ്പൊളിഞ്ഞ നടയിലെ പുരാതനമായ തിരുശേഷിപ്പുകളിലേക്ക് ആരോ വലിച്ചു കെട്ടിയതുപോലെ കാണപ്പെട്ടു. ഏകാകിയുടെ അവിരാമമായ ധ്യാനാത്മകതയെപ്പോലെ പ്രശാന്തതയുടെ പ്രക്ഷോഭങ്ങളുമായി ഒരു പഴയ സ്ത്രീ ബിംബം അവിടെയുണ്ടായിരുന്നു. താഴ്‌വരയുടെ തിമിരംബാധിച്ച കണ്ണുകളിലൊന്നിൽ ഘനസാന്ദ്രമായ മൂകത തിളച്ചിറങ്ങിയതോടെ, മൃതിയുടെ പ്രണയിനികളെപ്പോലെ ആത്മാവിനുള്ളിലെ തുറക്കാൻ മറന്ന അറയിൽ കൂറകൾ ചിതറിയോടി. മൈമുന. താഴ്‌വരയുടെ ചുവന്ന ചുണ്ടുകൾ മഴയിൽ വിറ പൂണ്ടു നിന്നു. ആലക്തികമായ ആവേഗങ്ങളിൽ രതിയുടെ കാന്തി കവിളുകളിലെ വെയിലിന്റെ സൂര്യകാന്തിപ്പാടത്തു കൂടി ഓടിയലഞ്ഞു.

രവി ആകാശത്ത് ചുവന്നു തുടുത്ത കനിയായി മാറിയിരുന്നു. നിനവുകളുടെ ഈറനേറ്റ നീർനാഗങ്ങളെ

പ്പോലെ കരിമ്പനകളാകാശത്തേക്ക് ഇഴഞ്ഞുകയറിക്കിടന്നു. തിളങ്ങുന്ന തീവ്രവ്യഥയുടെ കലമ്പുന്ന പാദസ്വരമായി അരുപികളുടെ മഴ. ബ്രഹ്മാനുഭൂതിയുടെ ബുധ മണ്ഡലങ്ങൾ വ്യണിതമായി. ഈ അധ്യായം, വായനയുടെ കൈയ്യിൽ ഉമ്മവച്ചു. ഒറ്റപ്പെട്ട ഗാഢാശ്ലേഷത്തിൽ ഒരു സാന്ധ്യവെളിച്ചത്തിന്റെ ഗർഭവതിയായ മഞ്ഞുകണം രതിയുടെ ചിതയിൽ ആളിക്കത്തി. വിയർപ്പിൽ കുതിർന്ന ഉള്ളം കൈകൾ കൊണ്ട് പൊള്ളുന്ന കവിളുകൾ പൊത്തിപ്പിടിച്ചപ്പോൾ താഴ്‌വര അറിയാതെ വിതുമ്പിക്കരഞ്ഞു. അപ്പോൾ, പാപം പാലുകുടിക്കുകയായിരുന്നു. അനന്തരം മരണത്തിന്റെ പുഴയിൽ ആണുങ്ങളുടേയും പെണ്ണുങ്ങളുടേയും ഉടലുകൾ പെട്ടെന്ന് ആഴങ്ങിൽ നിന്നു പൊങ്ങി വന്ന് വൃദ്ധയായ കാമത്തിനോട് സ്വകാര്യങ്ങൾ പറഞ്ഞു. ആരും പ്രതീക്ഷിച്ചില്ല. കടുത്ത ചുംബനം. അരുണാഭയിൽ രവി തിരോഭവിച്ചു. വിരഹത്തിന്റെ, അകൽച്ചയുടെ, വിസ്മൃതിയുടെ അതേ താഴ്‌വരയിൽ നിന്നാണ് പണ്ട് ചേച്ചിയും അനിയത്തിയും തമ്മിൽപ്പിരിഞ്ഞുപോയത്. താഴ്‌വരയിലെ ഉണക്കമരത്തിൽ അസമയത്തു വന്നിരുന്ന കറുത്ത കൊക്ക് ഞങ്ങളെ ക്രൂരമായി നോക്കി. വിഷം പുരണ്ട നോട്ടം. അധ്യായത്തിനു തീ പിടിച്ചിരുന്നു. താഴ്‌വരയിലെ സന്ധ്യയുടെ ഗാഢലായനി ഓർമ്മയുടെ വെളുത്ത മാംസത്തിലേക്ക് തട്ടിമറിഞ്ഞു വീണതോടെ എന്തെന്നില്ലാതെ തണുക്കാൻ തുടങ്ങി.

എരിഞ്ഞു കൊണ്ടിരുന്ന കനൽഭൂതങ്ങളുറങ്ങുന്ന പള്ളിയിൽ വീണ്ടും രവിയും മൈമുനയും സംസാരിക്കുന്നതു കേട്ടു.

ചിറ്റമ്മ, നിവേദിത, കേശി, പരമ അങ്ങനെയൊരുപാട് വീഞ്ഞുപാത്രങ്ങളുടെ പളുങ്കുകൾ ചക്രവാളത്തിലെ രവിയുടെ ദാഹച്ചുഴിയിൽ ചാറിവീണ പാടുകൾ ഞങ്ങൾ കണ്ടു. ആ വടുക്കങ്ങളും പാടുകളും അശരീരികളായി മുഴങ്ങുന്ന നിലവിളികളും താഴ്‌വരയുടെ കൈലേസിൽ കരിമ്പനകളായി പടർന്നു കിടന്നു. വീര്യമുള്ള വിഷം രവിയുടെ കാലുകളിലേക്ക് അന്ത്യചുംബനമായി, ഇതിഹാസത്തിലെ അവസാന വാക്കായി എഴുതിയെറിഞ്ഞുകൊടുത്ത് യവനികയിലേക്ക് ഇഴഞ്ഞുകയറിപ്പോയ പാമ്പിന്റെ മാളത്തിൽ നിന്ന്, സമയത്തിന്റെ ചൂണ്ടുവിരൽ ഞങ്ങൾക്കു നേരെ നീണ്ടു വന്നു. അതു ഞങ്ങളെ കെട്ടിവരിഞ്ഞു.

ആത്മീയതയുടെ പുസ്തകത്തിലെ വർഗ്ഗഹത്യകളുടെ വംശീയ നിഷേധത്തിൽ ദുർഗ്ഗമങ്ങളായ തുരുത്തുകൾ; അവ രണ്ടും ചതുപ്പുകളാണ്. നൈസാമലിയിൽ നിന്നും അള്ളാപ്പിച്ചമൊല്ലാക്കയിലേക്ക് നീണ്ട ഒരു പാലം പകുതി തകർന്നു പുഴയുടെ ജീർണ്ണശരീരത്തിലെ നാഭിയിൽ പതിച്ചൊഴുകിപ്പോയതിൽ പിന്നെ ആ രണ്ടു തുരുത്തുകളിലും ഏകാന്തതയുടെ നിന്ദ്യരായ വേതാളങ്ങൾ, ശൂന്യതയുടെ ഉള്ളുമ്പും നീരാളിയുടെ ചുഴുന്ന കൈകളും, ഭൃഷ്ടമായ ഇച്ഛയുടെ ഭ്രാന്തമായ തിളക്കലും വൈദ്യുത ഈർക്കിൽ പോലെ കുത്തിയിറങ്ങുന്ന നോട്ടങ്ങളും ചവർപ്പുള്ള കഫങ്ങളുമൊക്കെയായി അട്ടഹസിച്ച് അലഞ്ഞു നടക്കുന്നു. തുരുത്തുകളുടെ ഇടയിലെ പുഴയുടെ ആജ്ഞേയമായ സാന്നിദ്ധ്യം മൈമുനയുടെ പിൻവാങ്ങിക്കൊണ്ടിരിക്കുന്ന നനവാണ്. നൈസാമലിയെന്ന തുരുത്തും മൊല്ലാക്കയെന്ന തുരുത്തും, നിരന്തരമായ വാഗ്വാദത്തിലെന്നപോലെ ആകർഷണ വികർഷണങ്ങളിലെ, സത്യബോധത്തിന്റെ ദ്വന്ദാത്മകതയെയും വൈരുദ്ധ്യത്തേയും നുണഞ്ഞിറക്കി വെയിലിന്റെ മുതുകിലെ ചുവന്നു പൊട്ടാറായ കുരുക്കളായി വളർന്നു നിന്നു.

ഖാലിയാരുടെ ഊഷരഭൂമിയിൽ പായിൽ പൊതിഞ്ഞു വച്ചിരിക്കുന്ന വൃദ്ധ ഘടികാരത്തിന്റെ പോള്ളലേറ്റ മൃതദേഹം. മൊല്ലാക്കയുടെ പൊട്ടിയ, മണ്ണുപുരണ്ടു കിടക്കുന്ന കവിളിലെ തീ തിന്ന തുളകളിൽ നിന്ന് കടും മഞ്ഞ നിറത്തിൽ താടി, ഒരു വിശേഷപ്പെട്ട മുല്ല പോലെ പൂത്തു നിന്നു. വായനയുപേക്ഷിച്ച ഭൂതക്കണ്ണാടിയിൽ നിന്ന് ഒരു കഴുകനും ഭാര്യയും പറന്നുവന്നിരുന്ന ഉറക്കം തൂങ്ങുന്നുണ്ട് രണ്ടു തുരുത്തുകളിലുമായി. സൂര്യനിൽ നിന്ന് പ്രവാചകരുടെ അപ്പക്കഷ്ണം കൊത്തി കൊണ്ടൊരു കാക്ക വന്ന് പാലത്തിലിരുന്നു. തുരുത്തുകളിലെ വേതാളങ്ങൾ ഗുഹകളിലേക്കു മടങ്ങി. കഴുകനും പെണ്ണും അവരുടെ തന്നെ ഇരകളും ശത്രുക്കളുമായി മാറുന്ന കാലം വരേക്കും തുരുത്തുകളിൽ കലഹമുണ്ടാവുമെന്നൊരു അശരീരി കേട്ടു. ഞങ്ങൾ ഭയന്നു വിറച്ചു. ഞരമ്പിൽ നിന്നും കൊള്ളിയാൻ തെറിച്ചു പോയ പഴുതിലിരുന്നൊരു പുരാതനമായ റേഡിയോ, കള്ളു കുപ്പിയെ പ്രണയത്തോടുപമിക്കുന്ന ഒരു പ്രാകൃത ഗാനം മുരൾച്ചയോടെ കേൾപ്പിച്ച പ്പോൾ മൊല്ലാക്കയുടെ തുരുത്തിലെ വേതാളം സ്വയം തലകല്ലിലിടിച്ചു കരയുകയും ചിരിക്കുകയും ചെയ്തു. സന്ധ്യയുടെ കിണ്ടി മറിഞ്ഞ് താഴെ വീണു കരയുമ്പോൾ അതിലെ മാന്ത്രികജലത്തിൽ നിന്ന് ഞരക്കത്തോടെ പിടഞ്ഞെഴുന്നേൽക്കുന്ന കൃശഗാത്രയായ, നീൾമിഴിയുള്ള സുന്ദരിയായി കത്രികപ്പെണ്ണ് - സ്വന്തം ശരീരത്തിലങ്ങുമിങ്ങും മുറിവുകൾ പടർത്തി, ഭ്രാന്തമായി നൃത്തം ചെയ്യാറുണ്ടായിരുന്ന രാത്രികളെ ഖാലിയാരുടെ തുരുത്തിലെ അത്താഴപ്പട്ടിണിക്കാരനായ കഴുകൻ വെറുതെയോർത്തു.

അങ്ങനെ കഴുകനും പെണ്ണും രണ്ടു കരകളിലിരുന്ന് പല കഥകളും കൊറിക്കാറുണ്ട്. അരിപ്രാവു പോലെ വെയിൽ ഞങ്ങളുടെ തോളുകളിൽ വന്നിരുന്നു. യാത്ര. തുരുത്തുകളിൽ നിന്നും മാറിയൊഴുകി.

'ഞാൻ ക്ഷീണമറിയുന്നു. പ്രപഞ്ചത്തിന്റെ സ്ഥായീ ഭാവമാണ് ക്ഷീണം. ഏറ്റവും ഉദാത്തമായ ഒരു സിംഫണിയാണത്. അതിൽ ലയിക്കുക.' - വിജയൻ.

മണിക്കൂറുകൾ മൗനത്തിന്റെ പൊങ്ങിക്കിടക്കുന്ന വാഴത്തടികളിൽ പിടിച്ചു തൂങ്ങിയൊഴുകിപ്പോയി. ക്ഷീണം. ദാഹം. സ്നാപ്പുകൾ ഒപ്പിയെടുത്തു തളർന്ന ക്യാമറ നെഞ്ചിലെ ചൂടുപറ്റി കുഞ്ഞിനെപ്പോലെ മയങ്ങി. ഞങ്ങൾ മനസ്സിൽ അവ്യക്തതയോടെ ഉരുണ്ടുകൂടുന്ന അസ്വാസ്ഥ്യത്തെ പൊട്ടിച്ചുകളയാൻ ഒന്നു ചിരിക്കാൻ തന്നെ തീരുമാനിച്ചു. ഓരോരുത്തരും ഖസാക്കിന്റെ പൊള്ളുന്ന ഇതിഹാസഭൂമിക്കായി പല രീതിയിൽ ചിരിച്ചു. ചിരിയധികം നീണ്ടില്ല. വെള്ളം കുടിക്കുന്ന ഇടവേളയിൽ ഒരു നീണ്ട കാറ്റ് ഞങ്ങളുടെയിടയിലേക്ക് ആഞ്ഞു വീശി. അതൊരു അസാധാരണമായ സംഭാഷണത്തിന്റെ തുടക്കമായിരുന്നു.

'പാപി, പീഢാനുഭവത്തിലൂടെ ഈശ്വരനെ പുനരാനയിക്കുന്നു. സത്യമായ എല്ലാ കലയും പീഢാനുഭവമാണ്'. - വിജയൻ.

അധ്യയനത്തിന്റെ പാഠങ്ങൾ അയവിറക്കാൻ യാത്രയുടെ നീണ്ട കടലാസ്സിന്റെ വക്കിൽ ഞങ്ങൾ അൽപനേരം കണ്ണുകൾ പൂട്ടിയിരുന്നു. ഒരു ചെറിയ കാറ്റിന്റെ അനക്കം കേട്ടു. കണ്ണു തുറക്കുമ്പോൾ, പഴമ മണക്കുന്ന കടലാസ്സിൽ രവി ഞങ്ങൾക്കായി എഴുതിയ വരികൾ. അതാ പറന്നു വന്നു മുന്നിൽ കിടക്കുന്നു.

'ഞാൻ കണ്ട ഇന്നത്തെ നഗരം,' എന്നതായിരുന്നു വിഷയമെന്നൂഹിക്കാം. എന്തായാലും, ആ കഥാപാത്രം ഞങ്ങൾക്കായി കുറിച്ചു തന്നത് ഇപ്രകാരമായിരുന്നു.

"... ചുട്ടെടുത്ത നരകക്കാഴ്ചകൾ

ചുടലപോലും കണ്ടില്ല

ചുടുകാറ്റിൽ ചൂഴ്ന്നു പോയ കണ്ണുകൾ

പതിനാറിന്റെ പ്രഥമനിലെ ചുളുങ്ങിയ മുന്തിരികളായി.

വേവാത്ത കോഴിക്കാലിനൊപ്പം തത്തിക്കളിച്ചു

ഡിഷുകൾക്ക് പാകം തെറ്റി; വെച്ചു തരാത്ത

അടുക്കളക്കാരി, അയലത്തിട്ട ചാക്കു കെട്ടിൽ

ഒളിഞ്ഞിരുന്നു വേസ്റ്റിനു പുറത്ത് കോഴിയന്നിട്ട

മുട്ട കട്ടെടുത്തു.

കുട്ടികൾ മതിൽത്തട്ടിലെ ഓട്ടകളിലെ ഉറുമ്പുകളുടെ

കൈകളിലൂടെ മധുരം കൈമാറി.

കലണ്ടറമ്മായിയും കപ്പലണ്ടിച്ചാച്ചനും

കറിക്കരിയാൻ മറന്ന അമ്മയുപ്പേരിയും

സീരയലപ്പനും വീട്ടിലിരുന്ന അച്ചാറു ഭരണിയിലെ

ഏതോ ഹർത്താലാഘോഷിച്ചു.

ചൂണ്ടയിൽ നൂഡിൽസ് കോർത്ത്, ടബ്ബിനു മേലെ

തുമ്പിച്ചിറകിൽ പറന്നു നിന്ന ചെറുക്കൻമാർ

തവളയെ കണ്ട് ചിതറിയോടി"

****

ജീവിതത്തിന്റെ അഴികൾക്കുള്ളിലെ ഒഴിഞ്ഞ പളുങ്കു പാത്രത്തിൽ കാച്ചിവച്ച പപ്പടത്തിനു മീതെ നോവു തരിയുമായി മധുരവണ്ടിരിച്ചു നീങ്ങുന്നത് നോക്കി നിന്ന ഉറുമ്പ്, പ്രണയിനിയെക്കണ്ട നിർവൃതിയിൽ തരിച്ചു നിന്നു. പെട്ടെന്ന് എവിടെ നിന്നോ നുഴഞ്ഞു കയറിയ വിരൽ ഉറുമ്പിനെ ഞെരിച്ച് പ

ത്തിന്റെ വക്കിൽ തുടച്ചു വച്ചു. വിരലിന്റെ കുസൃതി നീണ്ട് പപ്പടത്തിന്റെ കുഞ്ഞു വയറിനെ കുത്തിപ്പൊട്ടിച്ചു. ധിക്കാരിയുടെ വിരലിൽ അപ്പോൾ ചോര പൊടിഞ്ഞു. അവളുടെ ഉടലും പപ്പടം പോലെ വീർത്തു കുമളിച്ചു പൊട്ടാൻ തുടങ്ങി. മുറിവുകളിലേക്ക് പപ്പടം മൊരിഞ്ഞ ചൂടെണ്ണ പരന്നൊഴുകി. ഉപ്പുതരികളെ കാറ്റ് ഛർദ്ദിച്ചു. ധിക്കാരി നിലയില്ലാത്ത വേദനയിലേക്ക് താഴ്ന്നുകൊണ്ടിരുന്നു. അന്ന് പപ്പടം ഒരു കഥയോളമുണ്ടായിരുന്നു. തണലിലിരുന്ന് കഥ നുണഞ്ഞ കുഞ്ഞ് ആത്മാവിന്റെ ഉപ്പറിയാൻ വളർന്നപ്പോൾ ഒരുപാട് വെള്ളവും കുടിച്ചു. പപ്പടത്തിലെ ഉറുമ്പു തോഴികൾ മുത്തശ്ശിമരത്തിലെ ഇലക്കൂട്ടിലേക്കു മിണ്ടാതെ ധൃതി

പിടിച്ചു കയറിപ്പോയതും, തണൽ അന്യയുടേതായി. ഒരു യാഥാസ്ഥിതികനായ വീട്ടുടമയുടെ തടവുകാരിയായതോടെ അവൾ ഒരു പപ്പടത്തെപ്പോലെ മാറിപ്പോയിരുന്നു.

ഞങ്ങളുടെ നിഴലുറുമ്പുകൾ അരിച്ചിറങ്ങിയത് അന്ന് തസ്രാക്ക് എന്ന പപ്പടം പോലെ സുന്ദരിയായിരുന്നവളിലേക്കായിരുന്നു. അബോധത്തിലെ ഖസാക്ക് എന്ന ധിക്കാരി ഓർമ്മപ്പെടുത്തലുകളുടേയും സംഘർഷാത്മകതയുടേയും വിരൽ ഞങ്ങളുടെയുള്ളിലേക്ക് നീട്ടിക്കൊണ്ടിരിക്കുന്നു. സമയത്തിന്റെ മരം ഞങ്ങളുടെ രക്ഷാ സങ്കേതങ്ങളുടെ വിവശതയും വിളിച്ചറിയിച്ചുകൊണ്ടിരുന്നു.

****

ഓർമ്മയുടെ ചുടുകാറ്റിന്റെ ഊഷരമായ തഴുകലേറ്റു അവശയായി, ദേഹമാകെ ചുക്കിച്ചുളിഞ്ഞ് വിറച്ച് മൃതപ്രായമായിക്കിടക്കുമ്പോഴും സമയം തെറ്റി പ്രസവിച്ച മാറ്റത്തിന്റെ ചോരക്കുഞ്ഞിനെ വാത്സല്യപൂർവ്വം ഉറ്റുനോക്കുകയായിരുന്നു, തസ്രാക്ക് എന്ന പടുവൃദ്ധ. മാറ്റത്തിന്റെ പിഞ്ചുകുഞ്ഞിനെ കരിമ്പനകൾ താലോലിച്ചപ്പോൾ അമ്മിഞ്ഞ കൊടുത്തത് പുളിങ്കൊമ്പിലെ പോതിയാണ്. പടുവൃദ്ധയുടെ ആ കുഞ്ഞിന് അപ്പുക്കിളിയുടെ ഛായയായിരുന്നു. കുതിരത്തലയന് മൊഞ്ചുള്ള കുട്ടിക്കുറുമ്പുകളും കൂട്ടു നടന്നു.

അപ്പുക്കിളിയുടെ തോഴിയൊരുവളേയുള്ളൂ. അത് പണ്ട് രവിയെ കൊത്തിയതിന്റെ കുറ്റബോധം തിളച്ചു തൂവി ഒഴുക്കിൽപ്പെട്ടു കാണാതായ പാമ്പിന്റെ മകൾ തന്നെയാണ്. അപ്പുക്കിളിക്കും പാമ്പിന്റെ കുട്ടിക്കും കളിയും ചിരിയും കുസൃതിയുമൊഴിഞ്ഞ നേരമില്ല. ചിലപ്പോൾ, അവളെ വളച്ചു വച്ച് മണ്ണിലിപ്പോഴും അപ്പുക്കിളി 'O' യെഴുതിയിടുന്നുണ്ടാവും. പ്രാണനുള്ള അടയാളമായി



ത്തന്നെ. അപ്പുക്കിളി ഒളിച്ചു കളിക്കാരനുമാണ്. അവർക്കിരുവർക്കുമിഷ്ടമുള്ള പരിപാടിയാണ് തമ്മിൽ കടിക്കുക എന്നത്. പിന്നെ, ഇടക്ക് അപ്പുക്കിളിയെ വാലു വെപ്പിക്കാൻ അവൾ അവന്റെ പുറകിൽ പുളഞ്ഞു കൂടി ഇരിക്കാറുമുണ്ട്. പലപ്പോഴായി അപ്പുക്കിളിയെ കാണാനാവാത്തതുമൂലം അവനു വേണ്ടി കല്ലേറുകളും അടിപ്പിണരുകളും അവളു തന്നെയാണ് വാങ്ങാറുള്ളതും...

സംഭാവനപ്പെട്ടിയിലായി കുയിൽ മുട്ടയിട്ടു
കാവൽക്കാരന്റെ മാടത്തിൽ കള്ളനെ കൊന്നിട്ട്
ചൂട്ട് പുറത്തേക്കിറങ്ങി മഴയുടെ കൈപിടിച്ച് നാടുവിട്ടു.
വാടക ച്ചട്ടിയിലെ തുടുത്ത പനിനീർപ്പൂവിനു
വയറൊട്ടിയ ചാവാലിപ്പട്ടിയോട് പ്രണയം തോന്നി
ദരിദ്രൻ ബിവറേജിന്റെ വാലായി നീണ്ടു വളഞ്ഞു.
എനിക്ക് ഖസാക്ക് വായിക്കാൻ പേടിയാവുന്നു.
വിമർശകൻ : വായനയുടെ നനഞ്ഞുനാറിയ തുണി സഞ്ചിയിൽ
ഭക്ഷണാവശിഷ്ടങ്ങളുടെ പൊതിപോലെയിനി
പുളിച്ച സിദ്ധാന്തങ്ങൾ പേറാൻ വയ്യ
ഈച്ചയാർക്കുന്ന പുസ്തകവെളുപ്പിൽ തെറ്റും
തിരുത്തും ചുവന്ന ഈർച്ചവാൾ വരകൾ കൊണ്ടു
കരണ്ടു തിന്നുകൊണ്ടിരുന്നു. ഒരു കാലം
പെൺ ചതുപ്പിലെ കണ്ടൽ പോലെ
തീപിടിച്ച താരുണ്യത്തിന്റെ നിലാവിൽ സന്ധ്യശോഭയുമായി രവിയുണ്ടായിരുന്നു.
ഏകാകിനിയായി വിതുമ്പവേ
നക്ഷത്രം എഴുത്തിന്റേയുമ്മയേറ്റ് പിളർന്നു.

ചുരം ചോർന്നൊലിക്കുന്ന അർത്ഥാന്തരങ്ങളുടെ കാറ്റുകളെ ശ്രദ്ധാപൂർവ്വം തഴുകി വിട്ടു. വായന ചുട്ടു പഴുത്തു. ലോഹ നാഡിയൊരാത്മ പീഡയിൽ തിളങ്ങി.

ഉറുമ്പുകൾ, വക്കിലെ ഉറുമ്പുകൾ
പല്ലികൾ, മച്ചിലാരും കാണാത്ത പല്ലികൾ
മുട്ടയിട്ടു ചാവുന്നു പിടക്കോഴികൾ
കൂവിയ കാലത്തു തന്നെ കഴുത്തറുക്കപ്പെട്ടു പോകുന്ന പൂവൻമാർ
കളി വറ്റിയ മൈതാനം, ചക്ക കണ്ടാൽ
തിരിച്ചറിയാത്ത അണ്ണാൻ
മ്യൂസിയം തിന്നു പോയ ചിരി

രാവു പുലരാറായപ്പോൾ മതിലിൽ ചാരി ഞങ്ങളിരുന്ന് ഉറങ്ങിപ്പോയിരുന്നു. കഥയും കനവും കവിതയും തോർന്നു. മരം പെയ്യാൻ തുടങ്ങിയപ്പോൾ തീവണ്ടി ചൂളം വിളിച്ചു. യാത്രയുടെ മടക്കം. ഞങ്ങൾ പെട്ടെന്ന് ഒരു കാര്യ മോർത്തു എഴുത്തുകാരൻ മാത്രം ഒന്നും പറഞ്ഞു കേട്ടില്ല.

* തയ്യാറാക്കിയത് : **എഡിറ്റോറിയൽ ബോർഡ്**

Jesto Thankanchan
II BA English

സംഭവ്യതയുടെ സാരഭൂതമായ ധ്വനി പ്രവാഹങ്ങളിൽ പരീക്ഷണാത്മകവും വിഭ്രാമകവുമായ രസാനുഭൂതി ആരോപിക്കപ്പെടുമ്പോൾ ആഖ്യാനത്തിന്റെ പാഠാനന്തര പ്രകൃതി സ്വയം ശിക്ഷിതമായ സൗന്ദര്യ ബോധത്തെ സൂക്ഷ്മമായി എഴുത്തിൽ സന്നിവേശിപ്പിക്കുന്നു. കഥയുടെ വ്യവഹാരതലങ്ങൾ അകാല്പനികതയുടെ സംഘർഷാത്മകമായ പ്രതലത്തിൽ തീവ്രാനുഭവങ്ങളുടെ പൊള്ളുന്ന ആവിഷ്ക്കാരങ്ങളിൽ, ബിംബ ഘടനയിലെ ഭ്രമാത്മകമായ ധിക്കാരത്തിൽ സൗമ്യമായ കലഹങ്ങളിൽ ധ്യാനലീനമായ ആന്തരികതയെ, ഉൾക്കൊള്ളുന്നു. എഴുത്ത് ബഹുസ്വരതയുടെ അസാധാരണമായ വിനിമയ പ്രക്രിയയാവുമ്പോൾ യുക്തിയുടെ കേവലതയും ബാഹ്യതയും ആക്രമിക്കപ്പെടുന്നു. ആവ്യാഖ്യേയമായ ചില സന്ദേഹങ്ങൾ പ്രശ്നവൽക്കരിക്കപ്പെടുന്നതോടെ, വ്യക്തിഗതമായ പ്രതിരോധങ്ങളിലെ സർഗ്ഗതീക്ഷ്ണമായ സ്ഫോടനാത്മകതയും പഠന വിധേയമാവുന്നു. നിദ്രാവസ്ഥയിൽ നിന്ന് ത്രസിപ്പിക്കുന്ന തൃഷ്ണകളിലേക്കും, വീണ്ടും ഗതി മാറി അരക്ഷിതാവസ്ഥയുടെ ആത്മപീഡയിലേക്കും അതിശയോക്തിയിലേക്കും അത്യുക്തിയിലേക്കും വെളിച്ചവും വിയർപ്പും കണ്ണീരും സ്വപ്നവും ഭ്രാന്തും ഒരു പൊട്ടിത്തെറിയിലൂടെ ഒന്നാവുന്ന രൂക്ഷമായ കാലുഷ്യത്തിലേക്കും വിഘടിതമായ യുക്തിയിലേക്കും ആസക്തിയിലേക്കും അനുതാപത്തിലേക്കും മരണത്തിന്റെ നിഗൂഢതകളിലേക്കും ആഘാതങ്ങളിലേക്കും നിഷേധാത്മകതയിലേക്കും കലങ്ങി മറിഞ്ഞ് കുത്തിയൊഴുകുന്ന വൈകാരിക സ്വത്വം, കഥയുടെ സംവേദനതലങ്ങളെ അപരിചിതമായ ഭാഷ്യങ്ങളിലേക്കു മാറ്റി നിർത്തുന്നു. ചലനാത്മകത രൂപാന്തരത്വത്തെ കാംക്ഷിക്കുന്നു. സ്വാഭാവികമായും, അത്തരത്തിലുള്ള ചാലകതയിൽ ചിന്തയെ സ്വാംശീകരിക്കുന്ന എഴുത്ത്, അതിന്റെ ആഴങ്ങളിൽ ഒരു ജ്ഞാനസ്നാനത്തിന്റെ സംശുദ്ധിയും നൈർമല്യവും അറിയുന്നു.

ഹെയ്ദഗറിന്റെ കാഴ്ചപ്പാടിൽ കലാ സൃഷ്ടിയിൽ ഒരു സംഭവിക്കൽ ഉരുകിച്ചേരുന്നു. ഗോപ്യമായ തന്മയീ ഭാവത്തിൽ നിന്ന് യാഥാർത്ഥ്യത്തിന്റെ അന്തഃസ്ഫോ

ടനം സംഭവിക്കുമ്പോൾ അവിടെ സത്യത്തിന്റെ ഉള്ളുരുക്കങ്ങൾ ദമിതമായ അവസ്ഥയിൽ നിന്ന് മരവിപ്പിന്റെ തോടു പൊട്ടിച്ച് പുറത്തേക്ക് ഒഴുകുന്നു. ഉൾവിളികളുടേയും വെളിപാടുകളുടേയും യാഥാർത്ഥ്യങ്ങളുടേയും അമൂർത്തമായ ആ ആശയതലത്തിൽ ക്ഷുദ്രയുക്തിയുടെ കബന്ധങ്ങൾ ചിതറിയോടുന്നത് കാണാം. വിശ്വാസ പ്രതിസന്ധിയുടെ ഈ ഛിദ്രാവസ്ഥയിൽ അർത്ഥങ്ങളും ധ്വനികളും വിചാരണ ചെയ്യപ്പെടുന്നു. സ്ഥായിയായ ഒരു ഉദ്വിഗ്നത, ആനുഭാവിക പ്രപഞ്ചത്തിന്റെ വിമർദ്ദക്ഷമവും സൃഷ്ടുന്മുഖവുമായ പുനരാവിഷ്ക്കാരത്തിൽ ഊറിക്കൂടുന്നുണ്ട്. യാഥാർത്ഥ്യങ്ങളിൽ ഭൂതാവിഷ്ടരായ വാക്കുകൾ ജ്വരവൈദ്യുതിയായി ഗുരുതരമായ രോഗാതുരതയിലേക്ക് വഴുതി വീഴുന്നു, കല അപ്പോഴും ഒരു യാന്ത്രികമായ സങ്കേതത്തിലേക്ക് ചുരുങ്ങരുതെന്ന് ഹെയ്ദഗർ ഓർമ്മപ്പെടുത്തുന്നു.

പ്രതീകാത്മകതയുടെ ഗൂഢാർത്ഥങ്ങൾക്കുള്ളിലെ ഭാവപ്പകർച്ചയെ അദ്ദേഹം വിളിക്കുന്നത് വിപ്ലവാതീതം എന്നാണ്. ആർത്ഥികമായ പ്രക്ഷേപങ്ങൾ, അഗാധതകളിൽ തിളച്ചു മറിയുന്ന അന്വേഷണാത്മകതയാണ്. ഈ തിരിച്ചറിവിൽ നിന്ന് സൃഷ്ടി പരികൽപ്പനകളുടെ പരിചിത വായനയിൽ, സത്താപരമായ വിവക്ഷയിൽ പൊളിച്ചെഴുതപ്പെടുന്നു. വൈരുദ്ധ്യങ്ങളിൽ ഏകാത്മകത നിശിതമായ ഭർത്സനങ്ങൾ ഏറ്റു വാങ്ങുന്നു. ലോർക്ക ഒരിടത്തു തന്റെ നാടകത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ കൂടി ഈ അവസരത്തിൽ ചേർത്തു പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ നാടകത്തിലെ ചില ദൃശ്യങ്ങൾ കാണുന്ന പ്രേക്ഷകൻ ചിരിക്കണോ കരയണോ എന്നു തിരുമാനിക്കാനാവാതെ അസാധാരണമായ മാനസിക സംഘർഷത്തിലേക്ക് വീഴുമ്പോൾ, ആ വ്യവസ്ഥയില്ലായ്മയുടെ ചുഴിയിൽ സംശയങ്ങളുടെ, ഉത്തരമില്ലായ്മകളുടെ ഗുപ്തമായ നിലവിളിയെ ആ പ്രേക്ഷകൻ ആത്മാവിലറിയുമ്പോൾ തന്റെ നാടകം വിജയിച്ചുവെന്ന് അദ്ദേഹം പറയുന്നു. എഴുത്തിന്റെ ശക്തി അത്രമേൽ അനിർവചനീയമാണ്. അത് ഭാഷയിലെ അപരസ്വത്വങ്ങളുടെ പ്രചണ്ഡമായ ആവിഷ്ക്കാരങ്ങളിലൂടെ സാധ്യമാകുന്നു. സ്വാധീനപ്പെടുത്തുവാൻ പ്രയാസമായ ചരിത്ര ബോധത്തിന്റേയും അനുഷ്ഠാനബന്ധമായ പാരമ്പര്യങ്ങളുടേയും കോട്ടകൾക്കെതിരെയുള്ള ഭ്രാന്തമായ കുതിപ്പായാണ് നീത്ഷെ ഭാഷയെ അറിയുന്നത്. ഭാഷയെന്ന ദുർഗ്ഗത്തിലകപ്പെടുക എന്ന അന്ത്യവിധിയാണ് മനുഷ്യനിലെ അനുഭവനിഷ്ഠമായ അറിവുകൾ അനുഭവിക്കുന്നതെന്ന് ഹെയ്ദഗർ ഒരിടത്തു പറയുന്നു. ഭാഷയുടെ വാച്യവും വ്യംഗ്യവും അവാച്യവുമായ പ്രതലങ്ങളിൽ തന്നെ വിഷയി ഒരു അപൂർവ്വമായ പരിണിതിയെ തന്നിലേക്ക് ഒപ്പിയെടുക്കുന്നു. മനുഷ്യമനസ്സിന്റെ അനന്യമായ സ്വരഭംഗങ്ങളേയും സ്വരലയങ്ങളേയും ഹർഷോന്മാദത്തേയും വിഷാദാത്മകതയേയും ദുരന്തബോധത്തേയും പൂർണ്ണതയ്ക്കായുള്ള ദാഹത്തേയും മരണ ഭയത്തേയുമൊക്കെ ഭാഷ തന്നിലേക്ക് ആവാഹിക്കുമ്പോൾ തന്നെ അത് ഭൗതികതയ്ക്ക് അപ്രാപ്യമാവുന്നു. എഴുത്തിൽ സംഭവ്യമാകുന്ന മൗനം പോലും ഒരു അഭാവത്തിന്റെ, ഓർമ്മയുടെ, വെളിപാടിന്റെ സൗന്ദര്യാത്മകതയുടെ തീക്ഷ്ണമായ അടയാളപ്പെടുത്തലാവാം.

.....

ഇത് ഒരു സ്വപ്നാടനമാണ്. ഇ. സന്തോഷ് കുമാറിന്റെ '3 വിരലുകൾ' എന്ന കഥാസമാഹാരത്തിലൂടെയുള്ള ഭാവനാത്മകമായ സഞ്ചാരമാണിത്. കഥകളിലെ കേന്ദ്ര കഥാപാത്രങ്ങളെയും ആശയങ്ങളെയും അടുത്തറിയാനുള്ള ഒരു ചെറിയ ശ്രമം മാത്രം. സാമ്പ്രദായികമായ ആസ്വാദനശൈലിയിൽ നിന്നു കുറച്ചു മാറിയാണ് ഈ യാത്ര. ഒരു കഥയുടെ രീതിയിൽ ഒരുക്കിയെടുത്ത വായനാനുഭവനാണിത്.

.....

(ചിലപ്പോൾ കഥയുടെ പേരുകളും കഥാപാത്രങ്ങളായി വരുന്നുണ്ട്.)

'3 വിരലുകൾ' എന്നോട് പറഞ്ഞത്.

പെട്ടെന്ന് 'പണ്ട്' എന്ന വാക്ക് ഓർമ്മ വന്നു! അതെഴുതി ഇപ്പോൾ ഒന്നുമെഴുതാറില്ലയെന്ന് ഓർത്തപ്പഴേക്കും 'വൈകാതെ' എന്ന വാക്കും പെട്ടെന്ന് മനസ്സിലേക്ക് നുരയായ് വന്നു ചിതറി. കടൽത്തിരത്തെ രണ്ട് അനാഥ ജഡങ്ങളെ പോലെ ഈ രണ്ടു വാക്കുകളും പൂഴിയിൽ പുതഞ്ഞ് കമിഴ്ന്നു കിടക്കുന്നത്, ഉള്ളിലെ ആർത്തിരമ്പിയിരുന്ന കടൽ മരിച്ചിട്ടുണ്ടാവുമെന്ന തിരിച്ചറിവിലേക്ക് എന്നെ നയിച്ചു. പണ്ട്, വൈകാതെ എന്നിങ്ങനെയുള്ള രണ്ടു വാക്കുകളിൽ നിന്ന് അസഹ്യമായ ഒരു ദുർഗന്ധം പരന്നിരുന്നു. ആരും അത് ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. എല്ലാവരും തമ്മിലറിയാതെ വ്യത്യസ്തമായ ഏതോ പ്രപഞ്ചങ്ങളിലെ പരമാണുക്കളെപ്പോലെ വായുവിൽ ഒഴുകി നീങ്ങി. അവരുടെ കാലുകൾ പരിണാമാനന്തരം നന്നേ ശോഷിച്ച് ദുർബലമായിരിത്തീർന്നിരുന്നു. 'മാംസ'ത്തിന്റെ ആ തുരുത്തിൽ മരണമെന്ന ഒരു ഗോത്രസമൂഹം അതിപ്രാചീനമായ വ്യവസ്ഥാപിത

ശൈലിയിൽ ജീവിക്കുന്നുണ്ടെന്ന് പണ്ട് കേട്ടിട്ടുണ്ട്. കഥകളിലെ മരണം അവിടെയാണ് ചെന്നവസാനിച്ചിരുന്നത്. എല്ലാ അന്വേഷണങ്ങളും അവിടെ നിലച്ച ഓരോ ഘടികാരങ്ങളായി മരവിച്ചു നിന്നുപോകും. ആളുകളുടെ ഉടലുകളിൽ വിചിത്ര ഗന്ധികളായ സസ്യങ്ങൾ വളരും. അവരുടെ തലകൾ പിളർന്ന് തെറിച്ച് കബന്ധങ്ങൾ രൂപപ്പെടുകയും അവയിൽ നിന്ന് ഒരു നദി ഉരുവാകുകയും ചെയ്തിരുന്നു. അവിടെ കാറ്റ് ഉണ്ടായിരുന്നില്ല. ഭയവിഹ്വലതകളുണ്ടായിരുന്നില്ല. 'മാംസം' മരണത്തിനുള്ളിലെ സങ്കീർണ്ണതയുടെ ഒരു ഏകാന്ത ഗോപുരമായിരുന്നു. അതിനുള്ളിൽ അപരാധങ്ങളുടെ പഴുത്തു ചുവന്ന കനികൾ നിലവിളികളോടെ പൊട്ടിത്തെറിച്ച് നക്ഷത്രക്കുമിളകളായി പരസ്പരം പുണർന്നു. ഈ തുരുത്ത് ജീവിതത്തിന്റെ ഒരു പൊട്ടക്കിണറിലെ തടിച്ചുകുറുകിയ ചീങ്കണ്ണിയുടെ ചൂടുള്ള കണ്ണുകളുടെയുള്ളിലാണ്. സരസമായ പ്രക്ഷുബ്ധതയും ദാഹാർത്തമായ ആസക്തികളുടെ ഉടലെഴുത്തുകളും പ്രണയത്തിന്റെ മാംസനിബദ്ധമായ സമവാക്യങ്ങളും ചത്ത പാമ്പുകളും ഇരുട്ടിൽ അഴുകിയ ആത്മബോധങ്ങളും അപ്രതീക്ഷിതമായ വെളിപ്പെടുത്തലുകളും ഈ തുരുത്തിനുള്ളിലെ മരണമെന്ന ഏകാന്ത ഗോപുരത്തിലുണ്ട്.

ആരോ പറഞ്ഞു നിർത്തിയതുപോലെ ഉള്ളിലുള്ള ആ കിരുകിരുപ്പ് നിന്നുപോയി. ഞാനെന്റെ കൈയ്യിലെവിടെയോ ഒരു വേദന യറിഞ്ഞു. അതൊരു ഉണങ്ങിത്തുടങ്ങിയ മുറിവായിരുന്നു. കൈവെള്ളയിലെ ഒരു കറുത്ത മുറിവ്, അതിനുള്ളിൽ നിന്ന് ആരോ പുളഞ്ഞ് നിലവിളിക്കുന്നതുപോലെ. ഞാൻ വായിച്ചു നിർത്തിയ ആ താളിലേക്ക് വെറുതെ കൈവച്ചു. ആരോ കുത്തിക്കീറിയതുപോലെ കൈവെള്ളയിലെമ്പാടും മുറിവുകൾ പരന്നു. ഞാൻ അസാധാരണമായ ഒരു വേദനയും പിടച്ചിലും പൊള്ളലുമറിഞ്ഞു. ഇല്ല ചോര വരുന്നില്ല. കൈ വെള്ള ഞാനൊന്ന് മണത്തു നോക്കി. പെട്ടെന്ന് 'മാംസ'ത്തിന്റെ ആ കെട്ട ഗന്ധം എനിക്കു കിട്ടി. എന്റെ മൂക്കിൽ നിന്ന് അപ്പോൾ ചോര പൊടിഞ്ഞു. കണ്ണുകൾ ചുവന്നു. എന്റെയുള്ളിൽ മരിച്ചിരുന്ന ഒരു 'മാംസം' സംസാരിക്കുന്നുണ്ടായിരുന്നു. അവ്യാഖ്യേയമായ സംഭാഷണത്തിൽ മറവി കഴുത്തിനു പിടിച്ചിരുന്നതിനാൽ എന്റേത് വെറും ഞെരുക്കങ്ങളും മുരൾച്ചകളും ചുമകളും മാത്രമായിരുന്നു.

പണ്ടും വൈകാതെയും മരിച്ചു കിടന്നിരുന്ന ആ കടൽത്തീരത്ത് അവരുടെ ഇടയിൽ ഞാൻ കയറി കമിഴ്ന്നു കിടന്നു. ഒരു തിരപതിയെ വന്നു. ഞാൻ വായിച്ചു. പണ്ട് ഞാൻ മരിച്ചിരുന്നു. തിരപതിയെ ഇറങ്ങിപ്പോയി. രണ്ടു തവളകൾ കണ്ണുകളിൽ നിന്നും രണ്ട് കടൽപ്പാമ്പുകൾ ചെവികളിൽ നിന്നും ഇറങ്ങിപ്പോയി. നാഭിയിൽ നിന്നൊരു പ്രാചീന ബന്ധത്തിന്റെ നാളി മണ്ണിനുള്ളിലെ അമ്മയുടെ ഉദരത്തിലേക്ക് നീണ്ടു. ഒരു കൂട്ടമരണത്തിന്റെ ദുരന്ത ദൃശ്യവുമായി തവളകൾ കണ്ണുകൾക്കുള്ളിലേക്ക് കയറിപ്പോയി. പാമ്പുകൾ അമ്മിഞ്ഞപ്പാലു കുടിച്ച് ഒരു താരാട്ടുമായി ചെവികളിലേക്ക് തിരികെ വന്നു. വായിൽ നിന്ന് രാത്രിയൊരു മുറിഞ്ഞ മീൻ തലയുമായി ചുണ്ടുകളിലൂടെ ഉന്തിവന്നു. അടുത്ത തിര വന്നു. ഞാൻ വായിച്ചു. 'വൈകാതെ ഞാൻ മരിക്കും.' കാൽപ്പാദങ്ങളിൽ പായലുകൾ ചുറ്റിപ്പിണഞ്ഞു. ആരോ കുടിച്ചു കടലിലെറിഞ്ഞ പഴയ മദ്യക്കുപ്പിയിൽ നിന്നൊരു വീര്യവും ലഹരിയും, എന്റെ ഹൃദയത്തിന്റെ അരികു തകർന്ന ഗ്ലാസ്സിലേക്ക് അടിച്ചു കയറി. ഞാൻ വീണ്ടും വായിച്ചു. വൈകാതെ പണ്ടും തിരിച്ചു വരും. 'പണ്ട്' 'വൈകാതെ' ഞാനാകും. വൈകാതെ എന്നെ തിന്നും. പണ്ടും വൈകാതെയും വൈകിപ്പോവും മുൻപ് കഥകളുടെ 'പണ്ടി'നെ ഞാൻ പ്രണയിച്ചിരുന്നു. ഞാനൊരു കഥയാണ്.

ഞാൻ വായിച്ചവസാനിപ്പിച്ചു. ഇനി അഭിനയം മതിയാക്കാം.

ഞാൻ 'പണ്ടി'ന്റേയും 'വൈകാതെ'യുടെയും ഇടയിൽ നിന്ന് എഴുന്നേൽക്കാൻ ശ്രമിച്ചു. പെട്ടെന്ന്, ഒരു ആന്തൽ എന്നിലൂടെ കടന്നു പോയി. പണ്ടും വൈകാതെയും എഴുന്നേറ്റു പോയിരുന്നു. എനിക്കു പക്ഷേ എഴുന്നേൽക്കാനാവുന്നില്ല. കണ്ണുകളിരുന്ന് തവളകൾ പറഞ്ഞപ്പോൾ അറിഞ്ഞു. പണ്ടും വൈകാതെയും സമയത്തിന്റ ഭ്രാന്താശുപത്രിയിൽ നിന്ന് ഒളിച്ചോടി വന്ന പ്രണയിനികളാണെന്ന്. അവരിപ്പോഴും കടൽത്തീരത്തു പ്രണയിച്ചു കൊണ്ടിരിക്കുകയാണെന്നും തവളകൾ പറഞ്ഞറിഞ്ഞപ്പോൾ ഞാനാകെ തളർന്നു പോയി. പാമ്പുകൾ ചെവിയിലുറക്കം പിടിച്ചിരുന്നു. ഉടലിലെ തളിരുകൾ ഉപ്പുവെള്ളത്തിൽ വാടിത്തളർന്നിരുന്നു. പാമ്പുകളെ ഉറഞ്ഞ സംഗീതത്തിലൂടെ വിഷവുമായി പറഞ്ഞയച്ചാലോ എന്നു വിചാരിച്ചു. പിന്നെ, വേണ്ടെന്നു വച്ചു.

ആരോ കടൽത്തീരത്ത് നിന്ന് എന്റെ മാംസത്തെയെടുത്ത് വണ്ടിയിൽ കയറ്റി. ആസ്പത്രി മോർച്ചറിയിലെത്തിച്ചു. പുസ്തകം അടച്ചു വയ്ക്കാൻ തോന്നിയില്ല. പേജുകൾ ശ്രദ്ധയോടെ, അതീവജാഗ്രത

യോടെ മറക്കാൻ ശ്രമിച്ചു. മോർച്ചറിയിൽ വെച്ച് ഒരു ഉമ്മയെയും മകനെയും പരിചയപ്പെട്ടു. അവർ ആ തണുപ്പിലും തറയിലാണ് കിടന്നിരുന്നത്. കടുത്ത അതൃപ്തിയോടെ കണ്ണടച്ചു കിടക്കുമ്പോഴാണ് ആ ഉമ്മ തന്റെ പേരക്കുട്ടിക്ക് കഥ പറഞ്ഞു കൊടുക്കുന്നത് കേട്ടത്.

തണുപ്പ് പടുവൃദ്ധയായ ഒരു നേഴ്സിനെപ്പോലെ വിറങ്ങലിച്ചുകൊണ്ട് ആ മോർച്ചറിയുടെ നടുവിൽ പാറാവിരുന്നു. ഉമ്മ 'ബീരാവുന്റെ മകനു' വേണ്ടി രസം നിറഞ്ഞ കഥകൾ പറഞ്ഞു കൊണ്ടിരുന്നു. എന്റെ തുറക്കാനാവാത്ത വായിൽ ഉമിനീർ പോലെ മരിച്ചവരുടെ ചിരി പതഞ്ഞൊഴുകി. ജഡത്തിലും ഞാനൊരു രാഷ്ട്രീയ ചിന്തയ്ക്കു വേണ്ടി തട്ടിക്കൂട്ടലുകൾ നടത്തി. എന്റെ കണ്ണുകളിലെ തവളകൾ ചൂഴ്ന്നെടുക്കപ്പെട്ടു. പാമ്പുകൾ മരിച്ചു. അപ്രത്യക്ഷരായി. പെട്ടെന്ന് ഒരു വെള്ളമില്ലാത്ത പൈപ്പ് സീൽക്കാരത്തോടെ എന്റെ നെറ്റിയിൽ ഇഴഞ്ഞുകയറി ഉമ്മ വച്ചു. പിന്നെ അതിൽ നിന്നും നാട്ടിൻപുറത്തുമാത്രം കാണുന്ന കുടത്തിന്റെ ആകൃതിയിൽ തലകളുള്ള, പിറുപിറുക്കുന്ന, ഘനീഭവിച്ച കണ്ണുനീർത്തുള്ളികൾ പോലുള്ള പുഴുക്കൾ ഇറങ്ങി വന്നു. ഒരു തുള്ളിയെന്തോ എന്റെ കവിളിൽ പൊടിഞ്ഞു. കുടം പോലെ തലകളുള്ള പുഴുക്കൾ ഞൊടിഞ്ഞിഴഞ്ഞ് ആ വെള്ളത്തുള്ളിയെ ഞൊട്ടിയിറക്കി. പെട്ടെന്ന്, പൈപ്പിനുള്ളിൽ നിന്ന് ഉപേക്ഷിക്കപ്പെട്ട വൃണിതയും വ്യഥിതയും മൃഗീയമായി ആക്രമിക്കപ്പെട്ടവളുമായ പുഴുവിനോളം മാത്രമുള്ള ഒരു ജലകന്യകയും എന്റെ കവിളിലെ മരുഭൂമിയിൽ വീണു. പൈപ്പിനുള്ളിലെ മരണത്തിന്റെ ദുർഗ്രഹമായ മൗനം വറ്റി പോയപ്പോൾ, പ്രലോഭനത്തിന്റെ ആഴക്കടൽ ആ മൃതപ്രായമായ മിത്തിനുള്ളിലേക്ക് പടർന്നു കയറി. പുഴുക്കൾ ഭ്രാന്തു പിടിച്ച് അവളെ ഭക്ഷിക്കാൻ ഓടിക്കയറി. അമ്ലതീഷ്ണതയോടെ ഒരു ഗാഢ ലായനിയായി വെയിൽ അവളുടെ ഉടലിൽ നിന്നും ഊറിവരുവാൻ തുടങ്ങി. മൗനത്തിന്റെ ഗൂഢ സ്വരങ്ങൾ പെട്ടെന്ന് പുഴുക്കളുടെ മുന്നിൽ ഭീതിതമായ ഒരു ചോദ്യമായി പ്രത്യക്ഷീഭവിച്ചു. ഘോരമായ നാദങ്ങൾ അങ്ങുമിങ്ങും മുഴങ്ങി. 'പൈപ്പിലെ സംവാദങ്ങളുടെ ഗർഭഛിദ്രമാണിവൾ' മൗനം പറഞ്ഞു. 'ഇവളെ തൊടുന്നവരെ മരണം ശിക്ഷിക്കും. ഇവളെ സ്വാർത്ഥതയോടെ കുടിക്കുന്നവർ ഇവളിലെ കഠിന വിഷമേറ്റു മരിക്കും. ഇവൾ ഒരു സാഗരത്തിന്റെ ഉഗ്രതയെ, ആഴത്തെ, വിശാലതയെ, മേഘത്തെ, മഞ്ഞു മലകളെ, ഉള്ളിൽ പേറുന്നു. ഏതൊരു അധികാര ദാഹിയായ പുഴുവിനും അതീതയാണിവൾ. നിങ്ങൾ നിങ്ങളുടെ വേരുകളെയറിഞ്ഞ് പ്രകൃതിയെ ധ്യാനിച്ചു കൊൾവിൻ. ഇവളുടെ മാന്ത്രിക സത്ത നിങ്ങളിലേക്ക് നിവേശിപ്പിക്കപ്പെടും.' പുഴുക്കൾ പിൻവാങ്ങി. പൈപ്പിനുള്ളിൽ നിന്ന് ചുഴലി വന്ന് കുറച്ചു കഴിഞ്ഞ്, ഉരുൾപൊട്ടി,. പൈപ്പ് വിറക്കാൻ തുടങ്ങി. പെട്ടെന്ന് മൗനത്തിനെ ചിതൽ പൊതിഞ്ഞു. ഒരു പേമാരിയൊരു നിമിഷം കൊണ്ട് പൈപ്പിനെ നിസ്സഹായയാക്കികൊണ്ട് നിന്നു പെയ്യുവാൻ തുടങ്ങി. മഴയൊടുവിൽ, തോർന്നു. പൈപ്പിനുള്ളിൽ ഒരു തീവണ്ടി പോകുന്ന ഒച്ച കേട്ടു. പുഴുക്കൾ അറിയാതെ, കറുത്ത വൃണങ്ങൾ ബാധിച്ച് മുരളുന്ന, അസ്ഥിപഞ്ജരങ്ങളെയുള്ളിൽ വഹിക്കുന്ന തീവണ്ടികളുടെ കൂട്ടക്കരച്ചിൽ കേട്ടു. ചിതൽ പുറ്റു തകർന്നു. അങ്ങനെയിരിക്കെ 'ബീരാവു' ഒരു പുസ്തകമായി പിളർന്നു വീണു. പുസ്തകം തുറന്നപ്പോൾ അതിനുള്ളിൽ കശാപ്പു ചെയ്യപ്പെട്ട നിഷ്ക്കളങ്കരായ ആടുകളുടെ ജഡങ്ങൾ ഉയർന്നു പൊങ്ങി; വായുവിൽ അപ്രത്യക്ഷമായി.

പുസ്തകത്തിലെ ഇരുമ്പഴികൾക്കുള്ളിൽ പഴയ വിശ്വാസ പ്രതിസന്ധികളുടെ തോക്കുകൾ, സ്വത്വ ബോധത്തിന്റെ കുന്തങ്ങൾ, അധികാരിയുടെ കറുത്ത കോട്ടും, നരകം തിളക്കുന്ന ബൂട്ടുകളും ചരിത്രമെന്ന വൃണവും വാടാമുറിവെന്ന പ്രത്യയശാസ്ത്രവും അറവുകത്തികളുടെ അന്ധവും വികലവുമായ വിപ്ലവനാട്യങ്ങളും നിന്ദിതമായ സത്യത്തിന്റെ പ്രബോധനങ്ങളും കണ്ടു. പുസ്തകത്തിൽ ബീരാവു സങ്കീർണ്ണതയുടെ ബിംബമായി. രാഷ്ട്രീയ ചിന്തയിൽ പ്രശ്നവൽക്കരിക്കപ്പെട്ടു. ആ പുസ്തകം ദുരൂഹമാണ്. അത് പെട്ടെന്നൊരു ഗർത്തമായി രൂപാന്തരം പ്രാപിച്ചു. ഉമ്മയും പേരക്കുട്ടിയും എന്നിൽ നിന്നും മറഞ്ഞു. എന്നെ ആരോ പോസ്റ്റുമോർട്ടം ടേബിളിൽ കിടത്തി. പൂഴി പുരണ്ട് അപൂർണ്ണമായ ജഡമാണെങ്കിലും നാണം തോന്നി. സൂചികളെയും കത്രികകളെയും പണ്ടേ പേടിയാണ്. മരിച്ചവരെയും ഇപ്പോൾ ബോധം കെടുത്തേണ്ടതുണ്ടല്ലോ. പക്ഷേ എന്താണ് ചെയ്യാൻ പോകുന്നത് അറിയാനാവുന്നില്ല.

പോസ്റ്റ്മോർട്ടം വിചിത്രമായിരുന്നു. അതും ഒരേ ഒരാൾ 'മോനായി'. ആ വിരലുകൾ എന്നെ ആർദ്രമായി സ്പർശിച്ചു. ഒരു ചെറിയ ബ്ലേഡുകൊണ്ട് മുഖത്ത് നേർത്ത രേഖകൾ വര

ച്ചു. എന്റെ വിരലുകളെല്ലാം ശ്രദ്ധ
യോടെ മുറിച്ചു മാറ്റി. രണ്ടു വിര
ലുകളെ എന്റെ കണ്ണിലെ ഇരുണ്ട
ആഴങ്ങളിലേക്ക് തറച്ചു നിർത്തി
രണ്ടെണ്ണം ചെവികളിലേക്ക് തിരു
കിയും വച്ചു. പക്ഷേ, ഞാനെല്ലാം
കാണുന്നുണ്ടായിരുന്നു. കേൾക്കു
ന്നുമുണ്ടായിരുന്നു. തന്റെ
കറുത്ത് ചടച്ച പിശാചിന്റെ മുദ്ര
പതിഞ്ഞ ശരീരം അയാൾ ഷർട്ട്
അഴിക്കുന്നതുപോലെ ഊരി
മാറ്റി. ഒരു മാലാഖയുടെ തെളിച്ചം
അയാളിൽ ഉണർന്നു കത്തി.
എനിക്കു ചുറ്റും സ്വർഗ്ഗീയവും
മനോജ്ഞവുമായ ഉദ്യാനം പ്രത്യ
ക്ഷപ്പെട്ടു. അഭൗമമായ ഗന്ധർവ്വ
സംഗീതങ്ങൾ അന്തരീക്ഷത്തിൽ
പടർന്നിറങ്ങി. ഞാൻ ജാഗരൂക
നായി ചുറ്റും നോക്കി. അതെ.
മോനായി, അയാൾ, അനിതര
മായ ചൈതന്യം ഓളം വെട്ടുന്ന
മുഖമുള്ള ചിത്രകാരൻ വരികയാ
ണ്. അയാൾ കത്തികളും ചെറിയ
കത്രികകളും ബ്രഷുകൾ പോലെ
അടുത്ത സ്ഥലത്ത് ഭദ്രമായി
എടുത്തു വച്ചു. അയാൾ എന്നെ
കമഴ്ത്തിക്കിടത്തി. പുറത്ത് ഒരു
ചിത്രം വരയ്ക്കാൻ തുടങ്ങി.
ഓരോ തവണയും വെട്ടിക്കീ
റിയും പോറിയും മായ്ച്ചും
സൃഷ്ടി മെച്ചപ്പെടുത്താൻ ശ്രമി
ച്ചുകൊണ്ടിരുന്നു. പലതവണ
ഈ പരിപാടി തുടർന്നു. ഒടുവിൽ
ചിത്രമെഴുത്തുകാരൻ തളർന്നു.
അയാൾ ക്ഷീണിച്ച് ഉദ്യാനത്തിലി
രുന്നു. കിളികളുടെ പാട്ടുകൾ
നിലച്ചു. ചിത്രമെഴുത്തുകാരൻ
എന്റെ മുതുകിൽ മറവിയുടെ
ചായം, പൊള്ളുന്ന തൈലം
പോലെ തോന്നി, കോരിയൊ
ഴിച്ചു. നിഗൂഢതയുടെ ചാട്ടവാറു
കൾ കൊണ്ട് തുടരെത്തുടരെയടി
ച്ചു. ഓരോ അടികൾക്കൊടു
വിലും തീവ്രമായ വേദനയുടെ
ദിവ്യസംഗീതത്തോടെ, ഉദാത്തത
യിൽ നിന്നു തെറിക്കുന്ന വെളിച്ച
ത്തുള്ളികൾ പോലെ ചിത്ര ശലഭ
ങ്ങൾ എന്റെ മുതുകിൽ നിന്നു
തെറിച്ചു വീണു. പറന്നു പോയി.
കണക്കറ്റ മുറിവുകളേറ്റു പാകമായ
എന്റെ മുതുകിൽ മുഖവും
കൈകളും ചേർത്തു വച്ച് അയാൾ
പശ്ചാത്താപവിവശനായി കരഞ്ഞു.
വീണ്ടും കത്രികൾ കൊണ്ട് വരകൾ
തുടർന്നു.

പുറം എന്തോ പെട്ടെന്ന്
തിണർപ്പുകൾ കൊണ്ട് വികൃതമാ
യി. അയാൾ നിലവിളിച്ചുകൊണ്ട്
പുറത്തു പോയി. ഞാൻ അതി കഠി
നമായി ചുമക്കാൻ തുടങ്ങി. ചുമച്ച്
ഒടുവിൽ ചോര ഛർദ്ദിച്ചു. ആ
ചോരയിൽ ഒരു മൃതപ്രായയായ
യുവതി; അതിസുന്ദരിയായ ഒരു
വൾ തളർന്നു കിടക്കുന്നത് ഞാന
റിഞ്ഞു. അവൾ എന്നെ നോക്കി
മാർദ്ദവമുള്ള ശബ്ദത്തിൽ പറ
ഞ്ഞു. "അയാളുടെയുള്ളിൽ ഞാൻ
അതി തീഷ്ണമായ സാന്ധ്യപ്രകാ
ശത്തിൽ, ഇതിഹാസഭംഗിയുടെ
ഗാഢ സൗന്ദര്യമായി ഉണ്ട്. അയാ
ളുടെ ഓരോ വരയനക്കങ്ങളിലും
വെളിപാടുകളിലും ഞാനുണ്ട്.
അയാൾ അനുഗൃഹീതനാണ്.
പക്ഷേ, എന്നെയൊരിക്കലും
അയാൾക്ക് പൂർണ്ണമായി വരച്ചിടാ
നാകില്ല. കാരണം അയാളൊരു
മനുഷ്യനും കൂടിയാണ്." എന്റെ
കണ്ണുകൾ പാതിയടഞ്ഞു പോയി.
വാക്കുകളുടെ വശ്യമായ ഒഴുക്കിൽ
പേജുകൾ കുത്തിയൊലിച്ചു
പോയി.

പോസ്റ്റുമോർട്ടം കഴിഞ്ഞും
അതേ മുറിയിൽ തന്നെ അറി
യാത്ത ഇടങ്ങളിലെ തണുപ്പിന്റെ
കറുത്തു വിങ്ങിയ മഞ്ഞു കണ
ങ്ങൾ നാഭിയിലേക്ക് വാർന്നു
വീണുകൊണ്ടിരുന്നു. തണുത്ത
ആ മുറിയിൽ തന്നെ ഏതോ ഒരു
ഭാഗത്തു നിന്നു വന്ന ഒരു
കുഞ്ഞിന്റെ തല എന്നെ മൃദുവായി
സ്പർശിച്ചു. കമിഴ്ന്നു കിടക്കുന്ന
ഈ ചേട്ടന്റെ ചെവിയിൽ അവൻ
തലമുടികൊണ്ട് മെല്ലെ ഉരസി. ആ
പിഞ്ചു കുഞ്ഞിന്റെ തലയ്ക്ക്
തന്റെ ഉടൽ ആരോ മോഷ്ടി
ച്ചെന്നേ അറിയാവൂ. ഞാൻ ആ
കണ്ണുകളുടെ ആഴങ്ങളിലേക്ക്
നോക്കി. അവനിൽ നിന്നുപ്രസരി
ക്കുന്ന വികിരണങ്ങളിൽ നിന്ന്
അവനെ ഒപ്പിയെടുത്തു. ഞാന
വനെ എന്റെയുള്ളിലെ കടൽ
നിറഞ്ഞ മുറിയിൽ വച്ച് വാരിപ്പു
ണർന്നു. ആ മുറി കാണാതായവ
രുടെ കഥകളടക്കി വച്ച ഒരു മുറി
യായിരുന്നു. അവിടെയുള്ളവർ
പരസ്പരം അറിയുന്നുണ്ടാവില്ല.
ഒരു വൈദ്യുത ലേപനം കൊണ്ട്
അവരെ ദുരൂഹതയുടെ മിന്നാമി
നുങ്ങുമിഴികൾ പൊതിയും..അവർ
കാത്തിരിപ്പിന്റെ, അകൽച്ചയുടെ,
വേർപാടിന്റെ തീവ്ര വ്യഥ
കത്തിച്ചു വച്ച അവസാന മെഴുകു
തിരിയിലും പരസ്പരം അറിയാതി
രിക്കുന്നവരാണ്. അവർ മുഴുവൻ
ചോദ്യങ്ങളുടെ ചുടലയിൽ കത്തി
ത്തീരാത്ത വിറകു കഷണങ്ങളും
പൂർണ്ണമായി കാക്കയറിയാത്ത
ബലിച്ചോറിന്റെ ഉരുളകളുമാണ്.
അവർ മരണത്തിൽ ജീവിക്കുന്ന
ധ്രുവപക്ഷികളാണ്. ഇരുട്ടിന്റെ
ചെന്നായ്ക്കൾ തിന്നു പകുതി
വച്ചു പോയ ഭക്ഷണമാണ്.
ഇരയുടെ രക്ഷപ്പെടാനുള്ള
വ്യർത്ഥമായ വ്യഗ്രതയാണ്.

ആ കുഞ്ഞിന്റെ തല എന്റെ
ദുർബലമായ വാത്സല്യത്തിന്റെ
തൊട്ടിലിൽ കിടന്ന് കരഞ്ഞു
കൊണ്ടിരിക്കുന്നു. കാണാതായ
ഉടലിനെ ഓർത്തോർത്ത് കരഞ്ഞു
തളർന്നു. ഞാൻ എന്റെയുള്ളിലെ
തൊട്ടിലിൽ ആ കുഞ്ഞിത്തല
യുടെ ദുഃഖഭാരത്തെ താരാട്ടുപാ
ടിയുറക്കി. പെട്ടെന്ന് അതിന്റെ
തലക്കുള്ളിൽ നിന്ന് കടുകുമണി
കൾ ഉതിർന്നു വീഴാൻ തുടങ്ങി.
എന്റെ മുറിയിലതാ തഥാഗതന്റെ
ഉപമ. മരണത്തിന്റെ സസൂക്ഷ്മ

മായ ഗോളങ്ങളുടെ തുള്ളിത്തെറിക്കുന്ന ചലനങ്ങൾ ഒരുപാട് കുഞ്ഞിത്തലകളുടെ വേദനാഭരിതമായ നൃത്തമാണെന്നു തോന്നി.

'സുജാത'യിൽ കാണാതായ കാലടികളുടെ തീരം പ്രാർത്ഥനാസാന്ദ്രമായ അന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുന്നു. അപ്പോഴും അർത്ഥ സന്ദിഗ്ധതകളുടെ തടാകങ്ങളാണ് ഓരോ തിരോധാനങ്ങളും. ദുർഗങ്ങളുടെ ഗർഭാലയത്തിൽ പിതൃത്വത്തിന്റെ അനിശ്ചിതത്വം ചുംബിക്കുന്ന ഭ്രൂണമെന്ന വിഭജനം, പിന്നീട് സഹജമായി അനിവാര്യതയെന്ന പോൽ പിറന്നു വീഴുന്ന ഒരമ്മയുടെ കരച്ചിലും ആധിയും ഒരു വലിയ തിരപോലെ വാതിൽ തുറന്നു വന്നതോടെ ആ കുഞ്ഞിന്റെ തല കാന്തികമായ വികർഷണമനുഭവിച്ചപോലെ മുറിക്കു പുറത്തേക്ക് തെറിച്ചു പോയി. ഒരു കഠിന ഗോളത്തിന്റെ ധ്രുവങ്ങളായി അങ്ങനെ വലിഞ്ഞു കയറി പോവുകയാണ് കാണപ്പെടുന്നതും. കാണപ്പെടാത്തതും.

'പട്ടങ്ങൾ' ഏകാധിപതിയുടെ രാജ്യത്ത് ഒരു പ്രണയലേഖനത്തിന്റെ സഞ്ചാരം... പേജുകളിൽ വീണ്ടും അധീശത്വത്തിന്റെ തലങ്ങൾ പ്രത്യക്ഷപ്പെടുന്നു. ശരീരവും അധികാരവും, സ്വത്വത്തിന്റെ ആന്തരിക ദ്യുതിയെ ബന്ധിയാക്കുമ്പോൾ മനുഷ്യാംശങ്ങളിൽ നടക്കുന്ന ദുരന്തങ്ങൾ ആഴമേറയതായിരിക്കും. ഞാൻ മോർച്ചറിയുടെ പുറത്ത് ഒരു വൃക്ഷത്തിനു താഴെ കിടത്തപ്പെട്ടു. എന്നിലെ സ്വത്വ പ്രതിസന്ധി വളർന്നു. കമിഴ്ന്നു കിടക്കുന്ന എന്നിൽ നിന്നാവണം ഈ വൃക്ഷമുരിത്തിരിഞ്ഞു വന്നത്. അതോ ഈ വൃക്ഷമെന്റെ വേരും ഞാനതിന്റെ മൃതമായ കനിയു മാണോ, പക്ഷേ വൃക്ഷത്തിന്റെയുള്ളിലെ ആകാശമോ? പക്ഷേ ഇപ്പോൾ ഞാൻ നരകത്തിന്റെ തടാകത്തിൽ പൊങ്ങിക്കിടക്കുന്ന ജലസസ്യമാണ്. എന്നിൽ കാറ്റാണോ ജലശരീരമാണോ പൊള്ളലേൽപ്പിക്കുന്നത് മരത്തിൽ ഞാൻ കടവാതിലിന്റെ തലകീഴാവുന്ന യുക്തിയെയും മക്കളാൽ ഭക്ഷിക്കപ്പെടുന്ന എട്ടുകാലിയുടെ നിയോഗത്തെയും, വെന്തുണങ്ങിയ ഹൃദയ ഭാഗത്ത് ഒരിക്കൽ കൂടി, മരിച്ച തുടിപ്പുകൾക്കായി കൊത്തി നോക്കുന്ന മരംകൊത്തിയെയും, കള്ളിയായ കുയിലിന്റെ വശ്യനാദത്തിലെ കയങ്ങളെയും, സ്വതന്ത്ര്യത്തെയറിയിക്കുന്നതിന്റെ പേരിൽ പരിചയപ്പെട്ടു.

ഞാൻ പിന്നീട് നിത്യതയുടെ ജലഗർഭത്തിൽ വളരുന്ന സസ്യമായി പരിണമിച്ചു. വെള്ളമൊരു രൂപാന്തരപ്രാപ്തിയിൽ വിപ്ലവാത്മകമായ സമസ്യകളിൽ ദൈവികതയുടെ പുനഃസൃഷ്ടിക്കുവേണ്ടി മനുഷ്യനിലെ സ്വാതന്ത്ര്യത്തെ ആഴങ്ങളിലേക്കു വിട്ടു. 'മീനു'കൾ അപഥസഞ്ചാരത്തിന്റെ അമേയ വിശാലമായ, അഭംഗുരമായ തേജസ്സിലേക്ക് എന്റെ കൊണ്ടു ചെന്നെത്തിച്ചു. ജലശരീരത്തിലെ അർബുദകോശം പോലെ ഞാനാകുന്ന സസ്യം, ആസന്നതയിൽ, മരണഭീതിയിൽ, ക്ഷുദ്രകാമനയിൽ, ഭൂതാവിഷ്ടമായ പ്രഹേളികയിൽ അന്യവത്ക്കരണത്തിന്റെ കുത്തൊഴുക്കിൽ ഒരു രോഗാവസ്ഥയായി. കമിഴ്ന്നു കിടക്കുന്ന ജലസസ്യത്തിൽ മീനുകൾ പ്രണയവും പകയും മരണവുമറിഞ്ഞു. പേജുകൾ അറിയാതെ മറിഞ്ഞു. ആകാശത്ത് തീയുമായി മരണമെന്ന വൃദ്ധൻ ക്രുദ്ധനായി ഉലാത്തുവാൻ തുടങ്ങി. അയാൾ തുപ്പിയപ്പോൾ വിഷം ജലത്തിലും പടർന്നു. പേജുകൾ അറിയാതെ മറിഞ്ഞു പോവുകയാണ്. ഞാൻ നീരാളികളുടേയും വ്യാളികളുടേയും ബന്ധിയായി. തിളച്ചു വറ്റാറായപ്പോൾ അകാരണമായി, അസമയത്ത് പുസ്തകം അടക്കാൻ എന്നെ ആരോ ഉള്ളിൽ നിന്ന് നിർബന്ധിച്ചു. എന്റെ മുന്നിൽ ഒരുപാട് വാതിലുകൾ ഏതാണ്ടൊരേ സമയത്ത് അടഞ്ഞു. ഒരു വിതുമ്പൽ നേർത്തില്ലാതെയായി. '3 വിരലുകൾ' എന്ന കഥാസമാഹാരം ഞാൻ വായിച്ചു തീർന്നു. കുറച്ചു വെള്ളം കുടിച്ച് എന്റെ മുറിക്കു പുറത്തു കടന്നു. അതെ വായിച്ചു കഴിഞ്ഞു. സ്വപ്നം അവസാനിച്ചു.

കുറച്ചു നേരം ഒറ്റക്കിരുന്നു. ആസക്തിയുടെ ശവഘോഷയാത്ര ക്കൊടുവിൽ എന്നിലെ മനുഷ്യന്, ചരമക്കുറിപ്പ് എഴുതുമ്പോൾ, ഉള്ളിൽ ജനിച്ച അന്ധവിലാപത്തിന്റെ ചേരിയിൽ അഴുക്കിന്റേയും ഗന്ധങ്ങളുടേയും പൊരുത്തമില്ലായ്മകളുടേയും ഉരസലുകളുടേയും സദാചാരവിരുദ്ധമായ ഉറങ്ങുന്ന കടൽ കാത്തിരുന്ന് ചിതലരിച്ച കണ്ണിൽ നിന്ന് ഉരുകിയിറങ്ങി വന്നു. കണ്ണീരിന്റെ വിഷകണം. പ്രാർത്ഥനാസാന്ദ്രമായ ആത്മാവിന്റെ ഉപ്പ്. അസ്വസ്ഥമായ ഒരു തീർത്ഥയാത്രയിലേക്ക് വേറിട്ട അധ്യയനങ്ങളുടേയും അനുഭവങ്ങളുടേയും തലത്തിലേക്ക് അപരാധിയുടെ ഇടങ്ങളിലേക്ക് തിരോഭവിച്ച സ്നേഹത്തിന്റെ സന്ധ്യയിൽ നന്മയുടെ അവസാന വണ്ടിക്ക് കാത്തു നിൽക്കവേ ഞാൻ തുടങ്ങുകയാണ്, ഒരു ആത്മാന്വേഷണം. ഞാനാ പുസ്തകം വീണ്ടും വായിക്കാൻ കൈയ്യിലെടുത്തു.

എന്റെ അച്ഛന്

Aswathi P.S.
Ist B.Com Tax

ഒരായിരമായിരം ഓർമ്മകളിലെല്ലാം കാണുന്നൊരേ മുഖം
ഓമനിച്ചോമനിച്ച് താരാട്ടുപാടുന്നൊരെന്റെ
അച്ഛന്റെ മുഖം
താങ്ങായി തണലായി നിന്നു, തന്നു സ്വപ്നങ്ങളൊന്നായ്
വെയിലെന്നില്ലാതെ, മഴയെന്നില്ലാതെ
വിയർപ്പും, ചോരയും ഉരുക്കി
പണിതു കൊട്ടാരം എനിക്കായ്,
പരീക്ഷകളിൽ ഞാൻ വിജയം നേടുമ്പോൾ
പുഞ്ചിരി തൂകി, എൻ അച്ഛൻ
എൻ ദുഃഖങ്ങളിൽ നീറി, എൻ വിജയങ്ങളിൽ
പൂകി ആനന്ദം
ജീവിതമാകും രണാങ്കണത്തിൽ എൻ തേർ നയിച്ചു
പൊന്നച്ഛൻ
കുതിച്ചു പായും ഒളിയമ്പുകളെല്ലാം
ഏറ്റുവാങ്ങി എൻ അച്ഛൻ
അല്ലയോ എൻ പിതാവേ.... അങ്ങയുടെ പാദബിംബങ്ങളിൽ
ഒരു കോടി പുഷ്പങ്ങൾ ഞാൻ അർപ്പിക്കാം
മരണമില്ലാത്ത ദേവനെപ്പോലെ എൻ ഹൃദയത്തിൽ വാഴുന്നു
ഈ ജന്മത്തിലും വരും ജന്മത്തിലും ഞാൻ
അച്ഛന്റെ മകളായി ജനിക്കാം

Servers, Desktops & Laptop Services

Secure Office Solution

Structured Cabling Solutions

Wireless Solutions

Tel : + 91 484 3107273 Mob : + 91 98461 36665

MAYURA Fashions

Premier Junction, N. Kalamassery - 683104
Ernakulam Dist. Kerala, S. India
Ph : (Shop) 0484 - 4064485

കഥകളുടെ മാന്ത്രിക രഥവുമായ്, ഇനിയും വിസ്മയങ്ങൾ തേടി...

"Be perfect in where you are. നിങ്ങൾ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയെക്കുറിച്ച് മാത്രം ചിന്തിക്കുക. ആഗ്രഹിച്ച്, ആസ്വദിച്ച്, ആത്മാർത്ഥതയോടെ പരിപൂർണ്ണ വിജയത്തിന് മുഴുവനായി സമർപ്പിക്കൂ.... നാം പോലും അറിയാതെ, മറ്റൊരു ആകസ്മികമായ തലത്തിലേക്ക് തീർച്ചയായും അത് നമ്മെ കൊണ്ടെത്തിച്ചിരിക്കും."

ഇന്ത്യൻ സിനിമാ ചരിത്രത്തിൽ റിക്കോർഡുകൾ സൃഷ്ടിച്ച സംവിധായകൻ സിദ്ധിക്കിന്റേതാണ് ഈ വാചകങ്ങൾ. എഡിറ്റോറിയൽ ബോർഡിന്റെ അംഗങ്ങളുമായുള്ള സംഭാഷണവും, ചോദ്യങ്ങളും വിശകലനവുമടങ്ങുന്ന സിദ്ധിക്കുമായ്...

എറണാകുളത്തിന്റെ ഹൃദയഭാഗത്തായിരുന്നു ജനനം. കാഴ്ചയിൽ വളരെ മെലിഞ്ഞ, കായികവിനോദങ്ങളിൽ വലിയ പങ്കാളിത്തമില്ലാതിരുന്ന, പഠനത്തിൽ ശരാശരി നിലവാരം പുലർത്തിയിരുന്ന ഒരു വിദ്യാർത്ഥി. പക്ഷേ വായനാശീലം അവനെ വ്യത്യസ്തനാക്കുകയായിരുന്നു. വെറുമൊരു കൗതുകത്തിന് തുടങ്ങിയ വായന പിന്നീട് ജീവിതത്തിന്റെ തന്നെ ഭാഗമായി മാറി. കാര്യമായ തമാശ പറയുന്ന പാരമ്പര്യം ഒന്നുമില്ലെങ്കിലും എട്ട് മക്കളും, ജ്യേഷ്ഠാനുജൻമാരും അവരുടെ മക്കളും എല്ലാം അടങ്ങുന്ന കൂട്ടുകുടുംബത്തിൽ നിന്ന് ആ കണിക സിദ്ധിക്കിലൂടെ വളർന്നു വന്നു. ക്ലാസ്സിൽ തമാശ പറഞ്ഞതിന്റെ പേരിൽ അടി കിട്ടുകയും പുറത്താക്കപ്പെടുകയും ചെയ്തിരുന്ന കാലഘട്ടത്തിൽ അഖിലകേരള ബാലകേസരി കലാമത്സരം തന്റെ കഴിവിനെ തിരിച്ചറിയുവാനുള്ള വേദിയായി. വീട്ടിൽ ആരുമറിയാതെ എറണാകുളം വൈ.എം.സി.എ. യിൽ നടക്കുന്ന മോണോ ആക്ട് മത്സരത്തിൽ പങ്കെടുത്ത് ഒന്നാമതെത്തിയതെല്ലാം ഇന്നും മറക്കാനാവാത്ത ഓർമ്മകൾ. മോണോ ആക്ടും മിമിക്രിയുമെല്ലാം കോമാളിത്തമെന്ന് അന്ന് പലരും വിശേഷിപ്പിച്ചെങ്കിലും ഇന്ന് വളരെ അഭിമാനത്തോടുകൂടി അദ്ദേഹം പറയുന്നു; ആ 'കോമാളിത്തങ്ങളാണ് ഇന്ത്യ മുഴുവൻ അറിയപ്പെടുന്ന ഒരു വ്യക്തിത്വമാക്കി എന്നെ മാറ്റിയതിൽ ഗണ്യമായ പങ്കു വഹിച്ചതെന്ന്.

കലാഭവനിലെ നാളുകളെക്കുറിച്ച് :

എനിക്ക് ഒരുപാട് സൗഹൃദങ്ങൾ സമ്മാനിച്ചതും എന്നെ ഞാനാക്കിയതുമെല്ലാം കലാഭവൻ ആണ്. ലാലിന്റെ അച്ഛനാണ് കലാഭവനിലേക്ക് ആദ്യമായ് ഞങ്ങളെ കൊണ്ടു പോകുന്നത്. ആബേൽ അച്ചന്റെ

നേതൃത്വത്തിൽ ഞാൻ, ലാൽ, സൈനുദീൻ... അങ്ങനെ ഒരുപാടു പേരുടെ ഒരു കൂട്ടായ്മയായിരുന്നു. അവിടുന്ന് പിന്നീട് എന്റെ ജീവിതത്തിൽ തിരക്കിന്റെ നാളുകളായിരുന്നു. 24 മണിക്കൂർ തികയാതെ തോന്നിയിരുന്ന കാലഘട്ടം. ഡിഗ്രി ഫസ്റ്റ് ഇയർ പഠിക്കുമ്പോഴാണ് വിദ്യാഭ്യാസ വകുപ്പിൽ ക്ലറിക്കൽ ജോലി ലഭിക്കുന്നത്. അങ്ങനെ തുടർ പഠനം പിന്നീട് മഹാരാജാസ് കോളേജിലെ ഈവനിംഗ് ക്ലാസ്സുകളിലായി. പുല്ലേപ്പടി സ്ക്കൂളിലെ എന്റെ ആദ്യ ശമ്പളം 280 രൂപയായിരുന്നു. കലാഭവനിൽ നിന്നു പിന്നീട് ഒരുപാട് പ്രോഗ്രാമുകൾ ലഭിച്ചു തുടങ്ങി. ഒരു പരിപാടിയ്ക്ക് 200 രൂപ എന്ന വേതനത്തിൽ ജോലി, പഠനം, മിമിക്രി ഇങ്ങനെ തിരക്കിട്ട നാളുകളായിരുന്നു പിന്നീട് എന്റെ ജീവിതത്തിൽ.

** താങ്കൾ ഒരിക്കലെങ്കിലും കരുതിയിരുന്നോ ഇത്രയും പ്രശസ്തനായ ഒരു സംവിധായകനാകുമെന്ന്?*

ഒരിക്കലുമില്ല. നിങ്ങൾ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയെക്കുറിച്ച് മാത്രം ചിന്തിക്കുക. And be perfect in where you are. ആഗ്രഹിച്ച്, ആസ്വദിച്ച് ആത്മാർത്ഥതയോടെ പരിപൂർണ്ണ വിജയത്തിന് മുഴുവനായി സമർപ്പിക്കൂ.... നിങ്ങൾ പോലും അറിയാതെ, മറ്റൊരു ആകസ്മികമായ തലത്തിലേക്ക് തീർച്ചയായും അത് നമ്മെ കൊണ്ടെത്തിച്ചിരിക്കും. അത്രയും മാത്രമാണ് എന്നിൽ സംഭവിച്ചത്.

** നായക കഥാപാത്രമില്ലാതെ കഥ പറയുന്ന ചലച്ചിത്ര സംവിധാന രീതിയിൽ വന്നിരിക്കുന്ന മാറ്റത്തെ താങ്കൾ എങ്ങനെ നോക്കിക്കാണുന്നു?*

ഒരിക്കലും ഒരു നോവലിലെയും നാടകത്തിലെയും പോലെയല്ല സിനിമ. 'Protogonist' ൽ വന്ന വളർച്ചയും രൂപാന്തരവുമാണ് ഇന്ന് നമ്മൾ വിളിക്കുന്ന 'സൂപ്പർസ്റ്റാർഡം' വരെ എത്തിപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് സൂപ്പർസ്റ്റാർഡം വളർച്ചയുടെ ഒരു ഘട്ടത്തെക്കാണിക്കുന്നു എന്ന് പറയുവാനാണ് ഞാൻ താത്പര്യപ്പെടുന്നത്. സിനിമയിൽ വരുന്ന ഓരോ മാറ്റങ്ങളും കാലം സമ്മാനിക്കുന്നത് മാത്രമാണ്.

** ബോളിവുഡിൽ വർക്ക് ചെയ്ത അനുഭവത്തിൽ നിന്നും നമ്മുടെ മലയാള സിനിമ വ്യവസായം കണ്ടു പഠിക്കേണ്ടതെന്ന് തോന്നിയ ഒരു ഗുണം?*

'Marketing strategy . They are very systematic'. പക്ഷേ നമ്മുടെ സിനിമ വ്യവസായത്തിൽ അത്തരമൊരു പരീക്ഷണം തീർത്തും ബുദ്ധിമുട്ടാണ്. റിലീസിന് മുൻപുള്ള അവസാന ദിനങ്ങളിൽ മാത്രം ട്രെയ്ലർ പുറത്തിറക്കി പ്രേക്ഷകരെ മുൾമുനയിൽ നിർത്താനുള്ള അവരുടെ കഴിവ് തികച്ചും പ്രശംസനീയമാണ്. അതുകൊണ്ട് തന്നെ ചിത്രം വിജയിച്ചില്ലെങ്കിലും മുടക്കുമുതൽ ആദ്യ അഞ്ചുദിവസം കൊണ്ടു തന്നെ തിരികെ ലഭിക്കും. മാധ്യമങ്ങളെ വളരെ മികച്ച രീതിയിൽ പ്രൊമോഷനു ഉപയോഗിക്കുവാൻ അവർക്കറിയാം. എന്നാൽ ഇവിടെ സിനിമയുടെ ഡിസ്കഷൻ ആരംഭിക്കുമ്പോൾ മുതലുള്ള വാർത്തകൾ പത്രങ്ങളിലും മറ്റു മാധ്യമങ്ങളിലും വന്ന് പ്രേക്ഷകന്റെ ആകാംക്ഷ കെടുത്തുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്.

** കലാമൂല്യമില്ലാത്ത സിനിമകൾ ചെയ്യുന്ന സന്തോഷ് പണ്ഡിറ്റ് പോലുള്ളവരുടെ കടന്നുവരവിനെ എങ്ങനെ നോക്കിക്കാണുന്നു.?*

നോക്കൂ, അടൂർ ഗോപാലകൃഷ്ണൻ പറയുന്നത്. അദ്ദേഹത്തിന്റെ സിനിമകൾ പോലുള്ള Art film മുകൾ വന്നാൽ മതിയെന്നാണ്. ഈ ഭൂമിയിൽ ഓരോ Individual നും സ്വതന്ത്രമായ ഇടമുണ്ട്.

അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ രീതി. സന്തോഷ് പണ്ഡിറ്റിനെപ്പോലുള്ളവർക്കും ഇവിടെ space ഉണ്ട്. അദ്ദേഹം business ചെയ്യുന്നു. തെറ്റെന്ന് പറയാൻ പറ്റില്ല. പിന്നെ വിജയമെന്ന് അദ്ദേഹം അവകാശപ്പെടുന്നത് ഒരിക്കലും കലയുടെ വിജയമല്ലെന്നു മാത്രം.

** താങ്കളുടെ ജീവിതത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയ വ്യക്തികൾ ?*

ഏറ്റവും സ്വാധീനം ചെലുത്തിയത് എന്റെ അച്ഛൻ ആണ്. എപ്പോഴും പ്രാർത്ഥനകളും മറ്റുമായ് നടക്കുന്ന വളരെ ശാന്തനായ മനുഷ്യൻ. പക്ഷേ ജീവിതത്തിലേക്ക് ഒരുപാട് വലിയ സന്ദേശങ്ങളാണ് അദ്ദേഹം പകർന്നു നൽകിയത്. കൂടാതെ എന്റെ സുഹൃത്തുക്കൾ ലാലും ഉസ്മാനും... ആദ്യം ശത്രുക്കളായിരുന്ന ഞാനും ലാലും പിന്നീട് ആത്മ മിത്രങ്ങളായി. മിമിക്രിയെന്ന കലയാണ് ഞങ്ങളെ ഒന്നിപ്പിച്ചതെന്നു പറയാം.

** ഇത്രയേറെ ഹിറ്റുകൾ സമ്മാനിച്ച സിദ്ധിഖ - ലാൽ കൂട്ടുകെട്ട് പിന്നെ എന്തുകൊണ്ട് വേർപിരിഞ്ഞു?*

ഒരുപാട് compromise ചെയ്തായിരിക്കും രണ്ടുപേരും പൊതുവായ ഒരിഷ്ടത്തിൽ എത്തുന്നത്. വളർച്ചയുടെ ഒരു ഘട്ടത്തിൽ നാം തന്നെ അറിയാതെ ഇങ്ങനെ ഒരു മാറ്റം ആർക്കും ഉണ്ടാകും. പക്ഷേ മലയാളി പ്രേക്ഷകർക്ക് ഞങ്ങൾ രണ്ടായതു കൊണ്ട് ഒരിക്കലും നഷ്ടം അല്ല, ലാഭം മാത്രമാണുണ്ടായിട്ടുള്ളത്. ഞങ്ങൾ രണ്ടുപേർക്കും നല്ല സിനിമകൾ സംഭാവന ചെയ്യുവാൻ കഴിഞ്ഞു എന്നാണ് എന്റെ വിശ്വാസം.

** എന്തായിരുന്നു യഥാർത്ഥത്തിൽ bodyguard എന്ന ചലച്ചിത്രം ചെയ്യാനുണ്ടായ പ്രേരണ? മൂന്നു ഭാഷകളിൽ ചെയ്തപ്പോൾ താങ്കൾക്ക് ഏറ്റവും സംതൃപ്തി നൽകിയത് ഏത് ഭാഷയിൽ?*

(ചിരിച്ചുകൊണ്ട്)... തീർച്ചയായും ഹിന്ദിയിലാണ് എനിക്കു കൂടുതൽ സംതൃപ്തി ലഭിച്ചത്.

ഒരേ സിനിമ 3 ഭാഷകളിൽ ചെയ്യുകയെന്നത് വളരെ ബോറടിപ്പിക്കുന്ന കാര്യമാണ്. യഥാർത്ഥത്തിൽ മൂന്ന് രീതിയിലാണ് മൂന്നു ഭാഷകളിലും കഥാവിഷ്ക്കാരം നടത്തിയിരിക്കുന്നത്. Almost approached like a new film വീണ്ടും തെലുങ്കിൽ നിന്നും ഓഫർ വന്നിരുന്നുവെങ്കിലും ഞാൻ ചെയ്യണ്ടയെന്നു തീരുമാനിക്കുകയായിരുന്നു.

ഹിന്ദിയിൽ നിന്നു ഓഫർ നേരത്തേ വന്നിരുന്നുവെങ്കിലും ബോർഡിഗാഡിന്റെ theme ആണ് എനിക്കൊരു ആത്മവിശ്വാസം നൽകിയത്. ഞാനും ദിലീപും കൂടുമ്പോൾ എല്ലാവരും ഒരു മുഴുനീള കോമഡി ചിത്രമായിരിക്കും പ്രതീക്ഷിക്കുക. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി ഒരു unexpected twist കൊണ്ടുവരാനാണ് ഞാൻ ശ്രമിച്ചത്.

** ഒരു സംവിധായകൻ എന്ന നിലയിൽ താങ്കൾ സംതൃപ്തനാണോ?*

പ്രൊഫഷണലി ഞാൻ സംതൃപ്തനാണ്. സംതൃപ്തിയെന്നു പറയുന്നത് ഞാൻ വ്യക്തിപരമായാണു കാണുന്നത്. നല്ല അച്ഛനാകണം, നല്ലൊരു ഭർത്താവാകണം, നല്ല സഹോദരനാകണം... അങ്ങനെയൊരു totality ഉണ്ടെങ്കിലേ നമുക്ക് സംതൃപ്തി ഉണ്ടാവുകയുള്ളൂ. ജീവിതത്തിലാണ് സംതൃപ്തി വേണ്ടത്. ആളുകൾ നമ്മെ തിരിച്ചറിയുന്നു, സ്നേഹിക്കുന്നു എന്ന സത്യം പല വേദനകളും മറക്കുവാൻ സഹായിക്കുന്നു. അതാണ് ഒരു കലാകാരന്റെ ശക്തി. എന്റേതായ കയ്യൊപ്പ് നൽകുവാൻ സാധിച്ചു എന്നതിൽ വളരെയേറെ സന്തോഷിക്കുന്നു. ആഗ്രഹിച്ച ജോലി ആസ്വദിച്ച് ചെയ്യുക എന്നത് വലിയ ഭാഗ്യമാണ്. അതുപോലെ തന്നെ ആഗ്രഹിച്ച പെൺകുട്ടിയെ വിവാഹം ചെയ്യുകയെന്നതും. ഇതു രണ്ടും നിറവേറ്റുവാൻ കഴിഞ്ഞതിൽ ഞാൻ വളരെ സംതൃപ്തനാണ്.

നന്ദി പറഞ്ഞ് എഴുന്നേൽക്കുവാൻ നേരം അദ്ദേഹത്തിന്റെ ഒരു ചോദ്യം. വായനാശീലം ഉള്ളവരാണോ നിങ്ങളെന്ന്.

'Paulo Coelho യുടെ Alchemist നിങ്ങൾ വായിച്ചിരിക്കണം. ഇത്രയ്ക്കും പോസിറ്റീവ് എനർജി പ്രദാനം ചെയ്യുന്ന ഒരു പുസ്തകം ഞാൻ വായിച്ചിട്ടില്ല.' ഞങ്ങൾക്ക് ആശംസകൾ നേർന്നുകൊണ്ട് അദ്ദേഹം പറഞ്ഞു. ജീവിതം ഒരു ചെസ്സുകളി പോലെയാണ്. എല്ലാ വഴികളും അടഞ്ഞു കഴിയുമ്പോൾ തീർത്തും അപ്രതീക്ഷിതമായാകും മറ്റൊരു വഴി തുറന്നു വരിക!!

തയ്യാറാക്കിയത് : **എഡിറ്റോറിയൽ ബോർഡ്**

ജയദേവൻ.സി.എ
IInd DC English Copy Editor

ഹസാരെ കുത്തിയിരുന്നാൽ

അഴിമതി ഇല്ലാതാവുമോ?

ജനാധിപത്യത്തിന്റെ അർത്ഥം പൂർണ്ണമായി ഇനിയും മനസ്സിലാക്കാത്ത ഭരണാധികാരികൾ ഭരിക്കുന്ന ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന് വിശേഷിപ്പിക്കുന്ന നമ്മുടെ ഭാരതം ഇന്ന് അഴിമതിയുടെ പറുദീസയായി മാറിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക മാനങ്ങളിലൂടെ മാത്രമേ ഭരണ നീതി നിർവ്വഹണം സാധ്യമാകൂ എന്ന അവസ്ഥ നമ്മുടെ നാടിന്റെ ആത്മാവിനെ തകർക്കുന്നതാണ്. 1947 ൽ ഒരു അർദ്ധരാത്രിയിൽ കിട്ടിയ കള്ളനാണയം എന്ന് സ്വാതന്ത്ര്യദിനത്തെ വിശേഷിപ്പിച്ച കവിയുടെ ദീർഘവീക്ഷണത്തെ അഭിനന്ദിക്കാതെ തരമില്ല. ആരിൽ നിന്നാണോ നമുക്ക് സ്വാതന്ത്ര്യം ലഭിച്ചത് അത്തരക്കാരുടെ അദൃശ്യ ശക്തികൾ തന്നെയല്ലേ നമ്മെ ഇപ്പോഴും ഭരിച്ചുകൊണ്ടിരിക്കുന്നത് എന്ന ചോദ്യം ഇന്നും പ്രസക്തമാണ്.

അധികാരം എന്നാൽ അഴിമതിക്കായുള്ള ലൈസൻസാണെന്ന് കരുതുന്ന ചില രാഷ്ട്രീയക്കുപ്പായക്കാർ അഴിമതിയുടെ വക്താക്കളായും അത്തരക്കാരുടെ അജ്ഞാനു വർത്തികളായും മാറിയാൽ പിന്നെ എന്ത് ജനാധിപത്യം, എന്ത് സോഷ്യലിസം? വിശക്കുന്നവന് ഭക്ഷണം കൊടുത്താൽ മാത്രം സോഷ്യലിസം നടപ്പാവില്ല. മറിച്ച് വിശപ്പിന്റെ കാരണമാകുന്ന സാമൂഹിക ക്രമത്തെ ഇല്ലായ്മ ചെയ്യുകയാണ് വേണ്ടത്. സോഷ്യലിസത്തിന്റെ മൗലിക കടമ ഉല്പാദന ശക്തി കളുടെ വികാസമാണ് എന്ന തിരിച്ചറിവ് ഭരണകർത്താക്കളിൽ ഉണ്ടാവണം. എന്നാൽ ഇത് തിരിച്ചറിയേണ്ടവരുടെ ഇഷ്ട വിനോദമായി അഴിമതി മാറിക്കഴിഞ്ഞിരിക്കുന്നു. അഴിമതി ഇന്ന് നമ്മുടെ രാഷ്ട്രത്തെ, അതിന്റെ ഭരണ സംവിധാനങ്ങളെ കാർന്നു തിന്നു കൊണ്ടിരിക്കുകയാണ്.

നമ്മുടെ രാഷ്ട്ര പിതാവ് ഗാന്ധിജിയ്ക്ക് ഒരു സ്വപ്നം ഉണ്ടായിരുന്നു. അഴിമതി രഹിത ഇന്ത്യ എന്ന സ്വപ്നം. ഭൂമിയിലെ സ്വർഗ്ഗമാക്കി ഭാരതത്തെ മാറ്റണം എന്ന് അദ്ദേഹം കിനാവുകണ്ടു. എന്നാൽ അതിനോട് നീതി പുലർത്താൻ ഗാന്ധി നെയ്ത കുപ്പായമണിഞ്ഞ് അധികാരമേറ്റവർക്കു പോലും കഴിഞ്ഞില്ല. മാത്രമല്ല അദ്ദേഹത്തിന്റെ ആശയത്തെ മത്സരിച്ചു തോൽപ്പിക്കുകയാണ് ഖദർധാരികൾ

ചെയ്തത് എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. നെഹ്റുവിന്റെ കാലം മുതൽക്കുതന്നെ അധികാര ഭ്രമത്തേയും അഴിമതിയെയും പിന്തുണയ്ക്കുന്ന കൊളോണിയൽ സംസ്ക്കാരത്തിന്റെ വക്താക്കൾ ഭരണ രംഗത്തുണ്ടായിരുന്നു. പിന്നീട് രാഷ്ട്ര നേതൃത്വവും രാഷ്ട്രീയ നേതൃത്വവും രണ്ടായതോടെ അഴിമതിയ്ക്ക് കൂടുതൽ വളക്കൂറുള്ള മണ്ണായി ഭാരതം മാറി.

ആഗോള വൽക്കരണകാലത്തിന്റെ വിശദീകരണങ്ങളിൽ അഴിമതി ഒരു ഫാഷൻ എന്ന രീതിയായി മാറിയിരിക്കുകയാണ്. ഇതിനെ ഏതു വിധേനയും ചെറുത്ത് തോൽപ്പിക്കേണ്ട രാഷ്ട്രീയ നേതൃത്വം പോലും അതിൽ പങ്കാളികളായി അഴികൾക്കുള്ളിലേക്ക് പോകുമ്പോൾ

നാം ആരെയാണ് പ്രതീക്ഷിക്കേണ്ടത്. അഴിമതിയ്ക്കെതിരെയുള്ള ഇടതുപക്ഷത്തിന്റെ പാർലമെന്റിന്റെ, അകത്തും പുറത്തുമുള്ള സമരങ്ങളെ മർഡോക്കുമാർ വില പറഞ്ഞുറപ്പിച്ച മാധ്യമ കുത്തകകൾ മനഃപൂർവ്വം മറക്കുകയും ഉറക്കം നടിക്കുകയും ചെയ്യുന്നു. അഴിമതിയാരോപണത്തെത്തുടർന്ന് ഹൈക്കോടതി ജഡ്ജിയായിരുന്ന ഭട്ടാജർജിക്കെതിരെ പ്രമേയം പാസാക്കിയ ബാർ അസോസിയേഷനെ സുപ്രീം കോടതി നേരിട്ടും കോടതിയലക്ഷ്യത്തിന്റെ പേരിൽ വേട്ടയാടുമ്പോഴും ഇത്തരം അനീതികൾക്കെതിരെ പൊതു നിരത്തിൽ പ്രകടനം നടത്താൻ പാടില്ല. പൊതുയോഗങ്ങൾ കൂടാൻ പാടില്ല എന്നൊക്കെ യുള്ള കോടതിവിധികളും, അഴിമതിക്കെതിരെ നിയമ സംരക്ഷകരായ നീതി പീഠങ്ങൾ രംഗത്ത് വരും എന്ന പ്രതീക്ഷയും അസ്തമിക്കുന്നു.

ഒന്നിനേയും പ്രതീക്ഷിക്കാനാവാത്ത അവസ്ഥ ഭയാനകമാണ്. പണത്തിന് ആർത്തി പൂണ്ട മനസ്സുമായി സാധാരണക്കാരന്റെ അദ്ധ്വാനത്തെ കൊള്ളയടിക്കാൻ ശ്രമിക്കുന്ന കപട രാഷ്ട്രീയത്തിനെതിരെ മാധ്യമങ്ങൾ നടിക്കുന്ന മൗനം ഇന്ത്യൻ മാധ്യമസംസ്ക്കാരത്തിന് യോജിച്ചതല്ല. തൂലിക കൊണ്ടും ക്യാമറക്കണ്ണുകൾകൊണ്ടും ജനങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കേണ്ടവർ കുത്തകവത്ക്കരിക്കപ്പെടുകയാണ്. യഥാർത്ഥത്തിൽ ഇത്തരക്കാർ തന്നെയാണ് ഇന്ത്യയിൽ പടർന്ന അഴിമതിയുടെ പ്രതിഫലം പറ്റുന്നത്.

ഇത്തരത്തിൽ ഒന്നിനേയും പ്രതീക്ഷയർപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് അണ്ണാഹസാരെ അവതരിക്കുന്നത്. അവതാരോദ്ധേശമോ അഴിമതി നിർമ്മാർജ്ജനം. ലോകത്താകമാനം നടക്കുന്ന ജനകീയ സമരങ്ങളിലും 'അറബ് വസന്തം' എന്ന് വിളിക്കുന്ന അധിനിവേശത്തിനെതിരായുള്ള അരാഷ്ട്രീയ സമരങ്ങളിലും യുവാക്കൾ വീര്യം കൊണ്ട് സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിൽ വിപ്ലവം വിളമ്പുന്ന കാലമായിരുന്നതിനാൽ ഹസാരെയെ ആരാധിക്കാൻ യുവാക്കൾ ദേശീയപതാകയുമായി രംഗത്തിറങ്ങി. രാജ്യത്തിന്റെ മുക്കിലും മൂലയിലും ഹസാരെയുടെ ചിരിക്കുന്ന ചിത്രം, നിറഞ്ഞു കവിയുന്ന സമരപന്തലും യുവാക്കളുടെ ആവേശവും ഭാരതീയ ജനതയിൽ പുത്തൻ ഉണർവുണ്ടാക്കി. മാധ്യമങ്ങൾ ഹസാരെയെ വാഴ്ത്തിപ്പാടി. ഹസാരെ സംഘം പോലും പ്രതീക്ഷിക്കാത്ത ആൾക്കൂട്ടവും പ്രോത്സാഹനവുമാണ് അദ്ദേഹത്തിന്റെ സമരത്തിന് ലഭിച്ചത്.

അഴിമതിക്കെതിരായ പൊതുജനവികാരം ഉയർത്തിക്കൊണ്ടുവരാൻ നാൽക്കവലകളിൽ ദിനം പ്രതി ചർച്ചകൾ സൃഷ്ടിക്കാനും ആ സമരത്തിനു കഴിഞ്ഞു എങ്കിലും വളരെ പെട്ടെന്നു തന്നെ ആ അരാഷ്ട്രീയ സമരത്തിന്റെ ചൂടാറുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. സമരവീര്യം കൂട്ടാൻ വർഗ്ഗീയ രാഷ്ട്രീയം പോലും തന്റെ അരാഷ്ട്രീയ സമരത്തിൽ പ്രയോഗിക്കാൻ ഹസാരെ തയ്യാറായി.

അണ്ണാഹസാരെയെ പൂർണ്ണമായും എതിർക്കുകയല്ല, അദ്ദേഹത്തിന്റെ ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്യുന്നുമില്ല. എന്നാൽ സമരത്തിന്റെ രീതിയും ഭാവവും ഒരു സാമൂഹിക വിപ്ലവത്തിലേക്ക് നയിക്കും എന്ന് പ്രതീക്ഷിക്കാനാവില്ല. വീണ്ടും സമരപ്പന്തലിലേക്ക് ആളെ കൂട്ടാൻ ശ്രമിക്കുന്ന ഹസാരെയും സംഘവും ഒരു രണ്ടാം വരവിന് ശ്രമിക്കുകയാണ്. ആൾക്കൂട്ടവും കൂട്ടപ്രാർത്ഥനയും അല്ലാതെ കൂടുതലൊന്നും നമുക്ക് പ്രതീക്ഷിക്കാനാവില്ല.

അത് ഹസാരെയുടെ കുഴപ്പമല്ല. അദ്ദേഹത്തിന്റെ സമരരീതിയുടെ പ്രശ്നമായെ കാണാൻ കഴിയൂ. 1991 ൽ മഹാരാഷ്ട്രയിലെ വനം വകുപ്പിലെ അഴിമതിക്കെതിരെ പ്രതിഷേധിച്ച് ദേശീയ ശ്രദ്ധയാകർഷിച്ച ഗാന്ധിയനാണ് അണ്ണാഹസാരെ. ദേശീയ വിവരാവകാശ നിമയമത്തിന്റെ പ്രചാരണങ്ങൾക്കും അദ്ദേഹം വഹിച്ച പങ്ക് ചെറുതല്ല. അതിനാൽ ഒരു വ്യക്തി എന്ന നിലയിൽ അദ്ദേഹം ആദരവ് അർഹിക്കുന്നു. പക്ഷേ രാഷ്ട്ര ശരീരത്തിൽ ഒരു അർബുദം പോലെ പടർന്ന അഴിമതിയെ തകർത്തെറിയാൻ ഒരു ലോക്പാൽ ബില്ലുകൊണ്ടോ, ഇടയ്ക്കിടെയുള്ള ദേശീയ പതാകയേന്തിയവരുടെ നിരാഹാര സമരം കൊണ്ടോ സാധ്യമാകും എന്ന് കരുതാനാവില്ല. അതിന് രാഷ്ട്രീയ ബോധ്യത്തോടെയുള്ള സാമൂഹിക മുന്നേറ്റങ്ങളും നിരന്തരമായ പോരാട്ടങ്ങളും അനിവാര്യമാണ്.

ഒരു സുപ്രഭാതം കൊണ്ട് അത് പൂർത്തിയാവുകയില്ല. നിലയ്ക്കാത്ത പോരാട്ടവും അതിലൂടെയുള്ള സാമൂഹിക വിപ്ലവം അതാണ് അനിവാര്യം.

ചരിത്രം ഒരു കണ്ണാടിയാണ്. സ്ഥിതിഗതികൾ എത്ര വിഷമകരമാണെങ്കിലും വിപ്ലവം എന്തെല്ലാം തിരിച്ചടികൾ അഭിമുഖീകരിച്ചാലും അന്തിമമായി അത് വിജയിക്കുക തന്നെ ചെയ്യും. അത്തരം സാമൂഹിക വിപ്ലവത്തിന് വിദ്യാർത്ഥി സമൂഹത്തിനും ഉത്തരവാദിത്വമുണ്ട്. നിരന്തരമുള്ള അത്തരം സാമൂഹിക പ്രക്രിയയിൽ നമുക്കും പങ്കാളികളാവാം.

കൊച്ചിയുടെ ചവറ്റുകുട്ട : ദുർഗ്ഗന്ധവും കുറെ ഏകാന്തതയും

സമയത്തിന് ഒരു ദിശയേയുള്ളൂ ഈ ഏകദിശാ പ്രയാണത്തിൽ മാറ്റങ്ങളുടെ ശൃംഖലകളാണ് സംഭവിക്കുന്നത്. നഗരം നമുക്കു ചുറ്റും വളരുന്നു. സാമ്പത്തിക മേഖലയുടെ ബിംബങ്ങളായിത്തീർന്ന ഏതൊരു നഗരത്തേയും പോലെ, കൊച്ചിയും വ്യവസായത്താൽ, പുരോഗതിയാൽ അനുഗൃഹീതമാണ്. അതിഭീമമായ സാമ്പത്തിക, സാംസ്ക്കാരിക മാനവ വിഭവ ഉപഭോഗത്തിൽ നിന്നും ഉയരുന്ന പുരോഗതിയുടെ ആരവങ്ങൾക്കുപിന്നിൽ കൊച്ചി നഗരത്തിന്റെ വിസർജ്ജ്യം അക്ഷരാർത്ഥത്തിൽ കുന്നു കൂടിക്കിടക്കുകയാണ്.

എൽ.സി.ഡി. സ്ക്രീനുകളുടേയും ലോഫ്ളോർ ബസ്സുകളുടേയും ആഡംബര ഹോട്ടലുകളുടേയും കൊച്ചിയിൽ നിന്ന് അൽപം മാത്രമകലെ പച്ച നിറം പടർന്ന ഗ്രാമത്തിന്റെ ഒരേടിലാണ് കൊച്ചിയുടെ അതിവേഗ പുരോഗതിയുടെ മാലിന്യങ്ങൾ ഉണങ്ങിപ്പിടിച്ചിരിക്കുന്നത്. ജൈവ കൃഷിയുടെ വ്യാപനത്തിന്റെ പ്രാധാന്യവും സാധ്യതകളും മുഴങ്ങുന്ന പ്രസംഗങ്ങളുടെ പശ്ചാത്തലത്തിലും ബ്രഹ്മപുരം എന്ന നഗര പ്രാന്തം മാലിന്യ ശേഖരമായി മാറിയിരിക്കുന്നു.

കാർഷിക പുരോഗതിയുടെ പാതയിലുറച്ചു നിന്നിരുന്ന ഒരു ജനതയേയും അവരുടെ ജീവിതങ്ങളേയും പച്ചപ്പിനേയും ആവാസ വ്യവസ്ഥയേയും പറിച്ചു നട്ടുകൊണ്ട്, സ്ഥാപിച്ചിരിക്കുന്ന ബ്രഹ്മപുരം മാലിന്യപ്ലാന്റ് കാഴ്ച വയ്ക്കുന്ന, വിദൂരഫലങ്ങളും, അതിന്റെ സാധ്യതകളും മറഞ്ഞിരിക്കുന്നു.

കൃഷിയുടേയും മാനവ വിഭവത്തിന്റേയും അപാരമായ കാര്യശേഷിയിൽ വിശ്വസിക്കുന്ന ഒരു ജനത എന്ന നിലയിൽ, ബ്രഹ്മ പുരത്തെ യാഥാർത്ഥ്യം അന്വേഷിച്ചറിയുക എന്നത് നമ്മിൽ അധിഷ്ഠിതമാണ്. അവിടെ ദിനം പ്രതി വന്നു ചേരുന്ന ടൺ കണക്കിനു നാഗരിക മാലിന്യങ്ങളുടെ കണക്കെടുപ്പിനപ്പുറത്ത്, നമുക്ക് കടമകളുണ്ട്. ബ്രഹ്മപുരത്തിന്റെ നിറം മങ്ങിയ പച്ചപ്പിലേക്ക്, സ്ഥായിയായ ദുർഗന്ധത്തിലേക്ക്, ചോർന്നു പോയ ആ ഗ്രാമത്തിന്റെ ചൈതന്യത്തിലേക്ക് അങ്ങനെയാണ് ഞാൻ എത്തിച്ചേർന്നത്.

നഗരത്തിൽ നിന്നേറെ അകലെയല്ലാത്ത ഈ ചവറ്റുകുട്ടയുടെ യഥാർത്ഥ ചിത്രം ലഭിക്കുവാൻ കാഴ്ചകളെ പിന്തുടർന്നു. പൊള്ളുന്ന വേനൽചൂടിൽ നാഗരികതയുടെ ആഡംബരം മണക്കുന്ന അമിത ശുചിത്വത്തിനായി ബലികഴിക്കപ്പെട്ട ഗ്രാമീണതയുടെ ഓളം വെട്ടാത്ത തണുപ്പിലേക്ക് ഞാൻ യാത്രയായി.

വ്യാവസായിക പ്രാമുഖ്യമുള്ള കരിമുകൾ, അമ്പലമുകൾ, എന്നീ പ്രദേശങ്ങളിൽ നിന്നും ഏറെയൊന്നും അകലെയല്ല ബ്രഹ്മപുരം. കേരളത്തിന്റെ വിവര സാങ്കേതിക വിദ്യ വിളയുന്ന ഇൻഫോപാർക്കും, എറണാകുളം ജില്ലാ ആസ്ഥാനമായ കാക്കനാടും ബ്രഹ്മപുരത്തിന്റെ സമീപ

പ്രദേശങ്ങൾ തന്നെ. തിരക്കേറിയ കരിമുകൾ ജംങ്ഷനിൽ നിന്ന് ഒരരികിൽ പേരറിയാത്ത തണൽ മരങ്ങളും മറു വശത്ത് എഫ്.എ.സി. ടിയുടെ കനത്ത കന്മതിലും അതിരിടുന്ന ടാർ റോഡിലൂടെയാണ് പ്രയാണമാരംഭിച്ചത്. കയറ്റിറക്കങ്ങളുടെ ശൃംഖലകൾ കടന്നു നീണ്ട പ്രയാണത്തിൽ റോഡിലെ മനുഷ്യ സാന്നിദ്ധ്യം കാര്യമായി കുറയുന്നത് ശ്രദ്ധേയമാണ്. ഉയരമുള്ള കുന്നുകളിൽ വെട്ടിയുണ്ടാക്കിയ പാതയിൽ അവസാനം ബ്രഹ്മപുരം എന്ന അക്ഷരങ്ങളോടു കൂടിയ ഒരു പച്ച ചൂണ്ടുപലക കണ്ടു. അതുവഴി മുന്നേറിയപ്പോൾ ചെന്നെത്തിയത് ഇൻഫോ പാർക്ക്, മേഖലയുടെ നേരെ പിന്നിലാണ്. വഴിയിലെ ആ പിശക് കാട്ടിത്തന്നത് മറ്റൊരു വസ്തുതയാണ്.

കോടിക്കണക്കിന് രൂപയുടെ കനത്ത നിക്ഷേപവും, ഭൂഖണ്ഡാന്തര നിലവാരവും, ആഡംബരവും വിളിച്ചോതുന്ന ആ കെട്ടിട സമുച്ചയങ്ങൾ അഭിമാന സ്തംഭങ്ങൾ, അഴുകലും ദുർഗന്ധവും ഇഴുകിച്ചേർന്ന, ദിനപത്രത്താളുകളിലൂടെ നാം ഏറെ അറിഞ്ഞ ബ്രഹ്മപുരത്തിന്റെ അയൽ പ്രദേശങ്ങളാണ്.

മറ്റൊരു ചെറിയ ടാർവഴിയിലൂടെ മാലിന്യ സംസ്ക്കരണ പ്ലാന്റിലേക്കുള്ള യാത്ര തുടർന്നു. മുന്നിൽ പൊളിഞ്ഞ പാതയിലൂടെ ഉരുണ്ടു നീങ്ങിയിരുന്ന കൊച്ചിൻ കോർപ്പറേഷൻ മുദ്ര പതിച്ച ഒരു മാലിന്യ ട്രക്ക്, എനിക്കു വഴി തെറ്റിയിട്ടില്ല എന്ന് മുരൾച്ചയോടെ അറിയിക്കുന്നു. മുൻപേ തന്നെ സ്ഥാപിക്കപ്പെട്ട കെ.എസ്.ഇ.ബി.യുടെ താപ വൈദ്യുത നിലയവും അവിടെ സ്ഥിതി ചെയ്യുന്നുണ്ട്. അതിന്റെ പ്രധാന കവാടത്തിനു മുന്നിലൂടെ നീങ്ങവേ, സ്വാഗതമോതിയത് ആ കുന്നിൻ ചെരുവുകളിൽ മൗനവും ഏകാന്തതയുമാണ്. വായുവിലെ ദുർഗന്ധം ക്രമേണ ശക്തി പ്രാപിച്ചു വരുന്നു. വഴിയോരത്തെ ചെടികളും കാടായി മാറുന്നു. അൽപം മുന്നിൽ കാടെന്നു പറയാവുന്ന വൃക്ഷലതാതികളുടെ മധ്യത്തിൽ, ഒരു കവല കണ്ടു. കോർപ്പറേഷന്റെ പ്രസിദ്ധമായ, നീലയും വെള്ളയും പടർന്ന വലിയൊരു ബോർഡ്. ആ സ്ഥലത്തേയും പദ്ധതിയേയും ഒപ്പം ഉപേക്ഷിക്കപ്പെട്ട ഗ്രാമത്തിന്റെ ഉടമസ്ഥാവകാശവും വ്യക്തമായി ഉദ്ഘോഷിക്കുന്നു.

കാറ്റിൽ സ്വാഭാവികമായ സസ്യജാലങ്ങളുടെ ആന്ദോളനമല്ലാതെ അനക്കങ്ങൾ ഇല്ല. ഓർത്തുപോയി, സ്ക്കൂൾ കുട്ടികളും, ഷർട്ട് ഇൻസേർട്ട് ചെയ്ത് എക്സിക്യൂട്ടീവ് സ്റ്റൈലിൽ വന്ന ഉദ്യോഗസ്ഥരും, നിറം മങ്ങിയ പ്ലാസ്റ്റിക് കവറുകളും കക്ഷത്തിലിറുക്കിയ മുഷിഞ്ഞ മുണ്ടിന്റെ കോന്തലുമായി വന്ന കൂലിപ്പണിക്കാരും, ഹോൺ മുഴക്കി ഇരമ്പി നിന്നിരുന്ന ചുവന്ന ബസുകളും ശബ്ദായമാനമാക്കിയിരുന്ന ഒരു ബസ് സ്റ്റോപ്പ് ആയിരുന്നു ആ കവല. അകാല വാർദ്ധക്യം ബാധിച്ച നരച്ച താടി രോമങ്ങൾ പോലെ ഉണങ്ങിയ കാട്ടു വള്ളികൾ കീഴടക്കിയ ഒരു വെയ്റ്റിംഗ് ഷെഡാണ് ആ കഥ പറയുന്നത്. ആ ഇരുപ്പു പലകകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന വർഷങ്ങളുടെ പൊടിയും, കഥകൾ പറയുന്നു. കാട്ടു ചെടികളുടെ വന്യമായ തിരശ്ശീല മറച്ചു പിടിച്ചിരിക്കുന്നത്. വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് എന്ന

പ്രൗഢമായ നാമത്തെയാണ് ..... കാലത്തിന്റെ എതോ നിശ്ചിത മാത്രയിൽ ജീവിതം തൂത്തെറിയപ്പെട്ടപോലെ കാണപ്പെടുന്ന ഇവിടം, വന്യ സസ്യങ്ങളുടെ കടന്നു കയറ്റം പ്രകടമായ വീടുകളുടെ അസ്ഥിപഞ്ജരങ്ങൾ കാട്ടിത്തരുന്നു.

എന്നോ പാടങ്ങളിൽ കറ്റകൾ കയറിപ്പോയിരുന്ന ആ നാട്ടുവഴിയിൽ ഇന്നു ചിതറിക്കിടക്കുന്നത് മാലിന്യത്തിന്റെ വൈവിധ്യമാർന്ന ശേഖരങ്ങളാണ്. അറവുശാലകൾ, മാർക്കറ്റുകൾ ഭക്ഷണശാലകൾ തുടങ്ങിയവയുടെ ബാക്കി പത്രങ്ങൾ ചാക്കുകളിൽ നിറഞ്ഞു കവിഞ്ഞ്, പ്രദേശം മുഴുവൻ ദുർഗന്ധ പൂരിതമാക്കാൻ മത്സരിക്കുന്നു. പൊടി പടലങ്ങളിലുയർത്തി പാഞ്ഞു വന്ന ഒരു കോർപ്പറേഷൻ ട്രക്ക് എന്റെ അടുത്താണ് നിർത്തിയത്. ട്രക്കിന്റെ ആകാരത്തിനു പാകമാകാത്ത, സൗമ്യനായ ഒരു ഡ്രൈവർ. അദ്ദേഹം തല പുറത്തിട്ട് ഉദ്ദേശ്യം ആരാഞ്ഞു. ഒരു ക്യാമറയുടെ ലാഞ്ഛന അദ്ദേഹത്തിനു കിട്ടിക്കാണണം.

തീർത്തും താത്പര്യമില്ലാത്തതു പോലെ, അദ്ദേഹത്തോട് വെറുതെ പ്രദേശമൊക്കെ ഒന്നു കാണുവാൻ വന്നതാണെന്ന് ഞാൻ പറഞ്ഞു. അദ്ദേഹം വിശ്വസിച്ചെന്നു തോന്നിയില്ല. പ്ലാന്റിന്റെ സുരക്ഷയെയും മറ്റും പറ്റി വാചാലനായി. നേരെ ചെന്നാൽ ഒരിക്കലും നല്ലൊരു സ്വീകരണം ലഭിക്കില്ലെന്നുറപ്പായപ്പോൾ പ്രധാന വഴിയിലൂടെ നീളുന്ന പഠനം മതിയാക്കാൻ തീരുമാനിച്ചു. പ്ലാന്റിന്റെ കാര്യക്ഷമതയെക്കുറിച്ചുള്ള ചോദ്യത്തിന് സംശയലേശമെന്യേ അദ്ദേഹം ഉത്തരം പറയുകയുണ്ടായി. പ്ലാന്റ് പരിപൂർണ്ണ തോതിൽ പ്രവർത്തിക്കുന്നു എന്ന്.

ഇന്ന്, കാടായി മാറിക്കൊണ്ടിരിക്കുന്ന ഒരു കുന്നിന്റെ അരികുകളിൽ നിലനിന്നിരുന്ന ഒരു കാർഷിക സംസ്കൃതിയുടെ മരവിച്ച നിഴൽ ചിത്രങ്ങൾ പോലെ, ഇരുണ്ട അകത്തളങ്ങളോടുകൂടി വീടുകൾ കാണപ്പെടുന്നു. അവയ്ക്കിടയിലൂടെ ഇഴഞ്ഞു നീങ്ങുന്ന ഒരു കറുത്ത പാത, യാത്രയുടെ തുടർച്ചയിൽ മനസ്സിലായി, എത്തിപ്പെട്ടിരിക്കുന്നത് ഉപേക്ഷിക്കപ്പെട്ട ഒരു ഗ്രാമത്തിലാണ്. കയറ്റിറക്കങ്ങളും വളവുകളും നിറഞ്ഞ ആ കരിമ്പാത, പച്ചപ്പിന്റെ സമൃദ്ധിയിൽ വീണ ഒരു വെട്ടുപാടുപോലെ നീളുന്നു. ഇരുവശവും ഗ്രാമവും നിലച്ച ജീവിതവും കാടുമൂടിക്കിടക്കുന്നു.

ജനനവും മരണവും കൃഷിയും കച്ചവടവും സൗഹൃദവും വിദ്വേഷവും എല്ലാം കടന്നു പോയിരുന്ന വീടുകൾ ഇപ്പോൾ അവയുടെ മൃത ശരീരങ്ങൾ, കെട്ടുപോയ ജ്വലകൾ കണക്കെ, മൂകമായി നിൽക്കുന്നു. ആ വഴിയിലൂടെയുള്ള പ്രയാണത്തിൽ ഒരിടത്തും മനുഷ്യജീവന്റെ കണിക പോലും ദൃശ്യമായിരുന്നില്ല. ഭവനങ്ങൾ, അവയുടെ അലംകൃതമായ സ്തൂപങ്ങൾ, ചില്ലുകളിട്ട ജനാലകൾ, ചെമ്പകവും ചെമ്പരത്തിയും മാവും പ്ലാവും



എന്നാൽ കാലടികൾ പതിയാത്ത തൊടികൾ, അടഞ്ഞ വാതിലുകൾ, നിശബ്ദത നിഴൽ വീഴ്ത്തിയ കിടപ്പുമുറികൾ... തോന്നലാകണം, ഉയരുന്ന ഏതോ ശബ്ദങ്ങൾ.. അറിയാതെ നോക്കിപ്പോയി. കാലടികളിലേക്ക്, അവിടെ ഹുവാൻ പ്രേഷിയാദോ യുടെ സ്പാനിഷ് ഷൂസുകൾ കാണാമോ എന്ന്, മാന്ത്രിക യാഥാർത്ഥ്യങ്ങൾക്കും . കൊച്ചു കഥകളുടെ എല്ലിൻ കഷണങ്ങൾക്കുമൊപ്പം റുൾഫോയുടെയോ മാർക്വേസിന്റേയോ മഷിയിൽ ഒഴുകിപ്പോവുകയാണോ എന്നും. കൊമാല എന്ന മരണത്തിന്റേയും ചൂടിന്റേയും വിയർപ്പിന്റേയും ഒപ്പം മരിച്ചവരുടേയും ഗ്രാമം. ദാ... മുന്നിൽ... ഹുവാൻ റൂൾഫോയുടെ തൂലിക വരച്ചിട്ട പെഡ്രോപരാമോയിൽ ഉറഞ്ഞു നിന്ന ഏകാന്തതയും, തേഞ്ഞു പോയ ശബ്ദങ്ങളുടെ പ്രതിദ്ധ്വനിയും ഇവിടെ, ഈ കേരളീയ ഭവനങ്ങളുടെ ആളൊഴിഞ്ഞ ഗ്രാമത്തിൽ കേൾക്കുവാൻ സാധിക്കുന്നു.

കടമ്പ്രയാറിന്റെ തടത്തിൽ ഫലഭൂയിഷ്ടമായ

ഏകാകിയായ്

Aswathi P.S.
IInd B.Com Tax

നീർച്ചാലായ് ഒഴുകിത്തുടങ്ങിയെൻ യാത്രയോ
ഇന്നന്ത്യമാം കടലിൽ പതിച്ചിടുമ്പോൾ
പിൻ തിരിഞ്ഞു നോക്കിയാൽ കാണുന്നതൊക്കെയും
മായയാം വർണ്ണങ്ങൾ മാത്രമായ്
കണ്ടതിനേക്കാളെത്രയോ വിസ്തൃതം കാണാത്തതൊക്കെയും
അറിഞ്ഞതിനേക്കാളെത്രയോ വിശാലം
അറിയാത്തതൊക്കെയും
തളിരിലയായ് കിളിർത്തൊരെൻ ബാല്യവും
പൂമൊട്ടായ് ഉതിർന്നൊരെൻ കൗമാരവും
വർണ്ണശലഭമായ് പാറിയ യൗവ്വനവും
താങ്ങി ഞാനിതാ വാർദ്ധക്യത്തിൻ പടിയിൽ;
കാലത്തിൻ ചുഴിയിൽ പിടഞ്ഞൊരെൻ മാനസം
ഇന്നാശകളില്ലാ രാജ്യമായി,
വിരസവും മൂകവുമായി യാമങ്ങൾ
തേൻ നുകരാനിനിയും പൂക്കളില്ലീവാടിയിൽ,
ജീവിത യാത്രകൾ താങ്ങിയെന്നാഗ്രഹം
അനശ്വരമാം കരങ്ങളെ സ്പർശിക്കുക മാത്രമായ്
മരണത്തിൻ കാലൊച്ച കേൾക്കുന്ന വേള-
കളുള്ളിൽ ഭീതി ഉണർത്തിടുന്നു.
ഇനിയുമൊരു ജന്മത്തിനായി കാത്തിരിക്കുന്നു ഞാനീ
ഇരുൾ മൂടിയ ചുമരിനുള്ളിൽ

മാറിനിൽക്കമ്മൂമ്മേ... മതിലിടിഞ്ഞു വീഴും ...

വിഷ്ണു കെ. വി.
Ist DC Sociology

എന്റെ നെഞ്ചിടിപ്പു കൂട്ടിയ നിമിഷം
മതിലനപ്പുറത്ത് പല്ലു കൊഴിയും വിധം മുറുക്കാൻ
ചവച്ചുകൊണ്ട് നിൽക്കുന്നു.
പൊട്ടിയായൊരമ്മൂമ്മയെ കണ്ടതും
പുത്തനായി കെട്ടിയ മതിലാണെന്നുറക്കെ
വിളിച്ചു കൂവിയിട്ടും
കേൾക്കാതെ നിൽക്കുന്നൊരമ്മൂമ്മെ....
മാറൂ..... മാറൂ..... മാറൂ.....
പുത്തൻ സിമന്റ്, കല്ല്... കെട്ടിയിട്ട് നേരമധികമായില്ലേയ്...
മാറമ്മൂമ്മേ.... പ്ലീസ്
അല്ലേൽ കല്ലും, പല്ലും പോകും...
വീണ്ടും കൂവാനെനിക്കായില്ല... അപ്പോഴേക്കും
കല്ല്+ പല്ല്+ എല്ല് = 1
തള്ളയോടൊരായിരം തവണ ചൊല്ലി ഞാൻ....
മാറിനിക്കമ്മൂമ്മേ... മതിലിടിഞ്ഞുവീഴുമെന്ന്

അവസ്ഥ

Raju Kumaraswamy
II DC English

Scene 1

Shot I

Exterior

ഓടിട്ട ഒരു ചെറിയ വീട്. പ്രഭാത സൂര്യന്റെ കിരണങ്ങൾ അതിൻമേൽ പതിക്കുന്നു. ഒരു ഇടത്തരക്കാരന്റെ വീടാണെന്ന് വ്യക്തം.
രാമുവിന്റെ വീട്.

Interior

Ramu's Point of view



കണ്ണാടിയിലെ തന്റെ പ്രതിബിംബം നോക്കി തലമുടി ചീകി ഒതുക്കുന്ന രാമു. ചെറുപ്പക്കാരൻ. ആർഭാടമില്ലാത്ത വേഷം. പശ്ചാത്തലത്തിൽ ഒരു FM Radio സ്റ്റേഷന്റെ പെൺ റേഡിയോ ജോക്കിയുടെ ശബ്ദം. മുടി ഒരു വിധം ചീകി ഒതുക്കി മുഖം ചരിച്ചും, തിരിച്ചും നോക്കുന്ന രാമു.

റേഡിയോ ശബ്ദം

"അപ്പൊ ഇന്നത്തെ hot news ഇതാണ്. ഡെമോക്രാറ്റിക് പാർട്ടിയുടെ അഴിമതിയിൽ പ്രതിഷേധിച്ച് ഇന്ന് കേരളത്തിൽ പ്രക്ഷോഭം നടത്തണമെന്ന് ലേബർ പാർട്ടിയിലെ ഒരു leader ചേട്ടൻ പറഞ്ഞിരിക്കുന്നു. ഇതിനെക്കുറിച്ച് നിങ്ങൾക്കെന്താണ് അഭിപ്രായമെന്ന് വേഗം എന്നെവിളിച്ചു പറഞ്ഞോളൂ."

Shot II

Close up

എഫ്. എം. ജോക്കിയുടെ കലപില ശബ്ദത്തിലുള്ള പ്രബുദ്ധത സഹിക്കവയ്യാതെ എഫ്.എം. റേഡിയോയുടെ സ്റ്റോപ്പ് സ്വിച്ചിൽ അമരുന്ന രാമുവിന്റെ വലത് ചൂണ്ടുവിരൽ.

Shot III

Interior

തന്റെ ബാഗിൽ പുസ്തകങ്ങൾ എടുത്തു വയ്ക്കുന്ന രാമു. വശത്തു നിന്ന് ഒരു മുതിർന്ന സ്ത്രീ ശബ്ദം കേൾക്കുന്നു.

അമ്മ: രാമുവേ, പ്രക്ഷോഭമോ മറ്റോ ആണല്ലോടാ.. ഇന്ന് പഠിപ്പു മുടക്കായിരിക്കുമോ?

രാമു : (ബാഗ് തോളിലേറ്റുന്നതിനിടയിൽ)

ചിലപ്പോ..

അമ്മ : സൂക്ഷിച്ചോണേ

Scene 2

Shot 1

ext

ചെറിയ ഒരു മൺ റോഡിലൂടെ ഓടുന്ന ബസ്

cut to

ഒരു ജനാല സീറ്റിൽ ഇരിക്കുന്ന രാമു. പിന്നിൽ ഇരിക്കുന്ന രണ്ടുപേർ ഡെമോക്രാറ്റിക് പാർട്ടിക്കും ലേബർ പാർട്ടിക്കും വേണ്ടി ശക്തമായി വാഗ്വാദംനടത്തുന്നു. രാമു മന്ദഹസിക്കുന്നു.

Back to scene

പൊടി പറത്തി ചെമ്മൺപാതയിലൂടെ ഓടിമറയുന്ന ബസ്

Scene 3

Shot I

Int.

കോളേജ് ക്ലാസ്സ് റൂം. വിദ്യാഭ്യാസത്തിന്റെ മഹത്വത്തെക്കുറിച്ച് ഫ്രാൻസിസ് ബേക്കൺ പറഞ്ഞ വാക്യങ്ങൾ കുട്ടികൾക്കു പറഞ്ഞു കൊടുക്കുന്ന അധ്യാപിക. മുൻ ബഞ്ചിൽ ഇരിക്കുന്ന രാമു. മറ്റു വിദ്യാർത്ഥികളെയും കാണാം. പെട്ടെന്ന് വിദ്യാർത്ഥികളുടെ പിന്നിൽ നിന്നും ടീച്ചർക്ക് അഭിമുഖമായുള്ള വാതിലിൽ കൂടി കുറേപേർ കടന്നു വരുന്നു. കൂടുതൽ മുണ്ട് ധാരികൾ. എല്ലാവരും മുതിർന്ന വിദ്യാർത്ഥികളാണ്. അതിൽ നേതാവ് എന്ന് തോന്നിക്കുന്ന വിദ്യാർത്ഥി: ടീച്ചറേ, രണ്ട് വാക്ക് കുട്ടികളോട് പറഞ്ഞോട്ടെ. ആജ്ഞാസ്വരത്തിലുള്ള അപേക്ഷ കേട്ട് അധ്യാപിക വശത്തേക്ക് മാറുന്നു. ഈ സമയം നേതാവ് അധ്യാപിക നിന്ന സ്ഥാനത്തേക്ക് വന്ന് അധികാരത്തോടെ നിൽക്കുന്നു. കൂടെ രണ്ട് അനുയായികളും. കുട്ടികളുടെ മുഖത്ത് സന്തോഷം, ഭയം എന്നിവ മിന്നി മായുന്നു,

Ramu's Point of view

നേതാവ് :

സുഹൃത്തുക്കളേ, ഈ കഴിഞ്ഞ ദിവസം യൂത്ത് ഡെമോക്രാറ്റിക് യൂണിയൻ നടത്തിയ അക്രമപൂർണ്ണമായ പഠിപ്പു മുടക്കിൽ പ്രതിഷേധിച്ചും സർവ്വോപരി ഡെമോക്രാറ്റിക് പാർട്ടിയുടെ ദുർഭരണത്തെ എതിർത്തും സ്റ്റുഡൻസ് ലേബർ ഫെഡറേഷൻ ഇന്ന് പഠിപ്പുമുടക്കിന് ആഹ്വാനം ചെയ്യുന്നു. എല്ലാവരും ദയവായി സഹകരിക്കുക.

Back to scene

കുട്ടികൾ എഴുന്നേറ്റ് പുറത്തേക്ക് പോവുന്നു. എഴുന്നേൽക്കാൻ മടിക്കുന്നവരെ അനുയായികൾ മുഷ്ടി കാണിച്ച് പേടിപ്പിക്കുന്നു.

Close shot

(സംതൃപ്തിയോടെ ചിരിക്കുന്ന നേതാവ്)

(ഈ സമയം ബാഗ് എടുത്ത് പോവാൻ തയ്യാറായ രാമു മടിച്ച് മടിച്ച് ബഞ്ചിൽ ഇരുന്നുകൊണ്ട് നേതാവിനോട് പറഞ്ഞു.)

രാമു : കഴിഞ്ഞ ആഴ്ചയും പഠിപ്പ് മുടക്ക് ആയിരുന്നു. ഇന്നും പഠിപ്പ് മുടക്ക്.

പരീക്ഷ ഈ മാസം തന്നെയുണ്ട്. ഇങ്ങനെ പോയാൽ ഞങ്ങൾക്ക് പാസാകാൻ പറ്റില്ല ചേട്ടാ.

(ദയനീയമായ ഈ വാക്കുകൾ കേട്ട നേതാവ് ചൊടിക്കുന്നു. എന്നിട്ട് കപടമായി ചിരിച്ചു കൊണ്ട് പറയുന്നു.)

നേതാവ് : സുഹൃത്തേ പഠനം മാത്രമാവരുത് നമ്മുടെ ലക്ഷ്യം. നമ്മുടെ നാടിനെ അഴിമതി രഹിതമാക്കണമെങ്കിൽ നാം കുറച്ച് ത്യാഗങ്ങൾ സഹിച്ചേ പറ്റൂ. നാടു വികസിക്കാൻ പഠിപ്പു മുടക്കണമെങ്കിൽ അത് ചെയ്യുക തന്നെ വേണം. ഇത്തരം സങ്കുചിത മനസ്ഥിതി കാരണം നമ്മുടെ നാടും താങ്കളെപ്പോലെയാണിപ്പോൾ. ഇരിക്കുന്നിടത്തു നിന്നും ഒരിഞ്ചു പോലും മുന്നേറുന്നില്ല.

(ബഞ്ചിൽ നിന്ന് എഴുന്നേൽക്കാൻ പോലും കൂട്ടാക്കാത്ത രാമുവിനെ ഒന്നു പരിഹസിക്കാൻ എന്ന വണ്ണം നേതാവ് പറഞ്ഞു. ഇതുകേട്ട് തലകുനിച്ച് കൊണ്ട് രാമു എഴുന്നേൽക്കുന്നു. ബഞ്ചിന്റെ വശത്ത് അധികം ആരുടേയും ശ്രദ്ധ ആകർഷിക്കാതെ ഇരുന്ന തന്റെ ക്രച്ചസ് എടുത്തു പിടിക്കുന്നു. എന്നിട്ട് മുടന്തി ക്ലാസിന് പുറത്തു പോവുന്നു. രാമു ഒരു വികലാംഗനാണെന്ന അറിവ് നേതാവിനേയും അണികളേയും അമ്പരപ്പിക്കുന്നു.ഈ സമയം രാമു തിരിഞ്ഞു നിന്ന് നേതാവിനെ നോക്കുന്നു.)

രാമു : ചേട്ടൻ പറഞ്ഞതു ശരിയാ നമ്മുടെ നാടും എന്നെപ്പോലെയാണ്.

(തന്റെ ക്രച്ചസ് ഉയർത്തിക്കാട്ടുന്നു. ആർദ്രതയോടെ തുടരുന്നു.) മുടന്തി മുടന്തി ഒന്നു നേരെ നിൽക്കാൻ പോലും ആകാതെ. അതിനു കാരണം നിങ്ങളൊക്കെത്തന്നെയാണ്. സ്വന്തം വിശ്വാസവും പ്രസ്ഥാനവും, സ്വാർത്ഥതയും ജയിക്കാൻ നിങ്ങൾ രാഷ്ട്രീയക്കാർ തമ്മിലടിക്കുമ്പോൾ വികലമാവുന്നത് നമ്മുടെ സ്വന്തം നാടാണ്.

ഇത്രയും പറഞ്ഞ് രാമു മുടന്തി ഇറങ്ങിപ്പോകുന്നു. വിളറിയ മുഖത്തോടെ നിൽക്കുന്ന നേതാവ്.

scene 4

shot I

ext

ക്ലാസ്സ് മുറിയിൽ നിന്ന് പുറത്തേക്കിറങ്ങി വരുന്ന രാമു. രാമുവിനെ പിന്നിട്ട് നീണ്ട വരാന്തയിലൂടെ മുദ്രാവാക്യം മുഴക്കി വരുന്ന ഡെമോക്രാറ്റിക് പ്രവർത്തകരുടെ ഒരു നിര.

Guardian Angel

Angel
Ist DC' English

"..... and they lived happily ever after...."

Ended nanny's story. When the clock struck ten at night Cassandra slowly closed her wet eye lashes pretending as if she felt asleep. She wanted to stay alone and burstout. Stories of her nanny always had a happy ending, but her days always end up after the intense battle between her mom and dad. "Why do I have such a fritiful day end.....?" whispered her little heart, She stepped into the depths of a dream slowly.

Nanny's words went through her subconcious mind.

"There are Guardian Angels kept by God to those whom he loves the most, to be their attenders.....". She went after her guardian angel, she saw God picking up a flower and dip it in dew . Lovingly he touched it, which turned into someone and gifted it to her and said " here , take your guardian angel".

Cassandra shook herself out; she blinked up her eyes and made her sight clear to see who it was.....

"who's that .....?

She was awestruck to see Amanda's face, who was her sister.

She got up from her sleep and went near to her sister, who was in the next room with their nanny. She could hear the resonace of the night fight between mom and dad downstairs. She glimpsed Amanda's face from the dim moon light that passed through the window glass. She sat near her and gently caressed her dimple cheek, it was wet. Suddenly, Amanda wokeup. she asked cassandra.

"Why haven't you slept yet?..."

Cassandra understood that Amanda is also tired of their parents.

"Why doesn't mom and dad understand us??"

"Why...."

"What..."

A thousand questions rose out of those two minds.

Cassandra understood there is no meaning in continuing her days like this, something has to change. She told Amanda :

"Babba, Abba wants us to prove ourselves the best at what ever conditions he has given us. Inspite of the paining thrones, a rose tree proves itself being the best producing roses and fragrance. We ought to bloom, and produce fragrance through our lives till our mom and dad learns it from us!"

Cassandra's words had power, it gave restoration to Amanda's heart.

Days, weeks, months passed. They were able to sit like a rock and work like a clock that made tremendous change in their parents' life. Their mom and dad, both were proud to claim on as the parents of those role sisters.

"Thank you nanny and my Guardian Angel", whispered cassandra to herself.

Then on nanny's story "..... and they lived happily ever after...."

താഴ്‌വരയിലെ തീയേറ്റർ

Jesto Thankachan
II BA English

പിച്ചളക്കണ്ണും ഇരുണ്ട മൂക്കും
വ്രണിതമായ കവിളിലെ ദ്രവിച്ച മാംസവും
ദുരൂഹതയുടെ തുരുമ്പിച്ച, അവ്യക്തമായ
അടയാള വാക്യങ്ങളുള്ള,
പെൻഡുലം പോലുള്ള കൈകളും
യുക്തിയുടെ ഈർക്കിലിൽ തുന്നിയ
പഞ്ഞിക്കാലുകളും
ഏതോ വിശപ്പിന്റെ ചിതയിലെരിയുന്ന
ദാഹാർത്തയുടെ പിഴുതെടുക്കപ്പെടുന്ന
ഭൃഷ്ടമായ ഉദരവും
മുതുകിലെരിയുന്ന കനൽപ്പാലങ്ങളും ഭാരവണ്ടികളും
നെഞ്ചിലൂടെ ഭ്രാന്തമായോടുന്ന ദുരന്തത്തിന്റെ
ഊക്കൻ ഉറുമ്പുകളും ചിരിയുടെ
വെളിച്ചത്തെ കുടിച്ചു തീർത്ത സൂര്യനിലെ
ഓന്തുമായി, ആ സിനിമ കഴിഞ്ഞു ഞാനിറങ്ങി
വിവശനായി തെരുവിൽ നിന്നു.
അത് പ്രാർത്ഥനയുടെ ഊഴമായിരുന്നു.
ആരോ സ്വർഗ്ഗത്തിൽ നിന്നു മോഷ്ടിച്ച
ചിരിയുടെ മൊഴി നിനവുകൾ നിറച്ചു വച്ചിരുന്ന
കടുമാങ്ങാ ഭരണിയിലെ
ഉപ്പുള്ള, ആത്മാവിന്റെ പിടക്കുന്ന ചൂടുള്ള
നുറുങ്ങുമനുഷ്യരെ ഞാൻ സൂക്ഷിച്ചു നോക്കി
ഭരണിയുടെയുള്ളിൽ ആക്രമിക്കപ്പെട്ട
ഒരജ്ഞാതൻ ഓടി നടക്കുന്നുണ്ടായിരുന്നു.
ഉറങ്ങുമ്പോൾ അയാളിടയ്ക്ക് എന്റെ
നെഞ്ചിനുള്ളിലൂടെയും ഭ്രാന്തു പിടിച്ച്
ഓടി നടക്കാറുണ്ട്, എന്റെ തന്നെയേതോ
നഷ്ടബോധത്തിന്റെ ഭാണ്ഡവും പേറി,
അയാളെയൊരു നാൾ കയ്യിലെടുത്തു ഞെരിച്ചു.
ഭരണി വിറച്ചു; എനിക്കു പനിക്കുവാൻ തുടങ്ങി

നക്ഷത്രമാതാവ്; നീ അറിഞ്ഞിരുന്നോ?
കുഞ്ചൻ നമ്പ്യാരുടെ രഥവുമായി
അബോധത്തിന്റെ അശാന്തിയിലേക്ക്
തിളങ്ങുന്ന മുദ്രാമോതിരമണിഞ്ഞിറങ്ങിവന്ന
ഒരാൾ; ഇന്ന് ഹ്രസ്വക്ഷീണത്തിന്റെ മുറിയിൽ
ധ്യാനനിരതനാണ്, കലയുടെ
ആ കനകതല്പത്തിൽ തന്നെ
നക്ഷത്ര ശിശു: ഞാൻ ഇവിടെയാണ്.
ചിരിയുടെ മയങ്ങുന്ന സാഗരത്തിന്റെ,
ക്ഷീണം കലർന്ന മൗനത്തിനൊപ്പം
ഈ ദിവ്യൗഷധത്തിന്റെ കോപ്പയിൽ
അതിജീവനത്തിന്റെ ഊർജ്ജവികിരണങ്ങളായി
അദ്ദേഹത്തിനുള്ളിലുണ്ട്.
അമ്മയും മകളും ആ കടൽത്തീരത്ത് ഒരുമിച്ചിരുന്നു.
പിൻവിളി വരുന്നുവോ, ഞാനും ആ കടലിനെ
തൊഴുതുമാറുകയാണ്, സ്വയമൊരന്യതയിലേക്ക്

ജഗതിയുടേത് അസാധാരണമായ അഭിനയ പ്രതിഭയാണ്. സാധാരണക്കാരുടെ ജീവിതത്തിലെ രസകരമായ ഏടുകളെയും കലങ്ങി മറിഞ്ഞ പ്രതിസന്ധിഘട്ടങ്ങളെയും തീവ്രമായ ആശയക്കുഴപ്പങ്ങളെയും വലിയ അബദ്ധങ്ങളെയും അമളികളെയും സ്വതസിദ്ധവും വ്യതിരക്തവുമായ അഭിനയ ശൈലിയിൽ ഹൃദയാവർജകമായ രീതിയിൽ അഭ്രപാളിയിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. സൂക്ഷ്മമായ ചലനങ്ങളിലൂടെയും ഹൃദ്യമായ ഭാവപ്പകർച്ചകളിലൂടെയും സംസാരരീതികളിലൂടെയും തന്മയീഭാവത്തോടെ കഥാപാത്രങ്ങളുടെ ഉള്ളിലേക്ക് ആ നടൻ ഊളിയിട്ടിറങ്ങി.

ശരാശരി മലയാളികളുടെ കുടുംബ ഭാരങ്ങൾ പേറുന്ന ഗൃഹനാഥനായി പലപ്പോഴും ജഗതി അഭിനയിച്ചിട്ടുണ്ട്. പരാതികളും പ്രാരാബ്ധങ്ങളും പിറു പിറുക്കലും മുനവച്ചുള്ള സംസാരങ്ങളും കൊണ്ട് ജീവിതത്തിലേക്ക് കടന്നു വരുന്ന പ്രതികൂലമായ അന്തരീക്ഷങ്ങളെയും വീഴ്ചകളെയും ഗുരുതരമായ പരിമിതികളെയും അമർഷത്തോടെ മൂടിവയ്ക്കുവാൻ ശ്രമിക്കുന്ന കഥാപാത്രങ്ങൾ അദ്ദേഹത്തിന്റേതായി മലയാള സിനിമയ്ക്കു ലഭിച്ചിട്ടുണ്ട്.

നായകനു പിന്നിൽ നിന്ന് കോമാളിത്തരങ്ങളിലൂടെ സ്വയം നിസാര വൽക്കരിച്ച് കഥാന്തരീക്ഷത്തിൽ നർമ്മം ആവിഷ്ക്കരിക്കുമ്പോഴും ജഗതിയുടെ സാന്നിദ്ധ്യവും മൗലികമായ അവതരണ ശൈലിയും ഏറെ താത്പര്യത്തോടെ തന്നെ മലയാളി പ്രേക്ഷകർ കണ്ടു.

ചമയങ്ങളേക്കാളും ചിട്ടപ്പെടുത്തിയ കഥാഘടനയേക്കാളുമതീതമായി വളർന്ന് അനുവാചക ഹൃദയങ്ങളെ, ഒരു നിമിഷത്തേക്കെങ്കിലും ശക്തമായി തന്നിലേക്ക് ആകർഷിക്കുവാനുതകുംവിധം കഥാപാത്രത്തെ ആഴത്തിലുൾക്കൊണ്ട് അഭിനയിക്കുമ്പോഴാണ് ഒരു നടന്റെ സിദ്ധി പരീക്ഷണഘട്ടങ്ങളെ അറിയുന്നത്. ജഗതിയിൽ അത് പലപ്പോഴായി സംഭവിക്കുന്നുണ്ട്. അതിലദ്ദേഹം വിജയിക്കുന്നുമുണ്ട്. ഹാസ്യത്തിന്റെ തിളങ്ങുന്ന പളുങ്കു ഗോളത്തിനുള്ളിലിരുന്ന് ചിരിക്കുന്ന അഭൗമമായ വൈരത്തിന്റെ തിളക്കം അദ്ദേഹത്തിന്റെ കണ്ണുകളിൽ തെളിഞ്ഞു കാണാറുണ്ട്. ചടുലമായ ഹാസ്യരംഗങ്ങളിൽ നിറവോടെ പകർന്നാടുമ്പോൾ ആ നടന്റെ പ്രതിഭ ചുറ്റുപാടുകളിലേക്ക് വരെ ഒരു ഊർജ്ജതരംഗമായി പലപ്പോഴും പ്രസരിക്കുന്നു. ദുഃഖജനകമായ രംഗങ്ങളെയും ആത്മാവിൽ നിന്നൊപ്പിയെടുത്തുവച്ച നടന വൈഭവത്തോടെ അവതരിപ്പിക്കാൻ ജഗതിക്ക് സാധിക്കും. ആവർത്തനത്തിന്റെ വിരസതയൊട്ടും കലരാതെ, കാലം ചെല്ലുന്തോറും കൂടുതൽ ചുറുചുറുക്കോട, സമർപ്പണത്തോടെ ജഗതി സ്വയം നവീകരിച്ചുകൊണ്ട് മുന്നേറുകയാണ്.

പൊതു സമൂഹത്തിന്റെ പല ഭാഗങ്ങളിൽ നിന്നു വരുന്ന വൈവിദ്ധ്യമാർന്ന കഥാപാത്രങ്ങളെ അവതരിപ്പിക്കുവാൻ ജഗതിക്കു കഴിഞ്ഞു. സാംസ്ക്കാരിക, രാഷ്ട്രീയ രംഗങ്ങളിലെ അപചയങ്ങളും സാമൂഹിക ചേതനയുടെ രോഗാതുരമായ അവസ്ഥകളും സാമുദായികവും മതാത്മകവുമായ വികല വിഭജനങ്ങൾക്കുള്ളിലെ പൊള്ളത്തരങ്ങളും പുരുഷാസക്തിയുടെ കപട സദാചാരവാദങ്ങളും കുടുംബ ഘടനയിലേക്ക് കാലം തള്ളിവിടുന്ന സംഘർഷാത്മകതകളും സാമൂഹ്യ ബന്ധങ്ങളിലെ വിളർച്ചകളും തീഷ്ണമായ വിശ്വാസ പ്രതിസന്ധികളും നർമ്മത്തിന്റെ നേർത്ത ആവരണം പുതപ്പിച്ച ചോദ്യങ്ങളായി നമുക്കു മുന്നിലേക്ക് എറിഞ്ഞു തന്നിട്ടുണ്ട്, ജഗതിയുടെ പല കഥാപാത്രങ്ങളും.

സമൂഹത്തിന്റെ പല തട്ടുകളിലുള്ള കഥാപാത്രങ്ങളെ ആ പാത്ര ഘടനകളാവശ്യപ്പെടുന്ന തനിമയോടെ, സ്വാഭാവികതയോടുകൂടി ആവിഷ്ക്കരിക്കുന്നതിൽ ജഗതിയിലെ നടൻ ഒട്ടുമിക്കപ്പോഴും വിജയം വരിച്ചു. രാഷ്ട്രീയ പദവികളിലെയും ഉദ്യോഗസ്ഥതലങ്ങളിലെയും നിയമ മേഖലയിലെയും മുഖ്യ ധാരക്കു പുറത്തുള്ള ജീവിതങ്ങളിലെയും വിഭിന്നമായ മനുഷ്യാവസ്ഥകളെ, മോഹാഭിനിവേശങ്ങളെ, നിസ്സഹായ നിമിഷങ്ങളെ, പ്രക്ഷുബ്ധ ഘട്ടങ്ങളെ, തകർച്ചകളെ, പ്രതികാരങ്ങളെ, വൈകാരിക ദാഹങ്ങളെ, അസ്തിത്വ ദുഃഖങ്ങളെ, വൈരുദ്ധ്യാത്മകങ്ങളായ ജീവിത പാഠങ്ങളെ, പരീക്ഷണങ്ങളുടെ പ്രഹേളികകളെയൊക്കെ മികവുറ്റ രീതിയിൽ തന്റെ അഭിനയ പ്രപഞ്ചത്തിലേക്ക് മായാമുദ്രകളായി സന്നിവേശിപ്പിക്കാൻ ഈ അതുല്യ നടന് സാധിച്ചു.

അധികാരത്തിന്റേയും പ്രീണനങ്ങളുടേയും കൊടുംചതിയുടേയും പ്രണപ്രമത്തയുടേയും വെറിയിൽ പൊതിഞ്ഞ ആസക്തിയുടേയും ഒറ്റുകൊടുക്കലിന്റേയും മാനസിക ഘടനയുള്ള, ഭ്രാന്തിനെയും യുക്തിയെയും തോൽപ്പിച്ചു നിൽക്കുന്ന ഇരുളു പുരണ്ട കഥാപാത്രങ്ങളും തനിക്കു നന്നായി വഴങ്ങുമെന്ന് ജഗതി തെളിയിച്ചു. ഇത്തരം സന്ദർഭങ്ങളോരോന്നും സാമൂഹിക ജീർണ്ണതയ്ക്കെതിരെ നടന്ന കലയുടെ സർഗ്ഗതീക്ഷ്ണമായ പ്രതിഷേധങ്ങളായി വെള്ളിത്തിരയിൽ പരിണമിക്കുകയും ചെയ്യുന്നു.

പക്ഷേ, ആ നടനുള്ളിലെ പ്രഭാമയമായ പ്രതിഭയുടെ ലാവണ്യം ഇനിയുമേറെ മലയാള സിനിമ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. ഹാസ്യത്തിന്റെ പരിമിതമായ തലങ്ങളിൽ നിന്ന് മനുഷ്യാസ്തിത്വത്തിനുള്ളിലെ ബൗദ്ധികവും വൈകാരികവുമായ കാലുഷ്യത്തെയും വിഭ്രാമകങ്ങളായ നിഗൂഢതകളെയും ആഴങ്ങളെയും സങ്കീർണ്ണമായ ദാർശനിക സൗന്ദര്യത്തിലേക്ക് മനോജ്ഞമായി എടുത്തെഴുതുന്ന കഥാപാത്രങ്ങളിലേക്ക് പ്രതിഭയുടെ അന്വേഷണാത്മകവും പീഢാദായകവുമായ തീർത്ഥാടനത്തിലേക്ക് എത്തുമ്പോൾ ജഗതിയിൽ സൗന്ദര്യാത്മകതയുടെ ഒരു വിപ്ലവം സംഭവിക്കും. ഇത് അദ്ദേഹത്തിന്റെ ഒരു വിശ്രമസമയം മാത്രമാണ്. കർമ്മ നിരതമായ അഭിനയ മുഹൂർത്തങ്ങളിലേക്ക് ആ അതുല്യപ്രതിഭ തിരിച്ചു വരുവാനായി കലയുടെ ദേവത ധ്യാനത്തിലാണ്...

Sherin K. Sabu
Ist DC Sociology

Why Sociology?

Almost all students who took this subject must have been fed up with this question . Most of the students are pursuing this course, without knowing the subject properly. They simply took sociology as their undergraduate course and then will go for some other streams. I believe that just like any other subject, sociology has got importance in our everyday life.

The moment we start looking at the society through sociology lens , a new picture emerges. We can see that sociology is everywhere! We can study the sociology of medicine, law, media, music, dance etc... Without the tools of sociology it is difficult to study the social problems: Sociology questions the different aspects of social changes and the practical difficulties involved in adopting to those changes.

Sociology developed as an academic discipline during the late 19th Century. Auguste Comte, a french philosopher, is considered as the father of sociology. University of Bombay become the premier Indian Institute to offer a course in sociology.

Many students believe that there are not enough opportunities for this course. But realise the fact that sociology has got enough job opportunities like any other subject. It can lead to various fulfilling carrers.

Governance and Public Administration is one such option. Sociologists are trained to understand group dynamics. Media is another option where sociologists analyse new modes of social relationships. Teaching is an area of great interest for most sociologists. Sociologists are of great demand in the corporate sector as well. Most corporations encourage activies relating to environment and communities. But to excel in the corporate arena, one must posses managerial skills along with theoretical knowledge. Above all, as a social being, we should have a committment towards the society in which we live. Sociology help us to become sensitive thinkers. Society is a part and parcel of the world in which we live in wherever there is society, social problems arise which can be studied with the help of sociology. Thus sociology has got its application in our day to day activities. Love sociology! Value sociology!

Navya Menon
II DC Chemistry



Think and change

"ആദ്യത്തെ ചോദ്യം നിങ്ങൾ എത്ര ചവിട്ടുപടികൾ കയറിയാണ് ഇവിടെ എത്തിയതെന്ന് ആയിരിക്കും. പലരും പറഞ്ഞു കേട്ടു തഴമ്പിച്ച ഈയൊരു വാചകമാണ്. യു.പി.എസ്. സിയുടെ കെട്ടിടം കണ്ടപ്പോൾ ആദ്യം എനിക്ക് ഓർമ്മ വന്നത്. യഥാർത്ഥത്തിൽ ചിരി വന്നു പോയി. ഗ്രൗണ്ട് ഫ്ളോറിൽ സ്ഥിതി ചെയ്യുന്ന ഈ ഇന്റർവ്യൂ ബോർഡിനെയാണോ ഇത്രയും കാലം ആളുകൾ ഇത്ര പടികൾ കൊണ്ട് ഉയർത്തിക്കെട്ടിവച്ചിരുന്നത്.

ഗ്ലാസ്സ് ഡോറിലൂടെ തന്നെയൊന്നു കണ്ടപ്പോൾ കൊള്ളാമെന്നു തോന്നി. ഇളം റോസ് നിറത്തിലുള്ള കോട്ടൻ സാരിയും, നല്ല വൃത്തിയിൽ മെടഞ്ഞിട്ട മുടിയും... തികഞ്ഞ ആത്മവിശ്വാസത്തോടു കൂടി തന്നെ ഞാൻ അകത്തേക്കു പ്രവേശിച്ചു. ചുറ്റുമൊന്ന് കണ്ണയച്ചപ്പോൾ ആദ്യം എന്റെ കാഴ്ചയിൽപ്പെട്ടത് പത്രങ്ങളായിരുന്നു. ഇന്നു പ്രചാരത്തിലുള്ളതിൽ പ്രമുഖമായ എല്ലാ പത്രങ്ങളും അവിടെ നിരത്തി വച്ചിരിക്കുന്നു. The Hindu, The Indian Express, Newyork Times... അടുത്തു തന്നെ കോഫി വെൻഡിംങ് മഷീനും

വിശദമായ CV കൊടുത്തതിനു ശേഷം എട്ടോ ഒൻപതോ ഇന്റർവ്യൂ ബോർഡുകളുള്ളതിൽ ഏതിലാണ് തന്റെ ഇന്റർവ്യൂ എന്നതും കാത്ത് മറ്റ് തിരഞ്ഞെടുക്കപ്പെട്ട മത്സരാർത്ഥികളുടെ കൂടെ നിൽക്കുകയാണ് ഞാനും. തികച്ചും റാൻഡം സെലക്ഷൻ. അതായത് ഒരേ സമയം എട്ടോ ഒൻപതോ പേർ ഇന്റർവ്യൂ ചെയ്യപ്പെടുന്നു. Ms. Navya Menon to the board of Dr. Venkatachalam. അങ്ങനെ ബോർഡ് നമ്പർ 6 ലേക്ക് ഞാൻ കടക്കുകയാണ്. റിസ്റ്റ് വാച്ചു വരെ ഊരി വാങ്ങിച്ചു. മെറ്റാലിക് ഡിറ്റക്ടർ കൊണ്ടൊരു പരിശോധനയും. മുൻപിൽ തോക്കേന്തിയ സുരക്ഷാ ഉന്നതർ. വളരെ അഭിമാനം തോന്നിയ ഒരു നിമിഷമായിരുന്നു അത്. നമ്മുടെ ഭാരതത്തിന്റെ ഇത്രയും ഉന്നതമായ സേവന മേഖലയിലേക്ക് ഞാനും ഒരു ഭാഗമാകാൻ പോകുന്നു എന്നൊരു തോന്നൽ. പിന്നീടുള്ള പത്തിരുപത് മിനിറ്റായിരുന്നു തികച്ചും ശൂന്യത തോന്നിയിരുന്ന സമയം. സമയം നോക്കാൻ കയ്യിൽ വാച്ചു പോലുമില്ല. എന്തെങ്കിലും കുത്തിക്കുറിക്കാമെന്നാൽ പേനയുമില്ല. നമ്മുടെ സങ്കേതിക വിദ്യ വളർന്നതിന്റെ ഓരോ മാറ്റങ്ങൾ Bluetooth watch ഉം Recording pen

മെല്ലാം Malpractices tools ആയതുകൊണ്ട് വെറും കയ്യോടെ അവിടുത്തെ പ്യൂണിനോട് സംസാരിച്ചിരുന്നു. ബോർഡ് ചെയർമാൻ എങ്ങനെ? ഒന്നും പേടിക്കാനില്ല. വളരെ friendly ആണ്. അദ്ദേഹം വേണമെങ്കിൽ എല്ലാ ബോർഡിന്റെ മുൻപിലും ഇത് പറയുന്നതാണെങ്കിലും കേട്ടപ്പോൾ ഒരാശ്വാസം. എനിക്കു മുൻപു കയറിയ തമിഴ്നാട്ടുകാരനായിരുന്ന ഡോക്ടർ ഇറങ്ങി. വല്യ കുഴപ്പമില്ലായിരുന്നു. Anyway ചെല്ലൂ .... All the best.

തികഞ്ഞ ആത്മവിശ്വാസത്തോടുകൂടി ഞാൻ അകത്തേക്കു കടന്നു. ഒരു സാധാരണ ഇന്റർവ്യൂ ബോർഡ് പ്രതീക്ഷിച്ച് കയറിയ ഞാൻ അവിടെ കണ്ടത്. ഒരു ഗ്രൂപ്പ് ഡിസ്കഷൻ സീറ്റിങ്ങ് രീതി ആയിരുന്നു. അതായത് സാധാരണ ഇന്റർവ്യൂകളിൽ നിന്നും വ്യത്യസ്തമായ് ഞാനും അവരിൽ ഒരു ഭാഗമായ് പങ്കെടുക്കുവാനുള്ള അവസരം. പക്ഷേ ഇന്റർവ്യൂ തുടങ്ങിക്കഴിയുമ്പോൾ ഒരേ സമയം എല്ലാവരേയും എങ്ങനെ സംബോധന ചെയ്യും എന്നതാണ് എന്നെ അപ്പോൾ അലട്ടിയത്.''

ഇനി പറഞ്ഞതെല്ലാം എന്റെ അനുഭവങ്ങളാണെന്ന് നിങ്ങൾ കരുതിയെങ്കിൽ പൂർണ്ണമായും തെറ്റിയിരിക്കുന്നു.

ഇക്കഴിഞ്ഞ 2012 സിവിൽ സർവ്വീസ് പരീക്ഷയിൽ 34-ാം റാങ്ക് കരസ്ഥമാക്കിയ കേരളത്തിൽ നിന്നും 2-ാം സ്ഥാനത്തെത്തിയ ശ്രീ. വിഷ്ണു സാറിന്റെ അനുഭവങ്ങളായിരുന്നു ഇതിലേറെയും. ഇങ്ങനെ പറഞ്ഞതിൽ തെറ്റുണ്ടോ എന്നെനിക്കറിയില്ല. ഞാനതിൽ പ്രചോദനം കൊണ്ടു എന്നതാണ് സത്യം. അതുകൊണ്ട് തന്നെ രണ്ടു മണിക്കൂർ നീണ്ട winners interaction class കേട്ടു കൊണ്ടിരുന്ന ഞാൻ അറിയാതെ ആ സ്ഥാനത്ത് എത്തുകയായിരുന്നു.

ഉയർന്ന ശമ്പളം ലഭിച്ചിരുന്ന കോർപ്പറേറ്റ് ലോകത്തു നിന്നും മെക്കാനിക്കൽ എൻജിനീയർ ആയ അദ്ദേഹം ഭാരതത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി അധികാരത്തിന്റെ ശക്തിയോടുകൂടി താഴെ തട്ടിലേക്കിറങ്ങി പ്രവർത്തിക്കുവാൻ വന്നിരിക്കുന്നു. യുവതലമുറയിൽ വന്നിരിക്കുന്ന വലിയ മാറ്റത്തെ തന്നെയാണിത് സൂചിപ്പിക്കുന്നത്. 'മാറ്റം'. അതെ വിപ്ലവകരമായ ഒരു മാറ്റമാണ് നമ്മുടെ സമൂഹത്തിന് വേണ്ടത്.

ഭാരതത്തിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്ന മുഖ്യ ഘടകങ്ങൾ എന്നു പറഞ്ഞ് അക്കമിടുവാൻ വളരെയെളുപ്പം! ദാരിദ്ര്യം, തൊഴിലില്ലായ്മ, അടിസ്ഥാന സൗകര്യമില്ലായ്മ, ഊർജ്ജ ക്ഷാമം ഇങ്ങനെ നീണ്ടു പോകും. എന്നാൽ യഥാർത്ഥത്തിൽ ദാരിദ്ര്യത്തെ നീക്കം ചെയ്യുവാൻ പണമില്ലാത്തതാണോ നമ്മുടെ പ്രശ്നം? ലോകത്തിലെ കോടീശ്വരരിൽ വരെ എത്രയോ ഭാരതീയർ !!!

വൈദ്യുതിയില്ലാത്ത, അടിസ്ഥാന സൗകര്യങ്ങളില്ലാത്ത റെഡ് ഫ്ളാഗ് ജീപ്പുകൾ മാത്രം അല്ലാതെ മറ്റു വാഹനങ്ങൾ ഒന്നും പോകാത്ത, പുറം ലോകവുമായി യാതൊരു ബന്ധവുമില്ലാത്ത എത്രയോ ജില്ലകൾ ഒറീസയിലും ചത്തീസ്ഗഢിലുമെല്ലാം നക്സൽവാദികളുടെ കൈകളിൽ അകപ്പെട്ടിരിക്കുന്നു. നാമിതെല്ലാം പത്രമാധ്യമങ്ങളിലൂടെ നിത്യവും അറിയുന്നു. പക്ഷേ നമ്മെ ബാധിക്കുന്ന കാര്യമായ് ഇവയൊന്നിനെയും കാണുവാൻ ആരും തയ്യാറാകുന്നില്ല. ഒരു യഥാർത്ഥ സിവിൽ സർവ്വീസ് ആസ്പിരന്റ് ആണ് നിങ്ങളെങ്കിൽ ഇത്തരം ചിന്തകളെല്ലാം തീർച്ചയായും നിങ്ങളെ അലട്ടിയിരിക്കണം. എങ്കിൽ മാത്രമേ നമ്മുടെ രാഷ്ട്രത്തിനു വേണ്ടി നാളെ നിങ്ങൾക്ക് മാറ്റങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കൂ. യഥാർത്ഥ സേവനം സംഭാവന ചെയ്യാനാകൂ.... മറിച്ച് 'why civil service?' എന്ന ചോദ്യത്തിന് To serve my nation എന്ന ക്ലീഷേ മറുപടിയിൽ മാത്രം ഒതുങ്ങാതിരിക്കട്ടെ. ഉയർന്ന IQ - level കൊണ്ടു മാത്രമുള്ള നേട്ടങ്ങൾ ഇവിടെ അസാധ്യമാണ്.

കാലം മാറിക്കൊണ്ടിരിക്കുകയാണ്. പണം സമ്പാദിക്കുക മാത്രമല്ല ജീവിതലക്ഷ്യം എന്ന സത്യം നമ്മുടെ യുവതലമുറയും തിരിച്ചറിഞ്ഞിരിക്കുന്നു. ഇക്കഴിഞ്ഞ സിവിൽ സർവ്വീസ് ലഭിച്ചവരിൽ ഭൂരിഭാഗവും പ്രൊഫഷണൽസ് ആണെന്നത് തന്നെ ഇതിന്റെ സൂചനയാണ്.

അനേകായിരം ജനസംഖ്യ വരുന്ന ഒരു ജില്ലയുടെ മേധാവിയായി പ്രവർത്തിക്കുവാനും ചുരുങ്ങിയ വർഷം കൊണ്ട് സുസ്ഥിരമായ വികസനത്തിന് പാതയൊരുക്കുവാൻ നിങ്ങളുടെ അധികാര ശക്തികൊണ്ട് സാധിക്കുമെന്നതിന് സംശയമില്ല. ഇനി രാഷ്ട്രീയ ശക്തികളെയാണ് നിങ്ങൾ ഭയക്കുന്നതെങ്കിൽ, അതിന്റെ ആവശ്യകതയില്ലെന്നു തന്നെയാണ് സർവ്വീസിലുള്ളവർ തന്നെ അവകാശപ്പെടുന്നത്. മുപ്പത് വർഷം കൊണ്ട് 36 ഡിപ്പാർട്ടുമെന്റുകളിൽ സർവ്വീസ് ചെയ്തവർ വരെയുണ്ട്. ഈ നിരന്തര സ്ഥാനമാറ്റം രാഷ്ട്രീയ ശക്തികൾ കൊണ്ടാണെന്നു പറയാം. പക്ഷേ തന്റേതായ ആദർശങ്ങളെയും മൂല്യങ്ങളെയും കൈവിടാതെ ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ തയ്യാറായാൽ ഏതു പ്രതിസന്ധികളേയും നമുക്ക് തരണം ചെയ്യുവാനാകും.

ഒരു നേരത്തെ അന്നത്തിനു വേണ്ടി കേഴുന്ന മുഖങ്ങളില്ലാത്ത ഭാരതമാണ് എന്റെ സ്വപ്നം. എല്ലാ മേഖലകളെയും കോർത്തിണക്കി കൊണ്ടുള്ള ഒരു സമ്പൂർണ്ണ വികസനം. അതെ, ചുറ്റുമുള്ള അവസരങ്ങളെ തിരിച്ചറിഞ്ഞ് നല്ലൊരു രാഷ്ട്രത്തെ പടുത്തുയർത്തൂ. Think and change!

"മാതൃഭാഷയും മാറുന്ന സമൂഹവും"

എം. തോമസ് മാത്യുവിനോടുള്ള ഒരു ലഘു അഭിമുഖത്തിൽ നിന്ന്...

ഭാഷ എന്നു പറയുന്നതു തന്നെ മാതൃഭാഷയാണ്. ശൈശവം മുതലേ പ്രാപ്തമാവുന്ന ഭാഷ. ലോകത്തെ വ്യക്തമായി അറിയുന്നത് മാതൃഭാഷയിലൂടെയാണ്. സ്വത്വ രൂപീകരണം ആത്യന്തികമായി സംഭവിക്കുന്നത് മാതൃഭാഷയിലൂടെയാണ്. റസൽ, ക്രിയേറ്റിവിറ്റിയുടെ സാമൂഹിക പ്രാധാന്യത്തെക്കുറിച്ച് എഴുതിയ ഒരു ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നുണ്ട്; ലോകത്തിലെ ഏതു പുതിയ സിദ്ധാന്തവും ആദ്യം നമ്മെ അമ്പരപ്പിക്കും. ഉദാഹരണത്തിന് ഭൂമി ഉരുണ്ടതാണെന്ന വാദം അക്കാലത്ത് യാഥാസ്ഥിതികരെ പിടിച്ചുലച്ചിട്ടുണ്ട്. പക്ഷേ കാലാന്തരത്തിൽ അത് അംഗീകരിക്കപ്പെട്ട വിജ്ഞാനത്തിന്റെ ഭാഗമായി ത്തീർന്നു. വിജ്ഞാനത്തിന്റെ ക്രമേണയുള്ള വളർച്ചയും ശക്തി പ്രാപിക്കലും സിദ്ധാന്തങ്ങളുടെ ജനനത്തിന് കാരണമാവുന്നു. വളരെ ദൃഢവും യുക്തിബന്ധവുമായ വിജ്ഞാനത്തിൽ നിന്നാണ് യഥാർത്ഥ പ്രതിഭയുടെ ആന്തരിക സ്വത്വം ക്രിയാത്മകമായ ഉയരങ്ങൾ തേടാൻ പര്യാപ്തമാവുന്നത്. ഒരു കൊടുമുടിക്കു നില നിൽക്കാൻ ഒരു പീഢഭൂമി വേണമെന്നു പറയുന്നതുപോലെയാണത്. പക്ഷേ, ഈ വിജ്ഞാനത്തിന്റെ സ്വാംശീകരണം സംഭവിക്കുവാൻ മാധ്യമമാവുന്ന ഭാഷയെയും ഗൗരവപൂർവ്വം പരിഗണിക്കേണ്ടതുണ്ട്. ഭാഷയെന്ന സാംസ്ക്കാരിക ശക്തിയിലാണ് അറിവിന്റെ അകം പൊരുളുകളെ നാം ഒപ്പിയെടുക്കുന്നത്. ഇവിടെ ഈ സ്വാംശീകരണ പ്രക്രിയയിലെ ഭാഷ ഇംഗ്ലീഷ് ആവുമ്പോൾ ഈ സിദ്ധാന്തങ്ങളിലേക്ക് ആദൃശ്യമായെങ്കിലും ഒരു അന്യതാ ബോധം കടന്നു വരുന്നുണ്ട്. കാരണം, നമ്മുടെ സംസ്ക്കാരത്തിന് തനിമയുള്ള, മൗലികതയുള്ള ഒരു സിദ്ധാന്തം ഒരുക്കിയെടുക്കാനാവുന്നില്ല. ഒരു ചെറിയ ഉദാഹരണത്തിലേക്ക് തിരിയാം. ബൈബിൾ എന്ന വിശുദ്ധ ഗ്രന്ഥത്തിലേക്ക് മതാത്മകമായ പ്രേരണകൾ മൂലം വായന വളരെയധികം കേന്ദ്രീകരിക്കപ്പെടുമ്പോഴും, കേരളീയ സമൂഹത്തിൽ ഇത്തരത്തിൽ സംഭവിക്കുന്ന വായനയുടെ അനുഭവങ്ങൾ സർഗ്ഗാത്മകമായ പാഠരൂപീകരണത്തിനും ക്രിയാത്മകമായ പരീക്ഷണങ്ങൾക്കും ഉതകുന്ന ഒരു തലത്തിലേക്ക് കടന്നു ചെല്ലുന്നില്ല. വൈയക്തികമായ വായനാനുഭവങ്ങൾ സിദ്ധാന്തങ്ങളെ ഭയന്ന് ഒളിയിടങ്ങളിലേക്ക് വീണു കാണാതെയാവുന്നു. നമ്മുടെ ഭാഷയിലെ സർഗ്ഗാത്മക ആവിഷ്ക്കാരങ്ങളിലേക്ക് അത്തരം വായനകൾ ചേക്കേറുന്നില്ല.

അറിവിന്റെ സ്വാംശീകരണത്തിന് ഏറ്റവും യോഗ്യമായ മാധ്യമം മാതൃഭാഷയാണ്. കാരണം ഹൃദയത്തോട് ചേർന്നു നിൽക്കുന്ന ഒരു തീവ്രമായ വൈകാരികാവസ്ഥ മാതൃഭാഷയ്ക്ക് പെട്ടെന്ന് രൂപപ്പെടുത്തിയെടുക്കാൻ കഴിയും. അപ്പോൾ സംവേദനങ്ങൾ വേഗമേറിയവയും കാര്യക്ഷമതയുള്ളവയുമാകും. മാതൃഭാഷയിൽ നിന്ന് ഇറങ്ങിപ്പോരുന്ന സ്വത്വം, തീർച്ചയായും ആത്മഹത്യാപരമായ ഒരു നിലപാടാണ് സ്വീകരിക്കുന്നത്. പ്രാദേശികമായ ഒരു ചുറ്റുപാടിൽ ശരീരപരമായ സവിശേഷതകൾ, ഭക്ഷണ രീതികൾ, കാലാവസ്ഥ എന്നിങ്ങനെയുള്ള നിരവധി ഘടകങ്ങൾ ഭാഷയിൽ സംഭവിക്കുന്ന തിരുത്തലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കും പുനർവായനകൾക്കും പൊളിച്ചെഴുതലുകൾക്കും കാരണമാവുന്നു. ആത്മീയമായ ബോധ്യങ്ങൾ പിറവിയെടുക്കുന്നതും കളിച്ചു വളരുന്നതും ഭാഷയുടെ തട്ടകത്തിലാണ്.

ഭാഷയുടെ മറ്റൊരു തലമാണ് അനുഷ്ഠാനത്തിന്റെ നിഷ്ഠകളെയും വിശ്വാസ സംഹിതകളെയും പരുവപ്പെടുത്തുന്നത്. ലോകം കാർഷിക സംസ്ക്കാരത്തിന്റെ ചരിത്ര ഘട്ടങ്ങളിലൂടെ കടന്നു പോയപ്പോൾ ഉണ്ടായ ഭാവനാത്മകവും വൈകാരികവുമായ പ്രതികരണമായിരുന്നു ഈ അനുഷ്ഠാനമെന്ന സങ്കൽപ്പത്തിലേക്ക് മനുഷ്യനെ കൊണ്ടു ചെന്നെത്തിച്ചത്. അത്തരത്തിലുള്ള ഒരു ഘട്ടത്തിലും ഭാഷ നിർണ്ണായകമായ സ്ഥാനം വഹിച്ചിരിക്കുന്നു.

സാമൂഹികാന്തരീക്ഷത്തിൽ മാതൃഭാഷ മനുഷ്യന് അമ്മയാണ്. പക്ഷേ സ്വന്തം അമ്മയെ വൃദ്ധ മന്ദിരത്തിൽ ഉപേക്ഷിക്കാൻ മടികാണിക്കാത്ത ഒരുവന് മാതൃഭാഷയെ എങ്ങനെ ആത്മാർത്ഥമായി സ്നേഹിക്കാനാവുമെന്ന് വേണമെങ്കിൽ ചോദിക്കാം. ആധുനികതയുടെ മൂല്യശോഷണം സാമൂഹിക ഘടനയിൽ വരുത്തിയ ചില അഴിച്ചുപണികളാണ് വൃദ്ധ സമൂഹത്തെ ഇത്തരത്തിൽ, മുഖ്യധാരയുടെ സാമൂഹിക ബന്ധങ്ങളിൽ നിന്ന് വലിച്ചു പുറത്തിടുന്നത്. ഇവിടെ ഇതുവരേക്കും സഹജമായ അനിവാര്യതയായിരുന്ന നൈതികത നിർദയം ഉപേക്ഷിക്കപ്പെടുന്നു. കുട്ടികൾ അവരുടെ മാതാപിതാക്കളെ ഒരു ഭാരമായി കണക്കാക്കുന്ന അവസ്ഥയിൽ ഒരു സാംസ്ക്കാരിക ദുരന്തത്തിന്റെ നിഴൽ പ്രതിഫലിക്കുന്നുണ്ട്. ഇവിടെ ആ മക്കളെ അടച്ചാക്ഷേപിക്കുന്നതിൽ മാത്രം പ്രശ്നം തീരുന്നില്ല എന്നതാണ് കാര്യം. ഇവിടെ സംഭവിക്കുന്നത് ധാർമ്മികതയുടെ തന്നെ പുനർ നിർവചനമാണ്. ബന്ധങ്ങളുടെ സ്വഭാവം സങ്കീർണ്ണമാവുന്നു. നമ്മുടെ ജീവിതത്തിന്റെ അനുഭവങ്ങൾ, വൈകാരികമായ വിശ്വാസ പ്രമാണങ്ങൾ, പണാധിഷ്ഠിതമായ മൂല്യ വ്യവസ്ഥകൾ ഇവയെല്ലാം മനുഷ്യനെ മാറ്റിയെഴുതുന്നു. അവിടെ ഭാഷയും വലിയ തോതിൽ മാറ്റങ്ങൾക്ക് വിധേയമാവുന്നതു സ്വാഭാവികം. സ്വത്വാഭിമാനം ക്ഷയോന്മുഖമാകുമ്പോൾ പിന്നെ വ്യക്തി പൂർണ്ണമായും ആധുനികതയുടെ കൂടിക്കുഴഞ്ഞ അർദ്ധ സത്യങ്ങൾക്കും പ്രലോഭനങ്ങൾക്കും സാംസ്ക്കാരികമായ അധിനിവേശത്തിനും അസ്തിത്വ ദുഃഖത്തിനും സ്വയം വഴങ്ങിക്കൊടുക്കുന്നു.

ഭാഷ സാമൂഹിക സത്തയിൽ നിന്നുരുവാകുമ്പോൾ അവിടെ ദ്വാന്ദ്വാത്മകതയും വിഭജനങ്ങളും അടിച്ചമർത്തലുകളും അവജ്ഞയും ഗൂഢമായ ആകർഷണ വികർഷണങ്ങളും സംഭവിക്കുന്നതിൽ വലിയ അത്ഭുതമില്ല. നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന തൊഴിൽ വിഭജനങ്ങൾ ഭാഷയെയും സ്വാധീനിച്ചു. ചില തൊഴിലിടങ്ങളും അനുഭവങ്ങളും സാമൂഹിക യാഥാർത്ഥ്യങ്ങളായി നിലനിൽക്കെത്തന്നെ അതിരുകളിലേക്ക് കുടിയൊഴിപ്പിക്കപ്പെട്ടു. മറ്റൊരു തരത്തിൽ പറഞ്ഞാൽ കർമ്മം ഫലേച്ഛ കൂടാതെ, അർപ്പണ മനോഭാവത്തോടെ ചെയ്യുക എന്ന ധാർമ്മികമായ പൈതൃകം പച്ചയായി ഇന്ന് നമ്മുടെ സമൂഹത്തിൽ നിഷേധിക്കപ്പെടുകയാണ്. കർമ്മരാഹിത്യം ഒരു തരം ആഘോഷം പോലെ കൊണ്ടാടപ്പെടുന്ന ഒരു അവസ്ഥയാണിപ്പോൾ ഉണ്ടാവുന്നത്.

യാന്ത്രികത മനുഷ്യാംശങ്ങളെ ചൂഴ്ന്നു വളരുമ്പോൾ, മാനവിക മൂല്യങ്ങളുടെ ഉത്കൃഷ്ടമായ പ്രബോധനങ്ങൾ ക്രൂരമായി ആക്രമിക്കപ്പെടുന്നു. പാട്ട് കേൾക്കുന്നവനും, വെറുതെ മുറ്റത്ത് പൂച്ചെടികൾ നട്ടു പിടിപ്പിക്കുന്നവനും, വൈകുന്നേരങ്ങളിൽ നടക്കാനിറങ്ങുന്നവനുമായ മനുഷ്യൻ കാര്യക്ഷമതയില്ലാത്ത ജീവിയായതിനാൽ ഈ ഭൂമുഖത്തു നിന്ന് അവനെ തുടച്ചു നീക്കണമെന്നാണ് കാൾ ചാപെകിന്റെ നാടകത്തിലെ യന്ത്രമനുഷ്യനായ ഒരു കഥാപാത്രം പറയുന്നത്. ഈ യാന്ത്രികമായ അധീശത്വം പരിപ്രേക്ഷ്യങ്ങളിലേക്ക് സമയത്തിന്റേയും ഭൗതികലാഭത്തിന്റേയും ആസക്തികളുടെയും ഭ്രാന്തമായ അഭിരുചികളെ തുറന്നു വിടുമ്പോൾ മനുഷ്യന് മൗലികത നഷ്ടമാവുന്നു.

ഈ സാഹചര്യത്തിൽ അവന്റെ സ്വപ്നങ്ങളെയും ഉത്കണ്ഠകളെയും ജീവിതാവബോധത്തെയും ഒപ്പിയെടുക്കേണ്ടതും ഭാഷ തന്നെയാണ്. ഈ യാന്ത്രികതയിൽ ഒട്ടിച്ചേർന്നു നിൽക്കുന്ന വിദ്യാഭ്യാസ സമ്പ്രദായവും മനുഷ്യനെ സാങ്കേതികതയുടെ അസ്ഥിപഞ്ജരമാക്കി ആത്മാവിന്റെ ദാഹങ്ങളെ, തെരുവിൽ ഉപേക്ഷിച്ചു പോരുന്നു. മാധ്യമങ്ങളുടെ ഭാഷ, വിലപേശി സത്യത്തിന്റെ ഉടുതുണിയെ മാത്രം പങ്കിട്ടെടുത്ത് അന്നന്നത്തെ ആഹാരത്തിനു വേണ്ടി മനുഷ്യന്റെ സ്വകാര്യ ദുഃഖം വരെ നാടുനീളെ പ്രചരിപ്പിച്ച് കഴിയുന്ന ഒരു പുതിയ "പ്രതിബദ്ധതയുടെ" ഭാഷയാണ്.

പിന്നെ ഭാഷയെ വലിച്ചു ചീന്തി വേഷം കെട്ടിച്ച് ആട്ടം നടത്തുന്നത് ഇന്റർനെറ്റിലെ പ്രയോഗങ്ങളാണ്. പുസ്തകം കൈകളെ തൊടുമ്പോഴും ആഴത്തിലുള്ള ഒരു പരിചയമുണ്ടായതിനുശേഷം അത് നമ്മോട് തുറന്ന് സംവദിക്കുമ്പോഴും ആശയങ്ങളുടേയും പ്രതിരോധങ്ങളുടേയും യുക്തിയുടേയും ആത്മാവിലൂടെയുള്ള യാത്രകളെ പുതിയ ഭാവാന്തരങ്ങളിൽ തുറന്നു കാണിക്കുമ്പോഴും ഒരു അനന്യമായ അനുഭൂതി നമ്മെ വലയം ചെയ്യുന്നുണ്ട്. ഒരു ജൈവിക ബന്ധത്തിന്റെ തുടക്കമാണ് അത്. വിശുദ്ധമായൊരു അധ്യയനത്തിന്റെയും.

തയ്യാറാക്കിയത് : **എഡിറ്റോറിയൽ ബോർഡ്**

പച്ചപ്പിന്റെ സമയം

Ananthakrishnan. M
II BSc. Chemistry

നഗരത്തിന്റെ അഗ്രങ്ങൾ, സ്ഥലകാലത്തെ പിളർത്തി,
കവരങ്ങൾ പോലെ, നീളവും വീതിയും ഉയരവും
സമയവും തുളഞ്ഞുകയറി. ഇളം മാംസത്തിലെന്ന പോലെ,
അവിടെ ബോധത്തിൻ ഞരമ്പുകൾ വലിഞ്ഞു പൊട്ടി.

അന്തർധാരയുടെ ഗതിയിൽ അണകെട്ടി.
ശബ്ദത്തിൻ കഴുത്തിൽ പുരാതനമായൊരു കയർ വീണു.
ലോകം മടിച്ചൊഴുകി, ചെറിയ വിള്ളലുകളിലൂടെ
ശാന്തമായ്, മൗനമായ് മർദം വന്നു പെരുകി.
നിറഞ്ഞു പുത്തൻ കൂടുകൾ തേടിപ്പിടഞ്ഞു.

നെട്ടനെയുയർന്നു, മാനം തുളച്ചു കൂടുകൾ നിന്നു.
സുഖദാനുഭൂതികളുടെ പൂർണ്ണ വിരാമം പോലെ
നക്ഷത്രങ്ങൾ മണ്ണിലേക്കു ചിതറി
മുളയ്ക്കാത്ത വിത്തുകൾ ആഴ്ന്നിറങ്ങി

ജീവന്റെ പച്ചത്തലപ്പുകളെ അറ്റമെഴാതെ പ്രേമിച്ചു
വേരറുത്തു, ചുരണ്ടിയ വാൾമുനയിലെ പച്ചപ്പ്,
അതുകൊണ്ട് കൂടുകളും പച്ച പൂശി..
വരൾച്ച കുപ്പിയിൽ നിറച്ചു കടകളിൽ നിരന്നു
കണ്ഠവും വാക്കും ഒന്നായ് കരിഞ്ഞു.

ശബ്ദം, മർദ്ദം തിങ്ങി വീർത്തു മുറുകി,
മൂടുപടങ്ങൾ പരത്തും മഷിക്കടൽ നീന്തി
വിളർച്ചയും മരണ ഭീതിയും മാത്രം വരുന്നു.
നിശബ്ദത പിറുപിറുക്കുന്നു, മുട്ടിലിഴയുന്നു.

ഏകയായ സമയത്തിന്റെ വിളക്കു കാലിന്റെ
വടിവുകളിലഭിരമിച്ചങ്ങനെ, ശബ്ദം
തൂങ്ങിക്കിടക്കുന്നു, ഉത്തുംഗ നാഗരികതയുടെ
വിണ്ടൊരു പ്രകാശ സ്തൂപം എരിയുന്നു അനന്തമായ്....

ചൂടറിയാൻ മാത്രമായ് ഒരുക്കിയ, യന്ത്രത്തണുപ്പിൽ
ചുളിഞ്ഞ കിടക്ക വിരികളിൽ അരണ്ട വെളിച്ചത്തിൻ
മഴവിൽ മച്ചുകളുടെ കീഴിൽ, വിലയുടെ ചന്തയിൽ
ചുവരിലെ പച്ചയുടെ എന്തോ ചത്തു കൊഴിഞ്ഞ
തുടിപ്പറിയാം, ഇഴയുന്ന, ചൈതന്യം വിറ്റു പെറുക്കിയൊരു ത

മണ്ണിൻ കറുപ്പിൻ, ജനനത്തിന്റെ തണുപ്പിൽ
ലയിക്കാൻ വെമ്പി, വിരൽ നീട്ടിയ
ശുഷ്ക മൂലാഗ്രങ്ങൾ, മിനുസമേറിയ തറയിൽ
അമ്പരന്നു നിന്നു, ഭൗമാന്തരങ്ങൾ ചായം പുരട്ടിയ
കിനാക്കളും പിന്നെ നനവിന്റെ ആഴവും തീക്ഷ്ണതയും.

വിളറാതെ, വിയർക്കാതെ വിറയ്ക്കാതെ
ചുവരിലെ പച്ചയോ മന്ദസ്മിതം തൂകി
നിറവും കുളിരും അലിഞ്ഞ വായുവിൻ
ഹർഷോന്മാദത്തിൽ, പച്ച മുടിയിഴകളിൽ
സൗരഭ്യം തിരയവേ, പുതുനാമ്പുകളുടെ വിപ്ലവം കണ്ടില്ല.
നിലയ്ക്കുന്ന ഹൃദയതാളവും, മുടങ്ങിയ
അലർച്ചകളും, മൃദു വിലാപവും, തേങ്ങലും
ഒപ്പം, രക്തമൊഴിഞ്ഞുണങ്ങിയൊരു മാംസക്ഷണവും
ഉയരുന്നൊരു മണൽക്കാറ്റും, അണഞ്ഞ കൈവിളക്കും
ഒരുക്കിയ മെത്തയിൽ ഞാൻ, എന്നിൽ ഉരുകി യുറയ്ക്കുന്നു.

ഇനി കാണൂ, ചുവരിൽ പച്ച പടരുന്നതു കാണൂ.
വേരുകളിരുട്ടിൽ ആശ്ലേഷിക്കുന്നതും,
ജീവന്റെ ആശങ്കകൾ അടങ്ങുന്നതും കാണൂ.
സമയമിനിയും പരന്നൊഴുകുമിവിടെ
തളിരിടുന്ന മുളപൊട്ടുന്ന ചിത്രങ്ങളിലേക്ക്

Deepa Noble
II BSc, Zoology



The Sparrow ...,
And the sorrow

The sparrows and mynahs will soon join the dinosaurs. We are not responsible for the singing feathers. Living on the fifth and eighth floor this fact about sparrows really does not matter as no branches just in. There are no trees, only concrete match boxes that are neatly packed in rows one above the other in an orderly fashion. And, even if he comes tweeting in, the air conditions do not really allow the sound to penetrate . In fact the twitters singing feathers can be a nuisance.

We are not individually responsible for the falling of trees for widening roads or building the metro, are we? So how can we be responsible for the extinction of the dear sparrow?

The grains from the grocers are no longer food for the sparrows as it is not packed in gunny bags so the sparrows could get a peck from the holes, nor can they feed on the cleaned left over grains, as they are packed in plastic bags and placed in malls. We have done away with ledges which housed and fed them with neat compound walls, the roof tiles with concrete and the crevices in walls and roofs too with cement . Who has the time to keep a basin of water ? We are in a hurry and are buying water in cans and bottles. Where do we have the time or money to keep water for the birds too? Mud bath? For the sparrows, or dust bath? We have done away with too by neatly laying footpaths and walk ways with concrete. Neat ain't we?

Talk about cellphones and they say we are killing a bird with every call, and it is interesting with their population . Do we care? Well, you can do without sparrows not the cellphone, right?" A signature campaign is on I have signed it to save sparrows and there ends my worries about sparrows. In any case, I had not noticed their disappearance till it was announced that house sparrow day falls on March 20. "Let the environmentalist worry about the sparrows, I'm headed for my 9.00 am to 5.00 pm workplace with another thoughts.

We shall never wake up from the fast moving world unless there will come a day they call the " world human being day", and unless we do something about it. We will soon join the dinosaurs & sparrows.

സ്ത്രീ

Athira Antony
Ist B.Com CA

ജീവജാലങ്ങൾ ഉടലെടുത്ത അന്നുമുതൽ ഇന്നുവരെ നീളുന്ന, ഇനി നാളെയിലേയ്ക്കും തുടരാവുന്ന ഒരു തർക്കമാണ് നാരി നരന് അടിമയോ എന്നുള്ളത്. കായികശക്തിയുടെ ആധിപത്യമുള്ള ഒരു ശരീരപ്രകൃതി ദൈവം പുരുഷന് നൽകിയപ്പോൾ, സ്ത്രീക്ക് നൽകിയത് മാതൃത്വവും സ്നേഹവുമാണ്. സ്ത്രീയുടെ ഈ വികാരത്തെ ചൂഷണം ചെയ്താണ് പുരുഷൻ അവളെ വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുക്കി നിർത്തിയിരിക്കുന്നത്. എന്നാൽ അവൾ അതിനുള്ളിൽ സുരക്ഷിതയായിരുന്നില്ല. മാനസികമായി എന്നും സ്ത്രീ ബലഹീനയായി തന്നെ ജീവിച്ചു.

ബാല്യത്തിൽ പിതാവിനാലും, യൗവ്വനത്തിൽ ഭർത്താവിനാലും, വാർദ്ധക്യത്തിൽ പുത്രനാലും സംരക്ഷിക്കപ്പെടേണ്ട സ്ത്രീക്ക് സ്വന്തമായി എന്തെങ്കിലും ചെയ്യാനുള്ള സ്വാതന്ത്ര്യം സമൂഹം നിഷേധിച്ചിരുന്നു. മനുസ്മൃതിയിൽ പറയുന്നതുപോലെ 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നതായിരുന്നു ഒരു കാലത്ത് സമൂഹത്തിന്റെ കാഴ്ചപ്പാട്. എന്നാൽ നാലു ചുവരുകൾക്കുള്ളിൽ അടച്ചിടാൻ ഉള്ളതല്ല സ്ത്രീത്വം എന്ന് ഇന്നത്തെ സ്ത്രീ തിരിച്ചറിഞ്ഞിരിക്കുന്നു. തന്റെ കഴിവുകളും ബലഹീനതകളും തിരിച്ചറിഞ്ഞ് സ്ത്രീ പ്രവർത്തിച്ച് തുടങ്ങിയപ്പോൾ, സമൂഹത്തിന് സ്ത്രീയെപ്പറ്റി ഉള്ള കാഴ്ചപ്പാടുകളും മാറിമറിഞ്ഞു തുടങ്ങി.

'ദേവീ, ശ്രീദേവി' എന്ന് സ്ത്രീയെ വാഴ്ത്തിപ്പാടിയിരുന്ന ഒരു കാലത്തു നിന്ന്, സമൂഹത്തിന് സ്ത്രീയെപ്പറ്റിയുള്ള കാഴ്ചപ്പാട് മാറി മാറി ഇപ്പോൾ 'പൈനാപ്പിൾ പെണ്ണേ ചോക്ലേറ്റ് പീസേ' എന്ന് അവളെ വിശേഷിപ്പിക്കുന്ന ഒരു അവസ്ഥ വന്നു ചേർന്നിരിക്കുന്നു. കാലത്തിനൊത്ത് മാറിയെന്ന് വിശ്വസിക്കപ്പെടുന്ന ഇന്നത്തെ സമൂഹം സ്ത്രീ സ്വതന്ത്രമായി പ്രവർത്തിക്കുമ്പോൾ അതിനെ അഹങ്കാരം എന്ന് വിളിക്കുന്നു. സ്ത്രീ മാറ്റത്തിന്റെ പ്രതീകം ആവണമെന്ന് ആഗ്രഹിക്കാത്ത ഒരു സമൂഹത്തിലും പൂർണ്ണമായ വികസനം സാധ്യമാവുകയില്ല എന്നുള്ള വസ്തുത തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കാര്യേഷു മന്ത്രി
കരുണേഷു ദാസി
രൂപേഷു ലക്ഷ്മി
ക്ഷമയാ ധരിത്രീ

എന്നിങ്ങനെ നീതിസാര സങ്കൽപ്പത്തിലെ സ്ത്രീയെ അല്ല ഇന്നിന് ആവശ്യം എന്ന് സമൂഹം തിരിച്ചറിയേണ്ടിയിരിക്കുന്നു.

സ്ത്രീയുടെ കഴിവ് തിരിച്ചറിഞ്ഞ് അവൾക്ക് അംഗീകാരം കൊടുത്താൽ മാത്രമേ പൂർണ്ണമായ സാംസ്ക്കാരിക വികസനം സാധ്യമാകൂ..... നല്ലൊരു നാളേയ്ക്ക് നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം..

SACRED HEART COLLEGE
LIBRARY
THEVARA

നിനക്കായ്...
ഒരിറ്റു കണ്ണുനീർ

ആഗ്നസ് മരിയ ആന്റണി
Ist DC Botany

'**കാ**ൽപ്പനിക പ്രണയത്തിലെ കാണാക്കയങ്ങൾ;' കറുത്ത ബോർഡിൽ പിങ്ക് നിറത്തിലുള്ള ചോക്കാൽ വടിവൊത്ത അക്ഷരങ്ങളിലെഴുതപ്പെട്ട വരികൾ; ഇരുപത്തിയഞ്ചോളം വരുന്ന മത്സരാർത്ഥികളുടെ കണ്ണുകളിൽ തിളങ്ങി.

അന്തർദ്ദേശീയ ഉപന്യാസ മത്സരങ്ങളുടെ വേദികൾ പലതവണ കയറി ഇറങ്ങിയിട്ടുള്ള അവരുടെ കാലുകൾ സ്ഥാനഭംഗം വരാതെ നിരന്തരം ചലിപ്പിച്ച് പ്രതിഷേധം രേഖപ്പെടുത്തി.

ഇന്ത്യയുടെ നയതന്ത്രങ്ങളും, അറബ് വസന്തവും, അമേരിക്കയും സാമ്പത്തിക മാന്ദ്യവും, ആസിയാൻ കരാറും എല്ലാം ആ ശീതീകരിച്ച മുറിയിൽ നിന്നും ആവിയായിപ്പോയി.

വിശാലമായ ആ മുറിയുടെ വലത്തെ കോണിൽ ഭിത്തിയോട് ചേർന്ന് ആകാശ നീലനിറമുള്ള കുഷ്യനിലേക്ക് ചാരിക്കിടന്ന് അവൾ ഓരോ വാക്കുകളുടേയും അർത്ഥങ്ങൾ ആലോചിച്ചു.

വന്ന സ്ഥിതിക്ക് ഒന്നും എഴുതാതെ പോകുന്നത് ശരിയല്ലല്ലോ.

എന്താണ് കാൽപനികത? എന്താണ് പ്രണയം? എന്താണ് അതിലെ കാണാക്കയങ്ങൾ? ... പതിവ് ഉപന്യാസശൈലിയിൽ തന്നെ എഴുതി തുടങ്ങി.

എന്താണ് പ്രണയം?... വെള്ളക്കടലാസിൽ നിന്നും ഒന്നു മൂരി നിവർത്തിയ തൂലിക വീണ്ടും അതിനെ ചുംബിക്കുവാൻ അറച്ചു നിന്നു.

സത്യത്തിൽ എന്താണ് പ്രണയം? കണ്ണുകൾ ചെന്നുടക്കിയത് അതിവേഗം കറങ്ങുന്ന സീലിംഗ് ഫാനിലാണ്.

ചന്ദനത്തിരിയുടെ വെളുത്ത പുകക്കിടയിലൂടെ തന്നെ നോക്കി പുഞ്ചിരിക്കുന്ന അച്ഛൻ.... ഈട്ടിത്തടിയിൽ മെനഞ്ഞ മനോഹരമായ ഫ്രെയിമിനുള്ളിൽ അച്ഛന്റെ എണ്ണച്ഛായാ ചിത്രം.... അതിനു മുൻപിൽ ചെറിയ കറുത്ത വരയുള്ള മുണ്ടും, നേര്യതും ഉടുത്ത്, അശ്രദ്ധമായി ടൗവ്വലിനുള്ളിൽ മുടിവാരി ചുറ്റി കൈകൾ കൂപ്പി നമസ്ക്കരിച്ചു നിൽക്കുന്ന അമ്മ.... ചന്ദനത്തിൽ കടഞ്ഞെടുത്ത ശിൽപ്പം പോലെ.... അതെ! നിർജീവമായ ശിൽപം!

'വെറും നാട്യങ്ങളല്ലെ അമ്മാ ഇതൊക്കെ, ഒരിക്കലെങ്കിലും അമ്മ അച്ഛനെ സ്നേഹിച്ചിട്ടുണ്ടോ?' തലേരാത്രിയിലെ തേങ്ങലുകൾ അമ്മയുടെ കണ്ണുകൾക്കും നാസാരന്ധ്രങ്ങൾക്കും ചുറ്റും ചുവപ്പു നിറം അവശേഷിപ്പിച്ചിരുന്നു. ആ നീർമിഴികൾ നിസംഗമായി പതിവു പോലെ അവളെ ഒന്ന് നോക്കിയിട്ട് അടഞ്ഞു.

സ്വന്തം അമ്മയെ പുച്ഛിച്ചുകൊണ്ടായിരുന്നല്ലോ എന്നും തന്റെ ദിവസം തുടങ്ങാറുണ്ടായിരുന്നതെന്ന് ഒരു ഉൾപ്പിടച്ചിലോടെ അവൾ ഓർത്തു.

മെഡിക്കൽ കോളേജിലെ ആദ്യ സെമസ്റ്റർ അവധി ദിനങ്ങളിൽ ഒന്നിൽ ഒരു ഉച്ചതിരിഞ്ഞ സമയത്താണ് അമ്മയുടെ മാത്രം സ്വന്തമായിരുന്ന ആ തടിയലമാര തുറന്നത്.

അടുക്കി വച്ചിരുന്ന പുസ്തക കെട്ടുകൾക്കിടയിലൂടെ പാറ്റക്കുഞ്ഞുങ്ങൾ ഓടിക്കളിച്ചു. വെള്ളി മീനുകൾ ഫോസിലുകളായി രൂപാന്തരം പ്രാപിച്ചിരുന്ന നിറം മങ്ങിയ ആ പുസ്തക കടലാസിലൂടെ അമ്മയുടെ യൗവ്വനം പതിയെ നിറം പിടിച്ചു തുടങ്ങി.

കവിയത്രിയും പ്രണയിനിയുമായ അമ്മ.... അവൾ അമ്മയെ അറിയുകയായിരുന്നു... ഒപ്പം ശേഖർ അനിരുദ്ധൻ, എന്ന വ്യക്തിയെയും.

ഒരു രസതന്ത്ര വിഭാഗ മേധാവിയുടെ എല്ലാ തിരക്കുകളും അവൾക്കായി മാറ്റി വച്ച് കോളേജിന്റെ പടിക്കെട്ടിറങ്ങി ഓടിവരുന്ന അമ്മയ്ക്കായി ഭൂതകാലത്തിന്റെ അവശിഷ്ടങ്ങൾ കൂട്ടിപ്പെറുക്കി ചിതയൊരുക്കി അവൾ കാത്തിരുന്നു. നീണ്ട 4 വർഷങ്ങൾ ആ ചുടലക്കളത്തിലിട്ട് കത്തിയെരിയിച്ചു അവൾ അമ്മയെ....

'വെറും ആറുമാസം മാത്രം പ്രായമുണ്ടായിരുന്ന എന്നെ തനിച്ചാക്കി അച്ഛൻ ഈ ലോകത്തു നിന്നു പോയത് അമ്മയുടെ പരപുരുഷ ബന്ധമാണ്.'

ക്രോധം മദം പൂണ്ട ഏതോ നിമിഷത്തിൽ അവൾ അലറി.

വർഷങ്ങളായി അവളുടെ പരിഹാസ ശരങ്ങൾക്കു മുൻപിൽ പോസ്റ്റുമോർട്ടം ചെയ്യപ്പെടുന്ന മൃതദേഹമെന്നവണ്ണം നിൽക്കാറുണ്ടായിരുന്ന അമ്മ അന്ന് രൗദ്രയായി. അത് അണയുന്നതിനു മുൻപുള്ള ആളിക്കത്തലായിരുന്നു.

ആ ചുടല പറമ്പിൽ പാതിവെന്ത മാംസത്തിന്റെ ഗന്ധവും ശ്വസിച്ച്, ഒറ്റപ്പെടലിന്റെ ഭീകരതയെക്കുറിച്ച് ഓർത്തു വിതുമ്പവേ, കവിൾത്തടത്തിൽ നിന്നും കണ്ണുനീർത്തുള്ളികൾ തുടച്ചു നീക്കിയ ആ കരങ്ങളുടെ ഉടമയെ ഞെട്ടലോടെയാണ് തിരിച്ചറിഞ്ഞത് - ശേഖർ അനിരുദ്ധൻ.

'അമ്മ തീർച്ചയായും സ്വർഗ്ഗത്തിലെത്തി.' അദ്ദേഹത്തിന്റെ വാക്കുകളിലെ ആർദ്രതയിൽ നിന്നും പഠിച്ചു. പ്രണയം ഒരു അതീന്ദ്രിയ ജ്ഞാനമാണ്. ബോയ് ഫ്രണ്ട് എന്ന തസ്തികയിലേക്കു കാലാകാലം മാറി വരുന്നവരുടെ സ്വാതന്ത്ര്യ പ്രകടനത്തിന്റെ ഫലമായി രൂപം കൊണ്ട പോറലുകൾ നിറഞ്ഞ ശരീരത്തിനുള്ളിൽ ആരും സ്പർശിക്കാതെ ഒരു കിണറിന്റെയത്ര ആഴമുള്ള ഹൃദയവും പേറി നിൽക്കവേ, കണ്ടു, അകലെ ഒരു പോറൽ പോലും ഏൽക്കാത്ത സുന്ദര ശരീരത്തിനുള്ളിൽ അമ്മയുടെ ഹൃദയം!

അതിൽ നിന്നും രക്തം ഇറ്റിറ്റു വീഴുന്നുണ്ടായിരുന്നു. അവൾ എഴുതി.

പ്രണയം പുണ്യമാണ്.

പ്രണയിക്കുന്നതും പ്രണയിക്കപ്പെടുന്നതും മുജ്ജന്മ സുകൃതമാണ്.

HANG OVER

മീര ടോം.
[Ind DC Physics

സിനിമ കാണാൻ മാത്രമല്ല, കണ്ട സിനിമയിലെ ഇഷ്ടപ്പെട്ട ഡയലോഗുകൾ കാണാതെ പഠിക്കാനും അവൾക്കിഷ്ടമായിരുന്നു. ഇടയ്ക്ക് ചിലപ്പോൾ സന്ദർഭാനുസരണം അത്തരം ചില ഡയലോഗുകൾ തട്ടി വിടും (ചുമ്മാ കൂട്ടുകാരുടെയിടയിൽ ഒന്നു ഷൈൻ ചെയ്യാൻ) ഏതൊരു ശരാശരി മലയാളിപെൺകുട്ടിയെപോലെയും ഒരു സിനിമ കണ്ടാൽ പിന്നെ രണ്ടു ദിവസത്തേക്ക് Hang Over ആണ്. അവളുടെ ജീവിതത്തിലെ ഏറ്റവും വലിയ ആനന്ദവും അവളിൽ ഏറെ സ്വാധീനം ചെലുത്തുന്നതും സിനിമയാണ്.

ആൺകുട്ടികളോടു അവൾക്കുള്ള ഏറ്റവും വലിയ അസൂയ സിനിമാ തീയറ്ററിൽ അവരനുഭവിക്കുന്ന വലിയ സ്വാതന്ത്ര്യം ആണ്. ഏതു പുതിയ സിനിമ റിലീസ് ചെയ്താലും അന്നുതന്നെ ഫസ്റ്റ് ഷോയ്ക്ക് ടിക്കറ്റെടുത്ത് സിനിമ കാണാനുള്ള ആൺകുട്ടികളുടെ ആവേശം അവളുടെ അസൂയ വർദ്ധിപ്പിച്ചു. ആൺകുട്ടിയാണെങ്കിൽ തോണ്ടലും തലോടലും കമന്റടികളും സഹിക്കേണ്ട. തൊട്ടടുത്ത് ഇരിക്കുന്ന ആളെ ശ്രദ്ധിക്കേണ്ട ആവശ്യമില്ല. Free birds.... Second Show കാണാൻ മൂന്നാം പ്രാവശ്യവും ഹോസ്റ്റലിന്റെ മതിലു ചാടിയ കസിൻ ചേട്ടന് ഇപ്പോ സപ്ലി 2 ആയി. സപ്ലികൾ കൊണ്ടൊരു കൊട്ടാരം തീർക്കുന്ന ഈ കസിൻ ചേട്ടൻ ഒരു ബോറനാണ്. അയാൾ കണ്ടതും എന്നാൽ അവൾ കാണാത്തതുമായ സിനിമയുടെ ക്ലൈമാക്സ് പൊട്ടിക്കുക അയാൾക്കൊരു ഹോബിയാണ്. അതു കേൾക്കുമ്പോൾ അവളൊരു Angry bird ആയി മാറും. കാരണം, ഓരോ സിനിമയും അതിലെ twist കളും വെള്ളിത്തിരയിൽ കാണാനാണ് അവൾക്കിഷ്ടം.

വെള്ളിയാഴ്ചകൾ അവൾക്കിഷ്ടമാണ്. സിനിമകളുടെ ജന്മ ദിനങ്ങൾ ... പതിവുപോലെ ഉച്ചയ്ക്ക് കോളേജ് കാന്റീനിൽ കൂട്ടുകാരോടൊപ്പം കസേരയിട്ടിരുന്നു. ചേട്ടാ ഒരു ചിക്കൻ പഫ്, അയ്യോ! അല്ലെങ്കിൽ വേണ്ട വെജ് മതി. ഇന്ന് വെള്ളിയാഴ്ചയാ." വലതു കയ്യിലെ നടുവിരലിൽ കിടക്കുന്ന കൊന്ത മോതിരത്തിലേക്ക് അവളൊന്നു നോക്കി. റോയ് ഓർഡർ ചെയ്ത ബർട്ടർസ്കോച്ച് ഐസ്ക്രീം ടേബിളിൽ ഇരിക്കുന്നു. എതിർവശത്തിരുന്ന ശിൽപയോട് ഐസ്ക്രീം ചൂണ്ടിക്കാണിച്ച് തനി സുരാജ് വെഞ്ഞാറമൂട് സ്റ്റൈലിൽ അവൻ ചോദിച്ചു. "കോരിത്തരട്ടെ?" അവൾ പൊട്ടിച്ചിരിച്ചു പോയി. റോയ് ഇങ്ങനെയാണ്. അവൾ മനസ്സിലോർത്തു. ഒടുക്കത്തെ ഹ്യൂമർസെൻസുള്ള ചെക്കൻ.

തൊട്ടു പുറകിലെ ടേബിളിൽ ഇരുന്നത് ശിങ്കിടികളാണ്. കൂട്ടത്തിലൊരുത്തൻ വിളിച്ചു പറയുന്നത് കേട്ടു. 'ചേട്ടാ... ഒരു ഊള ചായ'. മിനിഞ്ഞാന്ന് കിരൺ ടി.വിയിൽ സോൾട്ട് ആന്റ് പെപ്പർ കണ്ടതുൾപ്പെടെ 7-ാമത്തെ തവണയാണ് ഇപ്പോ ആ സിനിമ കാണുന്നത്. ആ സിനിമ കണ്ടതിന്റെ Hang over ൽ ആണ് ദോശ ചുടാൻ പഠിച്ചത്. കയ്യിലിരുന്ന വെജ് പഫ് തീർന്നപ്പോൾ മെർലിനോടൊപ്പം എഴുന്നേറ്റു. വെള്ളിയാഴ്ച ഉച്ച കഴിഞ്ഞുള്ള ചുരുക്കം ചില ക്ലാസ്സുകളിലേ ഇരുന്നിട്ടുള്ളൂ. തീയേറ്ററിലേക്ക് പോകാനുള്ള ബസിലിരിക്കുമ്പോൾ അവൾക്ക് ദേഷ്യം വന്നു. ഒടുക്കത്തെ ട്രാഫിക് ബ്ലോക്ക്. ആ സമയത്തൊരാൾ ഓടിവന്ന് ബസിലേക്ക് കയറി. ശ്രദ്ധിക്കാൻ കാരണം, അയാൾക്ക് സംവിധായകൻ പത്മരാജന്റെ ഒരു ഛായ. ചുറ്റും കണ്ണോടിച്ചെങ്കിലും അയാൾക്ക് സീറ്റൊന്നും കിട്ടിയില്ല. യൂണിഫോം ഇട്ട വെളുത്തു മെലിഞ്ഞ ആ പെൺകുട്ടിയുടെ പുറകിൽ അയാൾ നിന്നു. അവളുടെ ക്ഷമ നശിച്ചു തുടങ്ങി. ബ്ലോക്ക് കാരണം തീയറ്ററിൽ എത്തുമ്പോ വൈകും. ഇന്ന് ടിക്കറ്റ് കിട്ടിയില്ലെങ്കിൽ ഇനി പിന്നീട് വര

വൊന്നും ഉണ്ടാവില്ല. നെറ്റിൽ വരുമ്പോൾ ഡൗൺ ലോഡ് ചെയ്യും. അത്രതന്നെ. കഴിഞ്ഞ ദിവസമാണ് 22 Female Kottayam ഡൗൺലോഡ് ചെയ്ത് കണ്ടത്. പക്ഷേ അത് ബിഗ്സ്ക്രീനിൽ കണ്ടതിന്റെ ത്രിൽ ഒന്നു വേറെയായിരുന്നു. അവൾ മനസ്സിലോർത്തു.

റോഡിലെ വിരസമായ കാഴ്ചകൾ വിട്ട് അവളുടെ കണ്ണുകൾ പിന്നെയും അയാളിലുടക്കി. മദ്ധ്യവയസ്കനായ ഒരു മനുഷ്യൻ പാന്റും ഷർട്ടുമാണ് വേഷം. ഇടതു കൈത്തണ്ടയിൽ ഒരു വാച്ചുണ്ടാകും. അവൾ ഊഹിച്ചു. അല്ലാ..... അയാളുടെ ഇടതുകൈ എവിടെ? വലതുകൈ കൊണ്ടാണ് ബസിന്റെ കമ്പിയിൽ പിടിച്ചിരിക്കുന്നത്. മറ്റേ കൈ....? സംശയത്തോടെ അവൾ നോക്കി. യൂണിഫോമിട്ട പെൺകുട്ടി ദയനീയമായി തിരിഞ്ഞു നോക്കി. അവൾ ആകെ അസ്വസ്ഥയാണ്. അവൾ കുതറിമാറാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ, തിരക്കു കാരണം അവൾക്ക് പറ്റുന്നില്ല. അയാൾക്ക് ഒരു കൂസലുമില്ല. ഇടതു കൈ ചെയ്യുന്നത് വലതു കൈ അറിയാതെ ഇരിക്കട്ടെ എന്നൊരു മനോഭാവം. വീണ്ടും ആ പെൺകുട്ടിയുടെ ദയനീയമായ നോട്ടം. അയാളിൽ നിന്ന് രക്ഷപ്പെടാൻ അവൾക്ക് പറ്റുന്നില്ല.

പതുക്കെ സീറ്റിൽ നിന്നെണീറ്റു. ആളുകൾക്ക് ഇടയിലൂടെ നടന്ന് അയാളുടെ പുറകിലെത്തി. പത്മരാജന്റെ പോലുള്ള അയാളുടെ കറുത്ത താടിയിലും കരയാൻ തുടങ്ങുന്ന ആ സ്കൂൾ കുട്ടിയുടെ മുഖത്തും മാറി മാറി നോക്കി. അവളൊരു കാര്യം ശ്രദ്ധിച്ചു. പത്മരാജന്റെ പോലുള്ള കറുത്ത താടി രോമങ്ങളുള്ള അയാൾക്ക് 22 Female Kottayam ലെ ഫഹദ് ഫാസിലിന്റേതു പോലെ കഷണ്ടി കയറിയ ഒരു തല. ഒരു പെണ്ണിന്റെ സർവ്വശക്തിയും അവളുടെ വലതു കൈപ്പത്തിയിലൂടെ അയാളുടെ വലതു കവിളിലേക്ക് പ്രസരിച്ചു.



Mobile Kavitha

Deepak M.C.
M.A. English

She ask'd me?
Wer r u da....
I just repld dat im with ma frenz
She gain ask'd me
R u nt cuming tmr...
I sed yup I'm
den i txt, 2 her
i ll be der @ 9.30 monin!
She sed okie dookie...
Next dy wen I reched der
I so she's watin 4 me alon
We tuk a wak thru d rod
No tak btween us
@ last she askd
da du u luv me?
im shokd, can't talk n out werdz
just lk d poem

വിലയ്ക്കു വാങ്ങിയ അനാഥത്വം

കെസിയ സൂസൻ.കെ
IInd DC Chemistry

സംസ്ക്കാര സമ്പന്നരെന്ന് അഹങ്കരിക്കുന്നവരാണ് നമ്മൾ മലയാളികൾ. 21-ാം നൂറ്റാണ്ടിലൂടെ ദൈവത്തിന്റെ സ്വന്തം നാടിനെ വിലയിരുത്തിയാൽ അങ്ങ് വടക്കു മുതൽ തെക്കു വരെ എന്തൊക്കെയാവും നാം കാണേണ്ടത്. വാസ്തവത്തിൽ കണ്ണടച്ചു ജീവിക്കുവാനും എല്ലാം കണ്ടും കേട്ടും വളരുവാനും കഷ്ടപ്പെടുന്ന ഒരു തലമുറ മനഃസാക്ഷിയെ തൊട്ടറിഞ്ഞിട്ടില്ലാത്തവർ....

മനുഷ്യസിരകളിലൂടെ ഒഴുകേണ്ട രക്തം പവിത്രമായ ഈ മണ്ണിലൂടെ ഒഴുകുന്ന കാലം. പീഡനമെന്തെന്നറിയാത്തവർ അതിനിരയാകുന്ന നാളുകൾ. ഉന്നത വിദ്യാഭ്യാസങ്ങളും ബിരുദങ്ങളും മോഷണങ്ങളിൽ നിന്നും തട്ടിപ്പുകളിൽ നിന്നും രക്ഷപ്പെടുത്താനെത്താത്ത അവസരങ്ങൾ. മനുഷ്യത്വം ദുർബലമാകുന്ന ഈ കാലഘട്ടത്തിന്റെ മക്കളായി രൂപം കൊള്ളുകയാണ് ഓരോ വൃദ്ധ സദനങ്ങളും. ഒരു കാലത്ത് മെട്രോ നഗരത്തിന്റെ സന്തതികളായിരുന്ന ഇവ ഇപ്പോൾ കൊച്ചു ഗ്രാമങ്ങൾക്കുപോലും സ്വന്തമായി. കേരളത്തിലുടനീളം സഞ്ചരിച്ചാൽ 14 ജില്ലകളിലായി 120 ൽപരം വൃദ്ധ സദനങ്ങളുണ്ട്.

കഴിഞ്ഞ ഒരു വർഷം നമ്മിൽ പലരും ആ ദുഃഖഭവനങ്ങളെ കണ്ടറിഞ്ഞവരാണ്. വിദ്യാഭ്യാസം കൈമുതലാകുമ്പോൾ കാരണവൻമാർ അന്യരാകുന്നതും അവരുടെ വാക്കുകൾ കാഞ്ഞിരം പോലെ കയ്ക്കുന്നതും ഒരു ദീർഘ നിശ്വാസത്തോടെയാണ് വൃദ്ധസമൂഹം നോക്കിക്കാണുന്നത്. പെറ്റു വീഴുന്ന കുട്ടികൾ ഡെ കെയറിൽ പോകുന്നു. 70 കഴിഞ്ഞാൽ അത് ഡെ ആന്റ് നൈറ്റ് കെയർ ആകുന്നു.

ഇതിലെന്തു പുതുമ, എന്നു ചോദിക്കുന്നവരും അവരുടെ ഇടയിലുണ്ട്. മക്കൾ ഉയർന്ന പദവിയിലുള്ളവർ, അണുകുടുംബ സംസ്ക്കാരത്തിന്റെ ആരാധകർ, അവർക്കിടയിൽ ബാധ്യതയാകുവാൻ കഴിയാതെ ഒരു പറ്റം വയോജനങ്ങൾ ഒരുമിച്ചു താമസിക്കുന്നു. തെറ്റൊന്നും പറയാനാവില്ല. അതൊരു ഏകാന്ത ജീവിതവുമല്ല. കാരണം ഓരോ ആഘോഷദിനങ്ങളിലും ദാനശീലരായവരുടെ സഹായ ഹസ്തങ്ങൾ അവരെ തേടിയെത്തും. പിന്നെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി കുറെ യുവ മനസ്സുകളും. തങ്ങളുടെ നല്ല നാളുകളുടെ ഓർമ്മകൾ അയവിറക്കാൻ കിട്ടുന്ന അവസരങ്ങളാണവ. ചിലരുടെ കണ്ണുകൾ നിറയും, ചെറു പുഞ്ചിരിയായി അതിനെ മാറ്റിയെടുക്കുവാൻ ബദ്ധപ്പെടുകയാണ് അവരിൽ പലരും. എത്രയായാലും തന്റെ പൊന്നോമനകളുടെ കൊഞ്ചലുകൾക്കൊപ്പമാകുമോ അവ? ഉൾത്തേങ്ങലോടെ തള്ളി നീക്കുന്ന ആ നാളുകൾ അര നൂറ്റാണ്ടിനേക്കാൾ ദൈർഘ്യമേറിയവയാണ്.

ആരോഗ്യപൂർണ്ണമായ മനുഷ്യന് വാർദ്ധക്യത്തിന്റെ പരാധീനതകളെ ഉൾക്കൊള്ളാനാവാതെ വരുന്നതാണ് നമ്മുടെ സംസ്ക്കാരത്തിന്റെ വലിയൊരു നിർഭാഗ്യം. നാളെ ഇങ്ങനെ ഒരു കാലം നമ്മെ കാത്തിരിക്കുന്നു എന്ന ബോധ്യം നമ്മുടെ തലമുറക്കില്ലാതെ പോവുന്നു. കവിതകളുടെ ജനനത്തിങ്കൽ കവികൾ പ്രകൃതിയെ സ്നേഹിക്കൂ എന്നു ചൊല്ലിത്തരുന്നുവെങ്കിൽ ഇപ്പോഴാകട്ടെ പെറ്റമ്മയെ പോറ്റൂ എന്ന് തിരുത്തിക്കുറിക്കേണ്ട കാലമായിരിക്കുകയാണ്.

ഋതുഭേദങ്ങൾ കാലത്തിന്റെ താളുകളിൽ വ്യത്യസ്തങ്ങളാകുന്നതുപോലെ മനുഷ്യനിലെ സ്വാർത്ഥതകൾക്കും നിറം മാറ്റം സംഭവിക്കുകയാണ്. വൻ മരങ്ങൾ കടപുഴകിയിട്ട് അതിന്റെ ഫലങ്ങൾ സ്വാദുള്ളതാകണമെന്ന വാഞ്ച വെറും അതിമോഹമല്ലെ? പഴയ സംസ്ക്കാരത്തെ പുതിയ തലമുറയ്ക്ക് കാണിച്ചുകൊടുക്കുവാൻ അവസരം നിഷേധിക്കുന്ന നമ്മൾ അധഃപതനത്തിന്റെ കയങ്ങളിലേക്ക് വീഴാതിരുന്നാൽ അത് ഒരു ഈശ്വരാനുഗ്രഹമെന്നെ പറയാനാവൂ. മുത്തശ്ശിക്കഥകൾ കേട്ടു വളർന്നിരുന്ന ഒരു തലമുറ നമ്മുടെ നാട്ടിലുണ്ടായിരുന്നു. സംസ്ക്കാര സമ്പന്നമായ കൂട്ടുകുടുംബം. ശിക്ഷിക്കുവാനും ശാസിക്കുവാനും കാരണവൻമാർ, പങ്കിട്ടു ശീലിപ്പിക്കുവാനായി സഹോദരങ്ങൾ, വിശാലമായി ഓടിക്കളിക്കുവാൻ കുറെയേറെ ചങ്ങാതികൾ, മെട്രോ നഗരത്തിന്റെ ചെറിയ ഫ്ളാറ്റിൽ ജനിച്ചു വീണവരുടെ സങ്കൽപ്പത്തിനുമപ്പുറമാണ് ആ വലിയ ലോകം.

സാമൂഹിക സേവനങ്ങളിൽ നിന്ന് വ്യതിചലിച്ച നമ്മൾ പണത്തിന്റേയും ആഡംബരത്തിന്റേയും പിറകെ ഓടുമ്പോൾ നമ്മെ കടിഞ്ഞാണിടുവാൻ ആരാണുള്ളത്? താളപ്പിഴകളുടെ പട്ടികകൾ നിരത്തിയിട്ടോ കഴിഞ്ഞ കാലങ്ങൾ തിരിഞ്ഞു നോക്കി ദുഃഖിച്ചിട്ടോ അർത്ഥമില്ലെന്നറിയാം. എങ്കിലും മുന്നിലേക്കുള്ള പാത വിശാലമായി കിടക്കുകയാണ്. ഏതെങ്കിലും ഒരു കാലത്ത് മനുഷ്യനിലെ ദ്രവ്യാഗ്രഹത്തിന്റേയും സ്വാർത്ഥതയുടേയും വ്യാപ്തി കുറയുകയാണെങ്കിൽ ഈ അയവിറക്കൽ ഏതെങ്കിലും മനസ്സുകളിൽ പ്രതിഫലിക്കുമെന്ന പ്രതീക്ഷയേ ഉള്ളൂ.

ഞാൻ അറിഞ്ഞത്....

ആൻസി ആന്റണി
IInd DC Chemistry

പ്രതീക്ഷകളെല്ലാം കൈവെടിയാൻ പഠിച്ചത്
പ്രതീക്ഷകൾ എന്നെ കൈവെടിഞ്ഞപ്പോഴാണ്
സ്വപ്നങ്ങളിൽ നിന്നും ഞാൻ വ്യതിചലിച്ചത്.
സ്വപ്നങ്ങളെനിക്ക് ഭാരമായി തീർന്നപ്പോഴാണ്.
സൗഹൃദങ്ങളെല്ലാം അവസാനിപ്പിച്ചത്
സൗഹൃദം ജീവിതത്തെ മുറിപ്പെടുത്തിയപ്പോഴാണ്.
സ്നേഹത്തെ ഞാൻ കാണാതിരുന്നത്
അതിന് കണ്ണില്ലെന്നറിഞ്ഞപ്പോഴാണ്,
ജീവിതത്തിൽ നിന്നും തിരിച്ചു നടന്നത്.
വഴികൾ അവസാനിക്കുന്നില്ലെന്നറിഞ്ഞപ്പോഴാണ്
ഞാൻ ഞാനല്ലാതാവാൻ ശ്രമിച്ചത്,
എനിക്ക് എന്നെ തന്നെ അറിയാൻ കഴിയാതായപ്പോഴും.

ഉത്തരം തേടുന്നിതെൻ ജന്മം

അഫ്താബ് ടി. എ
IIDC Chemistry

രാത്രിയുടെ അവസാന നിമിഷങ്ങളിൽ ഞാൻ ഏകാന്തൻ
ഉറക്കത്തിലേക്ക് വഴുതി വീഴുമ്പോൾ
സ്വപ്നത്തിന്റെ മായാജാലം തുറക്കപ്പെടുമ്പോൾ
ദൈവം വാരിയെടുക്കുന്നു ജീവന്റെ അവസാന കണിക
യാമങ്ങളിൽ ജഡമായി ഉറങ്ങുമ്പോൾ
സ്വപ്നങ്ങളിൽ പുതുജീവൻ തേടുന്നു ഞാൻ
പൂമ്പാറ്റകളെപ്പോലെ വർണ്ണശബളമായ രൂപങ്ങൾ
തേനാർന്ന അറിവിനെ തേടുന്നിതെൻ ആത്മാവ്
അന്ധകാരം വഴിമാറിയ ചക്രവാളം
ഉദിച്ച് ഉയരുന്ന സൂര്യതേജസ്സ്
പകർന്നു തരുന്ന നേർത്ത കിരണങ്ങൾ
ഉണരുന്നു ഞാൻ ദൈവ വരദാനമാം
ജീവന്റെ കണികയുമായ്
ചൊല്ലിടുന്നു സർവ്വസ്തുതിയും അവനിലേക്ക്
വർണ്ണശോഭയിൽ തിളങ്ങി നിൽക്കുന്ന
അറിവിന്റെ ജലാമൃതം
മുങ്ങിക്കുളിക്കുവാൻ കൊതിയോടെ ഇറങ്ങുന്നു ഞാൻ
ഈ ഭൂമിയിലെ എൻ സ്വപ്നങ്ങളുമായി.

Are you alive?

When things go wrong around you,
you never mind it.
When somebody suffers near you,
you ignoringly walk off.
When corruption is playing its game.
You close your eyes.
when partiality hurts people.
you enjoy your lovely days.
when someone needs your help;
you don't even care to look
when politics go worse in your country
you happily celebrate your joy.
Leaving you with this question;
Once again to think,
Are you Alive?

Jemma Pius
Ist DC Zoology

ഒരു യാത്രയ്ക്കു മുന്നേ...

സേതുലക്ഷ്മി .പി
Ist DC Chemistry

ഇന്ന് തിങ്കളാഴ്ചയല്ലേ? സമയം ഏഴരയായി. ഇന്നെങ്കിലും എട്ടേകാലിന്റെ വൈറ്റില ബസ്സിന് പോണം സൈക്കിളിന് പോയാലോ?

പത്രം മുറ്റത്ത് തന്നെ കിടപ്പുണ്ട്. ഈശ്വരാ! മുൻപേജിൽ തന്നെ അസുഖകരമായ വാർത്തയാണല്ലോ. കുഴൽ കിണറിൽ വീണ നാലു വയസ്സുകാരി മഹി മരിച്ചു. ആ കുട്ടിയുടെ അമ്മയുടെ ചിത്രമാണ്. കഷ്ടം തന്നെ. പിറന്നാൾ ദിനത്തിലെ ആഘോഷം വരുത്തിയ ദുരന്തം. പക്ഷേ അതിലും കഷ്ടം പത്രക്കാരുടെ കാര്യമാണ്. അവർക്ക് ഹൈലൈറ്റ് ചെയ്യാൻ സെൻസേഷണൽ ന്യൂസ് വേണം. ഒരുമാതിരി പ്രതിപക്ഷത്തിന്റെ നിലപാട് പോലെ. +2 വിന് പഠിച്ച അബ്ദുൾ കലാമിന്റെ പ്രസംഗമാണ് ഓർമ്മ വരുന്നത്. പാഠത്തിന്റെ അവസാനം ചർച്ച ചെയ്യാൻ ഒരു ടോപ്പിക് ഉണ്ടായിരുന്നു.

Media Sensationalise, they don't sensitise എത്ര ശരിയായ കാര്യം. ഇന്നിപ്പോ ആദ്യം തന്നെ ഈ ഫോട്ടോ കണ്ട് എത്ര പേരുടെ ദിവസമാണ് അശുഭകരമായി തുടങ്ങുന്നത്? ആദ്യം മീഡിയ നന്നാവണം. അപ്പോൾ താനേ നാട്ടുകാരും നന്നായിക്കോളും.

അയ്യോ! സൈക്കിളിന് കാറ്റില്ല. ഇനി ആ തുരുമ്പെടുത്ത പമ്പു വച്ച് കാറ്റടിച്ചു വരുമ്പോൾ എന്റെ കാറ്റു പോകുമല്ലോ? എട്ടേകാലിന്റെ ബസ്സ് കിട്ടിയില്ലെങ്കിൽ പിന്നെയുള്ളത് എട്ടരയ്ക്കാണ്. അതും കിട്ടിയില്ലെങ്കിൽ പിന്നെ മാറിയും കേറിയുമൊക്കെ പോണം. വലിയ പാടാണ്. ദിനം പ്രതി രണ്ടുനേരം രണ്ടു ജില്ലകളിൽ മാറി മാറി സഞ്ചരിക്കുന്ന (ആലപ്പുഴ-എറണാകുളം and vice versa) എന്നോട് എനിക്കു തന്നെ ബഹുമാനം തോന്നിപ്പോകുന്നു. പക്ഷേ യാത്ര ചിലപ്പോൾ നല്ല രസമായിരിക്കും. ഈ കുഗ്രാമത്തിന്റെ സെറ്റ് അപ്പ് ഒക്കെ വിട്ടുകഴിഞ്ഞാൽ പിന്നെ കാഴ്ചകൾ പലവിധമാണ്. അതിലേറെ വിശേഷം, ആണ് പെണ്ണായും പെണ്ണ് ആണായും മാറുന്ന (വേഷത്തിൽ മാത്രം) കാഴ്ചയാണ്. പക്ഷേ കുറ്റം പറയരുത്. Gender equality ഏതു വഴിയൊക്കെയാണ് വരുന്നതെന്ന് പറയാൻ പറ്റില്ലല്ലോ.

ഓ! ഈ പമ്പിന്റെ നട്ട് തിരിക്കാനെന്തൊരു പാടാ. എണ്ണയിട്ടു വയ്ക്കേണ്ടതായിരുന്നു. എന്താ ഒരു ശബ്ദം! ഒരു സ്കൂട്ടർ പോയതാണ് എൻജിന്റെ ശബ്ദം കേട്ടാൽ ചെവി യടച്ചു പോകും. മണ്ണെണ്ണയിൽ ഓടുന്ന വണ്ടിയാണെന്നു തോന്നുന്നു. അല്ല! പിന്നെന്തു ചെയ്യും? പെട്രോളിന്റെ വില ശ്രീഹരിക്കോട്ടയിൽ നിന്ന് വിട്ട PSLV പോലെയല്ലേ കുതിച്ചുയരുന്നത്. ആഗോളമാർക്കറ്റിലെ എണ്ണവിലയനുസരിച്ച് ഇന്ത്യൻ കമ്പനികൾ വില കൂട്ടിയും കുറച്ചും കൊണ്ടുപോകും. വിലനിയന്ത്രണാധികാരം ഇപ്പോൾ അവർക്കാണല്ലോ. ഡീസലിന്റെ വിലനിയന്ത്രണാധികാരം കൂടി വിട്ടുകൊടുത്താൽ കോളേജ് ബസ്സിന്റെ ഫീസ് വീണ്ടും കൂടും.

ഒടുവിൽ പമ്പ് ടയറിൽ ഫിറ്റായിക്കിട്ടി. ഇനി ഈ കാറ്റൊന്നു കയറിക്കിട്ടാൻ തപസ്സിരിക്കേണ്ടി വരും.

പെട്രോളിന്റെ മാത്രമല്ലല്ലോ, ഒരുമാതിരിപ്പെട്ട എല്ലാ സാധനങ്ങളുടേയും വിലനിലവാരത്തിന്റെ ഗ്രാഫ് മുകളിലേക്കു തന്നെയാണ് പോകുന്നത്. ഡോളറിന്റെ കൂടെ ഓടി ഓടി രൂപ തളർന്നു. പണപ്പെരുപ്പം നിയന്ത്രിക്കാൻ ധനകാര്യ വകുപ്പ് പഠിച്ച പണി പതിനെട്ടും നോക്കുന്നുണ്ട്. പക്ഷേ റിസർവ്വ് ബാങ്ക് പോലും കൈവിട്ട അവസ്ഥയാണ്.

കാറ്റു കയറുന്നുണ്ട്. പക്ഷേ, എന്തൊരു പ്രയാസമാണ്. ഈ പമ്പിന്റെ head ഒന്ന് അനങ്ങിക്കിട്ടാൻ, സെക്രട്ടറിയേറ്റിലെ ഫയൽ ആണെന്നാണ് വിചാരമെന്നു തോന്നുന്നു.

ഗ്ലോബലൈസേഷന്റെ വരവോടു കൂടി ആഗോള വിപണി എന്നൊന്നുണ്ടായെങ്കിലും 2008 ലെ സാമ്പത്തിക മാന്ദ്യം യൂറോപ്യൻ രാജ്യങ്ങളെയും അമേരിക്കയെയുമൊക്കെ ഉലച്ചതു

പോലെ ഇന്ത്യയെ തളർത്തയില്ലെന്നു തോന്നുന്നു. ആദ്യത്തെ പ്രധാനമന്ത്രിയായി ക്രാന്തദർശിയും മികച്ച നയതന്ത്രജ്ഞനുമായിരുന്ന നെഹ്റു ചുമതലയേറ്റപ്പോൾ ആവിഷ്ക്കരിച്ച തന്ത്രങ്ങളാണോ (നെഹ്റുവിയൻ സോഷ്യലിസം എന്നാണല്ലോ പറയുന്നത്.) അതോ 91 ലെ നരസിംഹറാവു മന്ത്രിസഭയിലെ ധനമന്ത്രിയായിരുന്നപ്പോൾ മൻമോഹൻ സിങ്ങ് നടത്തിയ സാമ്പത്തിക രംഗത്തെ പരിഷ്ക്കാരങ്ങളാണോ ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയെ താങ്ങി നിർത്തിയതെന്നറിയില്ല. ഏതായാലും Banking മേഖല public sector ന്റെ നിയന്ത്രണത്തിലായത് തുണച്ചു. പക്ഷേ എന്തു പറയാൻ? ഗാന്ധിജി വിഭാവനം ചെയ്ത ഇന്ത്യയെ പണ്ടേ തള്ളിക്കളഞ്ഞതു പോലെ നെഹ്റുവിന്റെ ഇന്ത്യയും ഇന്നേറെക്കുറെ മാഞ്ഞുകൊണ്ടിരിക്കുകയല്ലേ?

ഹാവൂ!!! അങ്ങനെ മുമ്പിലത്തെ ടയർ ഫുൾ ആയി. ഇനി പുറകിലത്തേത് നോക്കണം.

പറയുമ്പോൾ സോഷ്യലിസ്റ്റ് നേഷനാണെങ്കിലും രാജ്യത്തിന്റെ Policy Making ൽ കാര്യമായ പങ്ക് തന്നെ ഇന്ന് കുത്തക ഭീമൻമാർ വഹിക്കുന്നില്ലേ. വിദ്യാഭ്യാസ രംഗത്തിൽ ഉൾപ്പെടെ. സ്റ്റോക്ക് ഹോം കൺവെൻഷനിൽ എൻഡോസൾഫാൻ പ്രശ്നം ചർച്ച ചെയ്യാൻ ഇന്ത്യയെ പ്രതിനിധീകരിച്ചു ചെയ്തു പോയ സംഘത്തിൽ അധികവും അതിന്റെ ഉത്പാദകർ തന്നെയായിരുന്നുവെന്നല്ലേ പറയുന്നത്. അപ്പോൾത്തന്നെ ഇന്ത്യയുടെ നിലപാടെന്തായിരിക്കുമെന്ന് ഊഹിക്കാമല്ലോ. Endosulphan എന്ന വിഷ വസ്തുവിനെതിരെ ഒരു ജനത മുഴുവൻ സമരം ചെയ്യുമ്പോഴാണിത്. പലപ്പോഴും പൊതുജനതാത്പര്യത്തിനെതിരായ തീരുമാനങ്ങൾ സമ്മർദ്ദത്തിനു വഴങ്ങി സർക്കാരിന് എടുക്കേണ്ടി വരുന്നുണ്ട്. ഒരു ഫിസിസ്റ്റ് ആയ ഫ്രിജോഫ് കാപ്ര ഇതെല്ലാം പണ്ടേ മുന്നറിയിപ്പായി പറഞ്ഞതല്ലേ.

അപ്പോൾ Great economist കൾ ഇതൊന്നും അറിയാഞ്ഞിട്ടല്ല. ഗ്ലോബലൈസേഷൻ ആകുമ്പോൾ ഇങ്ങനെയും ചിലത് സംഭ

വിക്കും എന്നായിരിക്കും. സത്യത്തിൽ ക്യാപ്പിറ്റലിസ്റ്റുകൾ അമരത്തിരുന്ന് നയിക്കുന്ന ഒരു സോഷ്യലിസ്റ്റു രാഷ്ട്രമാണോ ഇതെന്ന് ചെറിയൊരു സംശയം ഇല്ലാതില്ല. ങാ! കാലം മാറുന്നതനുസരിച്ച് പ്രത്യയശാസ്ത്രങ്ങളും മാറണമെന്നാണല്ലോ പണ്ടുള്ളവർ പറഞ്ഞിരിക്കുന്നത്. ഒരു പക്ഷേ അതാവും കാരണം!

രക്ഷയില്ല! Back tyre ൽ അടിക്കുന്ന കാറ്റു മുഴുവനും പുറത്തേക്കു തന്നെയാണ് പോകുന്നത്. വാൽവ് ട്യൂബിന്റെ കുഴപ്പമാണോ എന്തോ? ആണെങ്കിൽ പണിയാകും.

Socialist മാത്രമല്ലല്ലോ. 'India is also a democratic republic' സംഭവം ശിയാണ്. തെരഞ്ഞെടുപ്പ് കൃത്യമായിത്തന്നെ നടക്കുന്നുണ്ട്. പ്രഥമ പൗരൻ രാഷ്ട്രപതിയാണുതാനും. ഇന്ത്യയിലെ governing system ബ്രിട്ടണിൽ നിന്ന് adopt ചെയ്തിട്ടുള്ളതാണല്ലോ. വെസ്റ്റ് മിൻസ്റ്റർ സമ്പ്രദായം. പക്ഷേ, അല്ലറ ചില്ലറ വ്യത്യാസങ്ങളൊക്കെയുണ്ട്. ഒന്നാമത്തെ കാര്യം എന്തായിരുന്നു? അവിടുത്തെപ്പോലെയല്ല ഇവിടെ പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കുന്നത്. കാര്യം democracy യൊക്കെയാണെങ്കിലും നമ്മുടെ പ്രധാനമന്ത്രി ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പ് പോലും ജയിക്കണമെന്ന് നിർബന്ധമില്ലാത്തതുകൊണ്ട് അങ്ങനെയൊരാളെ തിരഞ്ഞെടുക്കേണ്ട ബാദ്ധ്യത ജനങ്ങൾക്കില്ല. President ന്റെ കാര്യവും അങ്ങനെ തന്നെ. ഇവിടെയിപ്പോൾ പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ പുകിലുകൾ തുടങ്ങിയിരിക്കുകയാണല്ലോ.

ഹോ! വാൽവ് ട്യൂബിൽ ഇത്രയും മണ്ണുണ്ടായിരുന്നോ! വെറുതെയല്ല. അടിച്ചതിനേക്കാൾ സ്പീഡിൽ കാറ്റ് പുറത്തേക്കു വന്നത്. ഇപ്പോൾ കയറുന്നുണ്ട്. എന്നിട്ടും സ്ലോ മോഷൻ ആണല്ലോ. പമ്പിന്റെ കുഴപ്പമായിരിക്കും.

അല്ലെങ്കിൽ തന്നെ കേന്ദ്രമാ

യാലും കേരളമായാലും പുറത്തു നിന്നു നോക്കുമ്പോൾ ഇപ്പോൾ രാഷ്ട്രീയം നല്ല തമാശയാണ്. ചില രുടെയൊക്കെ തമ്മിൽ തമ്മിലുള്ള പ്രകടനം കണ്ടാൽ Tom & Jerry തോറ്റുപോകും. പത്രത്തിലൊരു കാർട്ടൂൺ കണ്ടിരുന്നു. കേന്ദ്രമന്ത്രി സഭാസമ്മേളനം ഇനി തീഹാർ ജയിലിൽ നടത്താമെന്ന്. അഴിമതി കേസുകൾ എത്രയെണ്ണം - ആദർശ് ഫ്ളാറ്റ്, കോമൺവെൽത്ത്, 2G ... പിന്നെയിപ്പോൾ മന്ത്രി വീർഭദ്രസിങ്ങിന്റേയും. കേരളത്തിലാകട്ടെ പാമൊലിൻ, ലാവ്‌ലിൻ, ഇടമലയാർ.... പിന്നെ സ്ഥിരം സംഭവങ്ങളായ കാലുമാറൽ, പാർട്ടി വിടൽ, ഗ്രൂപ്പു മാറൽ, കക്ഷി ചേരൽ, രാഷ്ട്രീയ അതിക്രമങ്ങൾ, കൊലപാതകങ്ങൾ, കുറ്റ സമ്മതങ്ങൾ, സമരമുറകൾ, പ്രസ്താവനകൾ, സമ്മേളനങ്ങൾ, രാജിവയ്ക്കൽ, പരസ്പരം പഴിചാരൽ അങ്ങനെ അങ്ങനെ കുറെ വാക്കുകൾ കുലം കുത്തി, വർഗ്ഗീയത, രാഷ്ട്രീയ പ്രേരിതം ... എന്തായാലും ഗ്യാലറിയിലിരുന്ന് കളി കാണുന്നവർക്ക് ബഹു രസം തന്നെ.

ഇനി ഈ പമ്പിന്റെ മുകളിൽ മിക്കവാറും പൈൽ അടിക്കേണ്ടി വരും.

ഇതിനിടയിലാണെങ്കിൽ കുറെ തെരഞ്ഞെടുപ്പുകളും പിന്നെ സമുദായവും കിടന്ന് കളിക്കാൻ തുടങ്ങിയിട്ട് നാളുകുറെയായി. യു.പി. യിൽ ഉന്നത സമുദായക്കാരുടെ വോട്ടു പിടിക്കാൻ കഴിയാതെ പോയതാണ് കോൺഗ്രസ്സിന്റെ പരാജയകാരണമെന്ന് ഒരു പക്ഷം. ഇതു കണ്ടിട്ടാവണം, കേരളത്തിലെ ഇടക്കാല തെരഞ്ഞെടുപ്പിൽ സമുദായം നോക്കി സ്ഥാനാർത്ഥികളെ നിർത്തിയെന്നു പറഞ്ഞ് ഒരു ബഹളം. അഞ്ചാം മന്ത്രിയുടെ വരവോടെ മന്ത്രിസഭയിൽ സാമുദായിക സന്തുലനം നഷ്ടപ്പെട്ടെന്ന പേരിൽ മറ്റൊരു പ്രതിഷേധം. ഒരു application form പൂരിപ്പിക്കുമ്പോൾ തന്നെ എന്തെല്ലാം എഴുതണം. Religion, Caste, Category, Community അല്ലെ. ഇന്ത്യ ഒരു മതേതര രാഷ്ട്രമായിട്ട് ഈ പരുവം. അപ്പോൾ ഭരണഘടനയിൽ അങ്ങനെയൊന്ന് ഇല്ലായിരുന്നെങ്കിൽ എന്തായേനെ അവസ്ഥ. പിന്നെ, ഇപ്പോൾ എസ്.എസ്.എൽ.സി.യിൽ ആവശ്യമെങ്കിൽ മാത്രം മതമെന്നെഴുതിച്ചേർത്താൽ മതി എന്ന പരിഷ്ക്കാരം ശ്ലാഘനീയം തന്നെ.

പക്ഷേ, എന്തൊക്കെ പറഞ്ഞാലും ഞാൻ ഒരിന്ത്യാക്കാരനാണ് എന്നു പറയുന്നത് തീർച്ചയായും അഭിമാനകരം തന്നെയാണ്. അത് അന്തർലീനമായ ഒരു കൂപ്പാടും വിശ്വാസവുമാണ്. ആരാലും ഒന്നിനാലും തകർക്കപ്പെടാൻ കഴിയാത്ത ഒരു തനതായ സ്വത്വം ഇന്ത്യയ്ക്കുണ്ടെന്ന വിശ്വാസം, എഴുതിച്ചതിനും അപ്പുറത്തേക്ക് വിപുലമാണ് സത്യവും സംസ്ക്കാരവും വികാരവുമാണ് ഇന്ത്യ എന്ന തിരിച്ചറിവ്.

ഹോ! മലയാളത്തിൽ എന്തെല്ലാ വാക്കുകളാണുള്ളത്. ക്ലാസിപദവി കിട്ടാൻ ഇതൊന്നും പോരാ ആവോ?

അമ്മേ, സമയമെന്തായി?

ഏഴേമുക്കാൽ കഴിഞ്ഞു.

Chasing Butterflies

Multicoloured butterflies skimming over
the glistening deep green grass
A little girl hair streaming , net
held aloft runs behind them fast.
Yet, however hard she mess, how fast she run
She is unable to net even a single one.
Frustrated, disheartened and simply exhausted
She flops down on the grass she is done
She is filled with sadness & yearning
So strong its almost palpable
She wishes she were in some atternate
reality, some story or some fable
Despite her sadness remembers, if you
Love something you have to let it go;
if it is meant to be, it will come back
Alas, all she can do now is mourn

Athira Sarath Kumar
I DC Economics.

Collins J Peter of II BA English Copy Editor

asks what a pilgrimage means.

Read and reflect!

The *train was moving from trashy scenes to surprises. I was in it. My mind moved much faster than the train. In the midst of fiction readers, I made a quick search in my pocket dictionary. My intention was to find the exact meaning of the word 'pilgrim' and an answer to the question whether I am on a pilgrimage.*

The dictionary defines a pilgrim as a person who travels to a holy place for religious reasons. Life reveals its meaning through the course of one's own lifetime, which is sometimes a matter of his/her meaningful existence in society. At certain phases of life we live to generate wealth, popularity, and self esteem. At certain other phases we live in order to dump those possessions which make for nothing but a barren life.

The probability for human beings to create unique spheres of life is higher than in other animals. Spheres of acquaintances are what we create mostly. It includes family, friends, colleagues, and all those intimate relationships. These spheres are a necessity because they produce meaning and worth to our social living. In families we share duties, love, bonds and friendships, where the exchange of our experiences become colourful and lively. But there is a strict law for all this to take place. If that law is violated, those social spheres get converted into a hellhole towards which we drag ourselves and stop living. The law is - never allow the worldly pursuits to creep into your intimate social spheres. If it does, families will have to move to family courts and friendships to break-up parties.

Now, where does the pilgrimage begin and where does it end? It begins when all our ignorance, mistakes, negligence, wrong choices evolve into deadly weapons against us and when refuge and shelter become mere question marks. We begin to reach out to where we went wrong, to the people to whom we did wrong, to the memories to which we were unfaithful ....all by ourselves. Reaching out in order to rectify and cleanse in places where we were mistaken and wasted; to live the rest of our life with the happiness of a thousand sunrises. And now, where does the pilgrimage end? Is there a clear answer to this question?

The happiness of a thousand sunrises never comes as a whole and thus we have to pursue it, through a pilgrimage. A pilgrimage that never ends.

The train is heading towards Maharashtra where I must go and reach out my hands to a destitute centre. A centre where I left my parents ten years ago just to cherish my marital life, which breathes no longer.

Originally published in college blog, www.heart-bytes.blogspot.com

ഈ അടുത്ത കാലത്തെ ചില മാറ്റങ്ങൾ...

റോസ്‌ലിൻ കെ. മാത്യു
IInd DC English

കഷണ്ടിതല, ക്ലീൻ ഷേവ് ചെയ്ത മുഖം, മധ്യവയസ്സിലെത്തിയ ചക്കവരട്ടിയതിന്റെ നിറമുള്ളനായകൻ, കന്യകയല്ലെന്ന് വിളിച്ചു പറയുന്ന നായിക, ഗോപ്യമായി മലയാളി കരുതിയിരുന്നതിനെ ഒക്കെയും തുറന്നടിക്കുന്ന കഥാപാത്രങ്ങൾ. ഈ അടുത്ത കാലത്തിറങ്ങിയ സിനിമകൾ കണ്ട് നമ്മൾ മല്ലൂസ് തന്നെ ആദ്യം അന്തം വിട്ടു നിന്നു. എന്തിനും ഏതിനും തമിഴനെ പുകഴ്ത്തുന്ന നമ്മൾ ഒന്നടങ്ങി. ഇടയ്ക്ക് ചില കോപ്പിയടിക്കഥകൾ കേട്ടെങ്കിലും അത്രയങ്ങ് പച്ച പിടിച്ചില്ല. സംവാദങ്ങളും ചർച്ചകളും പൊടി പൊടിച്ചു. പ്രബുദ്ധരായ സിനിമാക്കാരാകട്ടെ ഇതെല്ലാം കാലഗതിയിലെ സ്വാഭാവികമായ മാറ്റമെന്ന് പറഞ്ഞ് സ്വയം വിനയാന്വിതരായി. ഒന്നു വെള്ള വലിച്ചും പൊടി തുടച്ചും തീയേറ്ററുകാരും ചേർന്നു ഒപ്പം. ടിക്കറ്റ് കൗണ്ടറിന് മുന്നിൽ ഉന്തും തള്ളുമായി നമ്മൾ മലയാളികളും റെഡിയായി. 2011 ലും 2012 ലുമായി നമ്മൾ മലയാളികൾ തീയേറ്ററിൽ കണ്ട് വിജയിപ്പിച്ച ചില ചിത്രങ്ങളിലൂടെ.

ട്രാഫിക്

രാജേഷ് പിള്ളയുടെ സംവിധാനത്തിൽ പുറത്തു വന്ന ട്രാഫിക് ചടുലമായ അവതരണ രീതികൊണ്ട് വ്യത്യസ്തത പുലർത്തിയ ചിത്രമായിരുന്നു. ബോബി സഞ്ജയ് ടീമിന്റെ തിരക്കഥ സിനിമയ്ക്ക് ഏറെ ശക്തി പകർന്നു. സമാന്തരമായി നാല് കഥകൾ പറഞ്ഞു പോവുന്നു എന്ന പ്രത്യേകതയാണ് സിനിമയെ വേറിട്ട് നിറുത്തുന്നത്. കൃത്യമായ ഒരു നായകനോ പ്രതിനായകനോ ഇല്ല എന്നതും ശ്രദ്ധേയമാണ്. കഥയുടെ ആവേശം ഒട്ടും തന്നെ ചോർന്നു പോവാതെ നിലനിർത്താനായി എന്നതും പ്രേക്ഷകശ്രദ്ധനേടാൻ ഇടയാക്കി. താരങ്ങളെല്ലാം കഥാപാത്രങ്ങളായി മാത്രം സിനിമയിലെത്തുന്ന കാഴ്ചയാണ് നാം ട്രാഫിക്കിൽ കണ്ടത്.

ചാപ്പാ കുരിശ്

സമീർ താഹിറിന്റെ ചാപ്പാ കുരിശ് മലയാളിക്ക് പുതിയൊരു ചലച്ചിത്രാനുഭവം തന്നെയാണ് സമ്മാനിച്ചത്. മലയാള സിനിമയുടെ ഉയിർത്തെഴുന്നേൽപ്പിന് ചാലക ശക്തിയാവാൻ ചാപ്പാകുരിശിനായി. സിനിമയുടെ പേരിലുള്ള വ്യത്യസ്തത സിനിമയിലുടനീളം നിലനിർത്താനായി എന്നതാണ് ചാപ്പാകുരിശിന്റെ വിജയ ഘടകം. പരമ്പരാഗത ക്യാമറാ സങ്കേതങ്ങൾ ഉപേക്ഷിച്ച് 7 ഡി ക്യാമറയിൽ ചിത്രീകരിച്ച സിനിമ കൊച്ചിയുടെ തന്നെ വഴികളിലൂടെയാണ് സഞ്ചരിച്ചത്. ജോമോൻ ടി. ജോൺ എന്ന ഛായാഗ്രാഹകന്റെ സാന്നിദ്ധ്യം ഓരോ ഫ്രെയിമിലും തിരിച്ചറിയാം. അതോടൊപ്പം ഫഹദ് ഫാസിലിന്റേയും വിനീത് ശ്രീനിവാസന്റേയും അഭിനയ സാധ്യതകളെ നന്നായി പ്രയോജനപ്പെടുത്തിയ ചിത്രം എന്ന നിലയിലും ചാപ്പാകുരിശ് ശ്രദ്ധേയമാകുന്നു.

സാൾട്ട് ആന്റ് പെപ്പർ

ലളിതമായ തിരക്കഥയും സംവിധാന മികവുമാണ് സാൾട്ട് ആന്റ് പെപ്പർ എന്ന ചിത്രത്തിന്റെ വിജയ ഫോർമുല. കഥയില്ലായ്മയിൽ നിന്നും രസകരമായ ഒരു കഥ സൃഷ്ടിച്ചെടുക്കുന്നിടത്താണ് തിരക്കഥാകൃത്തുക്കളായ ശ്യാം പുഷ്കറും ദിലീഷ് നായരും വിജയിച്ചത്. ഒരു ദോശ ഉണ്ടാക്കിയ

കഥയിലൂടെ പ്രേഷകരുടെ രസ മുകുളങ്ങളെ തൊട്ടുണർത്താൻ ആഷിക് അബു എന്ന സംവിധായകനായി. പുതിയ വിപണന തന്ത്രങ്ങൾ മലയാള സിനിമയ്ക്ക് പരിചയപ്പെടുത്തുക കൂടി ചെയ്തു ചിത്രം. പോസ്റ്റർ ഡിസൈനിംഗ് മുതൽ സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിലൂടെ നടത്തിയ പ്രചരണം വരെ ചിത്രത്തിന്റെ വിജയഘടകങ്ങളാണ്. എല്ലാറ്റിലുമുപരി നായകനോ നായികയ്ക്കോ പകരം കഥാപാത്രങ്ങൾക്കുമാത്രം പ്രാധാന്യമുള്ള തിരക്കഥയും അഭിനേതാക്കളെ തിരഞ്ഞെടുക്കുന്നതിൽ പ്രകടിപ്പിച്ച മിടുക്കും മികവാർന്ന അഭിനയവും സോൾട്ട് ആന്റ് പെപ്പറിനെ ഹൃദയത്തോട് ചേർത്ത് നിർത്തുന്നു.

ഇന്ത്യൻ റുപ്പി

മലയാളികളുടെ പ്രിയ സംവിധായകനും അതിലുപരി തികച്ചും വേറിട്ട തിരക്കഥകളിലൂടെ മലയാളിയെ ചിന്തിപ്പിക്കുകയും ചെയ്യുന്ന രഞ്ജിത്തിന്റെ ഇന്ത്യൻ റുപ്പി മലയാളത്തിന്റെ പുതിയ സിനിമാ സങ്കൽപ്പങ്ങൾക്കൊപ്പം ചേർന്നു പോവുന്നതായിരുന്നു. യുവ സംവിധായകർക്കൊപ്പം പുതുമയുടെ വഴിയേ സഞ്ചരിക്കാനും അതോടൊപ്പം സാമൂഹിക പ്രസക്തിയുള്ള ഒരു വിഷയം സിനിമയിലൂടെ അവതരിപ്പിക്കാനും സംവിധായകൻ കാണിച്ച ആർജ്ജവം പ്രേക്ഷക സമ്മതിയും നേടി. പൃഥ്വിരാജ്, തിലകൻ, ടിനി ടോം തുടങ്ങിയ അഭിനേതാക്കളുടെ മികവും സിനിമയ്ക്ക് ഏറെ ഗുണം ചെയ്തു.

ബ്യൂട്ടിഫുൾ

പേരു പോലെ തന്നെ പ്രേഷകരും ബ്യൂട്ടിഫുൾ എന്ന് അംഗീകരിച്ച ചലച്ചിത്രം. നന്മയുടേയും പ്രത്യാശയുടേയും സന്ദേശം മാത്രം നൽകുന്ന ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് വി. കെ. പ്രകാശാണ്. അനൂപ് മേനോന്റേയും ജയസൂര്യയുടേയും മിതത്വം പാലിക്കുന്ന അഭിനയം തന്നെയാണ് ചിത്രത്തിന്റെ പ്രധാന വിജയ ഘടകം. ബ്ലാക്ക് ഹ്യൂമറിന്റെ അകമ്പടിയോടുകൂടി കഥ പറയുന്ന ചിത്രത്തെ വ്യത്യസ്തമാക്കുന്നത് ആരേയും അമ്പരപ്പിക്കുന്ന ക്ലൈമാക്സും. മോഷണ ആരോപണം തിരക്കഥയ്ക്കു നേരെ ഉയർന്നെങ്കിലും പ്രേക്ഷകർ ചിത്രത്തിനൊപ്പം നിന്നു.

സെക്കന്റ് ഷോ

ശ്രീനാഥ് രാജേന്ദ്രന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ സെക്കന്റ് ഷോ ശ്രദ്ധേയമായത് ദുൽഖർ സൽമാന്റെ അരങ്ങേറ്റമെന്ന ചിത്രമെന്ന നിലയിലാണ്. എന്നാൽ അതിലുപരി ഒരു പറ്റം ചെറുപ്പക്കാരുടെ ആദ്യ സംരംഭമെന്ന നിലയിൽ സെക്കന്റ് ഷോ നേടിയ വിജയം ശ്രദ്ധേയമാണ്. ലാലുവും കുരുടിയുമെല്ലാം പ്രേഷകരുമായി എളുപ്പം സംവദിക്കുന്നവരായി എന്നത് സിനിമയുടെ വിജയത്തിൽ ഏറെ സഹായിച്ചു. യാതൊരു കൊട്ടിഘോഷങ്ങളും ബഹളങ്ങളുമില്ലാതെ വന്ന വിജയ ചിത്രങ്ങളുടെ ശ്രേണിയിലേക്കെത്തി എന്നതാണ് സെക്കന്റ് ഷോയെ വ്യത്യസ്തമാക്കുന്നത്. മധ്യവർഗ്ഗമലയാളിയുടെ ചുറ്റുപാടുകളിൽ നിന്നുകൊണ്ട് തന്നെ കഥ പറയുന്നു എന്നതും ശ്രദ്ധേയമാണ്.

ഈ അടുത്ത കാലത്ത്

ഈ അടുത്ത കാലത്ത് എന്ന ചിത്രത്തിന്റെ വിജയം പ്രേക്ഷകരെ തന്നെ വിസ്മയിപ്പിക്കുന്നതായിരുന്നു. വ്യത്യസ്തത എന്ന വാക്കിന്റെ അർത്ഥം പൂർണ്ണമായി ഉൾക്കൊണ്ട ചിത്രം. സമാന്തരമായി മൂന്നോ നാലോ കഥകൾ പറഞ്ഞു പോവുന്ന രീതി അധികമൊന്നും പരീക്ഷിക്കപ്പെട്ടിട്ടില്ല. മാറിയ പ്രേക്ഷക സമൂഹത്തിന്റെ മനസ്സാണ് ഈ ചിത്രത്തിന്റെ വിജയം വെളിവാക്കുന്നത്. അരുൺകുമാർ എന്ന സംവിധായകന്റേയും മുരളി ഗോപി എന്ന തിരക്കഥാകൃത്തിന്റേയും ഒപ്പം നടന്റേയും വിജയമാണ് ചിത്രത്തിന്റേത്. ഇന്ദ്രജിത്ത് എന്ന നടന്റെ പ്രകടനവും ഏറെ ശ്രദ്ധിക്കപ്പെട്ടു.

22 ഫീമെയിൽ കോട്ടയം

ധീരമായ ഒരു പരീക്ഷണ ചിത്രം. 22 ഫീമെയിൽ കോട്ടയം എന്ന ചിത്രം ആഷിക് അബു എന്ന സംവിധായകന്റെ പേര് മലയാളി മനസ്സിൽ ഒരിക്കൽ കൂടി അടിവരയിട്ടുറപ്പിച്ചു. റിമ കല്ലിങ്കൽ എന്ന നടിയുടെ അഭിനയ സാധ്യതകളെ നന്നായി പ്രയോജനപ്പെടുത്തിയ ചിത്രം ഒട്ടേറെ പുതുമകളാണ് മലയാളിക്ക് സമ്മാനിച്ചത്. അഭിനന്ദനങ്ങൾക്കൊപ്പം വിമർശനങ്ങളും ഏറെ നേടിയ സിനിമ വളരെ കാലത്തിന് ശേഷം ശക്തമായ സ്ത്രീ കഥാപാത്രത്തിന്റെ സാന്നിദ്ധ്യം കൊണ്ട് കൂടി ശ്രദ്ധേയമായ ചിത്രമാണ്. കൃത്യമായ നായക കഥാപാത്രമില്ലാത്ത ചിത്രത്തിൽ ഫഹദ് ഫാസിലിന്റെ പ്രകടനവും ശ്രദ്ധേയമായി.

ഇവിടെ കുറിച്ചത് പ്രേക്ഷകരുടെ ഇഷ്ടം നേടിയ ഒപ്പം ബോക്സോഫീസിൽ ചലനങ്ങളും സൃഷ്ടിച്ച ഏതാനും ചില ചിത്രങ്ങൾ മാത്രം. ഇത് വായിച്ചു തീരുമ്പോഴേക്കും പ്രേഷകർക്കായി വെള്ളിത്തിരയിലേക്ക് ഡയമണ്ട് നെക്‌ലേസും, മഞ്ചാടിക്കുരുവും, ഉസ്താദ് ഹോട്ടലുമെല്ലാം എത്തിക്കൊണ്ടിരിക്കുന്നു. താരത്തിളക്കവും ഹൃദയത്തെ തൊടുന്ന കഥകളുമായി എത്തുന്ന ചിത്രങ്ങൾക്കായി കാത്തിരിക്കാം.

വയലിന്റെ വിലാപം

Milasha N.R.
Ist MSc. Aqua Culture

ഇന്നെന്റെ നെഞ്ചിന്റെ
ഉൾക്കോണിലെവിടെയോ
ചുടുകാറ്റിരമ്പുന്ന കാർമാഞ്ഞ ചിത്രത്തിൽ....
കരളിലൂടൊഴുകുന്ന ഗദ്ഗദവുമെവിടെയോ
കണ്ണീരിലലിയുന്ന കാത്തിരിപ്പായ്...
കത്തിവേഷം ചമഞ്ഞാടുന്ന കാലത്തിൻ
മുന്നിലായ് പാടുന്നിതെൻ വിലാപം

പണ്ട്
പതിരുകൾ കാണാത്ത, പാഴ്വിള കാണാത്ത
വയലേലയായിരുന്നെന്റെ ബാല്യം...
കത്തുന്ന സൂര്യനോടൊത്തിരി മറുപടി
വിളയായി നൽകുന്ന നല്ല കാലം
താരും തളിരും തഴുതാമയും എന്റെ
തോഴരായ് മാറിയ മഴക്കാലമെത്രെയോ...
കൊയ്ത്തും മെതിയും ഇടതൂർന്നു തിങ്ങിയ
എള്ളെണ്ണ ചൂരുള്ള നാട്ടിൻപുറം!!!

ഇന്ന്
കരയാൻ മറന്ന
കതിർ മണി കാണാത്ത
ചെറുചാലു കീറിയ
പ്രേത ചിത്രം!!!
ഇന്നെന്റെ നെഞ്ചിൽ വിയർപ്പിന്റെ രസമില്ല.
ഈരടികൾ പാടും പുലച്ചിയില്ല...
പതിവായി പാടുന്ന പാട്ടിനു ശ്രുതി മീട്ടി
മൂളുന്ന പവനനും പാഴ്ച്ചിത്രമായ്....
ഇന്നെന്റെ സിരയിൽ നനവില്ല
നെടുവീർപ്പുണങ്ങി
നന്മയുടെ നെന്മണികൾ തൻ നിഴലില്ല
ചക്രവാളങ്ങൾ തടം കൊണ്ട ചിത്രത്തിൽ
ചലനമില്ലാത്തൊരു വയലാണു ഞാൻ !!!

അനന്തകൃഷ്ണൻ. എം.
II DC Chemistry

എനിക്ക് നിന്നെ വേണമായിരുന്നു, എന്നു ഞാൻ പറഞ്ഞോട്ടെ? എന്തായാലും എനിക്ക് എന്തോ വേണമായിരുന്നു. എങ്കിലും, നിന്നെ എനിക്കു വേണം എന്നുപറയാനാണെനിക്കിഷ്ടം, സമയം പെയ്തൊഴിയുന്ന തണുത്ത, എന്നാൽ മരവിപ്പിക്കാത്ത, കാലത്തിന്റെ ഈ താളിൽ നിന്നെത്തന്നെയാണ് എനിക്കു വേണ്ടിയിരുന്നത്. മരവിപ്പിക്കുന്ന ആ മഞ്ഞുകാലം നീ വെറുക്കുന്നുവെന്നെനിക്കറിയാം. അപ്പോൾ മലഞ്ചെരിവിലോ, താഴ്‌വരയിലോ ഉള്ള നിന്റെ വീട്ടിൽ, അടുപ്പിൽ തീയൂതുന്ന നാട്യത്തിൽ നീ സുഖമായിരിക്കുക, അപ്പോൾ ഞാനിരിക്കുന്ന ഈ പീഠം തണുത്തുവിറയ്ക്കും അല്ലേ?

നിന്റെ പ്രസവ മുറിക്ക് പുറത്ത് അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടക്കാനും എനിക്കാവില്ല. അലംകൃത സ്വപ്നങ്ങളിലെ, വാഴ്ത്തപ്പെട്ട, പ്രണയം പോലെ ചുവക്കുന്ന ചക്രവാളം നോക്കി, പൂഴി മണലിന്റെ മാർദ്ദവമാസ്വദിക്കുമ്പോൾ ഒരിക്കലും എന്റേതല്ലാതിരുന്ന, എന്റെ ഗന്ധം നുകർന്ന്, എന്നെ മുഴുവനായി മനസ്സിലാക്കി, എന്ന നിന്റെ ജല്പനവും എനിക്കു വേണ്ട.

നിന്നോടെനിക്കു പ്രണയമാണെന്ന് പറയുവാൻ എനിക്കിപ്പോഴും ലജ്ജയാണ്. നമ്മൾ ഒരുമിച്ച് വാക്കുകൾ പങ്കുവച്ചിട്ടില്ല. നിരത്തുകൾ അളന്ന് അലഞ്ഞിട്ടില്ല. ഒരിക്കലും എന്റെ പണസഞ്ചി നിനക്കായി തുറന്നിട്ടുമില്ല. നിന്റെ വിരൽതുമ്പു പോലും എനിക്ക് അന്യമായിരുന്നല്ലോ.

ഇപ്പോൾ, എപ്പോഴത്തേയും പോലെ, ഇവിടെത്തന്നെയാണ് നിന്നെ എനിക്കു വേണ്ടത്. സമയത്തിന്റെ അടയാളം വച്ച ഈ ഏടിൽ, ചാരുകളില്ലാത്ത ആ പരുക്കൻ സിമന്റ് ബഞ്ചിൽ, അവിടെ മാത്രം. വെള്ളയും ഇളം നീലയും ചായം പൂശിയ, ഒരിക്കലും തെളിയാത്ത വിളക്കും പേറി നിന്ന ആ വിളക്കുകാലിന്റെ ചുവട്ടിൽ തന്നെ, എവിടെ നിന്നോ, എങ്ങോട്ടോ പോകുന്ന അതേ ടാർ വിരിച്ച പാതയുടെ ഓരത്ത്. നിനക്കറിയാവുന്നതു പോലെ, അടുത്തുള്ള നഗര കേന്ദ്രത്തേക്കാൾ എനിക്ക് ഇഷ്ടം ഇതേ നാൽക്കവലയായിരുന്നു, നിന്നേക്കാൾ തുടുത്ത തൊലിയും, ചുണ്ടുകളും ഉള്ള, മുടിച്ചീളുകൾ ഇടയ്ക്കിടെ ചെവിക്കു പിന്നിലേക്കു മാടി വയ്ക്കുന്ന സൗന്ദര്യ ധാമങ്ങളേക്കാൾ നിന്നെ ഞാൻ ഇഷ്ടപ്പെട്ടതു പോലെ തന്നെ.

പല ഭാഷകൾ മുഴങ്ങുന്ന, പല വേഷങ്ങൾ ചൊല്ലിയാടുന്ന ഈ കവല, വൃത്താകൃതിയിലുള്ള കുഞ്ഞു കുഞ്ഞിലകളും, നാരുപോലുള്ള പൂക്കളും പൊഴിക്കുന്ന ഈ തണൽ, ഒഴിയുന്നു, ഒറ്റയ്ക്കാകുന്നു,

ഇരുളിൽ അലിയുന്നു. അത് ഞാൻ കണ്ടിട്ടുണ്ട്. നീയും.

തോട്ടങ്ങളും വയലുകളും ചമച്ച എന്റെ ഗ്രാമത്തിലേക്ക് പോകുവാൻ പച്ച ബസു കാത്തിരിക്കുകയാണ് ഞാനിപ്പോഴും നീ എന്നെ വിട്ടകന്നപ്പോഴത്തെ പോലെ തന്നെ. പാലങ്ങൾക്കടിയിലെ കായൽ നിശ്വസിക്കുമ്പോൾ മത്സ്യഗന്ധമുണ്ടാകാം. അന്നത്തേപ്പോലെ. ഇന്നോ? നിന്റെ മനസ്സിലെ കല്ലറകൾ പിളർന്നപ്പോഴുള്ള ജീർണ്ണ ഗന്ധമാണ് ഇവിടെ പരക്കുന്നത്. എന്നാലും ഞാൻ ശ്വാസം മുട്ടിപ്പിടയുകയൊന്നുമല്ല കേട്ടോ.

ഇവിടെ നീയെന്നോടു തൊട്ടിരിക്കേണ്ട. ഞാൻ പേരു കേട്ടിട്ടേയില്ലാത്ത തൂലികപ്പയറ്റുകാരുടെ പുസ്തകങ്ങളും നിന്റെ പുഞ്ചിരിയും വച്ച തോൾ സഞ്ചിയും അകലെ വച്ചു കൊള്ളൂ. ചക്രവാളം ചുവക്കുമ്പോൾ വരൂ. അല്പനേരം ഇരിക്കാം. മുന്നിലെ വെളുത്ത, നിന്റെ മുഖം പോലെ വിളർത്ത ആ ഇരട്ട സൗധങ്ങൾ രക്ത പ്രസാദമണിയും, നിനക്കായി ആ കാഴ്ച ഞാൻ മാറ്റി വച്ചിരിക്കുന്നു.

കാറ്റ് ഉഴറി വീശുമ്പോൾ, എന്റെ ബസിനു വേണ്ടി നമുക്ക് കാത്തിരി

ക്കാം. ഒരു കാര്യത്തിനായി കൂടുതൽ പേർ കാത്തിരിക്കുമ്പോൾ അത് പെട്ടെന്നു സംഭവിക്കുമായിരിക്കാം. കാത്തിരിപ്പിനൊപ്പം, വെള്ളത്തിന് ഒത്ത നടുക്ക്, നമ്മുടെ കൊച്ചു കടലാസ്സു വീട് നിർമ്മിക്കാം. അവിടെ നിന്ന് കരയിലേക്ക് പച്ചപ്പുല്ലുകൾ കൊണ്ട് ഒരു പാലവും.

വരും, അല്ലെങ്കിൽ വന്നു കഴിഞ്ഞു. എന്റെ യാത്ര. നീ എന്നോ തന്നു കഴിഞ്ഞ വിട ഇനി ഞാൻ ചോദിക്കുകയില്ല. ഇനി ബസിൽ കയറിപ്പറ്റണം, പാതയോരത്തു നിൽക്കുന്ന നിനക്കു പുറംതിരിഞ്ഞു നിൽക്കണം. അകലുമ്പോൾ, നിന്റെ ദൃഷ്ടി എന്നെ പിന്തുടരുന്നത് എനിക്ക് കാണണം, ഞാൻ കണ്ടു കൊള്ളാം. നീ ഇനി നിൽക്കേണ്ട. മടങ്ങിക്കൊൾക, സൗഹൃദത്തിലേക്ക്, വെള്ളക്കടലാസിന്റേയും കറുത്ത മഷിയുടേയും ലോകത്തിലേക്ക്, ഇരുളിൽ പട്ടു പുതപ്പിച്ച് ഗ്രാമം എന്നെ ഉറക്കുമ്പോൾ നിന്റെ മേശ വിളക്കിന്റെ വെളിച്ചത്തിൽ നീ ഇതു വായിക്കുക. എന്നിട്ട് നിന്റെ ഇരുട്ട്, അതെനിക്ക് നൽകുക.

21-ാം നൂറ്റാണ്ടിന്റെ പ്രണയം

21-ാം നൂറ്റാണ്ടിന്റെ പ്രണയം!!!
ഇതിനെ എങ്ങിനെ വർണ്ണിക്കേണ്ടൂ...
ചങ്ങമ്പുഴയുടെ കഠിന പ്രണയ വരികളോടോ?
അതോ ! കാളിദാസന്റെ ആശ്രമ പ്രണയത്തോടോ
21-ാം നൂറ്റാണ്ടിന്റെ പ്രണയം!!!
ഈ പ്രണയം വെറും ഭ്രമം,
കുപ്പികളിലെ രാസ വാസനയുടെ പ്രണയം
അരവയറിലെ ആഢംബരത്തിന്റെ പ്രണയം...
ഇവിടെ മൊബൈലുകൾ ഹൃദയങ്ങളാകുന്നു...
മെസേജുകൾ ഹൃദയമിടിപ്പുകളാകുന്നു,
ഓപ്ഷനിലെ ഡിലീറ്റിലൂടെ വിരലുകൾ നീങ്ങുമ്പോൾ....
തകരുന്നത് നൂറ്റാണ്ടിന്റെ പ്രണയ സത്യം!!!

പോൾ രാജ് സി.
സോഷ്യോളജി

ഏകാന്തത

Maaha Fathima
I B Com Taxation

ഒറ്റയായ തീരം
ഞാൻ ഏകയായിരുന്നു
തിരമാലകൾ വന്നെന്നെ തലോടിയപ്പോഴും
ഭൂമിയെ ഇരുളിലാക്കി സൂര്യൻ
കടലിൽ മുങ്ങി മറഞ്ഞപ്പോഴും,
എനിക്കു ചുറ്റും ഏകാന്തതയായിരുന്നു.
ഭീതി പരത്തുന്ന ഏകാന്തത.

ഇന്നലെകളിൽ കടൽത്തീരത്തെ
സന്ധ്യയെ പുണരാൻ ഞാനെത്തുമ്പോൾ
എന്നിൽ പ്രണയത്തിന്റേയും പുഞ്ചിരിയുടേയും
സുഗന്ധമുണ്ടായിരുന്നു.
കൂട്ടിനു നീയും....
അന്നെന്റെ ലോകം നിറങ്ങളുടേതായിരുന്നു.
അന്ന് പെയ്ത മഴത്തുള്ളികൾ എന്റെ മേനിക്ക് കുളിരായിരുന്നു...

അന്ധകാരം തീണ്ടിയൊരെൻ ജീവിതത്തിലേക്കാ-
ശകളുടേയും പ്രതീക്ഷകളുടേയും നുറുങ്ങുവെട്ടം പരത്തിയപ്പോഴും,
ഭാവിയിൽ കാത്തിരിക്കുന്ന വർണ്ണലോകത്തെക്കുറിച്ച്
മോഹങ്ങൾ നൽകിയപ്പോഴും,
ഉറങ്ങിക്കിടന്നൊരെൻ മനസ്സിനെ
സ്വപ്നങ്ങൾ നെയ്യാൻ പ്രേരിപ്പിച്ചപ്പോഴും,
താങ്ങായും തണലായും നിത്യവുമെന്നെ
നെഞ്ചോടു ചേർക്കുമെന്ന് സത്യവചനം ചൊല്ലിയപ്പോഴും,

പ്രിയനേ എന്തേ നീ പറഞ്ഞീല,
എനിക്കായി നീ കാത്തുവെച്ചത്
വിരഹത്തിന്റെ വേദനയും
വിധിയുടെ വിളയാട്ടവുമാണെന്ന്

മനമേ... എന്തേ നീ അറിഞ്ഞീല
നിന്നെ കാത്തിരിക്കുന്നത്
ഭയാനകമായ ഒറ്റപ്പെടലും
അസഹനീയമായ പരിഹാസങ്ങളുമാണെന്ന്...

ഇന്നീ കടൽത്തീരത്ത്,
ജീവിതത്തിന്റെ സന്ധ്യാതീരത്ത്
തിരിച്ചു കിട്ടാത്ത ഒരു പിടി ഓർമ്മകൾ
പേറുന്ന ജീവിതത്തെയും
എങ്ങോ പോയ്മറഞ്ഞ എൻ പ്രിയനെയുമോർത്ത്
ഞാനെന്റെ കണ്ണുനീർത്തുള്ളികൾ പൊഴിക്കുമ്പോൾ
എല്ലാം വ്യർത്ഥമാക്കി, ഇന്നുമാ ഏകാന്തത ബാക്കി...

ഇന്നെനിക്ക് ചുറ്റും പ്രണയത്തിന്റെ സുഗന്ധമില്ല
മേനിയെ കുളിരണിയിക്കാൻ മഴത്തുള്ളികളില്ല
ഒറ്റപ്പെടലിന്റെ ചീഞ്ഞളിഞ്ഞ ഗന്ധം പരന്നിരിക്കുന്നു
മഴ തോർന്നിരിക്കുന്നു.
ഏകാന്തതയുടെ ക്രൂരതയിലേക്ക് വലിച്ചെറിയപ്പെട്ട എന്നിൽ
നിനക്കായ്.... രണ്ടു കണ്ണുനീർത്തുള്ളികൾ മാത്രം ബാക്കി!!

प्यार का दर्द।।।

रेसीना जब्बार एं. ए.
Ist DC Zoology

आखों ओखों में डूबे वह जा रहे थे
हाथ में हाथ डाले वह चले जा रहे थे
दुनियाँ को पीछे छोड वह चले जा रहे थे
अपनी दुनिया वह खुद बसा रहे थे।
हाँ, मुझे भी था ऐसा दिन
जिंदगी को एक शह दिखाने वाला
वह जिसने मुझे सपना देखना सिखाया
वह जिसने सारी खुशियाँ दी
वह जो मेरी जिंदगी बना!!!
मेरा प्यार बना।।
पहले तो एक अजनबी था।
न जाने कब दोस्त बन गया ???
और फिर मेरी जिंदगी...
छोटी छोटी खुशियाँ मुझे लाकर दी
आसमान में उडान भरायी
सारे खुशियाँ मेरे कदमो में लाकर दिये
पर न जाने क्यों ऐसा लगने लगा है।
सब कुछ होकर भी कुछ कमी है
कमी कहाँ है???
सब है पास मेरे
मगर है तलाश कुछ और की
क्या यहीं है, प्यार का दर्द ???
एक उमीद देल मे जगी है।
पर टूटने की कगार पर है।
जाने किस मोड पर ले
जायेगी ये ज़िन्दगी ।

खामोशी

विद्योत्तमा
IIIrd DC Botony

दिल के कोने से निकला
एक राग जो किसी और के
दिल को छु जाए बिन कुछ कहे
जो सब कुछ कह जाती है
रिशतों के बंधनों का
वह अनोखा एहसास है - खामोशी।
जब गुजर जाए आपे से पार
जब छोटी सी बाँध जाए
विवादो की गाँठ माला में
उलझे गाठों को मौन आवाज़ में
सुलझाती और सवाँरती है। खामोशी।
रिशतों की कहानी में
जब धर बान हो जाए
कुछ अनकही अनसुनी सी
उन अनजाने एहसासों को
एक सूत्र में बाँधती है। खामोशी।
जब आती है बिदाई की घडियाँ
दिल भर आती है आँसुओं से
चाह कर भी जो जज्बात
होठों से बयान नहीं होते
उन पलों में एक मीठा सा
अनोखा एहसास दिलाती है। खामोशी
जब मन डूब जाता है
बीते झरोखों गहराई में
चुप लबों से निकलती
सासों की मदहोशी है। खामोशी।



Rexy Roy
IDC Botany

Long since we have opened our eyes into life we have been seeing flowers, leaves, fruits ripening and butterflies dancing all to denote seasons on the clock of the year. The tenderness of these expressions are so high, that each day, each season and each year is so well different for anyone who peeps into this part of the world. And ofcourse only those people will be able to enjoy life.

In today's scenario the wisest person is the one who realises that his is not the only species that exists on mother earth. The one who recognises the flora and fauna around him deserves to be called a human being and the rest of the lot belongs to the sofisticated machines that the 21st century offers. These machines seems to take back the earth to the conditions that existed long back before life had flourished on earth.The story of earth from a ball of fire into a magnificient globe of life had a silent but a significant character called the plants. Investigations proved that the plants had transformed the atmosphere of earth for the existence of life; and still plants do the same. It provides everything to support life. But what do they get back??? Nothing! Many of their relatives turned into fossil memories.

Yes, we humans are doing the same, letting some to survive and some to die . The slogan has been applied not just in the case of humans, but in the case of plants, animals and water bodies and each and every constituent of nature. scruting of nature not for need but for greed. This has led to the deterioration of nature as a whole, and especially plants. Betterment of the status of flora is much important at this stage because it is the key stone which holds the earth together.

Who wouldn't like to have an orchid in their garden. It has turned into one of the most commercial plants of the last few decades. With its 25,000 species it serves as the largest family of flowering plants. In addition to this there are around 60,000 hybrid varieties developed. Internationally traded orchids come from the tropical regions of Asia, South America including India, Thailand, China, Singapore, Madagascar and Brazil. The species had been adapted to almost all climates. They range from microscopic to several feet tall in size. It is dreadful to know that several of its species have already become extinct and around 120 of them are in an endangered category now. This is mainly due to poaching and smuggling. These plants are taken from their habitat and the region is burnt to ensure that nobody else gets the variety. Also the change in climate and temperature of the earth has become a cause for extinction of many of the orchid varieties.

Another significant plant to a botanist is the plant

Rafflesia which is actually the name of the flower known to be the largest flower on earth. With around 28 species this endoparasite of wines is also facing a tragic situation these days. The flower is known as meat flower or corpse flower due to its characteristic foul odour which attracts flies and insects towards it for pollination to occur. The flower of Rafflesia arnoldii one of its species measure about 100 cm and 10kg and remains in bloom condition upto 1week.

Study of these species was progressing in the botanical field when its news of endangered species came. The reason of almost all extinctions is the habitat loss (Habitat is the geographical or Physiological region in which a particular species is generally seen) This occurs due to the human activies which cause imbalance to the natural ecology. Realising this is the most important step towards prevention of extination . And Earth has reached a high time to react to these changes.

Think globally and act locally. This is what each of us should practise. Converting barren lands into green areas is the first step towards conservation of our nature. Remember , this earth has not been inheritted by us from our forefathers but has been borrowed from our sons and daughers.....

जो रिशता है कोई तो

हेमलता कुमारी
Ist DC Botany

एक दिन खुदा से पूछने हम गये,
ज़िन्दगी का सबसे प्यारा तोहफा,
जान से प्यारा रिशता
जो नहीं तो ज़िन्दगी ही नही।
चुपके से उन्होंने राज़ गहरा खोल दिया,
खामोशी से उन्होने राज़ गहरा खोल दिया।
वो हँसे और बोले ज़िन्दगी की हर सच को जान लो।
जन्म धरती पर लेकर यह अजब पहेली सुलझा लो।
खून के रिशतो मे प्यार होता है।
सुना था समझा था जन्म लेकर महसूस किया था।
पर अनजान होकर प्यार किया था किसी ने?
करती जब डूबी हाथ दिया था किसी ने?
जब हम रोये, हँसा कोई और भी न था
जब हम चूप थे, कहा किसी और ने भी न था,
जब हम रूके, चला कोई और भी न था।
जब हम जागे, सोया कोई और भी न था।
जब हम फिसले, उठाया था किसी ने,
हम जब भटके रास्ता दिखाया था किसी ने,
हम जब खामोश थे हँसाया था किसी ने,
हम जब टूटे मजबूत बनाया था किसी ने।
कुछ रिशते उसे रब ने बनाए,
कुछ रिशते बस बन जाते है।
कुछ रिशते हर लमहा हसीन बनाते है।
कुछ रिशते हँसती आँखों को आँसू दे जाते है।
कुछ रिशते हमारी ज़रूरत बन जाते है।
कुछ रिशते ज़िन्दगी बन जाते है।
कुछ रिशते भूलकर भी याद आते है
कुछ रिशते ज़िन्दगी बन जाते है।
कुछ रिशते मरकर भी बन जाने है।
कुछ रिशते हर किसी की जरूरत बन जाते है।
कुछ रिशते धूप में बरसात ले आवे है।
खुदा से क्या पूछे हमने खुद जाना है।
जमाने ने इसे हँसकर माना है।
सागर से गहरा आसमान माना है।
सागर से गहरा आसमान से ऊँचा
जो रिशता है कोई, ये वो दोस्ती के सिवा और कुछ नहीं।
शुक्रिया दोस्त, चलते चलते कुछ पल साथ बिताने को
ज़िन्दगी का हसीन तराना गुनगुनाने को
हर दुःख सुख को निःस्वार्थ भाव से साथ निभाने को
शुक्रिया खुदा एक दोस्त बनाने को।

നക്ഷത്രമരങ്ങൾക്ക് ചോട്ടിൽ; കവിയ്ക്കൊപ്പം...

എസ്. ജോസഫ്, പ്രമുഖനായ മലയാള കവി
മഹാരാജാസ് കോളേജിൽ മലയാളാധ്യാപകൻ
ആ യാത്ര കവിയെ തേടിയായിരുന്നു,
ആ കവിതകളെയും കവിയെയും ഒന്നടുത്തറിയാൻ വേണ്ടിയായിരുന്നു.
മരത്തണലിന്റെ തണുപ്പുള്ള, ഹൃദ്യവും പുരാതനവുമായ
ഒരു കാവ്യം, പഴമയുടെ മഴ നനഞ്ഞ
സാന്ധ്യ പ്രതലത്തിലെഴുതപ്പെട്ടത് പോലെ നീണ്ടു
കിടന്ന കലാലയത്തിന്റെ ഇടനാഴിയിൽ വച്ച്
വച്ച് അദ്ദേഹം ഞങ്ങളോട് സംസാരിച്ചു.
കവി കവിതയായും കവിത കവിയായും മാറുന്ന സംഭാഷണത്തിന്റെ നുറുങ്ങുകൾ

**** എസ്. ജോസഫ് എന്ന കവിയായി രൂപപ്പെടുന്നതിൽ വായന എത്രത്തോളം സ്വാധീനിച്ചിട്ടുണ്ട്?***

കുട്ടിക്കാലത്തും അതിനുശേഷവും ഏറെ വായിച്ചിട്ടുണ്ട്. സാംസ്ക്കാരിക വിപ്ലവത്തിന്റെ സ്വാധീനവും എന്നെ വായനയിലേക്ക് അടുപ്പിക്കുന്നതിൽ വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. എന്റെയൊക്കെ കുട്ടിക്കാലത്ത് സജീവമായിരുന്ന ജനകീയ സാംസ്ക്കാരിക വേദി ഞങ്ങളുടെ തലമുറയിൽ വായനാശീലം വളർത്തുന്നതിന് ഏറെ സഹായകമായിട്ടുണ്ട്. ശാസ്ത്ര പുസ്തകങ്ങളോട് ആഭിമുഖ്യമുണ്ടായിരുന്നു. വേണുവിന്റെ 'പ്രപഞ്ചവും മനുഷ്യനും' എന്ന പുസ്തകം ഇത്തരത്തിലൊന്നാണ്.

**** മരണം ഓർമ്മ തുടങ്ങിയ പറഞ്ഞു പഴകിയ വിഷയങ്ങൾ വിട്ട് ചെറുവസ്തുക്കളെ കവിതകൾക്ക് വിഷയമാക്കുന്നുണ്ടല്ലോ. എന്താണ് ഇങ്ങനെ ഒരു മാറ്റത്തിന് പ്രചോദനം?***

വൈവിധ്യങ്ങളാൽ നിറഞ്ഞ ലോകമാണിത്. കവിതയ്ക്കുള്ള വിഷയങ്ങളും ധാരാളം നമുക്ക് ചുറ്റുമുണ്ട്. നാം അധികം ശ്രദ്ധിക്കാതെ പോവുന്ന നമുക്ക് ചുറ്റുമുള്ള ചെറു ജീവിതങ്ങൾ, നമ്മുടെ ജീവിതത്തിലുള്ള അവയുടെ ഇടപെടലുകൾ, പക്ഷികൾ മൃഗങ്ങൾ എല്ലാം എന്നെ ആകർഷിച്ചിട്ടുണ്ട്. പ്രകൃതിയുടെ കേന്ദ്രം മനുഷ്യനല്ല. മനുഷ്യ കേന്ദ്രീകൃതമായി ലോകം മാറുകയാണ്. ഗോത്ര സമൂഹങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുകയല്ലേ. അതോടൊപ്പം നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന നന്മകളെക്കുറിച്ചുള്ള ഉത്ക്കണ്ഠകൾ തീർച്ചയായും ഉണ്ട്. എല്ലാത്തിനുമുപരി എഴുത്തുകളെല്ലാം സൂചകങ്ങളാണ്.

**** യാഥാർത്ഥ്യവുമായി കൂടുതൽ അടുത്തു നിൽക്കുന്ന രചനകളാണല്ലോ ഇന്ന് ഏറെ കാണുന്നത്. എന്താണ് ഇതിനെക്കുറിച്ച് സാറിന്റെ അഭിപ്രായം?***

റിയാലിറ്റികളുടെ ലോകങ്ങളിലേക്ക് കവിത മാറിയിരിക്കുന്നു. മരണം പോലുള്ള യാഥാർത്ഥ്യങ്ങളെ നിഗൂഢവത്ക്കരിക്കുന്ന പ്രവണത എഴുത്തിൽ കുറയുന്നുണ്ട്. നമുക്ക് മുന്നിലുള്ള പച്ചയായ യാഥാർത്ഥ്യങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോവുകയാണ് ഇന്നത്തെ കവിത. ഇത് കവിതയെ കൂടുതൽ സ്വീകാര്യമാക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. പല കവിതകളിലും ഇന്ന് പ്രകൃതി ഒരു പ്രമേയമാകുന്നുണ്ടല്ലോ.

**** ശാസ്ത്രവും ചരിത്രവുമെല്ലാം കവിതയ്ക്ക് വിഷയമാകുന്നുണ്ടല്ലോ. ഇതിനെക്കുറിച്ച് ?***

ശാസ്ത്രവും ചരിത്രവും ഒന്നും കവിതയ്ക്ക് അന്യമല്ല. കേസരിയും എം. ഗോവിന്ദനും തുറന്നിട്ട ലോകങ്ങൾ നമുക്ക് വിസ്മരിക്കാനാവില്ല.

**** എഴുത്തിനെ പെണ്ണെഴുത്ത് എന്നൊരു വിഭാഗമായി തരംതിരിക്കേണ്ടതുണ്ടോ?***

സ്ത്രീകൾ എഴുത്തിലേക്ക് കടന്നു വരുന്നത് തീർച്ചയായും ശുഭസൂചകമാണ്. സ്ത്രീകൾ സാംസ്ക്കാരികമായും സാമൂഹികമായും ഏറെ വിജയങ്ങൾ നേടി മുന്നേറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. സാറാ ജോസഫും, വന്ദന ശിവയും, അരുന്ധതി റോയിയുമെല്ലാം നമുക്ക് മുന്നിലെ ജീവിക്കുന്ന ഉദാഹരണങ്ങളാണ്. എഴുത്തിനെ ഒരിക്കലും വേർതിരിച്ച് കാണേണ്ടതുണ്ടെന്ന് തോന്നുന്നില്ല. മാത്രമല്ല, എഴുത്തിനെ ഒരിക്കലും പെണ്ണെഴുത്താണോ എന്ന് തിരിച്ചറിയാനുമാവില്ല. അതിനാൽ സ്ത്രീ എന്ന സ്വത്വത്തിൽ നിന്ന് ഉയർന്ന് എല്ലാവരേയും ഉൾക്കൊള്ളുന്ന നിലയിലേക്ക് എഴുത്തുകാരികൾ വളരണം.

**** സാങ്കേതിക രംഗത്തുണ്ടായ വൻ മാറ്റങ്ങൾ എഴുത്തിനേയും വായനയേയും പ്രതികൂലമായി ബാധിക്കുന്നതായി സാർ കരുതുന്നുണ്ടോ?***

വിവരസാങ്കേതിക വിദ്യ എത്ര പുരോഗമിച്ചാലും എഴുത്തിന് മാറ്റമുണ്ടാവുന്നില്ല. സർഗ്ഗാത്മകതയുടെ ഉറവിടം മനസ്സാണ്. അതിന്റെ വളർച്ചയും അവിടെ നിന്ന് തന്നെയാണ്. ഇന്റർനെറ്റിൽ പ്രവർത്തിക്കണമെങ്കിലും ഭാഷ എന്ന മീഡിയം ആവശ്യമാണല്ലോ. ഇന്റർനെറ്റിൽ വരുന്ന കവിതയ്ക്കും, കഥകൾക്കുമെല്ലാം വായനക്കാരുമായി സംവദിക്കാൻ ഭാഷ ആവശ്യമാണ്. കമ്പ്യൂട്ടറുകളും മറ്റും വന്നപ്പോൾ സൗകര്യങ്ങൾ ഏറിയതു പോലെ തന്നെ മറുവശത്ത് ചില സങ്കീർണ്ണതകളും ഏറുന്നുണ്ടെന്ന് എനിക്ക് അഭിപ്രായമുണ്ട്.

**** ഭാഷയ്ക്ക് ഗുണകരമല്ലാത്ത മാറ്റങ്ങൾ ഇന്റർനെറ്റിൽ ഭാഷ ഉപയോഗിക്കുന്നതിലൂടെ സംഭവിക്കുന്നതായി കരുതുന്നുണ്ടോ?***

ഇന്റർനെറ്റിലെ ഉപയോഗത്തിലൂടെ സ്വാഭാവികമായ ഭാഷ വളരുകയാണ് ചെയ്യുന്നത്. ഔപചാരികതയുടെ ചട്ടക്കൂടുകൾ വിട്ട് തനിമയുള്ള വാക്കുകൾ ഉപയോഗിക്കാൻ ഇന്റർനെറ്റ് ഒരു കാരണമാവുന്നുണ്ട്. ബ്ലോഗെഴുത്തിലൂടെ ഭാഷയ്ക്കുണ്ടാകുന്ന വളർച്ച നാം കണ്ടില്ലെന്ന് നടിക്കരുത്. കവിതകളുടെ തുടർച്ച തന്നെയാണ് ബ്ലോഗിലും ഇന്റർനെറ്റിലുമെല്ലാം നാം കാണുന്നത്. എഴുത്തിനോടുള്ള ലളിതമായ സമീപനമാണ് ഇന്റർനെറ്റ് എഴുത്തിനെ ഇത്ര ജനകീയമാക്കുന്നത്.

**** ആധുനികതയുടെ മാറിയ സാംസ്ക്കാരികാന്തരീക്ഷത്തിൽ മൂല്യങ്ങൾക്ക് എന്ത് സംഭവിക്കുന്നു?***

തിരക്കിട്ട ജീവിതവും, വളരുന്ന നാഗരിക സംസ്ക്കാരവുമെല്ലാം ഒരു തരത്തിൽ മനുഷ്യനെ അർധയന്ത്രമായി മാറ്റിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പുതിയ വിദ്യാഭ്യാസ സമ്പ്രദായം തന്നെ കുറെയൊക്കെ മെക്കാനിക്കലാകുന്നുണ്ട്. പ്രകൃതിയുടെ വർണ്ണങ്ങൾ അതുപോലെ നിലനിർത്തേണ്ടതാണ്. മണ്ണെടുപ്പും മലനിരത്തലുമെല്ലാം പ്രകൃതിയുടെ താളം തന്നെ തെറ്റിക്കും.

മലയാള കവിതയിൽ ഭാവുകത്വ പരിണാമം സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഭാഷയും അനുഭവങ്ങളുടെ മാറുന്ന തലങ്ങളും ഉൾക്കൊള്ളാൻ പാകത്തിന് ഇനിയും പരീക്ഷണങ്ങൾ വേണ്ടിയിരിക്കുന്നു. വായനയിലെ പുനർനിർവചിക്കപ്പെടുന്ന സാംസ്ക്കാരികാനുഭവങ്ങൾ വ്യക്തിയെ പൊളിച്ചെഴുതുന്നു. "ചിന്തയുടെ പ്രബോധനങ്ങൾ സ്വീകരിച്ച് നിരന്തരം അന്വേഷണങ്ങളിലേക്കും ആന്തരികയാത്രകളിലേക്കും വഴുതി വീഴുക." കവി വചനങ്ങൾ ചിരിയോടെ കാറ്റിൽ തണുത്തുറഞ്ഞു.

* തയ്യാറാക്കിയത് : **എഡിറ്റോറിയൽ ബോർഡ്**

M.G. FEST.

SACRED HEART COLLEGE
LIBRARY
THEVARA

BONY MATHEW
Kathak IIIrd

CHARUTHA BAIJU
Mohiniyattam IInd

MILI S. MOHAN
Painting 1st & Cartoon 3rd

Thiruvathira IInd

Group Song Indian - IIIrd

PRINCE ABRAHAM
Percussion Western Ist

SANDEEP .M
Stringed Western IInd

With University IInd Runners up Trophy

SURAJ .S
Clay Modelling IIIrd

SAM BABU
Wind Western IInd

SEN JANSEN .T
Bharathanatyam & Ottamthullal Ist

UTHARA. R. KRISHNAN
Light Music Ist (F)

SIDHARTH BHARATH
Light Music IInd (M)

Union Activities





Union Activities

SPORTS

KABADDI WOMEN
University Champions

VOLLEYBALL MEN
Fr. Berthelomen Memmorial Tournament Champion

BADMINTON MEN
Champions

FOOTBALL TEAM
Champions

ISSAC
Kabaddi, Representing India in Junior Asian Games

GARROS ROLLAND
Representing University Football Team

SUHAIB
Judo, University Best Player

ANU M.J.
Judo, University Best Player

VISHNU
Judo, National Player

Facebook syndrome

Sruthy. V. Prabhu
Ist B.Com Taxation

'**Facebook;** This 8 letter word has conquered the minds of the world in such a way that no other social networking site could dominate and devastate it anymore. Social networking has become a part of life. Even though there are other social sites such as google +, twitter, orkut etc... the rush that facebook made in the minds of youth can't be countered by its other counterparts. Now, it has become synonymous with ones life. Like having a bank account, pan card etc..., Everybody has an individualised facebook account. Today facebook has about 800 million active users which is counted to be the third highly populated one - if it was a country. See the magic, that was made by two college dropouts. The seedling that spotted out in a hostel room, now have made in roads all over the world. It provides the facility to share games, videos, pictures, messages, chatting etc.... the list is infinite . The account users consist of the tiny toddlers to high profile personalities , where the status of everyone is equalised. Like every coin has two sides - the development that was made by Mark Zuckerberg, had also lead to a new disorder, where most of today's teens are caught up with. It was termed as "Facebook Addiction Disorder" (FAD) - which is becoming a serious problem,. It has been scientifically proven that the rates of FAD is alarming. When you read about the time spent by people all over the world on facebook, you will realise the compact effect that it has made. It comes upto 700 billion minutes per month. According to latest issue of the paediatrics journals, teens who spend significant amount of time on the social networking site, suffer from a condition known as facebook depression syndrome. You can easily find out whether you are in the clutches of the syndrome, if you have any of the following.:

a. When the time spent on facebook increases gradually

b. Feeling of anxiety and obsessive thinking about what is written on your wall in facebook.

c. Indulge in facebook as such, you stop answeing phonecalls and replying e-mails.

d. Getting stress when a facebook user does not add you as his / her friend.

All this counts to your diseases. As the addiction towards smoking or alcohol can be triggered down, addiction towards the syndrome can also be curbed down. The most effective method is to recognise and admit some possible solutions, Another way is to write down your facebook hour and try to minimize it.

By the emergence of facebook, Most of the social interactions between the people, especially the children, have been confined to computers, video games, chatting etc.... Even facebook addiction has become a matter for divorce cases. This shows the tremendous impact made by the facebook in personal lives. The social interaction through social networking will not sum upto that of interaction with the people on the other side of the world, get through lifestyle of theirs and it verges on and extent, where it leads to a situation in which you cannot live without facebook. It also influences the character of the person and leads to depression. As this syndrome is rapidly increasing among the teens, let us hope that we are not the next victim

ചാരവും ചെപ്പും

അനന്തകൃഷ്ണൻ എം.
IInd DC Chemistry

ചൊരി മണലലയടിക്കുന്നു ചുറ്റിനും
മണലിന്നും നിറഭേദങ്ങളിവിടെ...
വ്യാഖ്യാനം മറന്നൊരു എണ്ണച്ഛായാചിത്രം പോലെ...
ചുവപ്പ്, പച്ച, മഞ്ഞ, വെള്ള
മരുഭൂമിയോ ഇത്
ഇവിടെ ഞാനുഴറുന്നു, തളരുന്നു
അകലെ ലക്ഷ്യത്തിൻ വിളക്കു മരത്തിന്റെ
നിഴൽ പൊടിഞ്ഞിരിക്കുന്നു.
ഇതു ശ്മശാനം, ചിന്തകളുടെ മാത്രം.
നടന്നു തേഞ്ഞ ചെരുപ്പുകളും
മണൽ തൂർന്ന പാദമുദ്രകളും പോലെ...
ചൊരി മണലോ ഇത്?
ചിന്തകളുടെ അഗ്നി ശുദ്ധി മിച്ചം വെച്ച
പരിശുദ്ധ ഭസ്മം.
ഞാനിപ്പോഴും ഉഴറുകയാണല്ലോ.
അല്പമെടുത്തു കഞ്ഞിയുടെ വെൺമയിൽ
കലക്കിക്കുടിക്കാം.
കുളിച്ചു തോർത്തി നിറുകയിൽ തേയ്ക്കാം.
മുടിച്ചുരുളൊതുക്കി നെറ്റിയിൽ കുറിയിടാം
പൊടിഞ്ഞു പൊന്തട്ടെ മസ്തിഷ്കത്തിൽ
ചിന്തകളുടെ പുത്തൻ കുരുക്കൾ
ഇവിടെ ഞാനാരാണ്ഞോട്ടെ ഒരു ചെപ്പിനായി.
നിറങ്ങളുടെ ചുഴികളഴിഞ്ഞിളകിയ
ഒരു മാത്രയിൽ തെളിയുന്നു,
ഹർഷാരവത്തിലെ ആർത്തനാദം പോലെ,
ഇരുളിൻ നിറം പകർന്നൊരാ കൽച്ചെപ്പ്
കൊള്ളാം, അഭേദ്യമായൊരാ മൂടിയും
ഇതു ശിലായുഗത്തിന്റെ ബാക്കി പത്രമോ?
നന്നങ്ങാടികളുടെ കുഞ്ഞനുജനോ?
വിരലുകളതിനെ ഞൊട്ടിത്തുറന്നു.
അണപൊട്ടിയൊഴുകിയ ശുഭ്ര പ്രകാശത്തിൻ
തീവ്രമാം തരംഗങ്ങൾ ആവേഗമാർജ്ജിച്ച്
അണ്ഡ കടാഹം കാട്ടിപ്പൊലിപ്പിച്ച്
ഹ്രസ്വമാം നിമിഷാർദ്ധം, അഭൗമമായി.
തെളിച്ചത്തിൻ വിളവു കൊയ്ത്
കണ്ണു വെളുപ്പിച്ച് കാഴ്ച തെളിഞ്ഞിപ്പോൾ
തമസ്സിൻ കുളത്തിൽ അലിഞ്ഞു പോയി.
കണ്ടതില്ല പിന്നെയാ ചാരക്കൂമ്പാരങ്ങൾ
ചിന്തകൾ തന്റെ ചിതാഭസ്മശേഖരം.
പ്രാചീനമായൊരാ പ്രാകൃത തിക്തയെപ്പോലെ, ആ കൽച്ചെപ്പിതാ
എന്നിൽ, അതിന്റെ മിടിപ്പുകളെന്നെ
സമയത്തിന്റെ ചരിത്രം കേൾപ്പിക്കുന്നു.



നിശബ്ദ പ്രണയം

അഫ്താബ് ടി.എ.
IInd DC Chemistry

ഏകജാലകവാതിൽ തുറന്ന് പിന്നീട് ജീവിതത്തിന്റെ ഒരിക്കലും മറക്കാനാകാത്ത ഭാഗമായി തീർന്ന എന്റെ പ്രിയപ്പെട്ട വിദ്യാലയം. ഇന്നും ഞാൻ വ്യക്തമായി ഓർക്കുന്നു ആദ്യമായ ആ വിദ്യാലയത്തിന്റെ പടി കടന്നു ചെന്നത്. ഫസ്റ്റ് അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ ശരിയാക്കുന്നതിനായി പോയ ആ ദിവസം ഞാൻ ഓർക്കുന്നത് വേറൊരു കാരണം കൊണ്ടാണ്. അഡ്മിഷൻ കൗണ്ടറിനു മുമ്പിൽ എന്റെ പുറകിലായി കാത്തുനിന്നിരുന്നവൾ. എന്റെ അതേ ക്ലാസ്സിലാണ് അവളുമെന്നറിഞ്ഞപ്പോൾ എന്താ പറയുക. എന്റെ മനസ്സിൽ ലഡു പൊട്ടി.

ക്ലാസ്സിലെ ആദ്യ ദിവസം ഞാൻ അവളെ ശ്രദ്ധിച്ചേയില്ല. അങ്ങനെയല്ല, ഞാൻ അവളെ ശ്രദ്ധിക്കാത ശ്രദ്ധിച്ചു. പിന്നീട് ഓരോ ദിവസവും ഞാൻ ക്ലാസ്സിൽ പോയത് പഠിക്കാനാണോ അതേ അവളെ കാണാനാണോ എന്നു ചോദിച്ചാൽ സത്യമായിട്ടും എന്റെ കൈയ്യിൽ ഉത്തരമില്ല. ഞാൻ പോലുമറിയാതെ അവളെന്റെ മനസ്സിന്റെ ഭാഗമായി മാറി. അവളെടുത്ത സെമിനാർ ഞാൻ ഏറ്റവും ആവേശത്തോടെ വീക്ഷിച്ചു, പക്ഷേ ശ്രദ്ധിച്ചത് അവളെയാണെന്നു മാത്രം. ഒടുവിൽ പതിനൊന്നാം ക്ലാസ്സിന്റെ അവസാന നാളുകളിൽ മനസ്സിൽ താലോലിച്ച സ്വപ്നങ്ങളും സുഹൃത്തുക്കൾ തന്ന ധൈര്യവുമായി ഞാൻ സ്ക്കൂൾ ഇടനാഴിയിൽ അവളെ കാത്തുനിന്നു. അവൾ പതുക്കെ നടന്ന് അടുത്തെത്തിയ നിമിഷം. അവളുടെ മുഖത്തു നോക്കിയതും സംഭരിച്ച ധൈര്യമൊക്കെ ചോർന്നു പോയി. ഒടുവിൽ രണ്ടും കൽപിച്ച് തുറന്നു പറഞ്ഞു. അവൾ തിരിച്ചെന്തോ പറഞ്ഞിട്ട് ദൂരേയ്ക്ക് നടന്നു. അതെന്തായിരുന്നുവെന്ന് എനിക്കിപ്പോഴുമറിയില്ല. ചിലപ്പോൾ സൗകര്യപൂർവ്വം ഞാൻ മറന്നുകളഞ്ഞതാകാം. പിന്നീട് ഒരു കൊല്ലം കൂടി ഞങ്ങൾ ഒരുമിച്ചുണ്ടായിരുന്നു. ഒരേ ക്ലാസ്സിൽ, അപരിചിതരെപ്പോലെ, ഈ സംഭവങ്ങളൊക്കെ കഴിഞ്ഞിട്ട് ഇപ്പോൾ വർഷങ്ങളേറെയായി. ഇന്ന് ഈ തിരുഹൃദയകലാലയത്തിന്റെ വരാന്തകളിലും ഞാൻ തിരയുന്നത് നഷ്ടപ്പെട്ടു പോയ എന്റെ ആദ്യ പ്രണയമാണ്. എന്നെങ്കിലും യഥാർത്ഥ പ്രണയം എന്നെ തേടി വരുമായിരിക്കും. എന്റെ ആദ്യ പ്രണയത്തിന്റെ ഓർമ്മകൾ എന്നെന്നേക്കുമായി മായ്ച്ചു കളയുമായിരിക്കും. ആ നല്ല ദിവസത്തിനായുള്ള കാത്തിരിപ്പ് തുടരുകയാണെങ്കിലും മധുരമേറിയ ആ വിരഹം ഇന്നും എന്നെ സ്വാധീനിച്ചു കൊണ്ടിരിക്കുന്നു. യഥാർത്ഥ പ്രണയം ഇനിയും ഞാൻ തൊട്ടറിയേണ്ടതുണ്ട്, ആ നല്ല നാളുകൾ വിദൂരമല്ല എന്ന ശുഭ പ്രതീക്ഷയോടെ.

I AM A MERCHANT

On this dark and windy night, I hear the clouds sob outside. I do not settle and I do not stay. Since my birth I was a maker and now I am a merchant , I have 'it' which the insane world despises and forsakes. I see the miry path, in the sudden light outside. I set out with my haversack full of 'it'. I hold a staff in my hand and venture out without a map.

I pass dawns and I pass dusks. I trod the hills and cover the plains. Sometimes I stand still and look up to the raging star. Sometimes I lie down and bathe in the tranquil stream on which the star reflects. I hear no Coyote and I am walking again. I hear no more nocturnal choirs but the tick of destiny. Hidden behind those giant trees, they have their bloody eyes on my haversack. I keep moving and I am a merchant from my land.

The merchant enters a civilization of a Persian dream. In awe of me, they clear the way. I see merchants, some haggling and some cheating . Some sell 'it' in full and some sell the leftovers. A pair of hands see my thirst and respond with a pot of flowing water. The water tastes like the lady standing before me with a bowed head. She receives my haversack and we move along through the crowd. I am no longer a merchant and now I have a home.

Collins J. Peter
IInd DC Copy Editor

എന്റെ കവിത

Krishnadas Asok
III BSc Maths

ഈ താളിലെയോരോ വരിയിലും
എന്റെ ജീവന്റെ തുടിപ്പുകളുണ്ട്
ഓർമ്മകൾ ചുട്ടെടുത്ത വസന്തവുമുണ്ട്
അവയുടെ മുരൾച്ചയിതം കണ്ട്-
തേങ്ങുന്ന പ്രണയ ചുംബനങ്ങളുമുണ്ട്.
ഒരാലുസ്പ്രിന്റെ ഒരിക്കലുമൊടുങ്ങാത്ത വേദനകളുമുണ്ട്
എന്റെ ഒറ്റവും പ്രിയപ്പെട്ട കവിത
ഞാൻ കുറിച്ചിട്ടത് ഈ താളിലാണ്
ഇതിലെ വരികൾ എടുത്തുപയോഗിച്ചാണ്
ഞാൻ നിലാവിന്റെ കൈകൾ കോർത്ത്
സ്വർഗ്ഗത്തിലൂടെ നടന്നു നീങ്ങിയത്
എന്റെ ചുംബനത്തിൽ
രക്തം വീണോത്ത ഒരുപൊരു താൾ
ഒരു പക്ഷേ ഇതായിരിക്കണം, അവസാനത്തെയും....
ഒരു ദിവസം,
ഈ താളും എന്റെ മറവിലേക്ക് മറഞ്ഞു പോകും...
അന്നു ഞാനറിയും,
ഞെട്ടറ്റുവീണ എന്റെ പനിനീർപ്പൂവിലെ
അവസാനത്തെ ഇതളും....

You are now...

Jude Gerald Lopez
IInd Sem. BA Copy Editor

You have been trying to sleep for quite sometime now. Your eyes, they have turned bloodshot letting you know how they crave rest. Your mind is tired and still slumber shies away, maintaining an unholy distance. Adding to the intrinsic turmoil your neighbour's cat is determined to get right one of Bach's freakishly high notes, devoting and spending endless hours of your sleep. Yes not hard work nor patience but the feline instinct makes it smart enough to make it spend your precious pennies. How loathsome. A thing or two you should learn from the fur ball.

After a long wait you decide to get out of bed. 'Finally', 'At last' are a few adverbs that whoosh past the labyrinths of your crooked mind. But realization now comes as a shock, right when you utter the final syllables you realize that no matter how many times you perform that redeeming action of getting up you will always find yourself succumbing to the desires of your master laziness, for you are asleep and your actions count for nothing. It feels good to hide yourself beneath layers of warm blankets.

The time has come for you to try again. Just like the spider that has been re-making its web in children's books for a long time. How long was it? ..200 years I think. But you are free to assume anything, for not a line of truth, have you encountered so far. Getting up, sure, seems challenging, don't you think? And your desire to get lost *in* time is *not* helping. Get up, now.

Yon are not you are in the presence of a ghost. Some one three hunured years older than you is staring at you right in the face and *you* lie there like a corpse, respect less. She looks a lot like many women from creepy old pictures that you used to find at your grand parents villa. You remember one person now. The eyes *your* memory digs out and *put* in front of your eyes are

hazel in colour, but the one that you now stare back at is just a light shade of grey. Your memory is in contradiction for you quite well remember those peculiar set of eye balls. These look lifeless, like the ones at Madame Tussauds, not just lifeless but also they seem to you as a reasonating lie. You are troubled for her rosy cheeks are missing too. Where have they gone? Where have they gone? Do you know? No *you* don't. *So* if you do let me know too. You don't know.

That photograph, it deceived you.

A liar.

All that time has left behind as a shameless residue is an array of light and dark black.

You are unable to take it all in and so you raise your arm bringing it into your field of vision. You start an unending fit of comparison, the blood and colour filled flesh versus the pale miserable fragment of memory and imagination.

The comparison continues.

Life and death.

The real and the un-real.

The ghost smiles.

You stare back with dilated pupils.

Her lips stir in motion. You can see that. Her facial muscles they too are now in action. You fail to see that Twitching and expanding and contracting they paint a silent picture, a picture of contrast. No sounds. uttered still nothing bothers you because you feel an urge to pay close attention.

Yes, you pay attention, but not to her speech. You are still occupied with the HD image of yourself and the soulless image-of your friend.

She is gone, never to return..

You are still in bed. It is dark and hence you are aware that a lamp is burning behind your head. The warm, covers have lost its warmth. Something is dripping from your feet. The culprit that has caused the loss of warmth has finally been found. Why is water dripping from your feet? You are eager to find out. You wriggle your way out of the damp covers. Is it blood? You feel panicky but that sensation settles soon. It is neither blood nor water, it is paint. The lamp has been of good use.

Now if you were to compare like you did earlier you would be confused. Your legs are dripping away the difference. A pool of *difference* forms beneath your humble abode, your bed.

Without colour your legs are lifeless. The feet that-took you places far and wide are now a liability for you. How sad!

You might want to chop them off!

No you shouldn't.

They might never wake up, then what?

Let them rest.

Rebecca now enters the room. What is a Rebecca? For some odd reason you felt like saying it and so you have. You realize this too and so you begin customizing her.

She now has a rather tanned look. It is because you remember her to be pale. You are now tempted.

She moves closer and you notice an all too vague yet familiar look of innocence even inner most ridiculous look.

She stares at the pool of colour beneath your bed.

This time you hear a voice. You are quick to recognize the voice as hers. Why? She does not speak! She does not even to try to paint a silent picture, then why? You want to hear her, that's why.

What is she saying?

Promises.

Are you sure?

Regrets.

Yes you are sure.

Words resonate and ricochet.

You are caught right in eye with a Darling. It has gone right through you like a bullet.

You feel no pain. But it pains to know that you are not worthy of pain.

You are now awake.

You are now awake. You awaken once more and once again you wake. Then again and again and again till you fall asleep.

यादें

विद्योत्तमा

जिन्दगी के बीते इसखें से
जब याद तुम्हारी आयी
सूने लबों पे एक प्यारी सी
मुस्कुराहट ने दस्तक दी।
खिल उठा मन, गुनगुनाने लगा
जैसे जहाँ सारा, मन को रिझाने लगा।
यादों के बिना जीवन सूना है
अब तो यादें के सहारे जीना है
मिलना हुआ कभी तो मिलेंगे
खाबों में जिस तरह सुखे
फूल मिलते है। किताबों में
ऐसी यादें जो बनाएँगी मेरी
ज़िन्दगी की मनोहर यादगांर।
ज़िन्दगी के हर पल में
जब जब तुम्हारा साथ घूटा
तनहाई सा एहसारा हुआ
दर्द में रुसबाई में सिर्फ तुम
याद आते हो, जो गुजारे थे
साथ में, उन लम्हों की याँदो में
एक अनोखा एहसास, दिलाती है
सिर्फ और सिर्फ तुम्हारी याँदे !!
सीने में लहू बनकर बस गयी
वो साथ गुजारे लम्हें की याद
बस गयी मेरे रोम - रोम में
साँसों की मदहोशी बनकर वो अनमोल
याँदे, हमेशा याद आएँगी, चाहे
युग बदले या ज़माना वो वादें
वो याँदे दे जाएँगी अनोखा एहसास

आओ मिलकर स्वप्न सजाये

हेमलता कुमारी वर्मा

तुम अपने सपने में डुबे।
हम अपने सपने में डुबे।
आओं मिलकर स्वप्न सजाऐ।
वैसा हिन्दुस्तान बनाये।
तेरी भाषा, मेरी भाषा।
मेरी भाषा, तेरी भाषा।
दिल मे जो बस प्यार जगाऐ।
उस भाषा को शीशा नवाएँ
हिन्दुस्थानी वही बस कहलाये।
आओ मिलाकर स्वप्न सजाये।
वैसा एक हिन्दुस्तान बनाये।
मेहनत से उपजाँए पैसा
भ्रष्ट कर्म हो पापो जैसा
ईमान, धर्म सच्चाई पावे
राष्ट्र ध्वत पर जो बालि जावें।
ऐसा हम इनसान बनायें।
हिन्दुस्तानी वही बस कहलायें।
आओ मिलकर स्वप्न सजाये।
वैसा एक हिन्दुस्तान बनाये।
देश प्रोही होगा न कोई
सत्ता का लोलुप न कोई
सेवा भाव हो मन मे
दान दया ही जीवन जिनमे
ऐसे नेता जन - जन आएँ
गौरव हिन्दुस्तान बढाएँ।
आओ मिलकर स्वप्न सजाएँ
वैसा एक हिन्दुस्तान बनाये
मिलकर हिन्दुस्तान बनाये।
अपना हिन्दुस्तान बनाये।

Jude Gerald Lopez
IInd BA Copy Editor

Book Review

Riot, a Love Story

Author- Shashi Tharoor

Riot a Love Story Shashi Tharoor's novel based on the communal violence that saw bloody riots that later snow balled leading to the demolition of the Babri Masjid which gives its readers a twisted tale of love and hate in troubled times. This is a novel that has also proved to be a work that represents an incident that in a way shows the attack of not just two communities on each other but also a larger picture where the real casualty is the Secularist ideology we hold dearly. For the average reader this book has in store for him/her a story of love between the American twenty four year old - Priscilla Heart and Lakshman an Indian government employee. As for readers that seek deeper meanings in their readings there are huge implications that the novel tries to point out that directly relate to the whole idea of a Secularist motherland we are proud of.

Even though the novel deals with a bit popular theme, Tharoor clearly makes an attempt to set it apart on a few levels. The first striking feature is that in spite of its detective tone, unlike others in its genre it follows not the stereotypical pattern of story telling. The entire novel is developed like a journal with newspaper cuttings, recordings, diary entries and letters that tell the story to the reader. This is something that is quite interesting when it comes to the overall reading experience. The narrative is temporally set three years prior to the demolition of the Babri Masjid, giving the persona of the text the space to predict what the author had witnessed in his life time, the demolition of a historic structure by groups that set out to take revenge on history. A reader truly gets to understand and experience a lot of emotions that exist within characters they also get a strong sense of the kind of xenophobia that was present among the two groups at that time. Such emotions have been given sufficient importance by the author and it really makes a mark on anyone who reads the novel. It's the perfect kind of book that is bound to transform ones attitude towards the issue, it also has the potential and the captivating ability to arouse a new interest in such matters for people of all ages.

The plot structure is quite simple in the novel and there are not much areas that could confuse anyone, however in its simplicity there is also a lot of interesting facts that relate to the riots that frequented that time period. The author clearly tries to show his discontent and intolerance against such hate filled protesters. The entire story takes place in India and gives account of the riots in an investigative way. Reader anxiety grows high at times due to the detective feel given to the novel by Tharoor. The novel has received a lot of

praise which it truly deserves. However one seems to look at it, be it from a literary point of view or from a point that emphasizes the importance of the ideas conveyed, the book truly has the capability to keep the reader occupied with it and to deliver a delightful reading and post reading experience.

